KOTTAYAM PUBLIC LIBRARY

Call No. MF5 Acc.No. 84816

Author. ചെക്കോവ് ആന്റൺ

Title. ഭ്രാന്താലയം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

ദാഭാശ്യഷം

DISTRIBUTING LIBRARY
No..................
KOTTAYAM.

(Malayalam)
Dwandayudham
THE DUEL
Novel
By ANTON CHEKHOV

Translated by
V. K. VISWAMBHARAN

First Published March 1960

Printed at
INDIA PRESS, KOTTAYAM

Price Rs. 2.00

Copyright
Sahitya Pravarthaka C. S. Ltd.

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
Kottayam Kerala State India

# ദ്വന്ദ്വയുദ്ധം

KOTTAYAM PUBLIC LIBRARY * KOTTAYAM. *
84816

ആന്റൺ ചെക്കോവ്

വിവർത്തനം

വി. കെ. വിശ്വംഭരൻ

DISTRIBUTING LIBRARY.
No. 7791
KOTTAYAM.

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 2.00

## ചെക്കോവിന്റെ കൃതികൾ

(മലയാളത്തിൽ)

| | |
|---|---|
| ഒരു കാമുകിയുടെ ജീവിതം | (നോവൽ) |
| ആറാംനംബർ വാർഡ് | ,, |
| ദ്വന്ദ്വയുദ്ധം | ,, |
| സ്റ്റെപ്പി | ,, |
| മൂന്നുവർഷം | ,, |
| പച്ചോന്ത് | (കഥകൾ) |
| ചെക്കോവിന്റെ കഥകൾ | ,, |
| കരടി | (നാടകം) |
| മൂന്നു സഹോദരിമാർ | ,, |
| വിവാഹാലോചന | ,, |

MFK
CheD

S1069 B688 109/59-60 1-1000 CRB172

DISTRIBUTING LIBRARY
No. ..................
KOTTAYAM.

# 1

കാലത്തു് എട്ടുമണി—ചൂടുകൊണ്ടു വീർപ്പുമുട്ടിയ രാത്രി കഴിഞ്ഞു് ഉദ്യോഗസ്ഥന്മാരും, പ്രാദേശികാധികാരികളും സന്ദർശകരും, കടലിൽ മുങ്ങിക്കുളിക്കുന്ന സമയം; കുളികഴിഞ്ഞു് അവർ ചായയോ കാപ്പിയോ കഴിക്കാൻ റസ്റ്റാറൻറിലേക്കു പോകും. ഇവാൻ ലേവ്സ്കി, മെലിഞ്ഞു സുന്ദരനായ ഒരു ഇരുപത്തെട്ടുകാരൻ. ധനകാര്യവകുപ്പു ഗുമസ്തന്റെ തൊപ്പിയും, വള്ളിച്ചെരിപ്പും ധരിച്ചുകൊണ്ടു കുളിക്കാനെത്തിയപ്പോൾ പരിചയക്കാരായ ചിലരെ കടൽത്തീരത്തു കണ്ടുമുട്ടി. അയാളുടെ സുഹൃത്തും പട്ടാളത്തിലെ ഒരു ഡോക്ടരുമായ സമോയ്ലങ്കോയും അവിടെ ഉണ്ടായിരുന്നു.

മുടി പററെ വെട്ടിയ മുഴുത്ത തല, കുറിയ കഴുത്തു്, ചുവന്ന മുഖം, വലിയ മൂക്കു്, ചടപിടിച്ച കറുത്ത പുരികവും, നരച്ച കൃതാവും, തടിച്ചുവീങ്ങിയ ദേഹവും പട്ടാളച്ചുവയുള്ള പരുക്കൻ ശബ്ദവും, അങ്ങനെ സമോയ്ലങ്കോ പുതുതായി വരുന്ന ഏതൊരാളിലും, മുരടനായ ഒരു ശുംഭൻ എന്നൊരസുഖകരമായ അഭിപ്രായമാണുണ്ടാക്കുക. എന്നാലും, അദ്ദേഹത്തെ പരിചയപ്പെട്ടു് ഒന്നുരണ്ടു ദിവസം കഴിഞ്ഞാൽ, ആ മുഖം അസാമാന്യമായ സൗമനസ്യവും, ദയാഭാവവും മാത്രമല്ല സൗന്ദര്യംതന്നെയും ഉള്ളതാണെന്നു് ആരും വിചാരിക്കാൻ തുടങ്ങും. വൈരൂപ്യവും പരുഷശീലവും ഉണ്ടായിട്ടുകൂടി, അദ്ദേഹം ശാന്തസ്വഭാവിയും, ഹൃദയത്തിൽ അപാരമായ നന്മയുള്ളയാളും എപ്പോഴും പരോപകാരതൽപരനുമായി കാണപ്പെട്ടു. പട്ടണത്തിലുള്ള സകലമാനപേരുമായി അദ്ദേഹം സൗഹൃദത്തിലാണു്. ആർക്കും പണം കടംകൊടുക്കും. സകലരേയും ചികിത്സിക്കും. വിവാഹങ്ങൾ ആലോചിച്ചുറ

പ്പിക്കും, വഴക്കുകൾ ഒതുക്കും. പിക്ക്നിക്കുകൾ ഏർപ്പാടുചെ യ്ത്, അതിൽവച്ചു മപ്പാസും, രുചികരമായ മീൻകറിയും ഉ ണ്ടാക്കും. അദ്ദേഹം എപ്പോഴും മററുള്ളവരുടെ കാര്യങ്ങളിലും, അവരുടെ പേരിൽ മററുള്ളവക്കു താൽപര്യം ജനിപ്പിക്കുന്ന തിലും ജാഗരൂകനായിരുന്നു. എപ്പോൾ നോക്കിയാലും ഏതെ ങ്കിലും കാര്യംപ്രമാണിച്ചു സന്തോഷിച്ചിരിക്കുന്നതേ കാണുക യുള്ളു. സ്വഭാവദൂഷ്യങ്ങളില്ലാത്ത ഒരാൾ, എന്നായിരുന്നു അ ദ്ദേഹത്തെപ്പററി പൊതുവേയുള്ള അഭിപ്രായം. ആ ദൗർബ ല്യങ്ങളേ അദ്ദേഹത്തിനുള്ളു; തൻെറ നല്ല മനസ്സിനെക്കുറിച്ച് അദ്ദേഹത്തിനു ലജ്ജയുണ്ടായിരുന്നു; അതു് മുഖത്തെ മുരടത്ത വും, വരുത്തിക്കൂട്ടിയ പരുഷഭാവവുംകൊണ്ടു മറയ്ക്കാൻ ശ്രമി ച്ചുപോന്നു. കീഴുദ്യോഗസ്ഥന്മാരും പട്ടാളക്കാരും തന്നെ 'തി രുമേനി' എന്നു വിളിക്കുന്നതു് അദ്ദേഹം ഇഷ്ടപ്പെട്ടു.

"ഒരു ചോദ്യത്തിനു മറുപടി പറയൂ, അലക്സാൻഡർ," സമായ്ലങ്കോവിനോടൊപ്പം കഴുത്തടി വെള്ളത്തിലെത്തിയ പ്പോൾ ലേവ്സ്കി സംഭാഷണം ആരംഭിച്ചു. "നിങ്ങൾ ഒരു സ്ത്രീയെ സ്നേഹിച്ചുവെന്നും അവളോടുകൂടി രണ്ടോ മൂ ന്നോ വർഷം ജീവിച്ചുവെന്നും കരുതുക. അപ്പോൾ, എല്ലാവ ക്കും പററുന്നതുപോലെ, നിങ്ങൾക്കു് അവളോടുണ്ടായിരുന്ന താൽപര്യവും ഇല്ലാതായി എന്നുവെയ്ക്കുക. അവളോടു യാതൊ ന്നിലും പൊരുത്തമില്ല എന്നു തോന്നാനും തുടങ്ങി. അങ്ങനെ യൊരവസ്ഥയിൽപ്പെട്ടാൽ നിങ്ങൾ എന്തുചെയ്യും?"

"അതു വളരെ എളുപ്പമല്ലേ. 'ശ്രീമതീ, നിങ്ങൾക്കു മന സ്സുള്ളിടത്തു പൊയ്ക്കോളൂ'—അത്രതന്നെ. ഒരേ ഒരു വാക്കു്, തീൎന്നു."

"പറഞ്ഞപ്പോൾ എന്തെളുപ്പം! പക്ഷേ, അവൾക്കു പോ കാൻ വേറെ ഇടമില്ലെങ്കിലോ? സുഹൃത്തുക്കളോ ബന്ധുക്ക ളോ ഇല്ലാത്ത ഒരു സ്ത്രീ, കൈവശം ഒററപ്പൈസയില്ല, ജോ ലിചെയ്യാനും അറിഞ്ഞുകൂട..."

"അപ്പോഴോ? ഒരഞ്ഞൂറു റൂബിൾ രൊക്കം കൈയിൽ, അല്ലെങ്കിൽ മാസാമാസം ഇരുപത്തഞ്ചു റൂബിൾ ചെലവി ന്—വേറൊന്നുമില്ല. അതു് അത്ര നിസ്സാരമല്ലേ."

"അഞ്ഞൂറു റൂബിൾ കൈയിലുണ്ടെന്നും, മാസാമാസം

ഇരുപത്തഞ്ചു റൂബിൾ കൊടുക്കാൻ കഴിയുമെന്നുംതന്നെ ഇരി ക്കട്ടെ. എന്നാലും ഞാൻ പറയുന്ന സ്ത്രീ അഭ്യസ്തവിദ്യയാണ്, അഭിമാനിയാണ്. അവൾക്കു പണംവച്ചു നീട്ടാൻ നിങ്ങൾ ക്കുതന്നെ മനസ്സുവരുമോ? വന്നാൽത്തന്നെ എങ്ങനെ ചെയ്യും?''

സമോയ്ലങ്കോ മറുപടി പറയാൻ ഭാവിക്കുകയായിരു ന്നു. ആ സമയം ഒരു വൻതിര അവരെ ഇരുവരേയും ഒപ്പം മു ക്കിക്കൊണ്ടു കരയിൽ ചെന്നലച്ചു; ഒച്ചപ്പാടോടുകൂടി ചര ലിൽക്കൂടി ഉരുണ്ടുരുണ്ടു പിൻവാങ്ങി. ആ സുഹൃത്തുക്കൾ കര യ്ക്കുകയറി വസ്ത്രം ധരിക്കാൻ തുടങ്ങി.

''ഒരു സ്ത്രീയെ ഇഷ്ടമില്ലെങ്കിൽപ്പിന്നെ അവളോടുകൂടിയു ള്ള ജീവിതം വിഷമംതന്നെ, സംശയമില്ല.'' ചെരിപ്പിൽ പ റ്റിയ മണ്ണു കുടഞ്ഞുകളഞ്ഞുകൊണ്ടു സമോയ്ലങ്കോ പറ ഞ്ഞു. ''പക്ഷേ, നമ്മൾ അതിനെ മനുഷ്യത്വത്തോടെ വീക്ഷി ക്കണം. ഞാനായിരുന്നെങ്കിൽ, അവളോടു സ്നേഹമില്ലാത്തതാ യി ഞാനൊരിക്കലും ഭാവിക്കില്ല, എന്നല്ല മരണപര്യന്തം അ വളോടുകൂടിത്തന്നെ ജീവിക്കയും ചെയ്യും.''

പെട്ടെന്നു തൻെറ വാക്കുകളിൽ അദ്ദേഹത്തിനുതന്നെ ലജ്ജതോന്നി, സ്വയം നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു:

''പക്ഷേ, എന്നെസ്സംബന്ധിച്ചിടത്തോളം ഒററയൊരു ത്തിയെ ഞാൻ കാര്യമായെടുത്തിട്ടില്ല. പോയിത്തുലയട്ടെ ന്നെ എല്ലാം!''

ആ സുഹൃത്തുക്കൾ വസ്ത്രംമാറി റസ്റ്റാറണ്ടിലേക്കു പോ യി. അവിടെ സമോയ്ലങ്കോ തികച്ചും ഒരു വീട്ടുകാരനെപ്പോ ലെ ആയിരുന്നു. അദ്ദേഹത്തിനു പ്രത്യേകമായി ഒരു കോപ്പ യും സാസറും തന്നെ അവിടെയുണ്ടായിരുന്നു. എന്നും രാവി ലെ ഒരു ട്രേയിൽ, ഒരുകോപ്പ കാപ്പിയും, ഒരു വലിയ ഗ്ലാസ്സിൽ ഐസുവെള്ളവും, ഒരു നുണുങ്ങുഗ്ലാസ്സിൽ ബ്രാണ്ടിയും അദ്ദേ ഹത്തിനവർ കൊണ്ടുവന്നു കൊടുക്കും. ആദ്യം അദ്ദേഹം ബ്രാ ണ്ടി കുടിക്കും; പിന്നെ ചൂടുകാപ്പി, പിന്നെ ഐസുവെള്ളവും. ഇതു വളരെ നല്ലതായിരുന്നിരിക്കണം. എന്തെന്നാൽ ഇതു കു ടിച്ചുകഴിഞ്ഞാൽ അദ്ദേഹത്തിൻെറ കണ്ണുകളിൽ ആനന്ദത്തി ൻെറ ആർദ്രത വ്യാപിക്കും, അദ്ദേഹം ഇരുകൈകൊണ്ടും കൃ താവു തട്ടിക്കൊണ്ടു കടലിലേക്കു നോക്കി പറയും:

"അത്ഭുതസൗന്ദര്യമുള്ള കാഴ്ച!"

ദീർഘമായ ഒരു രാത്രിമുഴവൻ ഉറക്കംവരാതെ, ഇരുട്ടിനും ദുർഭഗതയ്ക്കും കനംവർദ്ധിപ്പിക്കുന്ന, നിരുത്സാഹകരവും നിഷ്പ്രയോജനവുമായ ചിന്തകളിൽ കഴിച്ചശേഷം ആകെത്തകൎന്നവശായിരുന്ന ലേവ്സ്കിക്ക് ഒട്ടുംതന്നെ ഉന്മേഷമുണ്ടായിരുന്നില്ല. കുളിച്ചിട്ടും കാപ്പികുടിച്ചിട്ടും ഒരു ഗുണവുമുണ്ടായില്ല.

"നമുക്കു നമ്മുടെ സംഭാഷണം തുടരാം," അയാൾ പറഞ്ഞു. "അതിനെപ്പററി ഞാൻ ഒന്നും ഒളിച്ചുവെക്കുന്നില്ല. ഒരു സുഹൃത്തിനോടെന്നപോലെ നിങ്ങളോടു തെളിച്ചുപറയാം. ഞാനും നദ്യേഷ്ദ്യായും തമ്മിലുള്ള ബന്ധം അല്പം മോശമായി വരികയാണു്...വളരെ മോശമായിത്തീൎന്നിരിക്കുന്നു. എന്റെ സ്വകാര്യങ്ങൾ ഇങ്ങനെ അടിച്ചേല്പിക്കുന്നതു ക്ഷമിക്കണം. പക്ഷേ, തുറന്നു സംസാരിക്കാതെ വയ്യ."

അയാൾ പറയാൻഭാവിക്കുന്ന വിഷയത്തെക്കുറിച്ചു ചില ധാരണകൾ ഉണ്ടായിരുന്ന സമോയ്ലങ്കോ കുമ്പിട്ടിരുന്നു്, മേശപ്പുറത്തു വിരൽകൊണ്ടു താളംപിടിക്കാൻ തുടങ്ങി.

"രണ്ടുവർഷം ഞാൻ അവളോടുകൂടി ജീവിച്ചു. ഇപ്പോൾ എനിക്കവളോടു തീരെ പ്രേമം ഇല്ലാതായിരിക്കുന്നു," ലേവ്സ്കി തുടൎന്നു: "അല്ലെങ്കിൽ, കൂടുതൽ ശരിയായിപ്പറഞ്ഞാൽ, എനിക്കവളോടു് ഒരുകാലത്തും പ്രേമമേ തോന്നിയിരുന്നില്ല എന്നു് ഇപ്പോൾ മനസ്സിലാകുന്നു. ഈ രണ്ടു സംവത്സരക്കാലം ഒരു പിശകുപററിയതായിരുന്നു."

സംസാരിക്കുന്നതിനിടയിൽ, തന്റെ ചുവന്ന കൈപ്പടത്തിൽ സൂക്ഷിച്ചുനോക്കുക, നഖംകടിക്കുക, ഉടുപ്പിൽ നുള്ളിപ്പറിക്കുക ഇതെല്ലാം ലേവ്സ്കിയുടെ ശീലമായിരുന്നു. ഇപ്പോൾ അയാൾ അങ്ങനെ ചെയ്തു.

"നിങ്ങൾക്കു് എന്നെ സഹായിക്കാൻ കഴികയില്ലെന്നെനിക്കറിയാം," അയാൾ പറഞ്ഞു. "എങ്കിലും എന്നെപ്പോലുള്ള ഉപരിപ്ലവബുദ്ധികളും വിഫലപ്രയത്നരുമായ ആളുകൾ സംസാരിക്കുന്നതിൽ ആശ്വാസം കാണുന്നവരാണു്. അതുകൊണ്ടു പറയുകയാണു്. എന്റെ ഏതു പ്രവൃത്തിയെക്കുറിച്ചും എനിക്കൊരു പൊതുതത്വം പറയണം. മറ്റു വല്ലവരുടേയും തത്വങ്ങളിൽ, സാഹിത്യത്തിലെ 'ടൈപ്പ്'കളിൽ എന്റെ നിരത്ഥ

മായ അസ്തിത്വത്തിന്ന് ഒരു വിശദീകരണവും ന്യായീകരണവും കണ്ടുപിടിക്കണം. ഉദാഹരണത്തിന്ന്, റഷ്യൻ സമുദായത്തിൻെറ ഉയന്നപടിയിലുള്ള നമ്മളേപ്പോലുള്ളവർ അധഃപതിക്കുകയാണ് എന്നു പറയുന്ന ആശയത്തിലും മററും മററും. ഇന്നലെ രാത്രി ഉദാഹരണത്തിന്ന്, ഞാൻ എന്നെ ആശ്വസിപ്പിച്ചതിങ്ങനെപറഞ്ഞാണ്. 'ഹാ! ടോൾസ്റ്റോയ് പറഞ്ഞതെത്ര സത്യമാണ്, എത്ര കഠിനമായ സത്യം!' അതെനിക്കു ഗുണംചെയ്യുകയും ചെയ്തു. അതേ, വാസ്തവം, സഹോദരാ, നിങ്ങളെന്തുപറഞ്ഞാലും കൊള്ളാം, ഒരു മഹാനായ സാഹിത്യകാരനാണദ്ദേഹം.''

ടോൾസ്റ്റോയിയുടെ കൃതികൾ അന്നോളം വായിച്ചിട്ടില്ലാത്ത, എന്നാൽ ജീവിതത്തിലെ ഓരോ ദിവസവും അതു വായിക്കാൻ ഉദ്ദേശിച്ചുപോന്ന സമോയ്ലങ്കോ അല്പം വിഷമാവസ്ഥയിൽ അകപ്പെട്ടു. അദ്ദേഹം പറഞ്ഞു:

''അതേ; മറെറല്ലാ എഴുത്തുകാരും സങ്കല്പത്തിൽനിന്നെഴുതുമ്പോൾ അദ്ദേഹം നേരിട്ടു പ്രകൃതിയിൽനിന്നു പകത്തുകയാണ്.''

''എൻെറ കത്താവേ!'' ലേവ്സ്കി നെടുവീർപ്പിട്ടു. ''പരിഷ്കാരം എങ്ങനെ വളച്ചൊടിച്ചിരിക്കുന്നു നമ്മളെയെല്ലാം. ഞാൻ വിവാഹിതയായ ഒരു സ്ത്രീയെ പ്രേമിച്ചു; അവളെന്നെയും... ആരംഭത്തിൽ എന്താ, ചുംബനങ്ങൾ, പ്രശാന്തസായന്തനങ്ങൾ, പ്രതിജ്ഞകൾ, സ്പെൻസർകൃതികൾ, ആദശങ്ങൾ, സമാനതാൽപയ്യങ്ങൾ,... എന്തൊരു മരീചിക! യഥാത്ഥത്തിൽ ഞങ്ങൾ അവളുടെ ഭത്താവിൻെറയടുത്തുനിന്ന് ഒളിച്ചോടി, പക്ഷേ, ഞങ്ങൾ ഞങ്ങളോടുതന്നെ നുണപറഞ്ഞു. വിദ്യാസമ്പന്നവഗ്ഗത്തിൻെറ ജീവിതത്തിലെ പൊള്ളത്തരത്തിൽ നിന്നൊളിച്ചോടുകയായിരുന്നു എന്നഭിമാനിച്ചു. ഞങ്ങൾ ഭാവിയെ ചിത്രീകരിച്ചതിങ്ങനെയാണ്. തുടക്കമെന്ന നിലയിൽ കാക്കസസ്സ്; നാട്ടും ആളുകളെയും, പരിചയപ്പെട്ടുവരുന്നതിനിടെ ഞാൻ ഗവമ്മെൻറുജോലിയിൽ പ്രവേശിക്കും, എന്നിട്ട് സൗകര്യംപോലെ കുറച്ചു ഭൂമി എവിടെയെങ്കിലും സമ്പാദിക്കും, വിയത്തു വേലചെയ്ത് ഒരു മുന്തിരിത്തോട്ടവും ഒരു വയലും ഉണ്ടാക്കും, അങ്ങനെയങ്ങനെ. എൻെറ

സ്ഥാനത്തു് നിങ്ങളോ, അഥവാ നിങ്ങളുടെ ജന്തുശാസ്ത്രക്കാരൻ വോൺകൊറനോ ആയിരുന്നെങ്കിൽ നദ്യേഷ്യായോടുകൂടി ഒരു മുപ്പതുവർഷം ജീവിച്ചിട്ടു്, നിങ്ങളുടെ സന്താനങ്ങൾക്കു് ഫലഭൂയിഷ്ഠമായ ഒരു മുന്തിരിത്തോട്ടവും, ഒരു മുന്നൂറേക്കർ ചോളവയലും സമ്പാദിച്ചുകൊടുത്തിട്ടു് മരിക്കുമായിരുന്നു. പക്ഷേ, എനിക്കു് ആദ്യത്തെ ദിവസം മുതൽ തന്നെ പാപ്പരായതുപോലുള്ള ഒരനുഭവമായിരുന്നു. പട്ടണത്തിൽ സഹിക്കവയ്യാത്ത ചൂടും അരസികത്തവും; കൂടിക്കഴിയാവുന്ന ജനങ്ങളുമില്ല. നാട്ടുമ്പുറത്തേയ്ക്കു കടക്കാമെന്നുവച്ചാൽ അവിടെ ഓരോ കല്ലിന്റെയടിയിലും ഓരോ കുററിക്കാടിന്റെയിടയിലും വിഷമുള്ള എട്ടുകാലികളും, തേളുകളും, പാമ്പുകളും ഒളിച്ചിരിക്കുന്നുണ്ടെന്നോർത്തു പേടിയാവുകയായി. പിന്നെ, വയലുകൾക്കപ്പുറം—മലകളും മരുപ്പരപ്പും മാത്രം. കണ്ടിട്ടില്ലാത്ത നാട്ടു്, കണ്ടിട്ടില്ലാത്ത ആളുകൾ, ഒരു നശിച്ച രൂപത്തിലുള്ള പരിഷ്കാരം—നെവ്സ്കി അങ്കണത്തിൽ, കമ്പിളിക്കോട്ടിനകത്തു കേറി, നദ്യേഷ്യായുടെ കൈയ്ക്കു കൈ പിടിച്ചു്, വെയിൽ പരക്കുന്ന തെക്കൻ നാട്ടുകളേപ്പററി സ്വപ്നവും കണ്ടു ലാത്തുന്നതുപോലെ അത്ര എളുപ്പമല്ല, സഹോദരാ, അതൊന്നും. ഇവിടെ ആവശ്യം ഒരു ജീവന്മരണപോരാട്ടമാണു്. ഞാനോ, ഒട്ടുമൊരു പടയാളിയല്ല. ഒരു നശിച്ച ഞരമ്പുരോഗി, അലസവൃത്തിയായ ഒരഭിജാതൻ... അദ്ധ്വാനത്തെയും മുന്തിരിത്തോട്ടത്തെയുംപററിയുള്ള സ്വപ്നങ്ങളെല്ലാം വൃഥാവിലാണെന്നു് ആദ്യദിവസംതന്നെ എനിക്കു ബോധ്യമായി. പ്രേമത്തിന്റെ കാര്യമാണെങ്കിൽ, ഞാൻ പറയാമല്ലോ, സ്പെൻസർകൃതികൾ വായിച്ചിട്ടുള്ളവളും, നമ്മുടെ പുറകേ ലോകത്തിന്റെ അററത്തെത്തിയിരിക്കുന്നവളുമായ ഒരു സ്ത്രീയോടുകൂടിയുള്ള ജീവിതം, ഏതു് ആൻഫിസായുടെയും അക്കുലീനയുടെയും കൂടെയുള്ള ജീവിതത്തേക്കാൾ ഒട്ടും കൂടുതൽ രസകരമല്ല. ഇസ്തിരിയുടെയും, പൗഡറിന്റെയും, മരുന്നുകളുടെയും സ്ഥിരപരിചിതമായ ഒരേതരത്തിലുള്ള ഗന്ധം, എന്നും രാവിലെ പതിവുപോലുള്ള ഒരേതരം കടലാസ്സുചുരുളുകൾ, ഒരേ ആത്മവഞ്ചന, ഒന്നിനും മാററമില്ല.”

“വീട്ടിൽ ഇസ്തിരിപ്പെട്ടിയില്ലാതെ കഴിയാനാവുക

യില്ല.'' പരിചിതയായ ഒരു മാന്യവനിതയെപ്പററി ലേവ്സ്കി തന്നോട്ട് ഈ വിധം വിട്ടു സംസാരിക്കുന്നതിൽ ലജ്ജാവൈവർണ്ണ്യത്തോടെ സമോയ്ലങ്കോ പറഞ്ഞു: ''നിങ്ങൾക്കിന്നു നല്ല പ്രകൃതമല്ല, ഇവാൻ, ഞാനതു കാണുന്നുണ്ട്. നദ്യേഷ്യാ ഒരു സ്ത്രീരത്നമാണ്. ഉന്നതവിദ്യാഭ്യാസമുള്ള സ്ത്രീ; നിങ്ങളും നല്ല ബുദ്ധിവൈഭവമുള്ള ഒരു മനുഷ്യൻ. നിങ്ങൾ തമ്മിൽ വിവാഹംചെയ്തിട്ടില്ലെന്നുള്ളതു നേരുതന്നെ.'' തിരിഞ്ഞു് ചുററുമുള്ള മേശകളിൽ കണ്ണോടിച്ചുകൊണ്ടു് സമോയ്ലങ്കോ തുടന്നു: ''പക്ഷേ, അതു നിങ്ങളുടെ കുററമല്ല. തന്നെയുമല്ല,...ഗതാനുഗതികമായ ആചാരങ്ങളിൽനിന്നു് നവീനാശയങ്ങളുടെ നിലവാരത്തിലേയ്ക്കു നമ്മൾ ഉയരേണ്ടതുമാണ്. എന്റെ പക്ഷത്തിൽ, ഞാൻ സ്വതന്ത്രപ്രേമത്തിൽ വിശ്വസിക്കുന്നയാളാണ്. അതേ...എങ്കിലും, എന്റെ അഭിപ്രായത്തിൽ, ഒരിക്കൽ നിങ്ങൾ ഒരുമിച്ചു ജീവിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ ജീവിതം മുഴുവൻ ഒരുമിച്ചുതന്നെ ജീവിക്കണം.''

''പ്രേമമില്ലാതെയോ?''

''ഞാൻ നേരേ പറഞ്ഞുതരാം,'' സമോയ്ലങ്കോ പറഞ്ഞു. ''എട്ടുവർഷം മുമ്പ് ഇവിടെ ഒരു വയസ്സനുണ്ടായിരുന്നു; ഒരു സക്കാർ ഏജൻറ്—വലിയ ബുദ്ധിശാലിയായ ഒരു മനുഷ്യൻ. വിവാഹജീവിതത്തിലെ ഏററവും മഹത്തായ സംഗതി ക്ഷമയാണെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു. കേൾക്കുന്നുണ്ടോ? പ്രേമമല്ല, ക്ഷമ. പ്രേമം അധികകാലം നീണ്ടുനിൽക്കുകയില്ല. രണ്ടുവർഷം നിങ്ങൾ പ്രേമത്തിൽ ജീവിച്ചു. ഇപ്പോൾ നിങ്ങളുടെ വിവാഹജീവിതം നിലതെററാതിരിക്കാൻ, എന്നു പറയട്ടെ, നിങ്ങളുടെ ക്ഷമാശക്തിയത്രയും പ്രയോഗിക്കാൻ ആവശ്യപ്പെടുന്ന ഒരു ഘട്ടത്തിൽ എത്തിച്ചേന്നിരിക്കുകയാണ്...''

''നിങ്ങൾ നിങ്ങളുടെ കിഴവൻപ്രതിനിധിയിൽ വിശ്വസിക്കുന്നു. എന്റെ പക്ഷത്തിൽ അയാളുടെ വാക്കുകൾ നിരത്ഥകമാണ്. ആ കിഴവൻ ഒരു കപടസന്യാസിയായിരുന്നിരിക്കണം. അയാൾക്കു ക്ഷമ പരിശീലിക്കാൻ കഴിയും; അതോടുകൂടി അയാൾക്കു സ്നേഹമില്ലാത്ത ഒരു വ്യക്തിയെ ആ

സൽഗുണപരിശീലനത്തിനുള്ള അനുപേക്ഷണീയമായ ഉപകരണമെന്നനിലയിൽ വീക്ഷിക്കാനും കഴിയും. പക്ഷേ, ഞാനിതുവരെ അത്രത്തോളം അധഃപതിച്ചിട്ടില്ല. എനിക്കു ക്ഷമ പരിശീലിക്കണമെന്നു തോന്നുകയാണെങ്കിൽ, ഞാൻ ഡംബൽസ് വാങ്ങിക്കും, അല്ലെങ്കിൽ ഒരു കളിക്കുതിരയെ മേടിക്കും. മനുഷ്യജീവികളെ ഉപദ്രവിക്കുകയില്ല.''

സമോയ്‌ലങ്കോ, കുറച്ചു വെളുത്ത വീഞ്ഞ് ഐസിട്ടതു് ആവശ്യപ്പെട്ടു. ഓരോ ഗ്ലാസ്സ് രണ്ടുപേരും കുടിച്ചുകഴിഞ്ഞപ്പോൾ പെട്ടെന്നു ലേവ്‌സ്‌കി ചോദിച്ചു:

''ഈ തലച്ചോർ മാർദ്ദവപ്പെട്ടുകയെന്നു പറഞ്ഞാൽ എന്താണെന്നൊന്നു ദയവായി പറഞ്ഞുതരുമോ?''

''എങ്ങനെയാണതു പറയേണ്ടതു്...തലച്ചോറിനെ മാർദ്ദവപ്പെടുത്തുന്ന ഒരു രോഗമാണതു്. ഒരുമാതിരി അലുത്തുപോകലെന്നു പറയാം...''

''സുഖപ്പെടുന്നതാണോ?''

''അതെ; അവഗണിക്കപ്പെടാതെയിരുന്നാൽ. തണുത്ത വസ്തി, തളം...പിന്നെ എന്തെങ്കിലും അകത്തും സേവിക്കണം.''

''ഓ...! ശരി, എന്റെ നില നിങ്ങൾ മനസ്സിലാക്കണം. എനിക്ക് അവളോടുകൂടി ജീവിക്കാൻ വയ്യ. എന്റെ കഴിവിലധികമാണതു്. നിങ്ങളുടെകൂടെയിരിക്കുന്ന സമയത്തു് അതിനെപ്പററി തത്വജ്ഞാനം പറഞ്ഞു ചിരിക്കാം. പക്ഷേ, വീട്ടിൽച്ചെന്നാൽ എന്റെ ധൈര്യമത്രയും പാറിപ്പറക്കുകയായി. ഉദാഹരണത്തിനു്, അവളോടുകൂടി ഒരു മാസംകൂടി എനിക്കു ജീവിക്കേണ്ടിവരുമെന്നു് ആരെങ്കിലും പറഞ്ഞാൽ, ഞാനെന്റെ തലച്ചോറു വെടിവച്ചു തെറിപ്പിച്ചുകളഞ്ഞേക്കും; അത്ര പരമദയനീയമാണെന്റെ അവസ്ഥ. അതേസമയം അവളുമായി പിരിയുന്ന പ്രശ്നമേയില്ലതാനും. അവൾക്കു സുഹൃത്തുക്കളോ ബന്ധുക്കളോ ഇല്ല. തൊഴിൽ ചെയ്യാൻ വയ്യ. എന്റേയോ അവളുടെയോ കൈയിൽ പണവുമില്ല. അവളുടെ കഥയെന്താകും? അവൾ ആരുടെയടുത്തു ചെല്ലും? നമുക്കാലോചിക്കാൻ കഴിയുന്ന ഒന്നുമില്ല...പറയൂ, ഞാനെന്താണു ചെയ്യേണ്ടതു്?''

"ഹ്ം," എന്താണു പറയേണ്ടതെന്നറിയാതെ സമോയ്ലങ്കോ മുരടനക്കി: "അവൾ നിങ്ങളെ സ്നേഹിക്കുന്നുണ്ടോ?"

"ഉണ്ട്. അവളുടെ പ്രായത്തിനും പ്രകൃതത്തിനും ഒരു പുരുഷനെ ആവശ്യമുണ്ടെന്നുള്ളിടത്തോളം അവളെന്നെ സ്നേഹിക്കുന്നുണ്ട്. പൗഡറോ കടലാസുചുരുളുകളോ കൂടാതെകഴിക്കാൻ എത്ര പ്രയാസമുണ്ടോ, അത്രയും പ്രയാസം അവൾക്കെന്നെക്കൂടാതെ കഴിക്കാനുമുണ്ട്. അവളെ സംബന്ധിച്ചിടത്തോളം ഞാൻ അവളുടെ സ്വകാര്യ അറയിലെ ഒരത്യാവശ്യസാധനമാണ്."

സമോയ്ലങ്കോയ്ക്കു വിസ്മയമുണ്ടായി.

"നിങ്ങൾക്കിന്നു നല്ല ഉന്മേഷമില്ല, ഇവാൻ," അദ്ദേഹം പറഞ്ഞു: "കഴിഞ്ഞ രാത്രി നിങ്ങൾക്ക് അസുഖമായിരുന്നിരിക്കും."

"അതെ, ഉറക്കം ശരിയായില്ല. ആകപ്പാടെ എനിക്കു വലിയ അസുഖം തോന്നുന്നു, സഹോദരാ. എന്റെ തല ശൂന്യപൊള്ളയായതുപോലെ തോന്നുന്നു. എന്റെ ഹൃദയത്തിൽ ഒരിടിവ്, ഒരു ദൗർബല്യം—എനിക്കെവിടെയെങ്കിലും ഓടിപ്പോകണം."

"എവിടെ ഓടിപ്പോകാൻ?"

"അങ്ങു വടക്കോട്ട്. പൈനും കുമിളുകളുമുള്ളിടത്തേക്ക്, ആളുകളും ആശയങ്ങളുമുള്ളിടത്തേക്ക്... ഇപ്പോൾ ഞാൻ എന്റെ പാതി ജീവൻതന്നെ വേണമെങ്കിൽ കൊടുക്കാൻ തയ്യാറാണ്, മോസ്കോ സംസ്ഥാനത്തുള്ള ഏതെങ്കിലുമൊരു കൊച്ചരുവിയിൽ, അല്ലെങ്കിൽ തുലാനദിയിൽ അകം കുളിരെ ഒന്നു മുങ്ങിക്കേറി, ഏറ്റവും അല്പപ്രാണിയായ ഒരു വിദ്യാർത്ഥിയോടൊരുമിച്ചായാലും വേണ്ടില്ല, മൂന്നു മണിക്കൂർ ചുററിനടക്കാൻ, അവസാനമില്ലാതെ ഓരോന്നു സംസാരിക്കാൻ... പിന്നെ ആ വയ്ക്കോലിന്റെ ഗന്ധം! അതോർക്കുന്നോ? പിന്നെ, വൈകുന്നേരം തോട്ടത്തിൽ ഉലാത്തുമ്പോൾ വീട്ടിനുള്ളിൽനിന്നു പിയാനോസംഗീതം ഒഴുകിവരുന്നു, തീവണ്ടി കടന്നുപോകുന്നതിന്റെ ശബ്ദം കേൾക്കുന്നു..."

ലേവ്സ്കി സന്തോഷംകൊണ്ടു ചിരിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞു. അതു മറയ്ക്കാനായി അയാൾ അവിടെ

നിന്നെഴുന്നേല്ക്കാതെ കുനിഞ്ഞു് അങ്ങേഅറ്റത്തിരിക്കുന്ന തീപ്പെട്ടിയെടുക്കാൻ കൈയെത്തിച്ചു.

"പതിനെട്ടു വർഷത്തിനിടയ്ക്കു ഞാൻ റഷ്യയിൽ കാലു കുത്തിയിട്ടില്ല," സമോയ്‌ലങ്കോ പറഞ്ഞു: "അതിൻെറ രൂപം തന്നെ ഞാൻ മറന്നു. എൻെറ ആലോചനയിൽ കാക്കസസ്സിനെക്കാൾ മനോഹരമായ മറെറാരു നാടില്ല."

"വെറസ്ച്ചാഗിൻെറ ഒരു ചിത്രമുണ്ടു്. മരണശിക്ഷ വിധിക്കപ്പെട്ട കുറേപ്പേർ വളരെയഗാധമായ ഒരു കിണററിൻെറ അടിത്തട്ടിൽ മനസ്സുമുട്ടി നില്ക്കുകയാണു്. നിങ്ങളുടെ പരമസുന്ദരമായ കാക്കസസ്സ് ശരിക്കു് ആ കിണറായിട്ടാണു് എനിക്കനുഭവപ്പെടുന്നതു്. ഇഷ്ടംപോലെ, പീറേറഴ്‌സ്ബർഗ്ഗിൽ ഒരു തൂപ്പുകാരനോ, കാക്കസസ്സിൽ ഒരു പ്രഭുവോ ആയിക്കൊള്ളാൻ എന്നോടു പറഞ്ഞാൽ ഞാൻ തൂപ്പുകാരൻെറ ജോലിയേ സ്വീകരിക്കുകയുള്ളു."

ലേവ്‌സ്‌കി ചിന്താകുലനായി. അയാളുടെ ഉൾവളഞ്ഞ ശരീരത്തിൽ, സ്വപ്നത്തിലാണ്ടതുപോലെ ഒരു കേന്ദ്രത്തിൽ തറച്ചു നില്ക്കുന്ന കണ്ണുകളിൽ, വിയർപ്പുപൊടിയുന്ന മുഖത്തു്, ഒട്ടിയ കവിളുകളിൽ, കടിച്ചുമുറിച്ച നഖങ്ങളിൽ, ഇഴയോടിച്ച മേജോടുകൾ വെളിക്കു കാണുന്നവണ്ണം ഉപ്പൂററിയിൽനിന്നു തൂങ്ങിക്കിടക്കുന്ന വള്ളിച്ചെരിപ്പിൽ, ഇവിടെയെല്ലാം കണ്ണോടിച്ചപ്പോൾ സമോയ്‌ലങ്കോയുടെ മനസ്സിൽ സഹതാപം നിറഞ്ഞു: ഒരുപക്ഷേ, ലേവ്‌സ്‌കി തള്ളയില്ലാത്ത ഒരു കുഞ്ഞിനെ അനുസ്മരിപ്പിച്ചതുകൊണ്ടാവാം, അദ്ദേഹം ചോദിച്ചു:

"നിങ്ങളുടെ അമ്മ ജീവിച്ചിരിപ്പുണ്ടോ?"

"ഉണ്ടു്. പക്ഷേ, ഞങ്ങൾ തമ്മിൽ സുഖമല്ല. അവർ ഈ സംഗതിയിലെനിക്കു മാപ്പുതന്നില്ല."

സമോയ്‌ലങ്കോയ്ക്കു് ആ കൂട്ടുകാരനെ വലിയ ഇഷ്ടമായിരുന്നു. സമോയ്‌ലങ്കോയുടെ ദൃഷ്ടിയിൽ അയാൾ സുശീലനായ ഒരു വ്യക്തിയാണു്, ഒരു വിദ്യാർത്ഥി. യാതൊരു ജളതാവുമില്ല, കൂടിക്കുടിക്കാം, ചിരിക്കാം, ഉള്ളുതുറന്നു സംസാരിക്കാം. അയാളിൽ തനിക്കു മനസ്സിലാക്കാൻ കഴിഞ്ഞവയെ അദ്ദേഹം സർവ്വാത്മനാ വെറുത്തിരുന്നു. അയാൾ കണക്കില്ലാതെ കുടിക്കും, അതും അനുചിതമായ അവസരങ്ങളിൽ. അയാൾ

ചിട്ടകളിക്കും; ജോലി അയാൾക്കു വെറുപ്പാണ്. വരവറിയാതെ ജീവിക്കും. അസുഖകരമായ ശൈലികൾ സംഭാഷണത്തിൽ സാധാരണയായി ഉപയോഗിക്കും. വള്ളിച്ചെരിപ്പുകളിട്ടുകൊണ്ടു് തെരുവിലിറങ്ങി നടക്കും. മററുള്ളവർ നോക്കിനില്ക്കേ നദ്യേഷ്ദ്യായുമായി വഴക്കുകൂട്ടും—ഇതൊന്നും സമോയ്ലങ്കോയ്ക്കു് ഇഷ്ടമുള്ള കാര്യങ്ങളല്ല. എന്നാൽ ലേവ്സ്കി കലാശാലയിൽ പഠിച്ചിരുന്നു എന്ന സംഗതി, രണ്ടു തടിച്ച മാസികകളുടെ വരിക്കാരനായിച്ചേർന്നിരുന്നതു്, പലപ്പോഴും അല്പം ചിലർക്കു മാത്രം മനസ്സിലാകുന്നവിധത്തിൽ എത്രയും ബുദ്ധിപൂർവ്വം സംസാരിച്ചുവന്നതു്, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ഒരു സ്ത്രീയോടൊത്തു ജീവിച്ചുപോന്നതു്—ഇതൊന്നും സമോയ്ലങ്കോയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഇതെല്ലാം അദ്ദേഹത്തിനിഷ്ടമായി. തന്നെക്കാൾ ഉയർന്ന ആളായി സങ്കല്പിച്ചു് ലേവ്സ്കിയെ അദ്ദേഹം ബഹുമാനിച്ചു.

"വേറെയുമൊരു സംഗതിയുണ്ടു്," ലേവ്സ്കി തലകുലുക്കിക്കൊണ്ടു പറഞ്ഞു. "നമ്മൾമാത്രം അറിഞ്ഞാൽമതി. തല്ക്കാലം ഞാനതു നദ്യേഷ്ദ്യായെ അറിയിച്ചിട്ടില്ല... അവളുടെ മുമ്പിൽ അതു പരസ്യമാക്കരുതു്... അവളുടെ ഭർത്താവു തലച്ചോർ മാർദ്ദവപ്പെട്ടു മരിച്ചുപോയി എന്നു പറഞ്ഞു മിനിയാൻ്റ് എനിക്കൊരു കത്തുകിട്ടി."

"അയാൾക്കു സ്വർഗ്ഗരാജ്യം ലഭിക്കട്ടെ!" സമോയ്ലങ്കോ നെടുവീർപ്പോടെ പറഞ്ഞു. "നിങ്ങളെന്താണ് അതവളെ അറിയിക്കാതെ വച്ചിരിക്കുന്നതു്?"

"ആ എഴുത്തവളെ കാണിക്കുന്നതു്, 'വിവാഹത്തിനു പള്ളിയിലേക്കു വന്നോ' എന്നു പറയുന്നതുപോലെ ആയിരിക്കും. ആദ്യമേതന്നെ ഞങ്ങൾ പരസ്പരമുള്ള ബന്ധത്തെക്കുറിച്ചു വ്യക്തമായ ഒരു ധാരണയിലെത്തേണ്ടിയിരിക്കുന്നു.' ഞങ്ങൾക്കൊരുമിച്ചു ജീവിതം തുടരുക സാദ്ധ്യമല്ലെന്നവൾ മനസ്സിലാക്കുന്ന അവസരത്തിൽ ആ എഴുത്തു ഞാനവളെ കാണിക്കും. അപ്പോൾ അതിൽ അപകടമുണ്ടാവുകയില്ല."

"എന്താണ് ചെയ്യേണ്ടതെന്നറിയാമോ, ഇവാൻ?" സമോയ്ലങ്കോ പറഞ്ഞു. ദുഃഖവും അപേക്ഷയും സ്ഫുരിക്കുന്ന

ഒരു ഭാവം അദ്ദേഹത്തിൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു, അത്യന്തം ഹൃദയസ്പൃക്കും, നിഷേധിക്കപ്പെട്ടേക്കുമോ എന്നാശങ്കയുള്ളതുമായ എന്തോ ഒന്ന് അപേക്ഷിക്കാൻ തുടങ്ങുന്നതുപോലെ. "എൻെറ കുഞ്ഞേ, അവളെ വിവാഹം ചെയ്യൂ."

"എന്താണ്?"

"ആ സ്ത്രീരത്നത്തോടു നിങ്ങൾക്കുള്ള കടമ നിറവേററുക! അവളുടെ ഭർത്താവു മരിച്ചു. അങ്ങനെയിതാ വിധിതന്നെ നിങ്ങളുടെ കർത്തവ്യം ചൂണ്ടിക്കാണിക്കുന്നു."

"എന്തൊരു മനുഷ്യനാണു നിങ്ങൾ? അതസാദ്ധ്യമാണെന്നു നിങ്ങൾ മനസ്സിലാക്കണം. പ്രേമമില്ലാതെ വിവാഹം ചെയ്യുന്നതു് വിശ്വാസമില്ലാതെ കുർബാനചൊല്ലുന്നതുപോലെ അത്ര നികൃഷ്ടവും പുരുഷന്മാർക്കു യോജിക്കാത്തതുമായ പ്രവൃത്തിയല്ലേ?"

"പക്ഷേ, ചെയ്യേണ്ടതു നിങ്ങളുടെ കർത്തവ്യമാണ്."

"എന്തു കാരണംകൊണ്ടാണ് അതെൻെറ കർത്തവ്യമാകുന്നതു്?" ശല്യമായ ഭാവത്തിൽ ലേവ്സ്കി ചോദിച്ചു.

"എന്താണെന്നുവച്ചാൽ, നിങ്ങൾ അവളെ അവളുടെ ഭർത്താവിൻെറയടുത്തുനിന്ന് അവളുടെ ഉത്തരവാദിത്വം തന്നത്താനേററു വിളിച്ചുകൊണ്ടുപോന്നതുകൊണ്ടു്."

"ഇനി ഞാൻ നല്ല റഷ്യനിൽ നിങ്ങളോടു പറയുകയാണ്, ഞാൻ അവളെ സ്നേഹിക്കുന്നില്ല!"

"ശരി, നിങ്ങൾ സ്നേഹിക്കുന്നില്ലെങ്കിൽ, വേണ്ട, അർഹമായ ബഹുമാനം കാണിക്കു. അവളുടെ അഭിലാഷങ്ങൾ പരിഗണിക്കു."

"ബഹുമാനം കാണിക്കുക, അഭിലാഷങ്ങൾ പരിഗണിക്കുക." ലേവ്സ്കി അദ്ദേഹത്തെ കളിയായി അനുകരിച്ചു. "അവളേതാണ്ടു ശ്രേഷ്ഠത്തിയമ്മയാണെന്നുതോന്നും. .! ഒരു സ്ത്രീയുടെകൂടെ ജീവിക്കുമ്പോൾ ബഹുമാനവും പരിഗണനയും മാത്രംകൊണ്ടു രക്ഷപെടാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ, മനശ്ശാസ്ത്രത്തിലെന്നല്ല ശരീരശാസ്ത്രത്തിലും നിങ്ങളുടെ പരിജ്ഞാനം പരിതാപകരംതന്നെ. ഒരു സ്ത്രീയുടെ പ്രധാന ചിന്താവിഷയം അവളുടെ ഉറക്കറയാണു്.

"ഇവാൻ, ഇവാൻ," കുഴക്കത്തോടുകൂടി സമോയ്ലങ്കോ വിളിച്ചു.

"നിങ്ങൾ ഒരു പ്രായംചെന്ന കുട്ടി, തത്വോപജീവി; എന്നാൽ ഞാൻ പ്രായമാകാത്ത വൃദ്ധനാണു്, പ്രായോഗിക ബുദ്ധിയാണു്. നമുക്കൊരിക്കലും അന്യോന്യം മനസ്സിലാക്കുവാൻ സാധിക്കുകയില്ല. നമുക്കീ സംഭാഷണം നിർത്തുകയാണു ഭേദം. മുസ്തഫാ!" ലേവ്സ്കി പരിചാരകനോടു വിളിച്ചു ചോദിച്ചു: "ഞങ്ങളുടെ ബില്ലെത്രയായി?"

"അരുതരുതു്..." ലേവ്സ്കിയുടെ കൈയിൽ പിടിച്ചുകൊണ്ടു മനഃക്ലേശത്തോടുകൂടി ഡോക്ടർ അപേക്ഷിച്ചു: "പണം കൊടുക്കുന്നതു ഞാനാണു്. ഞാനാണു സാധനങ്ങൾ ആവശ്യപ്പെട്ടതു്. കണക്കു് എന്നോടു പറയൂ." അദ്ദേഹം മുസ്തഫായോടു വിളിച്ചുപറഞ്ഞു.

ആ സുഹൃത്തുക്കൾ എഴുന്നേററു, കടപ്പുറത്തുകൂടി നിശ്ശബ്ദരായി നടന്നു. നിരത്തിലെത്തിയപ്പോൾ അവർ കൈപിടിച്ചു കുലുക്കി യാത്രപറഞ്ഞു.

"നിങ്ങളെ ക്രമത്തിലധികം വഷളാക്കിയിരിക്കുന്നു, സുഹൃത്തേ." സമോയ്ലങ്കോ നിശ്വസിച്ചു. "സംസ്കാരസമ്പന്നയായ ഒരു യുവസുന്ദരിയെ വിധി നിങ്ങളുടെ കൈയിൽ കൊണ്ടുവന്നു തന്നു. നിങ്ങൾ ആ സമ്മാനം നിരസിക്കുന്നു, അതേസമയം, എനിക്കൊരു വൃത്തികെട്ട കിഴവിയെയാണു ദൈവം തന്നിരുന്നതെങ്കിലും, അവൾ ഭയവും സ്നേഹവുമുള്ളവളായാൽ മതി, ഞാനെത്ര സന്തോഷിക്കുമായിരുന്നു. അവളോടുകൂടി ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ജീവിക്കുകയും..."

സമോയ്ലങ്കോ തന്നെത്താൻ നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു:

"അവൾ, ആ കിഴട്ടുമൂധേവി, അവിടെ എനിക്കുവേണ്ടി ചായയ്ക്കു വെള്ളം തിളപ്പിക്കും..."

ലേവ്സ്കിയെ പിരിഞ്ഞശേഷം അദ്ദേഹം നടക്കാവിലൂടെ നടന്നു. തടിയും ഗാംഭീര്യവുമുള്ള ശരീരത്തിൽ മഞ്ഞുപോലെ വെളുത്ത വസ്ത്രങ്ങളും ഭംഗിയായി മിനുക്കിയ ചെരിപ്പുകളും ധരിച്ചു്, ഒരു നാടയിൽ തൂക്കിയിട്ട വ്ളാഡിമിർമെഡൽകൊണ്ടലംകൃതമായ മാറിടം വിരിച്ചു് അങ്ങനെ നടന്ന

പ്പോൾ അദ്ദേഹത്തിന്ന തന്നെപ്പററി വലിയ സംതൃപ്തിയുണ്ടായി. എല്ലാ ജനങ്ങളും അദ്ദേഹത്തിൻെറനേക്കു സന്തോഷപൂൎവ്വം കണ്ണുയയ്ക്കുന്നതുപോലെ തോന്നി. തലയനക്കാതെ അദ്ദേഹം ഇരുവശത്തും കണ്ണോടിച്ചു. നടക്കാവു് അതിമനോഹരമായ മാതൃകയിൽ നിൎമ്മിച്ചിട്ടുള്ളതാണെന്നും, ആ കൊച്ചു സൈപ്രസ്സു് വൃക്ഷങ്ങളും, യൂക്കാലിപ്റ്റസ് മരങ്ങളും, കോണും മൂലയുമില്ലാത്ത കുരുട്ടുപനകളും സുന്ദരമാണെന്നും, കാലം ചെല്ലുമ്പോൾ ധാരാളം തണൽ തരുമെന്നും, സിക്കാഷ്യൻ ജനങ്ങൾ ആൎജ്ജവവും സത്കാരശീലവും ഉള്ളവരാണെന്നും അദ്ദേഹത്തിന്ന തോന്നി.

'ലേവ്സ്കി കാക്കസസ്സു് ഇഷ്ടപ്പെട്ടിരിക്കുന്നതു വിചിത്രമായിരിക്കുന്നു,' അദ്ദേഹം വിചാരിച്ചു, 'ബഹുവിചിത്രം.'

തോക്കുധരിച്ച അഞ്ചു പട്ടാളക്കാർ അദ്ദേഹത്തെ കണ്ടുമുട്ടി. അവർ അഭിവാദ്യംചെയ്തു. നടക്കാവിൻെറ വലതുവശം ചേൎന്നു് ഒരു പ്രാദേശികോദ്യോഗസ്ഥൻെറ ഭാൎയ്യ, സ്കൂൾ വിദ്യാൎത്ഥിയായ കൊച്ചുമകനുമായി നടന്നുവരുന്നു.

"ഗുഡ്മോർണിംഗ്, മേരിയാ," സുഖകരമായ ഒരു പുഞ്ചിരിയോടെ സമോയ്ലങ്കോ പറഞ്ഞു. "കുളിക്കാൻ പോയിരുന്നോ? ഹ ഹ ഹ...! നിക്കോദിമിനോട്ടു് എന്റെ അന്വേഷണം പറഞ്ഞേക്കൂ."

എന്നിട്ടു് ആ സുഖകരമായ മന്ദസ്മിതം വിടാതെ അദ്ദേഹം നടന്നു. എങ്കിലും സൈനികാശുപത്രിയിലെ ഒരു കീഴുദ്യോഗസ്ഥൻ അടുത്തുവരുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്ന കോപംവന്നു, അയാളെ തടഞ്ഞുനിൎത്തീട്ടു ചോദിച്ചു:

"ആശുപത്രിയിൽ ആരെങ്കിലുമുണ്ടോ?"

"ആരുമില്ല, തിരുമേനി."

"ഏ?"

"ആരുമില്ല, തിരുമേനി."

"കൊള്ളാം, പോ, ഓട്ടു്..."

ഗാംഭീൎയ്യം തുളുമ്പുന്ന ശരീരം കുലുക്കിക്കൊണ്ടു് അദ്ദേഹം ശീതളപാനീയക്കടയിലേക്കു നടന്നു. പീനസ്തനിയായ ഒരു യഹൂദവൃദ്ധയാണു് അവിടെ ഇരിക്കുന്നതു്. ജോൎജ്ജിയാക്കാരിയെന്നാണു് അവർ പറയുന്നതു്. അദ്ദേഹം അവരുടെയടുത്തു

ചെന്നിട്ട് ഒരു സേനാവിഭാഗത്തിനു് ഉത്തരവുകൊടുക്കുന്നതു പോലെ അത്രയും ഉച്ചത്തിൽ പറഞ്ഞു:

"ദയവുചെയ്തു്, ഒരു സോഡ തരൂ."

## 2

ലേവ്സ്കിക്കു് നദ്യേഷ്ദ്യായോടുണ്ടായ സ്നേഹക്കുറവു പ്രധാനമായി പ്രത്യക്ഷപ്പെട്ടതു്, അവൾ പറയുന്നതോ പ്രവർത്തിക്കുന്നതോ ആയ സകലതും നുണയോ, നുണയ്ക്കു തുല്യമോ ആണെന്നു് അയാൾക്കുണ്ടായ തോന്നലിലാണു്. സ്ത്രീകൾക്കും പ്രേമത്തിനും വിരുദ്ധമായി അയാൾ വായിച്ചതു സകലതും, തനിക്കും, നദ്യേഷ്ദ്യായ്ക്കും അവളുടെ ഭർത്താവിനും അക്ഷരംപ്രതി യോജിക്കുന്നവയാണെന്നു് അയാൾ വിചാരിച്ചു. അയാൾ വീട്ടിൽ തിരിച്ചെത്തിയ സമയത്തു് അവൾ ജനാലയ്ക്കൽ ഇരിക്കുകയായിരുന്നു. വെള്ള മാറി, മുടി ചീകിക്കെട്ടി, ഏകതാനത സ്ഫുരിക്കുന്ന മുഖഭാവത്തോടെ കാപ്പി കുടിക്കുകയും, ഒരു തടിച്ച മാസികയുടെ താളുകൾ മറിക്കുകയും ചെയ്യുന്നുണ്ടു്. അപ്പോൾ, കാപ്പികുടിക്കുന്നതു് അത്ര പ്രാധാന്യമുള്ള സംഭവമൊന്നുമല്ലെന്നും, അതിന്റെ പേരിൽ മുഖത്തു് ഏകാഗ്രഭാവം വരുത്തേണ്ട കാര്യമില്ലെന്നും, ആകർഷിക്കാൻ ആളില്ലാത്ത ഈ നാട്ടിൽ ആകർഷകയാകേണ്ട ആവശ്യമില്ലാത്ത സ്ഥിതിക്കു് ഇങ്ങനെ പരിഷ്കാരമട്ടിൽ മുടി കെട്ടി അവൾ സമയം വെറുതെ കളയുകയായിരുന്നുവെന്നും അയാൾ മനസ്സുകൊണ്ടോർത്തു. മാസികയിലും കളവല്ലാതെ അയാളൊന്നും കണ്ടില്ല. കൂടുതൽ സൗന്ദര്യം തോന്നിക്കാനാണു് അവൾ വസ്ത്രംമാറുകയും മുടി ചീകിക്കെട്ടുകയും ചെയ്തതെന്നും, വായിക്കുന്നതു കൂടുതൽ ബുദ്ധിമതിയാണെന്നു കാഴ്ചക്കാർക്കു തോന്നാൻവേണ്ടിയാണെന്നും അയാൾ വിചാരിച്ചു.

"ഇന്നെനിക്കു കുളിക്കാൻപോകാൻ കുഴപ്പമില്ലല്ലോ?" അവൾ ചോദിച്ചു.

"എന്താ? നീ പോകുന്നെന്നോ പോകുന്നില്ലെന്നോ വച്ചു ഭൂമികുലുക്കമൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നു തോന്നുന്നു..."

"ഇല്ല, ഡോക്ടർ കോപിച്ചേക്കുമോ എന്നോർത്തു ചോദിച്ചതാണ്."

"ശരി, അപ്പോൾ ഡോക്ടറോടു ചോദിക്കണം. ഞാൻ ഡോക്ടറല്ല."

ഇത്തവണ ലേവ്സ്കിക്ക് ഏററവുമധികം വെറുപ്പുണ്ടാക്കിയതു നദ്യേഷ്ഡ്യായുടെ നഗ്നമായ കഴുത്തും അതിൻെറ പിൻഭാഗത്തുള്ള കുറുനിരകളുമായിരുന്നു. അന്നാകരേനിനയ്ക്കു ഭർത്താവിനോടു മുഷിവുണ്ടാകുമ്പോൾ, അവൾ ഏററവുമധികം വെറുത്തിരുന്നതു് അയാളുടെ ചെവികളായിരുന്നു എന്നയാളോർത്തു. എന്നിട്ടു വിചാരിക്കയും ചെയ്തു, 'എത്ര യഥാർത്ഥമാണതു്, എത്ര യഥാർത്ഥം!'

ബലം പൊയ്പോയതുപോലെയും തലയ്ക്കകം ശൂന്യമായതുപോലെയുമുള്ള തോന്നലോടുകൂടി അയാൾ വായനമുറിയിലേക്കുപോയി. സോഫയിൽക്കിടന്നിട്ടു്, പൂച്ചികളുടെ ശല്യമൊഴിക്കാൻവേണ്ടി മുഖം ഒരു തുവാലകൊണ്ടു മൂടി. സദാ ഏകവിഷയകവും, നിരാശാജനകവും, ഹൃദയത്തെ മഥിക്കുന്നതുമായ ചിന്തകൾ; ഒരിരുണ്ട വർഷാകാലസായാഹ്നത്തിൽ ഇഴഞ്ഞുനീങ്ങുന്ന വണ്ടികളുടെ ഒരു സുദീർഘമായ ചങ്ങലയെന്നപോലെ അവ അയാളുടെ തലച്ചോറിലൂടെ മെല്ലെ കടന്നുപൊയ്ക്കൊണ്ടിരുന്നു. അയാൾ നിദ്രാകരമായ ഒരു മനക്ഷീണത്തിൻെറ അവസ്ഥയിൽ ആണ്ടു. നദ്യേഷ്ഡ്യായോടും അവളുടെ ഭർത്താവിനോടും താൻ അപരാധം പ്രവർത്തിച്ചുവെന്നും, അവളുടെ ഭർത്താവു മരിച്ചതു തന്റെ അപരാധംമൂലമാണെന്നും അയാൾക്കു തോന്നി. തന്നെത്താൻ നശിപ്പിച്ച, തന്റെ സ്വന്തം ജീവിതത്തോടു്, താൻ പാപംചെയ്തതായി അയാൾക്കു തോന്നി. ആ അത്ഭുതലോകം യഥാർത്ഥവും സാധ്യവുമാണെന്നയാൾ ധരിച്ചുവശായിരുന്നു. പട്ടിണിക്കാരായ തുർക്കികളും, മടിയന്മാരായ പർവ്വതവാസികളും അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഈ കടൽത്തീരത്തല്ല, അങ്ങു വടക്കു് സംഗീതശാലകളും നാടകശാലകളും വൃത്താന്തപത്രങ്ങളും എന്നല്ല എല്ലാ ബുദ്ധിപരമായ പ്രവർത്തനങ്ങളും ഉണ്ടായിരുന്ന ആ വടക്കൻദിക്കിൽ ആ മനുഷ്യനു് അവിടെയല്ലാതെ, ഋജുബുദ്ധിയോ, ബുദ്ധിശാലിയോ, ഉന്നതമനസ്സോ, പരിശുദ്ധനോ ആയി ഇവിടെ ഒരിക്കലും

ജീവിക്കാൻ സാദ്ധ്യമല്ല. തനിക്കു് ഒരാദർശമോ, ജീവിതത്തിൽ മാർഗ്ഗദർശകമായ ഒരു തത്വസംഹിതയോ, അതിൻെറ മങ്ങിയ ഒരർത്ഥബോധം ഇക്കാലംകൊണ്ടു കൈവന്നിരുന്നുവെങ്കിലും, ഉണ്ടായില്ലല്ലോ എന്നയാൾ സ്വയം കുററപ്പെടുത്തി. രണ്ടുവർഷംമുമ്പു് നദ്ദ്യേഷ്യായിൽ അനുരക്തനായ കാലത്തു് അയാൾക്കുതോന്നി അവളെ ഭാര്യയായി സ്വീകരിച്ചുകൊണ്ടു കാക്കസസ്സിലേക്കു പോവുകയേവേണ്ടു, സംസ്കാരശൂന്യതയിൽനിന്നും പൊള്ളത്തത്തിൽ നിന്നും രക്ഷപെടാനെന്നു്. അതേരീതിയിൽ ഇപ്പോൾ അയാൾക്കു പൂർണ്ണബോദ്ധ്യമായിരിക്കുന്നു, നദ്ദ്യേഷ്യായെ വെടിഞ്ഞു പീറേറഴ്സ്ബർഗ്ഗിലേക്കു പുറപ്പെടുകയേവേണ്ടു, താൻ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കും എന്നു്.

'ഓടിപ്പോവുക,' അയാൾ എഴുന്നേററിരുന്നു നഖം കടിച്ചുകൊണ്ടു തന്നോടുതന്നെയായിട്ടു പറഞ്ഞു. 'ഓടിപ്പോവുക.'

താൻ കപ്പൽ കയറുന്നതും, അതിനുശേഷം അല്പം വല്ലതും ആഹാരം കഴിക്കുകയും അല്പം തണുത്ത ബീയർ കുടിക്കുകയും ചെയ്യുന്നതും, കപ്പലിൽവച്ചു സ്ത്രീകളുമായി സംസാരിക്കുന്നതും, അങ്ങനെ സെവാസ്റ്റോപ്പോളിൽ ചെന്നശേഷം തീവണ്ടിയിൽ കയറി പുറപ്പെടുന്നതും, എല്ലാം അയാൾ സങ്കല്പത്തിൽ ചിത്രീകരിച്ചു. സ്വാതന്ത്ര്യം, ഹുറാ! ഒന്നൊന്നായി സ്റ്റേഷനുകൾ അരികിലൂടെ മിന്നിപ്പായും, അന്തരീക്ഷത്തിന്റെ തണുപ്പും ശൂന്യതയും അനുക്രമം വർദ്ധിക്കും. പിന്നെ ബർച്ചുമരങ്ങൾ, ഇരുമ്പകമരങ്ങൾ, പിന്നെ കുർസ്ക്, മോസ്കോ... റസ്റ്റോറണ്ടുകളിൽ മൊട്ടക്കൂസ്സൂപ്പ്, ഉരുളക്കിഴങ്ങും ആട്ടിറച്ചിയും, മുഴുത്തമീൻ, ബീയർ, ഏഷ്യയുടെ മണംപോലുമില്ല; റഷ്യ, തനി റഷ്യ. വണ്ടിയിൽ യാത്രക്കാർ കച്ചവടത്തെപ്പററി, പുതിയ പാട്ടുകാരെപ്പററി, ഫ്രഞ്ച്റഷ്യൻ പരസ്പരധാരണയെപ്പററിയെല്ലാം സംസാരിക്കും. നാലുപാടുമുള്ളതു തീവ്രമായ, സംസ്കാരസമ്പന്നമായ, മേധാപരമായ, അക്ഷമമായ ജീവിതം... മുന്നോട്ടു പായുകയാണു്. മുന്നോട്ടു്! അവസാനം നെവ്സ്കി പ്രദേശം, ഗ്രേററ്മർസ്കായാ തെരുവു്, അതിനപ്പുറം കോവൻസ്കി അങ്കണം, വിദ്യാർത്ഥിജീവിതകാലത്തൊരിക്കൽ താൻ അവിടെ കുറച്ചുകാലം താമസിച്ചിട്ടുണ്ടു്. ധൂസരവർണ്ണ

മുള്ള പ്രിയംകരമായ ആകാശം, തുള്ളി കുത്തിപ്പെയ്യുന്ന മഴ കൊണ്ടു കുളിച്ച വണ്ടിക്കാർ...

"ഇവാൻ!" അടുത്ത് മുറിയിൽനിന്ന് ആരോ വിളിച്ചു. നിങ്ങൾ അകത്തുണ്ടോ?"

"ഞാനിവിടെയുണ്ട്," ലേവ്സ്കി മറുപടികൊടുത്തു. "എന്തുവേണം?"

"കടലാസുകൾ."

ലേവ്സ്കി ക്ഷീണത്തോടെ എഴുന്നേററു്, തലചുററുന്നതുപോലെയുള്ള തോന്നലോടെ കോട്ടുവായിട്ടുകൊണ്ടും, നടക്കുന്നതിനിടയിൽ വള്ളിച്ചെരിപ്പുകൾ കാലിൽ കടത്താൻ ശ്രമിച്ചുകൊണ്ടും അങ്ങേമുറിയിലേക്കു പോയി. അവിടെ തെരുവിലേക്കു തുറന്നുകിടക്കുന്ന ജനാലയ്ക്കൽനിന്നു ചെറുപ്പക്കാരനായ ഒരു സഹപ്രവത്തകൻ കുറെ ഗവമ്മെൻറു രേഖകൾ നിവത്തു ജനാലപ്പടിയിൽ നിരത്തുന്നു.

"സുഹൃത്തേ, ഒരു നിമിഷം,"എന്നു സ്നിഗ്ദ്ധമായി മൊഴിഞ്ഞിട്ട് ലേവ്സ്കി മഷിയന്വേഷിച്ചു പോയി. ജനാലയ്ക്കലേക്കു തിരിച്ചുവന്ന് ആ കടലാസുകളിൽ വായിച്ചുനോക്കാതെ ഒപ്പുവച്ചുകൊണ്ടു പറഞ്ഞു:

"ഉഷ്ണം തന്നെ!"

"വാസ്തവം. ഇന്നു താങ്കൾ വരുന്നുണ്ടോ?"

"ഉണ്ടാകുമെന്നു തോന്നുന്നില്ല....എനിക്കു നല്ല സുഖമില്ല. ഷെഷ്കോവ്സ്കിയോടു പറഞ്ഞേക്കു ഞാൻ പ്രാതൽ കഴിഞ്ഞു ചെന്നു കണ്ടോളാമെന്ന്."

ഗുമസ്തൻ പോയി. ലേവ്സ്കി വീണ്ടും സോഫയിൽ കിടന്ന് ചിന്തിക്കാൻ തുടങ്ങി: 'അപ്പോൾ പരിതസ്ഥിതിയുടെ മുഴവൻ ആക്കത്തുക്കം നിണ്ണയിക്കേണ്ടിയിരിക്കുന്നു. അതിനെക്കുറിച്ചു ചിന്തിക്കണം. ഇവിടം വിടുന്നതിനുമുമ്പ് എല്ലാ കടവും വീടണം. രണ്ടായിരം റൂബിളോളം കടംവരും. കൈയിൽ പണമില്ല...തീച്ചയായും അതു പ്രാധാന്യമുള്ളകായ്യമല്ല. ഏതെങ്കിലും വിധത്തിൽ ഇപ്പോൾ കുറേ കൊടുക്കുക. ബാക്കി പിന്നീട് പീറ്റേഴ്സ്ബഗ്ഗിൽ ചെന്നിട്ട് അയച്ചുകൊടുത്തുകൊള്ളാം. മുഖ്യപ്രശ്നം നദ്യേഷ്ദയായാണ്...എല്ലാത്തിലുമാദ്യം

ഞങ്ങൾ തമ്മിലുള്ള ബന്ധമെന്തെന്നു നിർണ്ണയിക്കയാണത്യാവശ്യം...അതേ.'

അല്പം കഴിഞ്ഞപ്പോൾ സമോയ്ലങ്കോയെ കണ്ടു് ഉപദേശം തേടുന്നതായിരിക്കയില്ലേ ഭേദം എന്നായിരുന്നു അയാളുടെ മനോഗതം.

'പോകാം,' അയാൾ ചിന്തിച്ചു. 'പക്ഷേ, അതിലെന്തു പ്രയോജനം?' ഞാൻ സ്വകാര്യമുറികളേക്കുറിച്ചോ, സ്ത്രീകളേക്കുറിച്ചോ, നേരിനെയും നേരുകേടിനെയും കുറിച്ചോ ഒക്കെ തീരെ അനുചിതമായി വല്ലതും പറയുകയേ ഉള്ളു. ജീവൻ രക്ഷിക്കാൻ ഞാൻ ഓടേണ്ടിയിരിക്കുന്നുവെങ്കിൽ, ഈ ശപിക്കപ്പെട്ട അടിമത്തത്തിൽ ഞാൻ ശ്വാസം കഴിക്കാനാകാതെ ആത്മഹത്യചെയ്യുകയാണു ചെയ്യുന്നതെങ്കിൽ, അപ്പോൾ നേരിനെയും നേരുകേടിനെയും കുറിച്ചു സംഭാഷണം ചെയ്തിട്ടെന്തു പ്രയോജനം...? അവസാനമായി ഒന്നു ധരിക്കണം. ഞാൻ നയിക്കുന്നതുപോലുള്ള ഒരു ജീവിതത്തിന്റെ അടുത്തു കൊണ്ടുവന്നാൽ, മററെല്ലാം തീരെ നിസ്സാരവും നിരർത്ഥവുമായി തോന്നും, അത്ര നികൃഷ്ടവും ക്രൂരവുമാണതു്. 'ഓടണം' ഇരുന്നുകൊണ്ടു് അയാൾ സ്വയം മന്ത്രിച്ചു. 'ഓടി രക്ഷപ്പെടണം.'

വിജനമായ കടൽത്തീരവും, ഒടുങ്ങാത്ത ചൂടും, എന്നെന്നും നിശ്ശബ്ദമായി, നിതാന്തൈകാന്തമായി നിൽക്കുന്ന ആ പാടലമായ മലകളുടെ ഏകരൂപതയും അയാളെ നിരുന്മേഷനാക്കി. അതയാളെ നിദ്രാലുവാക്കയും, അയാളുടെ ശക്തിയെ അടിയേ തുരങ്കംവയ്ക്കയും ചെയ്യുന്നതായിത്തോന്നി. ഒരുപക്ഷേ, അയാൾ വലിയ ബുദ്ധിമാനായിരുന്നു, പ്രതിഭാസമ്പന്നനായിരുന്നു, അഭിനന്ദനീയമാംവിധം ആർജ്ജവശീലനായിരുന്നു. നാലുവശത്തുംനിന്നു പർവ്വതനിരകൾ അയാളെ വട്ടത്തിലാക്കാതിരുന്നെങ്കിൽ ഒരുപക്ഷേ, അയാളൊരു ഒന്നാന്തരം സംസ്കാരനായകനോ, ഒരു രാജ്യതന്ത്രജ്ഞനോ, ഒരു പ്രസംഗകനോ, ഒരു രാഷ്ട്രീയോപന്യാസകാരനോ ആയെന്നു വരാമായിരുന്നു. ആർക്കറിയാം? അങ്ങനെയെങ്കിൽ, അനുഗൃഹീതനായ, പ്രയോജനകാരിയായ ഒരു വ്യക്തി—ഒരു കലാകാരൻ അഥവാ ഒരു സംഗീതവിദ്വാൻ എന്നിരിക്കട്ടെ—കൽത്തുറുങ്കിൽ

നിന്നു രക്ഷപ്പെടാൻവേണ്ടി ഭിത്തിപൊളിക്കുകയോ, കാവൽക്കാരുടെ കണ്ണിൽ മണ്ണിടുകയോ ചെയ്താൽ അതിൻെറ ന്യായമായ വിചാരം മൂഢതയല്ലേ? അത്തരമൊരവസ്ഥയിൽ എന്തും ന്യായംതന്നെ.''

രണ്ടുമണിയായപ്പോൾ ലേവ്സ്കിയും നദ്യേഷ്ദ്യായും ഉച്ചഭക്ഷണത്തിനിരുന്നു. അടുക്കളക്കാരി ചോറും തക്കാളിസൂപ്പും കൊണ്ടുവന്നു വിളമ്പിയപ്പോൾ ലേവ്സ്കി പറഞ്ഞു:

''ഒരേവകതന്നെ എന്നും. മൊട്ടക്കൂസ് സൂപ്പാക്കിയാലെന്തായിരുന്നു?''

''മൊട്ടക്കൂസില്ലായിരുന്നു.''

''വിചിത്രംതന്നേ. സമോയ്ലങ്കോയ്ക്കു് മൊട്ടക്കൂസ് സൂപ്പുണ്ടു്. മേരിയായ്ക്കുമുണ്ടു മൊട്ടക്കൂസ് സൂപ്പ്. എനിക്കുമാത്രമേ ഈ ഓക്കാനിക്കുന്ന ചോറും കറിയും കഴിക്കേണ്ടതായി വരുന്നുള്ളു. ഇങ്ങനെ നമുക്കു മുന്നോട്ടു പോകാൻ സാദ്ധ്യമല്ലാ തങ്കം.''

ബഹുഭൂരിപക്ഷം ഭാര്യാഭർത്താക്കന്മാരുടെ പൊതുരീതിക്കു്, ആദ്യകാലത്തൊക്കെ ഒരു ദിവസമെങ്കിലും വഴക്കും വക്കാണവുമൊഴിഞ്ഞിട്ടു് ഒരു പ്രാതൽ നദ്യേഷ്ദ്യാക്കും ലേവ്സ്കിക്കും ഉണ്ടായിട്ടില്ല. പക്ഷേ, താൻ നദ്യേഷ്ദ്യായെ സ്നേഹിക്കുന്നില്ല എന്നു ബോധ്യമായന്നുതൊട്ടു് ഏതുകാര്യത്തിലും നദ്യേഷ്ദ്യായ്ക്കു വഴങ്ങിക്കൊടുക്കാൻ അയാൾ ശ്രമിച്ചുപോന്നു. അയാൾ അവളോടു സ്നേഹമായും മര്യാദയായും സംസാരിക്കും, ചിരിക്കും. അവളെ 'തങ്കം' എന്നു വിളിക്കുകയുംചെയ്യും.

''ഈ സൂപ്പിനു് ഇരട്ടിമധുരത്തിൻെറ ചുവയാണു്.'' അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. അയാൾ സ്വയം നിയന്ത്രിക്കാനും സ്നേഹഭാവം പ്രദർശിപ്പിക്കാനും പരിശ്രമിച്ചു. എങ്കിലും ഇങ്ങനെ പറയാതിരിക്കാൻ കഴിഞ്ഞില്ല. ''ഗൃഹഭരണത്തിൽ ആരും ശ്രദ്ധിക്കുന്നില്ല....നിനക്കു് അസുഖം കൂടുതലോ അഥവാ വായനത്തിരക്കോ ഉണ്ടെങ്കിൽ അടുക്കളപ്പണിയുടെ മേൽനോട്ടം എനിക്കു വിട്ടേക്കു.''

കുറേക്കൂടി മുമ്പായിരുന്നെങ്കിൽ അവൾ പറയുമായിരുന്നു; ''വല്ലവഴിയുമുണ്ടെങ്കിൽ അങ്ങനെ ചെയ്യണേ,'' അല്ലെങ്കിൽ, ''ഞാനൊരു വെപ്പുകാരിയാകണമെന്നാണു നിങ്ങളുടെ ആഗ്ര

No. ... KOTTAYAM

ഹമെന്നു മനസ്സിലായി.'' പക്ഷേ, ഇപ്പോൾ അവൾ ലജ്ജിച്ചരണ്ടു് ഇരുന്നതേയുള്ളു.

''ആട്ടെ, ഇന്നു നിനക്കെങ്ങനെ ഇരിക്കുന്നു?'' അയാൾ കാരുണ്യപൂർവ്വം ചോദിച്ചു.

''ഇന്നെനിക്കു് ഒരസുഖവുമില്ല, അല്പം ക്ഷീണമുണ്ടെന്നല്ലാതെ ഒന്നുമില്ല.''

''നീ ദേഹം സൂക്ഷിക്കണം, തങ്കം. എനിക്കു വലിയ ഉൽക്കണ്ഠയുണ്ടു്.''

KOTTAYAM PUBLIC LIBRARY KOTTAYAM
84816

നദ്യേഷ്ദ്യായ്ക്കു് എന്തോ ഒരസുഖമുണ്ടായിരുന്നു. സമോയ്ലങ്കോ അവൾക്കു് ഒന്നിരാടൻപനിയാണെന്നു പറഞ്ഞു കൊയിനാ കൊടുത്തു. ഉസ്തിമോവിച്ച് എന്നു വേറൊരു ഡോക്ടറുണ്ടു്. നീണ്ടുമെലിഞ്ഞു സഹവാസയോഗ്യതയില്ലാത്ത ഒരു മനുഷ്യൻ. പകൽ മുഴുവൻ വീട്ടിലിരുന്നിട്ടു വൈകുമ്പോൾ കടൽപ്പുറത്തിറങ്ങും. കൈ പിന്നിൽക്കെട്ടി, മുതുകത്തു മേല്പു കീഴ ഒരു വടിയും പിടിച്ചു്, ചുമച്ചുചുമച്ചു് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണയാളുടെ സ്വഭാവം. അവൾക്കു് എന്തോ സ്ത്രൈണരോഗമാണെന്നായിരുന്നു അയാളുടെ അഭിപ്രായം. അയാൾ ചൂടുകിഴി വിധിച്ചു. പഴയകാലത്തു്, നദ്യേഷ്ദ്യായെ ലേവ്സ്കി സ്നേഹിച്ചിരുന്നകാലത്തു്, അവളുടെരോഗം അയാളിൽ സഹതാപവും ഭയവും ഉത്തേജിപ്പിച്ചിരുന്നു. ഇപ്പോഴാകട്ടെ അവളുടെ രോഗത്തിൽപ്പോലും അയാൾ കാപട്യം കാണുകയാണു്. അവളുടെ ഉറക്കച്ചടവുള്ള വിളർത്ത മുഖം, നിഷ്പ്രഭമായ നയനങ്ങൾ, നിർവികാരമായ മുഖഭാവം, പനി കഴിയുമ്പോൾ, പതിവായി ഉണ്ടാകാറുള്ള കോട്ടുവായ്, പനിയായിരിക്കുമ്പോൾ അവൾ സാല്വകൊണ്ടു മൂടിപ്പുതച്ചു കിടക്കുന്നതും, അപ്പോൾ അവൾ ഒരു സ്ത്രീയെക്കാൾ ഒരു ആൺകുട്ടിയെപ്പോലെ ഇരിക്കുമെന്നുള്ളതും,—ഇതെല്ലാം, അയാളുടെ അഭിപ്രായത്തിൽ, ഭ്രമത്തെ നശിപ്പിക്കുന്നതായിരുന്നു. പ്രേമത്തിനും വിവാഹത്തിനും പ്രതികൂലമായ ഒരു ന്യായമുഖമായിരുന്നു.

അയാൾക്കു് അടുത്തതായി വിളമ്പിയ വിഭവം, മുട്ട പുഴുങ്ങിയതും വസലച്ചീരയുമായിരുന്നു. നദ്യേഷ്ദ്യായ്ക്കു രോഗിണിയെന്നനിലയിൽ, പാലും ജെല്ലിയുമാണു കൊടുത്തതു്. ഏകാ

ഗ്രമായ മുഖഭാവത്തോടെ, അവൾ സ്പൂണെടുത്തു ജെല്ലിയിൽ തോണ്ടി, എന്നിട്ട് ഇടയ്ക്കിടെ പാൽ മുത്തിക്കൊണ്ടു് അലസമായി അതു തിന്നാൻ തുടങ്ങി. അവൾ വിഴുങ്ങുന്ന ശബ്ദം അയാൾ കേട്ടു. തല കുടയിക്കുന്നത്ര ശക്തിയായ ഒരു അറപ്പ് അവളെ പിടികൂടി. അത്തരം വികാരം പട്ടിക്കുപോലും അപമാനകരമായിരിക്കുമെന്നയാൾ മനസ്സിലാക്കി. എങ്കിലും അയാൾക്കു തന്നോടല്ല, തന്നിൽ ആ വികാരം ഉണർത്തിയ നദ്യേഷ്ദ്യായോടാണു കോപമുണ്ടായതു്. കാമുകന്മാർ ചിലപ്പോൾ അവരുടെ കാമുകിമാരെ കൊന്നുകളയുന്നതെന്തുകൊണ്ടാണെന്നു് അപ്പോൾ അയാൾക്കു മനസ്സിലായി. അയാൾ അവളെ കൊല്ലുകയില്ല, തീർച്ച. എങ്കിലും ഇപ്പോൾ അയാൾ ഒരു ജൂറിയായിരുന്നെങ്കിൽ കൊലപാതകിയെ വെറുതെ വിട്ടുമായിരുന്നു.

"സ്വസ്തി, തങ്കം," ആഹാരം കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു. നദ്യേഷ്ദ്യായുടെ നെററിയിൽ ചുംബിക്കയും ചെയ്തു.

പഠനമുറിയിൽ തിരിച്ചുചെന്നിട്ട്, അഞ്ചു നിമിഷത്തോളം, അയാൾ ചെരിപ്പിൽ കണ്ണുംനട്ടു മുന്നാക്കം പിന്നാക്കം നടന്നു. അതിനുശേഷം സോഫയിൽ ചെന്നിരുന്നു പിറുപിറുത്തു:

"ഓട്ടുക, ഓടിപ്പോവുക! അന്യോന്യം നില വിശദീകരിച്ചിട്ട് ഓടിപ്പോവുക!"

അയാൾ സോഫയിൽ കിടന്നു; നദ്യേഷ്ദ്യായുടെ ഭർത്താവിൻെറ മരണവൃത്താന്തം വീണ്ടും ഓർമ്മവന്നു. ഒരുപക്ഷേ, അതയാളുടെ കുററംകൊണ്ടാവാമെന്നും ഓർത്തു.

"ഒരു സ്ത്രീയെ സ്നേഹിക്കുന്നതിനോ, അഥവാ സ്നേഹിക്കാതാകുന്നതിനോ പുരുഷനെ കുററംപറയുന്നതു ബുദ്ധിശൂന്യമാണു്," കിടക്കുന്നിടത്തു കിടന്നുകൊണ്ടു്, കാലുകൾ ചെരിപ്പിനുള്ളിൽ തിരുകാൻവേണ്ടി ഉയർത്തിക്കൊണ്ടു് അയാൾ തന്നെത്താൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "സ്നേഹവും വെറുപ്പും നമ്മുടെ നിയന്ത്രണത്തിലുള്ളതല്ല. അവളുടെ ഭർത്താവിൻെറ കാര്യത്തിൽ, ഒരുപക്ഷേ, പരോക്ഷമായ ഒരു രീതിയിൽ അയാളുടെ മരണത്തിനു ഞാനും ഒരു കാരണമായിട്ടുണ്ടാകാം. എന്നാലും എൻെറ കുററംകൊണ്ടാണോ ഞാൻ അയാളുടെ ഭാര്യയേയും അവൾ എന്നെയും സ്നേഹിച്ചതു്?"

അനന്തരം അയാൾ എഴുന്നേററു തൊപ്പിയെടുത്തുകൊണ്ടു തൻെറ സഹപ്രവത്തകനായ ഷെഷ്ക്കോവ്സ്കിയുടെ വീട്ടിലേക്കു പുറപ്പെട്ടു. ഗവമ്മെണ്ടുഗുമസ്തന്മാർ പാശികളിക്കാനും ബീയർ കുടിക്കാനുമായി നിത്യേന ചെന്നുകൂടാറുള്ളതവിടെയാണു്.

''എൻെറ മനശ്ചാഞ്ചല്യം ഹാംലററിനെ അനുസ്മരിപ്പിക്കുന്നു,'' വഴിക്കു ലേവ്സ്കി വിചാരിച്ചു. ''എത്ര സത്യസന്ധമായാണു ഷേക്സ്പീയർ അതു വർണ്ണിക്കുന്നതു്. ഹാ, എത്ര സത്യസന്ധമായി!''

## 3

സൗഹാർദ്ദത്തിനുവേണ്ടിയും, പുതുതായി വരുന്ന കുടുംബസ്ഥരല്ലാത്തയാളുകൾക്കു്, പട്ടണത്തിൽ ഹോട്ടലുകളില്ലാത്തതുകൊണ്ടു് ഉണ്ണാനിടമില്ലാതെവരുന്ന വിഷമസ്ഥിതി കണ്ടുള്ള സഹതാപത്താലും, വേണ്ടപ്പെട്ടവക്കു തൻെറ വീട്ടിൽ ആഹാരം വച്ചുകൊടുക്കാനുള്ള ഒരേർപ്പാടു ഡോക്ടർ സമോയ്ലങ്കോ സ്വീകരിച്ചിരുന്നു. ഇക്കാലത്തു് മൊത്തം അദ്ദേഹത്തിൻെറയടുത്തു് ആഹാരം കഴിച്ചുപോന്നയാളുകൾ രണ്ടാണു്. വോൺകൊറൻ എന്നു പറയുന്ന ഒരു യുവ ജന്തുശാസ്ത്രജ്ഞൻ; വേനല്ക്കാലം കരിങ്കടൽത്തീരത്തു ചെലവഴിച്ചു കഞ്ഞിപ്പൊത്തിൻെറ ബീജപരിണാമത്തെപ്പററി പഠിക്കാൻ വന്നിരിക്കുന്നയാളാണു്. പൊബ്യെദേവ് എന്നു പറയുന്ന ശെമ്മാശ്ശൻ; വൈദികവിദ്യാലയത്തിൽനിന്നിറങ്ങിയയുടനെ ഈ പട്ടണത്തിലേക്കു നിയമിതനായി വന്നിരിക്കുകയുമാണു്; ചികിത്സാത്ഥം സ്ഥലം വിട്ടിരിക്കുന്ന പഴയ വൈദികൻെറ ഒഴിവിൽ—പ്രാതലിനും അത്താഴത്തിനുംകൂടി പന്ത്രണ്ടു റൂബിൾവീതം അവർ സമോയ്ലങ്കോയ്ക്കു കൊടുത്തുപോന്നു. എന്നും കൃത്യമായി രണ്ടുമണിക്കുതന്നെ വന്നുകൊള്ളാമെന്നു സമോയ്ലങ്കോ അവരെക്കൊണ്ടു വാക്കു പറയിച്ചിട്ടുമുണ്ടു്.

സാധാരണയായി വോൺകൊറനാണു് ആദ്യം വന്നുചേരുക. അയാൾ സ്വീകരണമുറിയിൽക്കേറി നിശ്ശബ്ദനായി ഇരിക്കും. മേശപ്പുറത്തുനിന്നു് ആൽബമെടുത്തു്, നീണ്ടകാലു

റയിട്ട്, പൊക്കമുള്ള തൊപ്പിയും ധരിച്ച് നിൽക്കുന്ന അജ്ഞാതരായ പുരുഷന്മാരുടെയും, തൊങ്ങലുട്ടപ്പിട്ട്, ഉച്ചിത്തൊപ്പിയുംവച്ച സ്ത്രീകളുടെയും മങ്ങിത്തുടങ്ങിയ ഛായാപടങ്ങൾ സശ്രദ്ധം പരിശോധിക്കാൻ തുടങ്ങും. അവരിൽ അപൂർവ്വമാളുകളുടെ പേരേ സമോയ്ലങ്കോയ്ക്കു് ഓർമ്മയുള്ളു. താൻ മറന്നുപോയ വ്യക്തികളെക്കുറിച്ച് അദ്ദേഹം ഒരു നെടുവീർപ്പോടെ പറയും: "വളരെ നല്ലൊരു മനുഷ്യൻ, അസാമാന്യ ബുദ്ധിശാലി!" ആൽബം നോക്കിത്തീരുമ്പോൾ വോൺകൊറൻ അലവലാതിപ്പെട്ടിയിൽനിന്നു് ഒരു കൈത്തോക്കെടുത്തിട്ട്, ഇടത്തുകണ്ണിറുക്കിപ്പിടിച്ചുകൊണ്ടു് മനപ്പൂർവ്വം വൊറോൺസോവ് പ്രഭുവിൻെറ ചിത്രത്തിൽ ഉന്നംപിടിക്കും, അല്ലെങ്കിൽ കണ്ണാടിയുടെ അടുത്തുചെന്നു്. ദീർഘനേരം, തൻെറ കറുത്ത മുഖവും, മുഴത്തനെററിയും, നീഗ്രോകളുടേതുപോലെ ചുരുണ്ടിരിക്കുന്ന കറുത്ത മുടിയും, പേർഷ്യൻ പരവതാനിപോലെ വലിയ പൂക്കൾ നിറഞ്ഞ ചവുണ്ടനിറത്തിലുള്ള തുണികൊണ്ടു തയ്ച്ച ഷർട്ടും, അടിക്കുപ്പായത്തിൻെറ സ്ഥാനത്തു ധരിച്ചിരിക്കുന്ന വീതിയുള്ള തോൽബെൽറ്റും സൂക്ഷിച്ചു നോക്കിക്കൊണ്ടു നില്ക്കും. സ്വന്തം രൂപത്തിലുള്ള ഈ സൂക്ഷ്മപരിശോധന, ഛായാപടങ്ങൾ നോക്കുന്നതിനെക്കാളും, കൈത്തോക്കുകൊണ്ടു കളിക്കുന്നതിനെക്കാളുമെല്ലാം കൂടുതൽ ആനന്ദം അയാൾക്കു കൊടുക്കുന്നതുപോലെ തോന്നി. അയാളുടെ മുഖത്തിൻെറയും ഭംഗിയായി ഒതുക്കിവച്ചിരിക്കുന്ന താടിയുടെയും, ഒന്നാന്തരം ആരോഗ്യവും ശരീരശക്തിയും സംശയാതീതമായി തെളിയിക്കുന്ന ആ വിരിഞ്ഞ ഉരത്തിൻെറയും കാര്യത്തിൽ അയാൾ അതീവ സന്തുഷ്ടനായിരുന്നു. എന്നല്ലാ തന്റെ ഉടുപ്പിൻെറ നിറത്തിനു യോജിച്ച വർണ്ണമുള്ള കഴുത്തുറുമാൽ തുടങ്ങി, തവിട്ടുനിറത്തിലുള്ള ചെരിപ്പുവരെയുള്ള ബാഹ്യമോടിയുടെ കാര്യത്തിലും അയാൾക്കു് സംതൃപ്തിയുണ്ടായിരുന്നു.

അയാൾ ആൽബം നോക്കുകയും, കണ്ണാടിയുടെ മുമ്പിൽ നില്ക്കുകയും ചെയ്യുന്ന സമയത്തു് സമോയ്ലങ്കോ അടുക്കളയിലും അടുത്തുള്ള ഇടനാഴിയിലുമായി, കോട്ടും അടിക്കോട്ടുമില്ലാതെ, നഗ്നകണ്ഠനായി വിയർത്തൊലിച്ച് മേശകളുടെ ചുററും

ഓടിനടക്കുകയാണ്. ഒന്നുകിൽ സാലദ് കൂട്ടുന്നു. അല്ലെങ്കിൽ ഏതോ കറിയുണ്ടാക്കുന്നു; അതുമല്ലെങ്കിൽ തണുപ്പിച്ച സൂപ്പിന് ഇറച്ചിയോ വെള്ളരിക്കായോ ഉള്ളിയോ തയ്യാറാക്കുന്നു. ഇടയ്ക്കിടയ്ക്ക് സഹായിച്ചുകൊണ്ടുനില്ക്കുന്ന പരിചാരകൻെറ മേൽ കോപത്തോടുകൂടി ചാടിവീഴുകയും, അയാളുടെ മുഖത്തിനുനേക്ക് ആദ്യം കത്തിയും പിന്നെ സ്പൂണും കുലുക്കിക്കാണിക്കുകയും ചെയ്യുന്നുണ്ട്.

"ആ വിന്നാഗിരി ഇങ്ങോട്ടെടുക്കാൻ," അദ്ദേഹം പറഞ്ഞു. "അതല്ല വിന്നാഗിരി, അതു സാലദിലൊഴിക്കാനുള്ള എണ്ണ." നിലത്തു ചവിട്ടിക്കൊണ്ടു അദ്ദേഹം അട്ടഹസിച്ചു. "എടാ മൃഗമേ, നീ എങ്ങോട്ടു പോകുന്നു?"

"വെണ്ണയെടുക്കാനാ, തിരുമേനി." സുബോധം മറിഞ്ഞു കഴിഞ്ഞ പരിചാരകൻ പതറിയ സ്വരത്തിൽ മറുപടി പറഞ്ഞു.

"വേഗമാകട്ടെ, അലമാരിയിൽ ഇരിപ്പുണ്ട്! ഭരണിയിലിരിക്കുന്ന വെള്ളരിക്കായിൽ കുറച്ചു ജീരകമിടാൻ ഡാറിയായോടു പറഞ്ഞേക്കു. ജീരകമാണ് കേട്ടോ! ആ പാൽക്കട്ടി വല്ലതുമെടുത്തു മൂടെടാ, മന്തൻതിമ്മാ, അല്ലെങ്കിൽ അതിനകത്തീച്ചയാക്കുമല്ലോ."

വീട്ടുമുഴവൻ അദ്ദേഹത്തിൻെറ അട്ടഹാസങ്ങൾകൊണ്ടു മുഴങ്ങുന്നതുപോലെ തോന്നി. രണ്ടടിക്കാൻ പത്തോ പതിനഞ്ചോ നിമിഷമുള്ളപ്പോൾ ശെമ്മോള്ങും വന്നുകേറി. കിളരം കൂടി, മെലിഞ്ഞ ഒരിരുപത്തിരണ്ടുകാരൻ യുവാവായിരുന്നു അയാൾ. നീണ്ടമുടി, താടിമീശയില്ല, ഒരു ചെറിയ മേൽമീശയുള്ളതു തീരെ അസ്പഷ്ടമാണ്. സ്വീകരണമുറിയിലേക്കു കടന്ന് കുരിശുരൂപത്തിൻെറ മുമ്പിൽച്ചെന്നു കുരിശുവരച്ചു, മന്ദഹസിച്ചുകൊണ്ട് വോൺകൊറൻെറ നേക്കു കൈ നീട്ടി.

"ഗുഡ്മോർണിങ്ങ്," ജന്തുശാസ്ത്രജ്ഞൻ നിർവ്വികാരഭാവത്തിൽ പറഞ്ഞു. "നിങ്ങൾ എവിടെപ്പോയിരുന്നു?"

"ഞാൻ തുറമുഖത്തുപോയി ചിപ്പി പെറുക്കുകയായിരുന്നു."

"ഓ, തന്നെ... അച്ചാ, സ്പഷ്ടമേ നിങ്ങളൊരിക്കലും തിരക്കിട്ടു ജോലിചെയ്യുന്നില്ല."

"അതിനെന്താ? ജോലിയെന്നു പറയുന്നതു കരടിയുടെ മാതിരിയൊന്നുമല്ലല്ലോ, ഓടിക്കാട്ടുകയറിക്കളയാൻ." തന്റെ വെളുത്ത ളോഹയുടെ ആഴമേറിയ കീശയിലേയ്ക്കു് കൈ തിരുകിക്കൊണ്ടു് പുഞ്ചിരിയോടെ ശെമ്മാശ്ശൻ മറുപടികൊടുത്തു.

"നിങ്ങളെ ചാട്ടയ്ക്കടിക്കാനാളില്ലല്ലോ!" ജന്തുശാസ്ത്രജ്ഞൻ സങ്കടപ്പെട്ടു.

പതിനഞ്ചോ ഇരുപതോ നിമിഷം പിന്നെയും കഴിഞ്ഞു. എന്നിട്ടും അവരെ പ്രാതലിനു വിളിക്കുകയുണ്ടായില്ല. പിന്നെയും കേൾക്കാം, ചെരിപ്പിട്ടുചവിട്ടി ഒച്ചയുണ്ടാക്കിക്കൊണ്ടു് പരിചാരകൻ അടുക്കളയിലേക്കും തിരിച്ചും ഓടുന്നതും, സമോയ്ലങ്കോ അട്ടഹസിക്കുന്നതും.

"അതു മേശപ്പുറത്തു വയ്ക്കാൻ! നിൻെറ ബോധം എവിടെയാ? ആദ്യമേ അതു കഴുകണം."

വിശപ്പുസഹിക്കാതെ ശെമ്മാശ്ശനും വോൺകൊറനും ഉപ്പൂററികൊണ്ടു തറയിൽ താളംചവിട്ടാരംഭിച്ചു. ആ വഴിക്കു് അവരുടെ അക്ഷമ പ്രകടിപ്പിക്കുകയാണു്, നാടകശാലയിൽ നാടകം കാണാൻ കേറിയിരിക്കുന്നവരെപ്പോലെ. അവസാനം കതകു തുറന്നു. ക്ഷീണപരവശനായ പരിചാരകൻ പ്രാതൽ തയ്യാറായിരിക്കുന്നതായി അറിയിച്ചു. ഭക്ഷണമുറിയിൽ സമോയ്ലങ്കോ അവരെ എതിരേററു. ചോരപോലെ തുടുത്ത, രോഷാകുലമായ ആ മുഖം അടുക്കളയിലെ ചൂടുകൊണ്ടു വിയത്തൊഴുകുന്നുണ്ടായിരുന്നു. കഠിനമായ നീരസത്തോടെ അവരെ നോക്കിയിട്ടു്, ഭീതമായ മുഖഭാവത്തോടെ സൂപ്പുപാത്രം തുറന്നു് ഓരോ പ്ലേററ് രണ്ടുപേക്കും വിളമ്പി. അതവർ രുചിയോടുകൂടി കഴിക്കുന്നതുകണ്ടു് അവക്കിഷ്ടമായി എന്നു ബോദ്ധ്യംവന്നിട്ടേ, അദ്ദേഹം ദീർഘമായ ഒരാശ്വാസനിശ്വാസത്തോടെ ആ കുഴിവുള്ള ചാരുകസേരയിൽ ഉറച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ മുഖത്തു് നിർവൃതി നിറഞ്ഞു, ആ കണ്ണുകളിൽ ആർദ്രത പരന്നു.....സാവധാനം ഒരു ഗ്ലാസ്സു് വോഡ്കാ തനിക്കായി പകന്നെടുത്തുകൊണ്ടു് അദ്ദേഹം പറഞ്ഞു:

"യുവതലമുറയുടെ ആരോഗ്യത്തിനു്."

ലേവ്സ്കിയുമായുണ്ടായ സംഭാഷണത്തിനുശേഷം, അതിരാവിലെതുടങ്ങി ഉച്ചഭക്ഷണത്തിനുള്ള സമയമായിട്ടും വിട്ടു

മാറാത്തെ ഒരു ഭാരം തൻെറ ഹൃദയത്തിൽ അമൎന്നിരിക്കുന്നതായി സമോയ്ലങ്കോയ്ക്കു തോന്നി. അദ്ദേഹത്തിനു ലേവ്സ്കിയുടെപേരിൽ സങ്കടവും, അയാളെ സഹായിക്കാൻ ആഗ്രഹവുമുണ്ടായി. സൂപ്പിനുമുമ്പ് ഒരുഗ്ലാസ്സ് വോഡ്കാ കുടിച്ചശേഷം ഒരു നെടുവീൎപ്പയച്ചിട്ട് അദ്ദേഹം പറഞ്ഞു:

"ഞാനിന്നു ലേവ്സ്കിയെ കണ്ടു. പാവം! അയാൾക്കു കഷ്ടകാലമാണ്. ജീവിതത്തിൻെറ ഭൗതികവശം അയാളെ സംബന്ധിച്ചിടത്തോളം ഒട്ടും അനുകൂലമല്ല. അതിലും കഷ്ടം, ഈ മനശ്ശാസ്ത്രമെല്ലാംകൂടെ അയാൾക്കു താങ്ങാൻ കഴിയാത്തതായിട്ടുണ്ടു്. എനിക്കാ ചെറുക്കൻെറപേരിൽ സഹതാപം തോന്നുന്നു."

"ശരി, എന്നാൽ എനിക്കൊട്ടും സഹതാപം തോന്നാത്ത ഒരുത്തനാണയാൾ." വോൺകൊറൻ പറഞ്ഞു. "ആ സുന്ദരക്കുട്ടൻ മുങ്ങിച്ചാവുന്നതുകാണാനിടയായാൽ ഞാനൊരു വടികൊണ്ടു് അവനെ കുത്തിത്താഴ്ത്തിയിട്ടു പറഞ്ഞേനെ, 'മുങ്ങിച്ചത്തോളൂ സഹോദരാ, നല്ലപോലെ മുങ്ങിച്ചത്തോളൂ.'"

"അതസത്യമാണ്. നിങ്ങളതു ചെയ്യില്ല."

"എന്താണങ്ങനെ വിചാരിക്കാൻ?" ജന്തുശാസ്ത്രജ്ഞൻ ചുമലിളക്കി. "നിങ്ങളെപ്പോലെ ഒരു സൽപ്രവൃത്തിചെയ്യാൻ എനിക്കും സാധിക്കും."

"ഒരു മനുഷ്യനെ മുക്കിക്കൊല്ലുന്നതു സൽപ്രവൃത്തിയോ?" എന്നു ചോദിച്ചിട്ട് ശെമ്മോയ്ലൻ പൊട്ടിച്ചിരിച്ചു.

"ലേവ്സ്കിയെയാണോ? എങ്കിൽ അതേ."

"സൂപ്പിനു് എന്തോ തരക്കേടുണ്ടെന്നു തോന്നുന്നു..." സംഭാഷണവിഷയം മാറ്റാനുള്ള ബദ്ധപ്പാടോടെ സമോയ്ലങ്കോ പറഞ്ഞു.

"വിഷൂചികയുടെ അണുക്കൾപോലെ അത്രതന്നെ സമുദായത്തിനു തികഞ്ഞ നാശംചെയ്യുന്നവനും അപകടകാരിയുമാണ് ലേവ്സ്കിയും." വോൺകൊറൻ തുടൎന്നു: "അയാളെ മുക്കിക്കൊല്ലുന്നതു് ഒരു സേവനമായിരിക്കും."

"നിങ്ങളുടെ അയൽക്കാരനെക്കുറിച്ച് ആവിധം സംസാരിക്കുന്നതു് ഒരിക്കലും ഭൂഷണമാവില്ല. പറയൂ, നിങ്ങൾ അയാളെ വെറുക്കാൻ സംഗതിയെന്താണു്?"

“വിസ്തിത്തം പറയാതെ, ഡോക്ടർ. ഒരു വിഷകീടത്തെ വെറുക്കുന്നതും ശപിക്കുന്നതും മൗഢ്യമാണ്. പക്ഷേ, കാണുന്ന വരെയെല്ലാം ഒരു വകതിരുവില്ലാതെ അയൽക്കാരനായി കണക്കാക്കാൻതുടങ്ങിയാൽ,എന്തുമായിക്കോട്ടെ—വളരെ നന്ദി. അതു് യഥാത്ഥത്തിൽ ഗുണദോഷവിവേകം കൈവിടുന്നതുപോലെയാണ്. ഉത്തരവാദിത്വത്തിൽനിന്നു കൈകഴുകുന്നതിനു തുല്യമാണ്. വാസ്തവം! നിങ്ങളുടെ ലേവ്സ്കിയെ ഞാനൊരു തെമ്മാടിയായിട്ടാണു കണക്കാക്കുന്നതു്. ഞാനയാളോടു് അതിനനുസരിച്ചു പെരുമാറുന്നതു് തികഞ്ഞ മനസ്സാക്ഷിയോടുകൂടിയാണ്. അതു ഞാൻ ഒളിക്കുന്നില്ല. പോട്ടെ. നിങ്ങൾ അയാളെ അയൽക്കാരനായിട്ടാണു കാണുന്നതു്—നിങ്ങൾക്കു വേണമെങ്കിൽ അയാളെ പിടിച്ചുമ്മകൊടുക്കാം. നിങ്ങൾ അയാളെ ഒരയൽക്കാരനായി കാണുന്നു എന്നു പറയുന്നതിന്റെ അത്ഥം, എന്നോടും ഈ അച്ചനോടും ഉള്ള മനോഭാവംതന്നെയാണു നിങ്ങൾക്കയാളോടുമുള്ളതെന്നാണ്. അതൊരു മനോഭാവമല്ല. നിങ്ങൾക്കെല്ലാവരോടും ഒരുപോലെ അനാസ്ഥയാണ്.”

“ഒരു മനുഷ്യനെ തെമ്മാടിയെന്നു വിളിക്കുക!” നീരസത്തോടും കോപത്തോടുംകൂടി സമോയ്ലങ്കോ മുരണ്ടി. “അതെത്ര തെററാണെന്നു പറയാൻ വാക്കുകിട്ടുന്നില്ല.”

“ആളുകളെ അറിയുന്നതു് അവരുടെ പ്രവൃത്തികൊണ്ടാണ്.” വോൺകൊറൻ തുടന്നു: “നിങ്ങൾതന്നെ തീരുമാനിക്കു, അച്ചാ...അച്ചാ, ഞാൻ നിങ്ങളോടാണു സംസാരിക്കുന്നതു്. ലേവ്സ്കിയുടെ ജീവിതം ഒരു ചൈനീസ് കടങ്കഥപോലെ നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്നു, ആദ്യന്തം വായിച്ചുനോക്കാം. ഇവിടെ ജീവിച്ച ഈ രണ്ടുവഷം അയാൾ എന്തുചെയ്യുകയായിരുന്നു? നമുക്കയാളുടെ പ്രവൃത്തികൾ വിരലിൽ എണ്ണുക. ഒന്നാമതായി അയാൾ പട്ടണവാസികളെ പാശികളി പഠിപ്പിച്ചു. രണ്ടുവർഷംമുമ്പു് ഈ നാട്ടിൽ ആ കളി നടപ്പില്ലായിരുന്നു. ഇപ്പോൾ രാവിലെമുതൽ രാത്രിയിരുട്ടുന്നതുവരെ, സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം എല്ലാവരും അതു കളിക്കും. രണ്ടാമതായി അയാൾ സ്ഥലവാസികളെ ബീയർകുടി പഠിപ്പിച്ചു. അതും ഇവിടെ ഇല്ലാത്തതായിരുന്നു. പലതരത്തി

ലുള്ള മദ്യങ്ങളെക്കുറിച്ചുള്ള വിജ്ഞാനത്തിനു് അവർ അയാളോട്ടു കടപ്പെട്ടിരിക്കുന്നു. ഇപ്പോൾ കോസ്പലോവിന്റെ വോഡ്കായും, സ്മിർനോവിൻെറ ഇരുപത്തിയൊന്നാംനമ്പരും ഏതൊക്കെയെന്നു കണ്ണടച്ചുകൊണ്ടു പറയും. മൂന്നാമതു്, കള്ളന്മാർ പരസ്യമായി മോഷ്ടിക്കാതെ രഹസ്യമായി മോഷ്ടിക്കുന്നതെന്തുകൊണ്ടോ അതുകൊണ്ടുതന്നെ, ഇവിടത്തുകാർ ഇതുവരെ രഹസ്യമായി മാത്രമെ പരസ്ത്രീഗമനം നടത്തിവന്നിരുന്നുള്ളു. അവർ അതു ലജ്ജിക്കത്തക്ക ഒന്നായി കണക്കാക്കിപ്പോന്നിരുന്നു. ലേവ്സ്കി പരസ്യമായി അങ്ങനെ ചെയ്യുന്നതിൽ ഒരു മുൻഗാമിയായി വന്നു. അയാൾ മറെറാരാളുടെ ഭാര്യയുമായി പരസ്യമായി ജീവിക്കുന്നു....നാലാമതു്—''

വോൺകൊറൻ ഝടിതി സൂപ്പുകഴിച്ചുതീർത്തിട്ടു് പാത്രം പരിചാരകൻെറ കൈയിൽ കൊടുത്തു.

''ഞങ്ങൾ പരിചയപ്പെട്ട മാസം മുതൽതന്നെ ഞാൻ ലേവ്സ്കിയെ മനസ്സിലാക്കിയതാണു്.'' ശെമ്മോശ്ശുനോടായി അയാൾ തുടന്നു: ''ഞങ്ങൾ ഒരേ കാലത്താണു് ഇവിടെ വന്നതു്. അയാളെപ്പോലുള്ളയാളുകൾക്കു് സൗഹൃദം, സ്നേഹം, ഐകമത്യം തുടങ്ങിയുള്ളതിനോടെല്ലാം വലിയ പ്രതിപത്തിയാണു്. എന്താണെന്നുവച്ചാൽ അവക്കെപ്പോഴും പാശികളിക്കാൻ, കുടിക്കാൻ, തിന്നാൻ എല്ലാം കൂട്ടുകാർ വേണം. തന്നെയുമല്ല വായാടികളായതുകൊണ്ടു കേൾവിക്കാരേയും ആവശ്യമുണ്ടാകും. ഞങ്ങൾ സുഹൃത്തുക്കളായി—എന്നുവച്ചാൽ അയാൾ എന്നും എൻെറയടുത്തുവരും, എന്നെക്കൊണ്ടു ജോലി ചെയ്യിക്കാതിരിക്കും, അയാളുടെ വെപ്പാട്ടിയെക്കുറിച്ചുള്ള രഹസ്യങ്ങൾ പറഞ്ഞുതുടങ്ങും. ആദ്യംമുതലേ അയാളുടെ അനന്യസാധാരണമായ കപടത എനിക്കു ബോദ്ധ്യമായി. അതെന്നിൽ വൈരസ്യം ജനിപ്പിച്ചു. ഒരു സുഹൃത്തിൻെറ നിലയിൽ ഞാൻ അയാളുടെ ഉള്ളിൽ മുങ്ങിത്തപ്പി; അയാൾ ക്രമാധികം കുടിക്കുന്നതെന്തുകൊണ്ടു്, വരവിലധികം ചെലവാക്കി കടം വരുത്തുന്നതെന്തിനു്, ഒന്നും ചെയ്യുകയോ വായിക്കുകയോ ചെയ്യാതിരിക്കുന്നതെന്തു്, അയാളുടെ സംസ്കാരവും അറിവും ഇത്ര തുച്ഛമായിരിക്കുന്നതെന്തു് എന്നിങ്ങനെയുള്ള ചോദ്യങ്ങളിൽക്കൂടി. എൻെറ ചോദ്യങ്ങൾക്കെല്ലാം മറുപ

ടിയായി കയ്യുള്ള ഒരു പുഞ്ചിരിയോടെ, നെട്ടവീർപ്പിട്ടുകൊണ്ടു് അയാൾ പറയും, 'ഞാൻ ഒരു പരാജയമാണു്, ഒരു ഉപരിപ്ലവജീവി'; അല്ലെങ്കിൽ, 'എൻറിഷ്ടാ, ഞങ്ങളിൽനിന്നു്, ജന്മിപ്രഭുക്കളുടെ വർഗ്ഗത്തിൽനിന്നു്, നിങ്ങൾ എന്താണു പ്രതീക്ഷിക്കുന്നതു്?' അതുമല്ലെങ്കിൽ, 'ഞങ്ങൾ ദൃഷിച്ചുനാറിയവരാണു്...' ഇതൊന്നുമല്ലെങ്കിൽ അയാൾ ഒന്യേഗിനെയും; പെച്ചോറിനെയും, ബൈറൻെറ കെയിനെയും, ബസാറോവിനെയും കുറിച്ചു് അർത്ഥശൂന്യമായ ഒരു സുദീർഘപ്രഭാഷണം നടത്തിക്കളയും. അവരെയുദ്ദേശിച്ചു് അയാൾ പറയും, 'ദേഹത്തിലും ദേഹിയിലും അവർ ഞങ്ങളുടെ പിതാക്കളാണു്.' അതുകൊണ്ടു നമ്മൾ മനസ്സിലാക്കേണ്ടതു് ഇതാണു്. അയാളുടെ ആഫീസിൽ ഗവമ്മെണ്ടിൽനിന്നയച്ച കത്തുകൾ ആഴ്ചകളോളം പൊളിക്കാതെ കിടക്കുന്നതും, അയാൾ കുടിക്കുന്നതും മററുള്ളവരെ കുടിപ്പിക്കുന്നതും അയാളുടെ കുററംകൊണ്ടല്ല. പരാജയവും 'ഉപരിപ്ലവജീവി'യെയും കണ്ടുപിടിച്ച ടർജനീവും, പെച്ചോറിനും, ഒന്യേഗിനും മറ്റുമാണു് അതിനുത്തരവാദികൾ. അയാളുടെ പരമമായ സാന്മാർഗ്ഗികാധഃപതനത്തിൻെറ കാരണം അയാളിലല്ല, ബാഹ്യലോകത്തു് എവിടെയോ ആണു്, മനസ്സിലായോ? അതുകൊണ്ടു്—നല്ല കൗശലമുള്ള ആശയംതന്നെ!—അധഃപതിച്ചവനും, കപടാത്മാവും, കുത്സിതനും അയാൾ ഒരുത്തനല്ല, നമ്മളും തന്നെ... 'എൺപതാമാണ്ടുകാരായ നാം,' 'ജന്മിവർഗ്ഗത്തിൻെറ ചൈതന്യമററവരും ഞരമ്പുരോഗികളുമായ സന്തതികളായ നാം,' 'പരിഷ്കാരം നമ്മളെ മുടിപ്പിച്ചിരിക്കുന്നു'...സത്യത്തിൽ നാം ധരിക്കേണ്ടതു് ഇതൊക്കെയാണു്. ലേവ്സ്കിയെപ്പോലുള്ള ഒരു മഹാത്മാവു് വീഴ്ചയിലും മഹാനുഭാവൻ തന്നെ. അയാളുടെ അധഃപതനവും, അയാളുടെ സംസ്കാരശൂന്യതയും സദാചാരശുദ്ധിയില്ലായ്മയും പ്രകൃതിചരിത്രത്തിൻെറ അനുപേക്ഷണീയതയാൽ പാവനമാക്കപ്പെട്ട പ്രതിഭാസങ്ങളാണു്. അതിൻെറ കാരണങ്ങൾ ലോകവ്യാപിയും, പഞ്ചഭൗതികവുമാണു്. വിധിവശാൽ പാരമ്പര്യപ്രേരണകളുടേയും, കാലഘട്ടത്തിൻേറയും മററും ബലിമൃഗമായിത്തീന്ന മനുഷ്യനായ ലേവ്സ്കിയുടെ മുമ്പിൽ ഒരു വിളക്കു കത്തിച്ചു തൂക്കേണ്ടതാണു

നമ്മുടെ കടമ... ഉദ്യോഗസ്ഥന്മാർക്കും അവരുടെ ഭായ്യമാക്കുമെല്ലാം അയാൾ പറയുന്നതു കേൾക്കുമ്പോൾ ആനന്ദോന്മാദമുണ്ടാകും. എനിക്കിടപെടേണ്ട വ്യക്തി ഏതു തരക്കാരനാണ്, ഒരു സിനിക്കോ, അതോ കൗശലക്കാരനായ കള്ളനോ എന്നു വളരെ നാളോളം എനിക്കു തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. അയാളെപ്പോലുള്ള മാതൃകകൾ, ഉപരിപ്ലവമായ അറിവു പ്രദാനംചെയ്യുന്ന വിദ്യാഭ്യാസവും, പുറക്കാഴ്ച്ചയ്ക്കു ബുദ്ധിശക്തിയും, സ്വന്തം മാഹാത്മ്യത്തെപ്പററി വലിയ വീരവാദവും ഉള്ളവർ, അസാമാന്യസങ്കീർണ്ണപ്രകൃതികൾ എന്ന തെററിദ്ധാരണ പരത്തുന്നതിൽ വിശേഷവിരുതന്മാരാണ്.

“നിങ്ങളുടെ നാവടക്കുന്നുണ്ടോ?” സമോയ്ലങ്കോ ജ്വലിച്ചു. “ഞാനിരിക്കുന്നിടത്തുവച്ച് വിശിഷ്ടനായ ഒരു മനുഷ്യനെ ദുഷിച്ചു പറയുവാൻ ഞാൻ അനുവദിക്കുകയില്ല.”

“ഇടയ്ക്കു വീഴരുതേ, അലക്സാൻഡർ,” വോൺകൊറൻ മയമില്ലാതെ പറഞ്ഞു. “ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു വിധത്തിലും ഒരു സങ്കീർണ്ണസൃഷ്ടിയല്ല ലേവ്സ്കി. അയാളുടെ ധർമ്മപദ്ധതിയുടെ ശാരീരം ഇതാ: രാവിലെ വള്ളിച്ചെരിപ്പ്, കുളി, കാപ്പി. പിന്നെ പ്രാതൽ കാലമാകുന്നതുവരെ വള്ളിച്ചെരിപ്പ്, ഒരു നടത്തവും ഒരു സംഭാഷണവും. രണ്ടുമണിക്ക് വള്ളിച്ചെരിപ്പ്, ഉച്ചഭക്ഷണം, വീഞ്ഞ്; അഞ്ചുമണിക്ക് കുളിയും ചായയും വീഞ്ഞും. പിന്നെ പാശികളിയും നുണപറച്ചിലും. പത്തുമണിക്ക് അത്താഴവും വീഞ്ഞും, പാതിരാകഴിഞ്ഞാൽ ഉറക്കം, സ്ത്രീസേവ. തോട്ടിനുള്ളിൽ മുട്ടയെന്നപോലെ ഈ ഇടുങ്ങിയ പരിപാടിയിൽ അയാളുടെ ജീവിതം ഒതുങ്ങിനില്ക്കുന്നു. അയാൾ നടക്കുകയോ ഇരിക്കുകയോ, കോപിച്ചിരിക്കുകയോ, എഴുതുകയോ, സന്തോഷിക്കുകയോ എന്തുമായിക്കൊള്ളട്ടെ, അതെല്ലാം വീഞ്ഞ്, ശീട്ട്, വള്ളിച്ചെരിപ്പുകൾ, സ്ത്രീകൾ ഇതിൽ കൊണ്ടുവന്നു നിർത്താം. അയാളുടെ ജീവിതത്തിൽ വിധിനിർണ്ണായകവും സർവ്വംകഷവുമായ ഒരുഭാഗം സ്ത്രീക്കുണ്ട്. അയാൾതന്നെ പറയുന്നു, പതിമൂന്നാം വയസ്സിൽ അയാൾ പ്രണയബന്ധത്തിലകപ്പെട്ടിരുന്നുവെന്ന്. യൂണിവേഴ്സിററിയിൽ ഒന്നാംവർഷക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ഒരു സ്ത്രീയുടെകൂടെ താമസിച്ചിരുന്നുവെന്ന്. അവൾ

അയാളുടെമേൽ ഒരു നല്ല സ്വാധീനം ചെലുത്തിയിരുന്നു. സംഗീതാഭ്യാസത്തിന് അയാൾ അവളോടാണു കടപ്പെട്ടിരിക്കുന്നതു്. രണ്ടാമത്തെ വർഷം, അയാൾ ഒരു വേശ്യാലയത്തിൽനിന്നു് ഒരു വേശ്യയെ വിലയ്ക്കു വാങ്ങിച്ചുകൊണ്ടുവന്നു് അവളെ അയാളുടെ പദവിയിലേക്കുയർത്തി—എന്നുവച്ചാൽ അയാളുടെ സ്ഥിരം വെപ്പാട്ടിയാക്കി. അവൾ ആറുമാസം അയാളുടെകൂടെ ജീവിച്ചിട്ടു് തിരിച്ചു വേശ്യാലയക്കാരൻെറയടുത്തേക്കു് ഓടിപ്പോയ്ക്കളഞ്ഞു. അവളുടെ തിരിച്ചോട്ടം അയാൾക്കു വലിയ ആത്മവ്യഥയ്ക്കു കാരണമായി. വിസ്മയം! അയാളുടെ വ്യഥയുടെ മുഴപ്പു പറഞ്ഞാൽ, അതുമൂലം രണ്ടുവർഷത്തോളം സർവ്വകലാശാലവിട്ടു് വീട്ടിൽപ്പോയി ഒന്നും ചെയ്യാതെ കുത്തിയിരിക്കേണ്ടതായി വന്നുവത്രേ. പക്ഷേ, ഇതിൻെറയെല്ലാം ഫലം ഏററവും നല്ലതായിരുന്നു. വീട്ടിൽ നില്ക്കുന്ന കാലത്തു് അയാൾ ഒരു വിധവയെ പരിചയപ്പെടാൻ ഇടയായി. അവൾ അയാളെ നിയമവിഭാഗം വിട്ടു് കലാവിഭാഗത്തിൽ ചേരാൻ ഉപദേശിച്ചു. അയാൾ അതുപോലെ പ്രവർത്തിച്ചു. ബിരുദം സമ്പാദിച്ചുകഴിഞ്ഞയവസരത്തിൽ അയാൾ ഇപ്പോഴത്തെ...എന്താണവരുടെ പേരു്? ആ വിവാഹിതയായ സ്ത്രീയുമായി നിയന്ത്രിക്കാനാവാത്തവിധം പ്രണയബദ്ധനായി. അയാൾക്കു് ആദർശങ്ങളുടെ പേരിൽ, ഇങ്ങോട്ടു് കാക്കസസ്സിലേക്കു് അവളോടൊത്തു് ഓടിപ്പോരേണ്ടതായി വന്നു—ഇന്നല്ലെങ്കിൽ നാളെ തനിക്കവളെ മടുക്കുമെന്നും, അപ്പോഴും തിരിച്ചോടേണ്ടിവരുമെന്നും അറിഞ്ഞുകൊണ്ടുതന്നെ; ഇതു നമ്മൾ വിശ്വസിക്കണമെന്നയാൾ പറയുന്നു. അതും ആദർശങ്ങളുടെ പേരിൽത്തന്നെയായിരിക്കും.''

''നിങ്ങൾക്കെങ്ങനെയറിയാം?'' ജന്തുശാസ്ത്രജ്ഞനെ സകോപം നോക്കിക്കൊണ്ടു് സമോയ്ലങ്കോ മുരണ്ടി. ''നിങ്ങൾ വെറുതെയിരുന്നു് ആഹാരം കഴിക്കുന്നതാണു ഭേദം.''

അടുത്ത വിഭവം മീൻകറിയായിരുന്നു. സമോയ്ലങ്കോ തൻെറ കൂട്ടുകാർക്കു രണ്ടുപേർക്കും ഓരോ മുഴുവൻമീനും ചാറും വിളമ്പിക്കൊടുത്തു. രണ്ടുനിമിഷം നിശ്ശബ്ദമായി കഴിഞ്ഞു.

''എല്ലാ പുരുഷന്മാരുടേയും ജീവിതത്തിൽ സ്ത്രീക്കു് ഒരതി

പ്രധാനഭാഗമുണ്ട്," ശെമ്മാശ്ശൻ പറഞ്ഞു. "അതിനെന്തു ചെയ്യാനൊക്കും."

"ശരി, പക്ഷേ, എവിടംവരെ? നമുക്കോരോരുത്തക്കും സ്ത്രീയെന്നു പറഞ്ഞാൽ, അമ്മ, സഹോദരി, ഭാര്യ, സുഹൃത്തു് ഒക്കെയാണു്. ലേവ്സ്കിക്കു് അവൾ സർവ്വവുമാണു്. എന്നാൽ അതേസമയം ഒരു വെപ്പാട്ടിയല്ലാതെ ഒന്നുമല്ലതാനും. അവൾ—എന്നുവച്ചാൽ അവളുടെ സഹവാസം—ആണു് അയാളുടെ ജീവിതത്തിന്റെ ഉദ്ദേശ്യവും ഉന്മേഷവും. അയാൾ ഉല്ലസിക്കുന്നു, ദുഃഖിക്കുന്നു, വെറിപിടിക്കുന്നു, നിരുത്സാഹനാകുന്നു—എല്ലാം കാമിനിമൂലം. അയാളുടെ ജീവിതം അസുഖകരമായിത്തീരുന്നു—കുററക്കാരി സ്ത്രീ. ഒരു നവജീവിതത്തിന്റെ ഉദയം ഒളിവിളങ്ങുന്നു, ആദർശങ്ങൾ ഉദിച്ചുയരുന്നു—അപ്പോഴും സ്ത്രീയെ അന്വേഷിച്ചോളു...സ്ത്രീകൾ ഉള്ള ചിത്രങ്ങളിലും പുസ്തകങ്ങളിലും നിന്നേ അയാൾക്കാനന്ദം ലഭിക്കുന്നുള്ളു. പ്രേമത്തിൻെറ വികാരവായ്പിലും നിർവൃതിയിലും കൈമെയ് മറന്നു മുഴുകാൻ നമുക്കറിഞ്ഞുകൂടാത്ത ഏതുകകാരണത്താൽത്തന്നെ നമ്മുടെ കാലഘട്ടം, അയാളുടെ അഭിപ്രായത്തിൽ നാല്പതു് അറുപതു് കാലങ്ങളെ അപേക്ഷിച്ചു് അപകൃഷ്ടമാണു്. ഈ വിഷയാസക്തന്മാരുടെ തലച്ചോറിൽ, അതിനെ ഞെക്കിക്കൊല്ലുകയും, അവരുടെ മനശ്ശാസ്ത്രത്തെ ആകെ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു വിശേഷ വളർച്ച, സക്കോമയുടെ മാതിരി, ഉണ്ടാവണം. എവിടെയെങ്കിലും കൂട്ടം ചേർന്നിരിക്കുന്ന അവസരത്തിൽ ലേവ്സ്കിയെ സൂക്ഷിച്ചോളൂ. നിങ്ങൾക്കു കാണാം: അയാളുടെ സാന്നിദ്ധ്യത്തിൽ ഒരാൾ ഒരു പൊതുപ്രശ്നം, ഉദാഹരണത്തിനു് സെല്ലിനേയോ ജന്മവാസനയേയോപററി, ഉന്നയിക്കുകയാണെങ്കിൽ, അപ്പോൾ അയാൾ ഒഴിഞ്ഞിരിക്കുകയായി. ഒന്നും പറയുകയില്ല, പറയുന്നതു് കേൾക്കുകയുമില്ല. അയാളുടെ ഭാവത്തിൽ ആലസ്യവും, മിഥ്യതാബോധവും സ്ഫുരിക്കും. അയാൾക്കു് സകലതിലും അനാസ്ഥയാണു്. സകലതും നികൃഷ്ടവും അല്പവുമാണു്. എന്നാൽ സ്ത്രീപുരുഷന്മാരെപ്പററി പറയാൻ തുടങ്ങിയാൽ—ഉദാഹരണത്തിനു്, പെൺചിലന്തി ബീജാധാനത്തിനുശേഷം ആൺചിലന്തിയെ പിടിച്ചു തിന്നുന്ന സംഗതിയെപ്പററി പറ

യാൻ തുടങ്ങിയാൽ ഉടനെ അയാളുടെ കണ്ണുകൾ കൗതുകംകൊണ്ടു തിളങ്ങുന്നു; മുഖം പ്രകാശിക്കുന്നു; ആ മനുഷ്യൻ ഉജ്ജീവിക്കുന്നു. ഉന്നതമോ, മഹത്തോ, അഥവാ രണ്ടുമല്ലാത്തതോ ആയിക്കൊള്ളട്ടെ, അയാളുടെ ചിന്തകൾക്കെല്ലാം ഒരംശത്തിൽ സാമ്യമുണ്ട്. നിങ്ങൾ അയാളുടെകൂടെ തെരുവിൽക്കൂടി പോകുമ്പോൾ ഒരു കഴുതയെ കാണുന്നു എന്നിരിക്കട്ടെ... 'ദയവായി,' അയാൾ ചോദിക്കും, 'കഴുതയെ ഒട്ടകവുമായി ഇണചേർത്താൽ ഫലം എന്തായിരിക്കുമെന്നു പറയൂ.' അയാളുടെ സ്വപ്നങ്ങളോ? അയാളുടെ സ്വപ്നങ്ങളെപ്പററി അയാൾ പറഞ്ഞിട്ടുണ്ടോ? അതും വിശേഷമാണ്. ആദ്യം അയാൾ ചന്ദ്രക്കലയെ വിവാഹം കഴിച്ചതായി കിനാവു കാണുന്നു. പിന്നെ, പോലീസ് അയാളെ ആളയച്ചു വിളിപ്പിച്ച് ഒരു ഗിത്താറിനോടുകൂടി ജീവിക്കണമെന്നാജ്ഞാപിച്ചതായി...''

ശെമ്മാശ്ശൻെറ പൊട്ടിച്ചിരി മുഴങ്ങി. സമോയ്ലങ്കോ കോപത്തോടുകൂടി, ചിരിക്കാതിരിക്കാൻവേണ്ടി അരിശംപിടിച്ചു മുഖം ചുളുക്കി, എങ്കിലും അടക്കാനാവാതെ ചിരിച്ചുപോയി.

''അതൊക്കെ അസംബന്ധമാണ്!'' കണ്ണുനീർ തുടച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''അതേ, ദൈവത്താണെ, അതസംബന്ധമാണ്!''

## 4

ശെമ്മാശ്ശനു ചിരിവരുന്നതു വളരെ എളുപ്പമാണ്. ഏതു നിസ്സാരകാര്യത്തിനും അയാൾ വയറുകൊളുത്തി ആവതില്ലാതാകുന്നതുവരെ ചിരിക്കും. അദ്ദേഹം ആളുകളുടെകൂടെ ചേന്നിരുന്നതു് അവക്കൊക്കെ ഒരു പരിഹാസ്യമായ വശമുള്ളതുകൊണ്ടും, അവക്കെല്ലാം ചിരിപ്പിക്കുന്ന ഓരോ ഇരട്ടപ്പേരു കൊടുക്കേണ്ടതിലേക്കുമായിരുന്നു എന്നു തോന്നും. സമോയ്ലങ്കോയ്ക്കു് അയാൾ 'ചിലന്തി' എന്നാണു പേരിട്ടിരുന്നതു്; അദ്ദേഹത്തിൻെറ പരിചാരകനു് 'കുളക്കോഴി' എന്നും. ഒരവസരത്തിൽ വോൺകൊറൻ ലേവ്സ്കിയെയും നദ്യേഷ്ദയെയുംകുറിച്ചു 'ജപ്പാൻകുരങ്ങുകൾ' എന്നു പറഞ്ഞ സമയത്തു്

അയാൾക്കുണ്ടായ ആനന്ദം സീമാതീതമായിരുന്നു. അയാൾ ആളുകളുടെ മുഖത്തേക്ക് ആർത്തിയോടെ നോക്കിക്കൊണ്ടിരിക്കും, കണ്ണുചിമ്മാതെ ചെവിയോർക്കും, അയാളുടെ കണ്ണുകളിൽ ചിരി തിക്കിത്തിരക്കി നില്ക്കുന്നതും, ആ മുഖം നിയന്ത്രണംകൊണ്ടു പൊട്ടിച്ചിരിക്കാറാവുന്ന മുഹൂർത്തത്തിൻെറ പ്രതീക്ഷയിൽ വലിഞ്ഞുമുറുകി നില്ക്കുന്നതും കാണാം.

"ദൂഷിച്ച, അധഃപതിച്ച ഒരു ടൈപ്പാണയാൾ," ജന്തുശാസ്ത്രജ്ഞൻ തുടൻനു. അയാൾ വല്ലതും തമാശ പറയുമെന്നു പ്രതീക്ഷിച്ച് അയാളുടെ മുഖത്തുതന്നെ കണ്ണുംനട്ടിരിക്കുകയാണു ശെമ്മാശ്ശൻ. "ഇങ്ങനെയൊരു ഇല്ലാപ്പൊരുളിനെ കാണാൻ കിട്ടുന്നതു സാധാരണയല്ല. ശാരീരികമായി അയാൾ ഊർജ്ജസ്വലത കെട്ടവനും, ദുർബലനും, അകാലവാർദ്ധക്യം ബാധിച്ചവനുമാണു്. ബുദ്ധിവൈഭവത്തിൻെറ കാര്യത്തിലാണെങ്കിൽ, തിന്നുകയും കുടിക്കുകയും ഹംസതൂലമെത്തയിൽക്കിടന്നുറങ്ങുകയുമല്ലാതെ മററു യാതൊരു പണിയുമില്ലാതെ, വണ്ടിക്കാരനെ കാമുകനാക്കിവച്ചു കഴിയുന്ന, തടിച്ചിയായ ഒരു വണിക‌പത്നിയേക്കാൾ ഒരുവിധത്തിലും അയാൾ മെച്ചമല്ല."

വൈദികൻ വീണ്ടും ചിരിതുടങ്ങി.

"അച്ചാ, ചിരിക്കാതെ," വോൺകൊറൻ പറഞ്ഞു. "ഒടുവിൽ അതു ബുദ്ധിശൂന്യമാകും. അയാളുടെ നിസ്സാരതയിൽ ഞാൻ ശ്രദ്ധിക്കയില്ലായിരുന്നു." വൈദികൻ ചിരിനിർത്തുന്നതുവരെ കാത്തിരുന്നശേഷം അയാൾ സംഭാഷണംതുടന്നു: "അയാൾ അത്ര ഉപദ്രവിയും അപകടകാരിയുമല്ലായിരുന്നെങ്കിൽ ഞാൻ അവഗണിച്ചിട്ടു കടന്നുപോകുമായിരുന്നു. ഒന്നാമതു്, അയാൾ ഉപദ്രവകാരിയായിത്തീരുന്നതു സ്ത്രീകളുടെ ഇടയിൽ അയാൾക്കു വമ്പിച്ച വിജയം ലഭിക്കുന്നുവെന്നതുകൊണ്ടാണു്. അങ്ങനെ അയാൾ തൻെറ വംശപരമ്പര വിപുലമാക്കുന്നുവെന്നു ഭീഷണിയുള്ളതുകൊണ്ടാണു്—എന്നുവച്ചാൽ അയാളെപ്പോലെതന്നെ ദുർബ്ബലരും അധഃപതിച്ചവരുമായ ഒരു ഡസൻ ലേവ്സ്കിമാരെ ലോകത്തിനു സമ്മാനിക്കുമെന്നർത്ഥം. രണ്ടാമതായി, തൊട്ടതൊക്കെ ദൂഷിപ്പിക്കാനുള്ള വാസനയും പരമാവധിയുണ്ടയാൾക്കു്. പാശികളിയുടെയും ബീയറിൻെറയും കാര്യം പറഞ്ഞല്ലോ. ഒന്നോ രണ്ടോ വർഷംകൂടി കഴി

ഞ്ഞാൽ കാക്കേഷ്യൻകടൽത്തീരം മുഴുവൻ അയാളുടെ സ്വാധീനതയിൽപ്പെട്ടിരിക്കും. പൊതുജനം, പ്രത്യേകിച്ചും മദ്ധ്യവർത്തികൾ, ബുദ്ധിവൈഭവത്തിലും കലാശാലാവിദ്യാഭ്യാസത്തിലും കുലീനമായ പെരുമാററസമ്പ്രദായത്തിലും, സാഹിത്യഭാഷയിലും എന്തുമാത്രം വിശ്വാസമുള്ളവരാണെന്നറിയാമല്ലോ. അയാൾ ചെയ്യുന്നതൊക്കെ യോഗ്യമായ പ്രവൃത്തികളെന്നു സകലരും വിശ്വസിച്ചുവശാകും. അയാൾ സ്വതന്ത്രാഭിപ്രായങ്ങളും കലാശാലാവിദ്യാഭ്യാസവുമുള്ള ഒരു ബുദ്ധിജീവിയല്ലേ. പോരെങ്കിൽ, അയാൾ ഒരു പരാജയമാണ്, ഒരു ഉപരിപ്ലവജീവിയാണ്, ഞരമ്പുരോഗിയാണ്, കാലഘട്ടത്തിന്റെ ബലിമൃഗമാണ്. അതുകൊണ്ട് അയാൾക്കെന്തും ചെയ്യാമെന്നർത്ഥം. പ്രിയങ്കരനായ ഒരു മനുഷ്യൻ, ശുദ്ധഗതിക്കാരൻ, അയാൾ മാനുഷികദൗർബ്ബല്യങ്ങളിൽ സത്യമായി ആനന്ദിക്കുന്നു; വഴക്കവും തഴക്കവുമുള്ളവൻ; അഹങ്കാരമില്ല, മിതത്വമുണ്ട്; അയാളുടെ കൂടെക്കൂടി കുടിക്കാം, പരദൂഷണം പറയാം,...മതപരവും സദാചാരപരവുമായ കാര്യങ്ങളിൽ മനുഷ്യന്റെ സ്വഭാവങ്ങൾ ദൈവത്തിനു കല്പിച്ചുകൊടുക്കുകയും അതിൽ വിശ്വസിക്കയുംചെയ്യുന്ന സാമാന്യജനങ്ങൾക്കു താന്താങ്ങളുടെ അതേ ദൗർബ്ബല്യങ്ങളുള്ള ചിററദൈവങ്ങളെയാണ് ഏററവും ഇഷ്ടം. നശീകരണപ്രവൃത്തികൾക്ക് അയാൾക്കു കിട്ടുന്ന രംഗം എത്ര വിശാലമാണെന്നു നോക്കു, പിന്നെ അയാൾ ഒരു മോശം നടനും, കൗശലക്കാരനായ കപടഭക്തനുമാണ്; എങ്ങനെയാണു സംഗതികളെ വളച്ചുതിരിച്ചു കൊണ്ടുവരേണ്ടതെന്ന് അയാൾക്കറിയാം. അയാളുടെ ചെറിയ ചെറിയ വളവും പിരിവും മാത്രമെടുക്കുക. ഉദാഹരണത്തിനു മാനവപരിഷ്കാരത്തോടുള്ള അയാളുടെ മനോഭാവം. പരിഷ്കാരം മണത്തുനോക്കാൻ കഴിഞ്ഞിട്ടില്ല അയാൾക്ക്. എന്നാലും, 'ഹാ, പരിഷ്കാരം നമ്മളെ എങ്ങനെയൊക്കെ മുരടിപ്പിച്ചുകളഞ്ഞു! ആ കാട്ടുമനുഷ്യരോട്, പരിഷ്കാരകഥാഗന്ധംപോലും ഗ്രഹിക്കാത്ത ആ പ്രകൃതിയുടെ സന്താനങ്ങളോട്, ഞാനെത്ര അസൂയപ്പെട്ടുന്നെന്നോ!' നമ്മൾ മനസ്സിലാക്കേണ്ടതെന്താണെന്നു കണ്ടോ? മുമ്പ് അയാൾ മാനവപരിഷ്കാരത്തിൽ സർവ്വാത്മനാ മുഴുകിക്കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നു. അയാൾ അതിനെപ്പൂജിച്ചു, അടിത്തട്ടു

വരെ ഇറങ്ങിച്ചെന്നു് അയാൾ അതിൻെറ ആഴം കണ്ടു. പക്ഷേ, അതയാളെ നിരാശപ്പെടുത്തി, അയാളിൽ മിഥ്യാബോധം വളർത്തി, അയാളെ കമ്പളിപ്പിച്ചു. അയാൾ ഒരു ഫൗസ്റ്റ്, മനസ്സിലായോ? ഒരു രണ്ടാം ടോൾസ്റ്റോയ്...ഷോപ്പൻഹാവറുടെയും സ്പെൻസറുടെയും കാര്യമാണെങ്കിൽ അവരെ കൊച്ചുകുട്ടികളെപ്പോലെ കണക്കാക്കി പിതൃഭാവനയോടെ അയാൾ അവരുടെ തോളത്തു തട്ടിച്ചോദിക്കും, എന്നിട്ട്, എന്തു പറയുന്നു, സ്പെൻസർ മൂപ്പരേ?' അയാൾ സ്പെൻസർകൃതികൾ വായിച്ചിട്ടില്ലെന്നുള്ളതാണു സത്യം, എന്നിട്ടും, ലാഘവവും അശ്രദ്ധയും നിറഞ്ഞ ശ്ലേഷോക്തിയിൽ സ്വന്തം സഖിയെപ്പററി പറയുകയാണു്, 'അവൾ സ്പെൻസർകൃതികൾ വായിച്ചിട്ടുണ്ടു്!' അവരെല്ലാം അയാൾ പറയുന്നതിനു ചെവികൊടുക്കുന്നു. ഈ സ്വരത്തിൽ സ്പെൻസറെക്കുറിച്ചു സംസാരിക്കാൻ പോയിട്ട്, അദ്ദേഹത്തിൻെറ പാദം മുത്താനുള്ള യോഗ്യത ഈ അല്പനു് ഇല്ലെന്നു മനസ്സിലാക്കാൻ ആരും കൂട്ടാക്കുന്നില്ല. പരിഷ്കാരത്തിൻെറയും, അധികാരത്തിൻെറയും, മററുള്ളവരുടെ അൽത്താരയുടെയും അസ്ഥിവാരത്തിനു തുരങ്കംവയ്ക്കുകയും, അവയുടെമേൽ ചെളി തെറിപ്പിക്കുകയും, സ്വന്തം വൃത്തികേടും, മാനസികപാപ്പരത്തവും ന്യായീകരിക്കാനും മറയ്ക്കാനും വേണ്ടി അതിൻെറനേക്കു തമാശമട്ടിൽ കണ്ണിറുക്കിക്കാണിക്കുകയും ചെയ്യുന്നതു്, അങ്ങേയററം കൊള്ളരുതാത്ത, ദുഷിച്ച, നികൃഷ്ടനായ ഒരു ജീവിക്കേ സാധിക്കുകയുള്ളു."

"നിങ്ങൾ അയാളിൽനിന്നു പ്രതീക്ഷിക്കുന്നതെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല," കോപത്തോടെയല്ല, ഏതോ തെററുചെയ്ത ഒരാളുടെ ഭാവത്തിൽ ജന്തുശാസ്ത്രജ്ഞൻെറ നേക്കു നോക്കിക്കൊണ്ടു സമോയ്‌ലങ്കോ പറഞ്ഞു, "മററെല്ലാവരെയുംപോലെ ഒരു മനുഷ്യൻ, അയാളും. തീർച്ചയായും, അയാൾക്കു് അയാളുടേതായ ദൗർബല്യങ്ങളുണ്ടു്. എങ്കിലും അയാൾക്കു നവീനാശയങ്ങളോടു് ആഭിമുഖ്യമുള്ളവനാണു്, ഗവമ്മെൻറുദ്യോഗസ്ഥനാണു്, അങ്ങനെ അയാളെക്കൊണ്ടു നാടിനു പ്രയോജനവുമുണ്ടു്. പത്തുവർഷംമുമ്പു് ഇവിടെ ഗവമ്മെൻറു പ്രതിനിധിയായി പ്രായംചെന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു; പരമബുദ്ധിമാൻ...അദ്ദേഹം പറയുമായിരുന്നു..."

"അസംബന്ധം, അസംബന്ധം!" ജന്തുശാസ്ത്രജ്ഞൻ ഇടയ്ക്കുകേറി പറഞ്ഞു: "അയാൾ ഗവമ്മേൻറ് സവ്വീസിലാണെന്നു നിങ്ങൾ പറയുന്നു. എന്നാൽ, എങ്ങനെയാണയാളുടെ സേവനം? അയാൾ ഇവിടെയുള്ളതുകൊണ്ടു കാര്യങ്ങൾ കൂടുതൽ ഭംഗിയായി നടന്നുപോകുന്നെന്നോ ഉദ്യോഗസ്ഥന്മാർ കൂടുതൽ കൃത്യനിഷ്ഠയുള്ളവരും സത്യസന്ധന്മാരും ന്യായബുദ്ധികളും ആയിട്ടുണ്ടെന്നോ പറയാൻ ഭാവമുണ്ടോ? നേരേമറിച്ചു ബുദ്ധിജീവിയായ ഒരു ബിരുദധാരി എന്ന മതിപ്പുവച്ചുകൊണ്ടു് അയാൾ അവരുടെ അഴിഞ്ഞാട്ടത്തിനു കൂട്ടുനില്ക്കുകയും അംഗീകാരം നൽകുകയുമാണുണ്ടായിട്ടുള്ളതു്. ഓരോ മാസവും ഇരുപതാംതീയതി, ശമ്പളംകിട്ടുന്നയന്നു മാത്രമാണു് അയാളുടെ കൃത്യനിഷ്ഠ. മററു ദിവസങ്ങളിൽ അയാൾ വള്ളിച്ചെരിപ്പിൽക്കേറി വീട്ടിലെ ചാരുകസേരയിൽ മലർന്നുകിടന്നുകൊണ്ടു്, കാക്കസെസ്സിൽ ജീവിക്കുന്നതിൽക്കൂടി അയാൾ ഗവമ്മേൻറിനു് ഒരു വലിയ സേവനം നടത്തുന്ന ഭാവം വരുത്താൻ ശ്രമിക്കും. വേണ്ട, നിങ്ങൾ അയാൾക്കുവേണ്ടി വാദിക്കണ്ട. ആദ്യന്തം നിങ്ങൾക്കു് ആത്മാത്ഥതയില്ല. നിങ്ങളയാളെ യഥാത്ഥമായി സ്നേഹിച്ചിരുന്നെങ്കിൽ, അയാൾ നിങ്ങളുടെ അയല്ക്കാരനാണെന്നു വിചാരിച്ചിരുന്നെങ്കിൽ, നിങ്ങളയാളുടെ ദൗർബല്യങ്ങളിൽ ഉപേക്ഷ നടിക്കുകയില്ല; അയാളുടെ പ്രവൃത്തികൾക്കു് വളംകൊടുക്കാതെ, അയാൾക്കുവേണ്ടിത്തന്നെ അയാളെ നിരുപദ്രവിയാക്കാൻ ശ്രമിക്കും."

"എന്നുവച്ചാൽ?"

"നിരുപദ്രവിയാക്കുക. അയാളെ നേരെ കൊണ്ടുവരാൻ അസാധ്യമായ നിലയ്ക്കു് ഒരേയൊരു മാഗ്ഗമുപയോഗിച്ചു് അയാളെ നിരുപദ്രവിയാക്കുകയേ ഗതിയുള്ളു..." വോൺകൊറൻ തൊണ്ടയിൽ വട്ടം വിരലോടിച്ചു. "അല്ലെങ്കിൽ മുക്കിക്കൊല്ലണം..." അയാൾ തുടന്നു: "മനുഷ്യവർഗ്ഗത്തിൻെറയും അവരുടെതന്നെയും നന്മയെ മുൻനിത്തി അങ്ങനെയുള്ളവരെ നശിപ്പിച്ചുകളയേണ്ടതാണു്. നിശ്ചയമായും വേണം."

"എന്താണു നിങ്ങൾ പറയുന്നതു്?" ജന്തുശാസ്ത്രജ്ഞൻെറ പ്രശാന്തവും ഉദാസീനവുമായ മുഖത്തേക്കു വിസ്മയപൂവ്വം

നോക്കിക്കൊണ്ടു സമോയ്‌ലങ്കോ മന്ത്രിച്ചു: "അച്ഛാ, എന്താണി യാൾ പറയുന്നതു്?" എന്താ നിങ്ങൾക്കു സുബോധമുണ്ടല്ലോ?

"മരണശിക്ഷതന്നെ വേണമെന്നു് എനിക്കു നിർബ്ബന്ധമില്ല." വോൺകൊറൻ പറഞ്ഞു, "അതു ദോഷകരമാണെന്നു തെളിയിക്കപ്പെട്ടന്നുവെങ്കിൽ മറ്റെന്തെങ്കിലും സൂത്രം കണ്ടുപിടിക്കുക. ലേവ്സ്കിയെ നശിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽപിന്നെ നമുക്കയാളെ ഒററപ്പെടുത്താം, അയാളുടെ ശല്യമൊഴിക്കാം, അയാളെ കഠിനതടവിൽ അയയ്ക്കാം."

"നിങ്ങളെന്താണു പറയുന്നതു്?" സമോയ്‌ലങ്കോ സാധ്വസത്തോടെ ചോദിച്ചു. "കുരുമുളകുകുട്ടി, കുരുമുളകുകുട്ടി," ശെമ്മാശ്ശൻ ഇറച്ചിക്കഷണം കുരുമുളകുകൂട്ടാതെ തിന്നുന്നതു കണ്ടു നിരാശാഭരിതമായ സ്വരത്തിൽ അദ്ദേഹം നിലവിളിച്ചു: "മഹാബുദ്ധിശാലിയായ നിങ്ങൾ, എന്താണു നിങ്ങൾ പറയുന്നതു്? നമ്മുടെ സുഹൃത്തും അഭിമാനിയുമായ ഒരു ബുദ്ധിജീവിയെ കഠിനതടവിലയയ്ക്കാനോ?"

"ശരി, അയാൾ അഭിമാനിയായതുകൊണ്ടു് എതിക്കാൻ ശ്രമിക്കുമെങ്കിൽ, അയാളെ ചങ്ങലയിട്ടു പൂട്ടുക."

സമോയ്‌ലങ്കോ ഉരിയാടാനാവാതെ വിരലുകൾ പിടിച്ചു തിരിച്ചു. അദ്ദേഹത്തിൻെറ ആശ്ചര്യഭരിതവും, സത്യത്തിൽ പരിഹാസ്യവുമായ മുഖഭാവം കണ്ടു ശെമ്മാശ്ശൻ ചിരിച്ചു.

"നമുക്കതിനെക്കുറിച്ചുള്ള സംഭാഷണം നിർത്തിക്കളയാം," ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു. "സമോയ്‌ലങ്കോ, നിങ്ങൾ ഒരു കാര്യം മാത്രം ഓർക്കണം. പുരാതനമനുഷ്യൻ, പ്രാകൃതികതിരഞ്ഞെടുക്കലിലും ജീവിതസമരത്തിലുംകൂടി ലേവ്സ്കിയെപ്പോലുള്ളവരിൽനിന്നു സംരക്ഷിക്കപ്പെട്ടിരുന്നു. ഇപ്പോൾ നമ്മുടെ പരിഷ്കാരം ആ സമരത്തെയും തിരഞ്ഞെടുക്കലിനെയും ശ്രദ്ധേയമായ തോതിൽ ദുർബലപ്പെടുത്തിയിട്ടുണ്ടു്. പുഴുത്തതിനെയും കെട്ടതിനെയും നശിപ്പിക്കുന്നതു നമ്മൾതന്നെ നോക്കിക്കണ്ടു നടത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ലേവ്സ്കിമാരുടെ വർദ്ധനവോടുകൂടി പരിഷ്കാരം നശിക്കും, മാനവസമുദായംതന്നെ പൂർണ്ണമായി അധഃപതിക്കും. അതിൻെറ കുററം നമുക്കായിരിക്കും."

"തൂക്കിക്കൊല്ലുന്നതിനെയും മുക്കിക്കൊല്ലുന്നതിനെയും

ആശ്രയിച്ചു നിലനില്ക്കുന്നതാണു നിങ്ങളുടെ പരിഷ്കാരമെങ്കിൽ,'' സമോയ്ലങ്കോ പറഞ്ഞു, ''ആ പരിഷ്കാരം തുലഞ്ഞുപോകട്ടെ, നിങ്ങളുടെ മനുഷ്യവർഗ്ഗവും തുലഞ്ഞുപോകട്ടെ! തുലഞ്ഞുപോകട്ടെ! ഞാൻ പറയാം; നിങ്ങൾ വളരെ പാണ്ഡിത്യവും ബുദ്ധിവൈഭവവും ഉള്ളയാളാണ്, നാടിന്റെ അഭിമാനമാണ്. പക്ഷേ, ജർമ്മൻകാർ നിങ്ങളെ കെട്ടത്തിക്കളഞ്ഞു. അതേ, ജർമ്മൻകാർ! ജർമ്മൻകാർ!''

സമോയ്ലങ്കോ, താൻ വൈദ്യവിദ്യാഭ്യാസം ചെയ്തിരുന്ന ദോർപ്പാ വിട്ടതിൽപ്പിന്നെ, ഒരു ജർമ്മൻകാരനെ കണ്ടിട്ടുള്ളതു് അപൂർവ്വമാണ്. ഒററ ജർമ്മൻപുസ്തകമെങ്കിലും വായിച്ചിട്ടുമില്ല. എങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, രാഷ്ട്രീയത്തിലെയും ശാസ്ത്രത്തിലെയും അപകടകരമായ എല്ലാ അഭിപ്രായങ്ങളും ജർമ്മൻകാരുടെ പക്ഷത്തുനിന്നു വരുന്നതാണ്. ഈ വിശ്വാസം എവിടെനിന്നു കിട്ടിയെന്നു് അദ്ദേഹത്തിനുതന്നെ പറയാൻ കഴിയില്ല. എങ്കിലും അദ്ദേഹം മുറുകെപ്പിടിച്ചു.

''അതേ, ജർമ്മൻകാർ!'' അദ്ദേഹം ഒന്നുകൂടി ആവർത്തിച്ചു. ''വന്നു് അല്പം ചായ കഴിക്കൂ.''

മൂന്നുപേരും എഴുന്നേററു തൊപ്പി ധരിച്ചു, പുറത്തെ ചെറിയ തോട്ടത്തിലേക്കിറങ്ങി, അവിടെ ഇളംപച്ച മേപ്പിൾമരങ്ങളുടെയും സബർജൽമരങ്ങളുടെയും ചെസ്റ്റ്നട്ട് മരത്തിന്റെയും തണൽപററിയിരുന്നു. ജന്തുശാസ്ത്രജ്ഞനും ശെമ്മോഡ്ലനും മേശയ്ക്കടുത്തുള്ള ബഞ്ചിലും, സമോയ്ലങ്കോ വളഞ്ഞ ചാരോട്ടുകൂടിയ ഒരു ചൂരൽക്കസേരയിലും സ്ഥലംപിടിച്ചു. പരിചാരകൻ ചായയും, പഴച്ചാറും, ഒരുകുപ്പി സിറപ്പും കൊണ്ടുവന്നു.

നല്ല ഉഷ്ണം. റോമർ തെർമ്മോമീറ്ററിനു മുപ്പതുഡിഗ്രി കാണും. ചൂടുള്ള വായു സ്തംഭിച്ചു് അനക്കമററുനില്ക്കുന്നു. ഒരു നീളമുള്ള ചിലന്തിവല ചെസ്റ്റ്നട്ട്മരത്തിൽനിന്നു മണ്ണിലേക്കു് ഊഞ്ഞാൽപോലെ ഞാന്നുകിടക്കുന്നു, അതിനും ചലനമില്ല.

ശെമ്മോഡ്ലൻ, മേശയ്ക്കരികിൽ നിലത്തുതന്നെ കിടന്നിരുന്ന ഗിത്താർ കൈയിലെടുത്തു്, ശ്രുതികൂട്ടി, നേരിയ ശബ്ദത്തിൽ പതുക്കെ പാടാൻ തുടങ്ങി. പക്ഷേ, ഒരു വരി പാടിക്ക

ഴിഞ്ഞപ്പോഴേക്കും ചൂടിൻെറ അസഹ്യതമൂലം പാട്ട നിത്തി. പുരികം ചുളിച്ചു ജ്വലിക്കുന്ന നീലാകാശത്തിലേക്കു കണ്ണുകളു യത്തി. സമോയ്ലങ്കോസ്കു് ഉറക്കം വന്നുതുടങ്ങി. വീർപ്പുമുട്ടി ക്കുന്ന ചൂട്ടം, നിശ്ചലതയും, നിമിഷനേരംകൊണ്ടു സവ്വാംഗം വ്യാപിച്ച, ഭക്ഷണശേഷമുണ്ടാകുന്ന ഹൃദ്യമായ തളർച്ചയും കൂടി അദ്ദേഹത്തിനു ഭാരവും നിദ്രാലുതയും അനുഭവമാക്കി. അദ്ദേഹത്തിൻെറ കൈകൾ വശങ്ങളിലേക്കു കുഴഞ്ഞുവീണു. കണ്ണിറുകി, തല മാറിലാണ്ടു. മിക്കവാറും ബാഷ്പാകുലമായ വാത്സല്യഭാവത്തോടെ വോൺകൊറനെയും ശെമ്മാശ്ശനെയും നോക്കിക്കൊണ്ടു് അദ്ദേഹം ജല്പിച്ചു:

"യുവതലമുറ... ശാസ്ത്രലോകത്തിലെ ഒരു താരവും, പള്ളിയുടെ, ഒരു പ്രകാശഗോളവും... ഓഹ്, ഈ അലേല്ലൂയാക്കാരൻ ഒരു ബിഷപ്പായി വളൎന്നുകേറിയാൽ ഞാൻ അത്ഭുതപ്പെടുകയില്ല. എനിക്കയാളുടെ കൈ മുത്താറാകുമെന്നു ഞാൻ ധൈര്യമായി പറയാം... ആവട്ടെ... ദൈവകൃപ..."

താമസംവിനാ ഒരു കൂക്കംവിളി കേൾക്കാറായി. വോൺകൊറനും ശെമ്മാശ്ശനും കാപ്പി കുടിച്ചിട്ടു തെരുവിലേക്കു് ഇറങ്ങി.

"നിങ്ങളിനിയും ചിപ്പി പിടിക്കാൻ തുറമുഖത്തേക്കു പോവുകയാണോ?" ജന്തുശാസ്ത്രജ്ഞൻ ചോദിച്ചു.

"ഇല്ല, ഉഷ്ണം കൂടുതൽ."

"എൻെറയടുത്തു വരൂ. ഒരു ഉരുപ്പടി കെട്ടിവയ്ക്കാം. എനിക്കല്പം വല്ലതും പകൎത്തിത്തരികയും ചെയ്യാം. നിങ്ങൾ എന്താണു ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചു നമുക്കൊന്നു സംസാരിക്കണം. നിങ്ങൾ ജോലിചെയ്യണമച്ചാ. ഇങ്ങനെ പൊയ്ക്കൂടാ."

"നിങ്ങൾ പറയുന്നതു ശരിയാണു്, ന്യായവുമാണു്." ശെമ്മാശൻ പറഞ്ഞു: "പക്ഷേ, എൻെറ അലസതയ്ക്കു് ഇന്നത്തെ പരിതസ്ഥിതിയിലൊരു ഒഴികഴിവുണ്ടു്. അനിശ്ചിതമായ ഒരു നില മനുഷ്യരെ നിരുന്മേഷരാക്കാൻ വിശേഷസാമർത്ഥ്യമുള്ളതാണെന്നു നിങ്ങൾക്കുതന്നെ അറിവുള്ളതാണല്ലോ. എന്നെ ഇങ്ങോട്ടയച്ചിരിക്കുന്നതു കുറച്ചുകാലത്തേക്കോ സ്ഥിരമായോ എന്നു കൎത്താവിനു മാത്രമേ അറിഞ്ഞുകൂടു. ഞാൻ

ഇവിടെ അനിശ്ചിതത്വത്തിൽ ഇങ്ങനെ ജീവിക്കുന്നു. എന്റെ ഭാര്യ അവളുടെ അച്ഛന്റെ വീട്ടിൽ കഴിഞ്ഞുകൂടി, വിരഹവേദന തിന്നുന്നു. പിന്നെ എന്റെ തലച്ചോറു ചൂടുകൊണ്ട് ഉരുകുകയാണെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു.''

''അതൊക്കെ അസംബന്ധങ്ങൾ!'' ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു: ''ഉഷ്ണത്തിൽ നിങ്ങൾക്കു തഴക്കമാകാവുന്നതേയുള്ളു. ഭാര്യയെപ്പിരിഞ്ഞു ജീവിക്കാനും തഴക്കമായിക്കൊള്ളും. നിങ്ങൾ കർമ്മവിമുഖനാവരുത്; ധൈര്യം സംഭരിക്കണം.''

## 5

നദ്യേഷ്ദ്യാ രാവിലെ കുളിക്കാൻ പുറപ്പെട്ടു. അടുക്കളക്കാരി ഓൾഗായും അവളെ അനുഗമിച്ചു. കടലിൽ ഏതോരണ്ടു കപ്പലുകൾ കിടന്നിരുന്നു. അവയുടെ വെളുത്ത പുകക്കുഴലുകളിൽ അഴുക്കു പുരണ്ടിരുന്നു. വിദേശ്യ ചരക്കുകപ്പലുകൾ എന്നു സ്പഷ്ടം. വെള്ളവസ്ത്രങ്ങളും വെളുത്ത ചെരിപ്പുകളും ധരിച്ച ചിലർ തുറമുഖത്തുകൂടി, ഉച്ചത്തിൽ ഫ്രഞ്ചുഭാഷയിൽ വിളിച്ചുകൂവിക്കൊണ്ടു നടക്കുന്നു. അവരുടെ വിളികൾക്കു കപ്പലുകളിൽനിന്നു മറുപടിയും ലഭിക്കുന്നുണ്ട്. പട്ടണത്തിലെ ചെറിയ പള്ളിയിൽനിന്ന് ഊർജ്ജസ്വലമായി മണിയൊച്ച മുഴങ്ങിക്കൊണ്ടിരുന്നു.

''ഇന്നു ഞായറാഴ്ചയാണ്!'' നദ്യേഷ്ദ്യാ സന്തോഷപൂർവ്വം അനുസ്മരിച്ചു.

അവൾക്കു പൂർണ്ണസുഖവും, ഉല്ലാസദിവസങ്ങളിലെ സന്തുഷ്ടമനോഭാവവും അനുഭവപ്പെട്ടു. കട്ടികൂടിയ പരുക്കൻ ടുസ്സോർ സിൽക്കുകുപ്പായവും, അവളുടെ മുഖംകണ്ടാൽ കൊട്ടയിൽ നിന്നെത്തിനോക്കുകയാണെന്നു തോന്നിക്കത്തക്കവണ്ണം ചെവിപ്പുറമേ ഇറക്കി വച്ചിരിക്കുന്ന പരന്ന പുൽത്തൊപ്പിയും ആണ് അവൾ ധരിച്ചിരുന്നതു്. ഈ വേഷത്തിൽ താൻ വളരെ മനോഹരിയായിട്ടുണ്ടെന്ന് അവൾക്കു തോന്നി. അവൾ വിചാരിച്ചു, പട്ടണത്തിൽ ബുദ്ധിമതിയും സുകുമാരിയുമായ ഒരേഒരു യുവതിയേയുള്ളു, അതു താനാണ്. കുറഞ്ഞ ചെലവിൽ ശാലീനമായും പരിഷ്ക്കാരമായും വസ്ത്രാഡംബരം സാധിക്കാൻ അറിയാ

വുന്ന ഏക വ്യക്തിയും താൻതന്നെ. ഉദാഹരണത്തിനു്, അവൾ അപ്പോൾ ഉടുത്തിരുന്ന വസ്ത്രത്തിൻെറ വില ഇരുപതു റൂബിളാണു്. എന്നിട്ടും അതെത്ര ആകർഷകം! പലർ കൂട്ടുന്നിടത്തു മനോമോഹിനിയാകാൻ കഴിവുള്ളവൾ അവൾമാത്രം. അതുമൂലം അവരെല്ലാം മനസ്സുണ്ടെങ്കിലുമില്ലെങ്കിലും ശരി, ലേവ്സ്കിയോടു് അസൂയപ്പെടണം.

ഇടക്കാലമായി ലേവ്സ്കി അവളുടെ നേരേ ഉദാസീനതയോടും, അകന്നും മര്യാദയില്ലാ ചിലപ്പോഴൊക്കെ പരുഷവും കഠിനവുമായിത്തന്നെയും പെരുമാറാൻ തുടങ്ങിയതിൽ അവൾ സന്തോഷിച്ചു. പണ്ടൊക്കെ അയാളുടെ ഹാലിളക്കങ്ങളെല്ലാം, അവജ്ഞാനിർഭരവും, നിശിതവും, ദുർഗ്രാഹ്യവും വിലക്ഷണവുമായ നോട്ടങ്ങളെല്ലാം, അവൾ കണ്ണീരും പരിഭവംകൊണ്ടും, ഓടിപ്പോയ്ക്കളയുമെന്നോ പട്ടിണികിടന്നു ചത്തുകളയുമെന്നോ ഉള്ള ഭീഷണികൾകൊണ്ടും നേരിട്ടിട്ടുണ്ടു്. ഇപ്പോഴാകട്ടെ അവൾ വിളറുകയും, അയാളുടെ മുഖത്തേക്കു കുററബോധത്തോടെ മിഴിയയയ്ക്കുകയും, അയാൾ അവളോടു സ്നേഹം കാണിക്കാത്തതിൽ സന്തോഷിക്കുകയുമേ ചെയ്യുള്ളു. അയാൾ ചീത്തവിളിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആണു ചെയ്തിരുന്നതെങ്കിലും ഇതിനെക്കാൾ ഭേദമായിരുന്നു; സുഖകരമായിരുന്നു. അവൾക്കു് അയാളുടെ മുമ്പിലുള്ള കുററബോധം അത്ര നിരാശാവഹമായിരുന്നു. ഒന്നാമതായി പ്രയത്നനിരതമായ ഒരു ജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങളോടു് അനുഭാവം പ്രകടിപ്പിക്കാതിരുന്നതു തൻെറ തെററാണെന്നു് അവൾക്കു തോന്നി. അയാൾ പീറേറഴ്സ്ബർഗ്ഗ് വിട്ടു് കാക്കസസ്സിലേക്കു പുറപ്പെട്ടതു് അതിനായിരുന്നല്ലോ. ആ ഒററക്കാര്യത്തിൻെറപേരിലാണു് ഈയിടയായി ലേവ്സ്കി തന്നോടു നീരസപ്പെട്ടിരിക്കുന്നതെന്നു് അവൾക്കു ബോദ്ധ്യമുണ്ടായിരുന്നു. കാക്കസസ്സിലേക്കു വരുന്ന വഴിയിൽ, വരുന്ന അന്നുതന്നെ ഇവിടെ കടലിനടുത്തു് ഒതുങ്ങിയ സുഖമായ വല്ല കോണിലും തണലും കിളികളും കൊച്ചരുവികളും ഉള്ള ഒരു കൊച്ചു പൂന്തോപ്പു കണ്ടുപിടിക്കാമെന്നു്, അവിടെ പൂക്കളും സസ്യങ്ങളും വളർത്താമെന്നു്, കോഴിതാറാവുകളെ വളർത്തിയും, അയൽവാസികളെ സൽക്കരിച്ചും, അഗതികളായ കൃഷീവലന്മാരെ ചികി

സിച്ചും, അവരുടെ ഇടയിൽ പുസ്തകങ്ങൾ വിതരണംചെയ്തും അങ്ങനെ ജീവിക്കാമെന്നു്, അവൾ കിനാവുകണ്ടിരുന്നു. കാക്കസസ്സിൽ നഗ്നമായ പാറക്കെട്ടുകളും, കാടുകളും, വിസ്തൃതമായ താഴ്വാരങ്ങളുമല്ലാതെ മറെറാന്നുമില്ലാതെ വരികയാണുണ്ടായതു്. വല്ലതുമൊരിടം അന്വേഷിച്ചുപിടിച്ചു് താമസമുറപ്പിക്കാൻതന്നെ ഏറിയകാലവും ഏറെ പ്രയത്നവും ആവശ്യമായ പ്രദേശം. ഒരു തരത്തിലുമുള്ള അയല്ക്കാരില്ല, കഠിനമായ ഉഷ്ണം, പിടിച്ചുപറിവരെനടക്കാവുന്നതേയുള്ളു. ഒരു തുണ്ടു നിലം സമ്പാദിക്കുന്നകാര്യത്തിൽ ലേവ്സ്കിക്കു് ഒരു തിരക്കുമുണ്ടായില്ല. അവളും അതിൽ സന്തോഷിച്ചു. പ്രയത്നനിരതമായ ജീവിതത്തെപ്പററി സൂചിപ്പിക്കാതിരിക്കുന്നതിനു് അവർ തമ്മിൽ വാക്കാൽ പറയാത്ത ഒരുടമ്പടിയുണ്ടായിരുന്നെന്നു തോന്നും. അയാൾ അക്കാര്യം ഉരിയാടാത്തതു് താൻ അതിനെക്കുറിച്ചു് ഉരിയാടാത്തതുകൊണ്ടാണെന്നു് അവൾ കരുതി.

രണ്ടാമതായി, ആ രണ്ടുകൊല്ലത്തിനിടയ്ക്കു് അയാളറിയാതെ, അച്ച്മിയാനോവിൻെറ കടയിൽനിന്നു് മുന്നൂറു റൂബിളോളം വിലവരുന്ന പല പല ചില്ലറസാമാനങ്ങളും അവൾ കടം വാങ്ങിച്ചിട്ടുണ്ടായിരുന്നു. അവൾ സാമാനങ്ങൾ കുറേശ്ശെക്കുറേശ്ശെ വാങ്ങിക്കുകയായിരുന്നു. ഒരിക്കൽ ചില്ലറ ഉപകരണങ്ങൾ, പിന്നൊരിക്കൽ കുറച്ചു പട്ടു് അഥവാ ഒരു കുട, അങ്ങനെ ആ കടം അറിയാതെ വദ്ധിച്ചുവന്നു.

മൂന്നാമതായി, പോലീസ്ക്യാപ്റ്റൻ കിറിലിൻ, ലേവ്സ്കിയില്ലാത്ത രണ്ടവസരങ്ങളിൽ അവളെ സന്ദർശിച്ചിരുന്നു. ഒരിക്കൽ, ലേവ്സ്കി കുളിക്കാൻപോയിരുന്നപ്പോഴാണു്; പിന്നൊരിക്കൽ, അദ്ധരാത്രി അയാൾ ചീട്ടുകളിച്ചുകൊണ്ടിരുന്നപ്പോഴും. ഇതോത്തപ്പോൾ നദ്യേഷ്ദ്യാ രക്തംപോലെ ചുകന്നു. തൻെറ ആത്മഗതം പിന്നിൽനിന്നു് അടുക്കളക്കാരി കേട്ടാലോ എന്നു ശങ്കിച്ചിട്ടെന്നപോലെ തിരിഞ്ഞു് അവളുടെ നേക്കു നോക്കി. ദീർഘവും അസഹ്യമായ ഉഷ്ണമുള്ളതും, ക്ലേശപൂൎണ്ണവുമായ പകലുകൾ, വാടിക്കുഴഞ്ഞ മനോജ്ഞസന്ധ്യകളും വീർപ്പുമുട്ടിക്കുന്ന രാത്രികളും; ആ ജീവിതസമ്പ്രദായം ആകെത്തന്നെ, പ്രഭാതംമുതൽ പ്രദോഷംവരെയുള്ള ആ ഉപയോഗശൂന്യമായ നാഴികകൾ എങ്ങനെ നിറയ്ക്കേണ്ടു എന്നറി

യാതെ വിഷമിക്കുന്ന അവസ്ഥയിൽ, താനാണു പട്ടണത്തി ലെ ഏററവും മുന്തിയ സുന്ദരിയെന്നും, തൻെറ യൗവനം നിഷ്പ്രയോജനമായി കടന്നുപൊയ്ക്കോകുകയാണെന്നും ഉള്ള നിരന്തരമായ ചിന്തയും, ലേവ്സ്കി ഋജുബുദ്ധിയും ആദർശവാനുമൊക്കെത്തന്നെയെങ്കിലും എപ്പോഴും ഒരേമട്ടിൽ വള്ളിച്ചെരിപ്പിൽക്കേറി വീട്ടിൽ അലസമായിരുന്നും നഖംകടിച്ചും ഓരോരോ ചാപല്യങ്ങളാൽ അവളെ കുഴപ്പിക്കുന്നതും എല്ലാംകൂടി അവളെ ക്രമേണ അഭിലാഷത്തിൻെറ പിടിയിൽ അകപ്പെടുത്തി. അവൾ ഭ്രാന്തുപിടിച്ചതുപോലെ രാപകൽ മറ്റൊരു കാര്യവും ചിന്തിക്കാതായി. ശ്വാസോച്ഛ്വാസത്തിൽ, നോക്കിൽ, നടപ്പിൽ എല്ലാം അഭിലാഷമല്ലാതെ മറെറാന്നും അവൾക്കു് അനുഭവപ്പെട്ടില്ല. കടലിൻെറ ഇരമ്പം, പ്രേമിക്കേണ്ടതിന്റെ അത്യാവശ്യമാണു് അവളെ അറിയിച്ചതു്. സന്ധ്യാകാലത്തെ ഇരുൾ,—അതേകാര്യം. മലകൾ—അതുതന്നെ.... കിറിലിൻ പ്രണയചേഷ്ടകൾ കാണിക്കാൻതുടങ്ങിയപ്പോൾ അവൾക്കു് എതിക്കാൻ ശക്തിയോ ആഗ്രഹമോ ഉണ്ടായില്ല. അവൾ വഴങ്ങിക്കൊടുത്തു.

ഇപ്പോൾ ആ വിദേശിക്കപ്പലുകളും, വെള്ളവസ്ത്രങ്ങൾ ധരിച്ച മനുഷ്യരും, എന്തുകാരണത്താലോ, അവളിൽ വളരെ വിശാലമായ ഒരു ഹാളിൻെറ സ്മരണയെ ഉണർത്തി. ഫ്രഞ്ചിലുള്ള അട്ടഹാസങ്ങൾക്കു പുറമെ, ഒരു വാൾട്ട്സ് നൃത്തസംഗീതത്തിൻെറ അടികളും അവൾ കേട്ടു. അവളുടെ മാറിടം അവാച്യമായ ആനന്ദംകൊണ്ടു പെരുകിപ്പൊങ്ങി. അവൾക്കു നൃത്തംചെയ്യാനും ഫ്രഞ്ചു സംസാരിക്കാനും ആഗ്രഹമുണ്ടായി.

ഭർത്തൃവഞ്ചനയിൽ ഭയങ്കരമായി യാതൊന്നുമില്ല എന്നു് അവൾ ആനന്ദത്തോടെ ആലോചിച്ചു. ആ വഞ്ചനയിൽ അവളുടെ ആത്മാവിനു് ഒട്ടും പങ്കില്ലായിരുന്നു. അവൾ അപ്പോഴും ലേവ്സ്കിയെ സ്നേഹിക്കുന്നു. അയാളോടു് അസൂയയുണ്ടാകുന്നതും, സഹതാപം തോന്നുന്നതും, അയാൾ ഇല്ലാത്തപ്പോൾ വിരഹവേദന അനുഭവപ്പെടുന്നതും അതിനു തെളിവാണു്. കിറിലിൻ തീരെ സാധാരണനായ ഒരുവനാണെന്നു വെളിവായി; സുന്ദരനെങ്കിൽക്കൂടി അധികപങ്കും അന്തസ്സുകെട്ട ഒരാൾ. അയാളുമായി ഉണ്ടായതെല്ലാം എന്നേ അവസാ

നിച്ചുകഴിഞ്ഞു: മേലിൽ ഒന്നും ഉണ്ടാവുകയില്ലതാനും. ഉണ്ടായതെന്തോ അതു കഴിഞ്ഞു. അതിന്ന് ആരോടും ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഇനി ലേവ്സ്കി അതു കണ്ടുപിടിച്ചാൽത്തന്നെ വിശ്വസിക്കയുണ്ടാവില്ല.

കടൽത്തീരത്തു് സ്ത്രീകൾക്ക പ്രത്യേകമായി ഒരു കളിപ്പുരയേ ഉണ്ടായിരുന്നുള്ളു. പുരുഷന്മാർ ഒരു മറയുമില്ലാതെയാണു കളിച്ചിരുന്നതു്. നദ്യേഷ്യാ കുളിപ്പുരയിലേക്ക കയറിച്ചെന്നപ്പോൾ, മേരിയാ എന്ന സ്ത്രീയും, വിദ്യാൎത്ഥിനിയായ അവരുടെ പതിനഞ്ചുകാരി മകൾ കാത്യായും അവിടെ ഇരിക്കുന്നതു കണ്ടു. രണ്ടുപേരും ഒരു ബഞ്ചിലിരുന്നു് വസ്ത്രങ്ങൾ മാറുകയാണു്. സൽപ്രകൃതിയും, ഉന്മേഷശീലയും, സ്നേഹവതിയുമായ ഒരു സ്ത്രീയായിരുന്നു മേരിയാ. ഇഴഞ്ഞുവലിഞ്ഞ, ദീനമായ ഒരു ശബ്ദത്തിലാണു് സംസാരം. മുപ്പത്തിരണ്ടു വയസ്സുവരെ അവർ ഒരു കുടുംബാധ്യാപികയായി ജീവിതം നയിച്ചു. അതിനുശേഷം ബിത്യുഗോവ് എന്നൊരു ഗവൺമെൻറുദ്യോഗസ്ഥനെ വിവാഹം കഴിച്ചു. മുടി രണ്ടു ചെന്നിയിലേക്കും ചീകിയിറക്കിയ, കഷണ്ടിക്കാരനായ ഒരു കുറിയ മനുഷ്യനായിരുന്നു ബിത്യുഗോവ്; അത്യന്തം വിനയശീലൻ. അവൾക്കു് ഇപ്പോഴും അയാളോടു പ്രണയമാണു്. അസൂയപ്പെടുകയും, പ്രേമം എന്ന വാക്ക കേട്ടാൽ ചുവക്കുകയും ചെയ്യും. താൻ വളരെ സന്തുഷ്ടയായിരിക്കുന്നുവെന്നു് കാണുന്നവരോടൊക്കെ പറയും.

"എൻെറ പൊന്നേ," നദ്യേഷ്യായെ കണ്ടു് അവർ, അവരുടെ പരിചയക്കാരുടെ ഭാഷയിൽ 'ബദാമെണ്ണ പുരണ്ട' ഭാവം മുഖത്തു സ്ഫുരിപ്പിച്ചുകൊണ്ടു് സോത്സാഹം ഉച്ചത്തിൽ പറഞ്ഞു, "എൻെറ പൊന്നേ, നീ വന്നതിൽ എനിക്കെന്തു സന്തോഷം! നമുക്കൊരുമിച്ചു കുളിക്കാം—അതെത്ര ഉല്ലാസകരമാകുമെന്നോ!"

ഓൾഗാ ക്ഷണത്തിൽ അവളുടെ വസ്ത്രങ്ങളും അടിയുടുപ്പും മാററി, യജമാനത്തിയുടെ വസ്ത്രങ്ങൾ അഴിക്കാൻ തുടങ്ങി.

"ഇന്നു് ഇന്നലത്തെപ്പോലെതന്നെയുള്ള ഉഷ്ണമില്ല, അല്ലേ?" പരിചാരികയുടെ മാൎദ്ദവമില്ലാത്ത കരസ്പൎശമേററു

ച്ചുളുങ്ങിക്കൊണ്ടു നദ്യേഷ്യാ പറഞ്ഞു. "ഇന്നലെ ഞാൻ ഉഷ്ണം കൊണ്ടു ചത്തതുപോലായിപ്പോയി."

"അതെ, എൻെറ തങ്കം, എനിക്കുതന്നെ ശ്വാസംകഴിക്കാൻ മേലായിരുന്നു. നീ വിശ്വസിക്കുമോ? ഞാനിന്നലെ മൂന്നുനേരം കുളിച്ചു. ഒന്നോർത്തുനോക്കു തങ്കം, മൂന്നുനേരം! നിക്കോദിമിനു് തീരെ സുഖമില്ലായിരുന്നു."

'ഇത്ര വിരൂപമാകാൻ സാധ്യമാണോ?' ഒൾഗായെയും ഉദ്യോഗസ്ഥഭാര്യയെയും നോക്കിക്കൊണ്ടു് നദ്യേഷ്യാ ചിന്തിച്ചു. അവൾ കാത്യായുടെ നേരെ കണ്ണോടിച്ചിട്ടു വിചാരിച്ചു: 'ആ പെങ്കൊച്ചിൻെറ രൂപം മോശമല്ല.'

"നിങ്ങളുടെ നിക്കോദിം ബഹു കോമളൻതന്നെ," അവൾ പറഞ്ഞു. "എനിക്കദ്ദേഹത്തോടു പ്രേമംതന്നെ തോന്നിപ്പോകുന്നു."

"ഹ, ഹ, ഹ!" മേരിയാ വരുത്തിക്കൂട്ടിയ ഒരു ചിരി പാസ്സാക്കി. "അതു വളരെ സന്തോഷംതന്നെ!"

വസ്ത്രങ്ങളിൽനിന്നു മോചനംകിട്ടിയ നദ്യേഷ്യാക്കു് ഒന്നു പറന്നെങ്കിലോ എന്നാഗ്രഹമുണ്ടായി. കൈകൾ വീശിയാൽ മതി താൻ പറന്നുയർന്നുപോകുമെന്നു് അവൾക്കു തോന്നി. വിവസ്ത്രയായി നിന്നപ്പോൾ, ഓൾഗാ തൻെറ വെളുത്ത ദേഹത്തിലേക്കു് ആക്ഷേപഭാവത്തിൽ നോക്കുന്നതു് അവളുടെ ശ്രദ്ധയിൽപ്പെട്ടു. ഒരു യുവഭടൻെറ ഭാര്യയായ ഓൾഗാ അവളുടെ നിയമപ്രകാരമുള്ള ഭർത്താവിൻെറ കൂടെയാണു ജീവിച്ചിരുന്നതു്. അതിനാൽ അവൾക്കു് യജമാനത്തിയുടെ മുമ്പിൽ ഒരു ആത്മാൽക്കൃഷ്ട്യബോധമുണ്ടായിരുന്നു; യജമാനത്തിയെ ബഹുമാനവുമില്ലായിരുന്നു. ഇതു് അരോചകമായിരുന്നതുകൊണ്ടു്, അവരുടെ അഭിപ്രായത്തിൽ തനിക്കൊരു പൊക്കമുണ്ടാക്കാൻവേണ്ടി നദ്യേഷ്യാ പറഞ്ഞു:

"നാട്ടിൽ, പീറോഴ്സ്ബർഗ്ഗിൽ, വേനൽക്കാലവസതികളിലെ ജീവിതം മൂർദ്ധന്യത്തിലെത്തിയിരിക്കുന്ന കാലമാണിപ്പോൾ; എൻെറ ഭർത്താവിനും എനിക്കും അനവധി സുഹൃത്തുക്കളുണ്ടു്. ഞങ്ങൾക്കു് അവരെയൊക്കെ പോയി കാണണം."

"നിങ്ങളുടെ ഭർത്താവ് എഞ്ചിനീയറാണല്ലേ?" മേരിയാ പേടിച്ചു പേടിച്ചാണു ചോദിച്ചത്.

"ലേവ്സ്കിയുടെ കാര്യമാണു ഞാൻ പറഞ്ഞത്. വളരെ വളരെ പരിചയക്കാരുണ്ടദ്ദേഹത്തിനു്. പക്ഷേ, നിർഭാഗ്യവശാൽ അദ്ദേഹത്തിൻെറ അമ്മ വലിയ ദുരഭിമാനമുള്ള ഒരു യാഥാസ്ഥിതികയാണ്. അത്ര ബുദ്ധിമതിയുമല്ല..."

നദ്യേഷ്യാ പറഞ്ഞുമുഴമിക്കാതെ വെള്ളത്തിലേയ്ക്കു ചാടി. മേരിയായും കാത്യായും അവളുടെ പിന്നാലെ ഇറങ്ങി.

"ലോകത്തിൽ ചിരസ്ഥാപിതമായ ആശയങ്ങൾ അനവധിയാണ്," നദ്യേഷ്യാ തുടന്നു, "കാഴ്ചയിൽ തോന്നുന്നതുപോലെ സുഗമമല്ല ജീവിതം."

യാഥാസ്ഥിതികകുടുംബങ്ങളിൽ കുട്ടികളുടെ ഗുരുസ്ഥാനം വഹിച്ചിട്ടുള്ളവളും, സാമുദായികകാര്യങ്ങളിൽ വിദഗ്ദ്ധാഭിപ്രായമുള്ളവളുമായ മേരിയാ പറഞ്ഞു:

"തന്നെ തന്നെ. നീ വിശ്വസിക്കുമോ, എന്റെ പൊന്നേ, ഞാൻ ഗ്രാറ്റിൻസ്കികുടുംബത്തിലായിരിക്കുമ്പോൾ കാലത്തെ കാപ്പിക്കും ഉച്ചയൂണിനും പ്രത്യേകം പ്രത്യേകം വസ്ത്രം ധരിക്കണം. അതിനു് നാടകക്കാരികളുടെ മാതിരി, ശമ്പളത്തിനു പുറമേ വസ്ത്രങ്ങൾക്ക് ഒരു പ്രത്യേക അലവൻസും എനിക്കു കിട്ടിയിരുന്നു."

നദ്യേഷ്യായുടെ ശരീരത്തെ നനയ്ക്കുന്ന വെള്ളത്തിൽ നിന്നു തൻെറ മകളെ തട്ടിവച്ചുമറയ്ക്കാനെന്നപോലെ കാത്യായുടെയും നദ്യേഷ്യായുടെയും നടുക്കായിട്ടാണവൾ നിന്നത്.

അവർ കുളിക്കുന്നിടത്തുനിന്നു് ഏതാണ്ട നൂറുചുവടകലെ വെള്ളത്തിൽ ഒരാൾ നീന്തുന്നതു്, കടലിലേയ്ക്കു തുറന്നുകിടക്കുന്ന വാതിലിലൂടെ കാണാമായിരുന്നു.

"അമ്മേ, അതു നമ്മുടെ കോസ്ത്യായാണ്," കാത്യാ പറഞ്ഞു.

"യ്യോ! യ്യോ!" ഭീതിയോടുകൂടി മേരിയാ വിക്കി. "യ്യോ, കോസ്ത്യാ!" അവൾ വിളിച്ചുകൂവി: "ഇവിടെ വാ, കോസ്ത്യാ, തിരിച്ചുവാ!"

കോസ്ത്യാ പതിന്നാലുകാരനായ ഒരു ബാലനായിരുന്നു. തൻെറ ഊർജ്ജസ്വലത അമ്മയുടേയും സഹോദരിയുടേയും

മുമ്പിൽ പ്രദർശിപ്പിക്കാനായി പിന്നെയും മുക്കിളിയിട്ട മുന്നോട്ടുതന്നെ നീന്തിക്കേറുകയാണവൻ. എങ്കിലും ക്ഷീണിക്കാൻ തുടങ്ങിയതോടെ ധിറുതിയിൽ പിൻതിരിഞ്ഞു. ആയാസവും ഗൗരവവും സ്ഫുരിക്കുന്ന ആ മുഖത്തുനിന്നു് അയാൾക്കു സ്വന്തം ശക്തിയിൽ വിശ്വാസമില്ലെന്നു കാണാൻ പ്രയാസമുണ്ടായിരുന്നില്ല.

"ഈ കുട്ടികളെക്കൊണ്ടുള്ള ശല്യം, എന്റെ പൊന്നേ," ക്രമേണ ശാന്തതപ്രാപിച്ചുകൊണ്ടു് മേരിയാ പറഞ്ഞു. നിന്നു തിരിയുന്നനേരംകൊണ്ടു് അവൻ അവന്റെ പിടലിയൊടിക്കും. എന്റെ പൊന്നേ, ഒരമ്മയാകുന്നതു് എത്ര മധുരം; അതേസമയം എത്ര വിഷമവും. അമ്മമാർക്കു സദാ സകലതിലും ഭയമാണു്."

നദ്യേഷ്ദ്യാ തന്റെ പുൽത്തൊപ്പി തലയിലിട്ടുകൊണ്ടു് തുറന്ന കടലിലേക്കു നീങ്ങി. ഏതാണ്ടു മുപ്പതടിയോളം നീന്തിപ്പോയിട്ടു് അവൾ മലന്നുകിടന്നു. ചക്രവാളച്ചെരിവുവരെ കടൽ അവൾ കണ്ടു. കപ്പലുകളും, കടപ്പുറത്തുനില്ക്കുന്ന ജനങ്ങളേയും, പട്ടണവും അവൾ കണ്ടു. ഇതൊക്കെയും, പിന്നെ വീർപ്പുമുട്ടിക്കുന്ന ഉഷ്ണവും, ശക്തികുറഞ്ഞ, പ്രകാശതാര്യമായ അലകളും ചേർന്നു് അവളുടെ വികാരത്തെ ഉത്തേജിപ്പിച്ചു; ജീവിക്കു, ജീവിക്കു എന്നവളോടു മന്ത്രിച്ചു... അടുത്തുകൂടി അലകളും അന്തരീക്ഷത്തെയും കീറിമുറിച്ചുകൊണ്ടു് ഒരു മച്ചുപായ വേഗത്തിൽ ഊർജ്ജിതത്തോടുകൂടി പാഞ്ഞുപോയി. അമരത്തിരുന്നയാൾ അവളെ നോക്കി. അങ്ങനെ നോക്കുന്നതു് അവൾക്കിഷ്ടവുമായിരുന്നു....

കുളികഴിഞ്ഞു് ആ സ്ത്രീകൾ വസ്ത്രം ധരിച്ചു, അവർ ഒരുമിച്ചുതന്നെ അവിടെനിന്നു തിരിച്ചു പോരികയും ചെയ്തു.

"എനിക്കെന്നും ഒന്നിരാടൻ പനിവരുന്നു. എന്നിട്ടും ഞാൻ ക്ഷീണിക്കുന്നില്ല," കുളികൊണ്ടു് ഉപ്പുരസം കലന്ന ചുണ്ടുകളിൽ നാവോടിച്ചുകൊണ്ടും പരിചയക്കാരുടെ വണക്കത്തിനു പകരം വണങ്ങിക്കൊണ്ടും നദ്യേഷ്ദ്യാ പറഞ്ഞു. "ഞാൻ എന്നും കൊഴുത്തിട്ടായിരുന്നു. ഇപ്പോൾ ഞാൻ എന്നെത്തേക്കാളും കൊഴുത്തിരിക്കുകയാണെന്നു് എനിക്കു തോന്നുന്നു."

"അതു നിങ്ങളുടെ ശരീരപ്രകൃതമാണു്. എന്നെപ്പോലെ

ഒരിക്കലും തടിക്കാത്ത ശരീരപ്രകൃതമാണെങ്കിൽ പോഷകാഹാരങ്ങളൊന്നുംകൊണ്ടു് ഒരു പ്രയോജനവുമില്ല... അല്ല, നീയാ തൊപ്പി നനച്ചല്ലോ തങ്കം...''

''അതു സാരമില്ല. ഉണങ്ങിക്കോളും.''

വെള്ളവസ്ത്രങ്ങൾ ധരിച്ച പുരുഷന്മാർ കടപ്പുറത്തു നടക്കുന്നതും ഫ്രഞ്ചു സംസാരിക്കുന്നതും നദ്യേഷ്യാ കണ്ടു. വീണ്ടും അവൾക്കു പെട്ടെന്നു് ഒരു ആനന്ദവേപഥു അനുഭവമായി. അവൾ നൃത്തംചെയ്യാൻ പോയിട്ടുള്ളതോ, അല്ലെങ്കിൽ സ്വപ്നത്തിൽ കണ്ടിട്ടുള്ളതോ ആയ ആ വിശാലമായ ഹാളിന്റെ അസ്പഷ്ടസ്മരണയുണ്ടായി. അവളുടെ ആത്മാവിന്റെ അടിത്തട്ടിലുള്ള എന്തോ ഒന്നു്, കീഴ്ക്കിടയിലുള്ള, യാതൊരു യോഗ്യതയുമില്ലാത്ത, വിലകെട്ട ഒരു സ്ത്രീയാണവൾ എന്നു് അസ്ഫുടവും അവ്യക്തവുമായി അവളോടു മന്ത്രിച്ചുകൊണ്ടിരുന്നു...

മേരിയാ അവരുടെ വീട്ടുപടിക്കൽ നിന്നു. കേറി അല്പം ഇരുന്നിട്ടു പോകാൻ അവളെ ക്ഷണിച്ചു.

''കേറിവരൂ, തങ്കം,'' അവർ അപേക്ഷാസ്വരത്തിൽ പറഞ്ഞു. അതേസമയം ഉൽക്കണ്ഠയോടും ആശയോടുംകൂടി അവളുടെനേക്കു നോക്കുന്നുമുണ്ടായിരുന്നു. ഒരുപക്ഷേ, അവൾ ക്ഷണം നിരസിച്ചു കേറാതെ പോയേക്കും!

''വളരെ സന്തോഷം,'' നദ്യേഷ്യാ ക്ഷണം സ്വീകരിച്ചു. ''നിങ്ങളുടെകൂടെ കഴിയുന്നതിനു് എനിക്കെന്തിഷ്ടമാണെന്നറിയാമല്ലോ!''

അവൾ അകത്തേക്കു കേറി. മേരിയാ അവളെ ഇരുത്തി. കാപ്പി കൊടുത്തു, പാലട സല്ക്കരിച്ചു. അതുകഴിഞ്ഞു് അവരുടെ പൂർവ്വശിഷ്യരായിരുന്ന ഗറാത്തിൻസ്കിമാരുടെ ചിത്രം കാണിച്ചു. ഇപ്പോൾ അവർ വിവാഹിതരായിട്ടുണ്ടു്. കോസ്റ്റ്യായുടെയും കാത്യായുടെയും പരീക്ഷാറിപ്പോർട്ടുകളും കാണിച്ചുകൊടുത്തു. റിപ്പോർട്ടുകൾ വളരെ നല്ലതായിരുന്നു. എങ്കിലും അതിനെ കുറേക്കൂടി നന്നാക്കി കാണിക്കാൻവേണ്ടി, സ്കൂൾപാഠങ്ങൾ ഇക്കാലത്തു് എത്ര വിഷമംപിടിച്ചതാണെന്നു നെടുവീർപ്പോടെ പരാതിപ്പെട്ടു... അവൾ തന്റെ അതിഥിക്കു വലിയ പ്രാധാന്യം കൊടുത്തു. അവളോടു സഹത

പിച്ചു. എങ്കിലും അതേസമയം, നദ്യേഷ്യാ കോസ്റ്റ്യായുടെയും കാത്യായുടെയും സ്വഭാവത്തിൽ ചെലുത്തിയേക്കാവുന്ന ദോഷകരമായ സ്വാധീനത്തെക്കുറിച്ചോർത്തു ഖേദിക്കുകയും, അവളുടെ നിക്കോദിം വീട്ടിലുണ്ടാകാതിരുന്നതിൽ സന്തോഷിക്കുകയും ചെയ്തു. എല്ലാ പുരുഷന്മാർക്കും 'അത്തരം സ്ത്രീക'ളോട്ട് പ്രിയമായിരിക്കും എന്നുള്ള അവളുടെ അഭിപ്രായം വച്ചു നോക്കുമ്പോൾ, നദ്യേഷ്യാ നിക്കോദിമിനെയും ദുഷിപ്പിച്ചേക്കാൻ ഇടയുണ്ട്.

മേരിയാ തൻെറ സന്ദർശകയോടു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, അന്നു വൈകിട്ട് അവർ ഒരു പിക്ക്നിക്കിനു പോകാൻ ഉദ്ദേശിച്ചിരുന്നതും, അതിനെക്കുറിച്ചു 'ജപ്പാൻ കുരങ്ങുകളോട്ട്''—എന്നുവച്ചാൽ ലേവ്സ്കിയോടും നദ്യേഷ്യായോടും—ഒന്നും പറഞ്ഞേക്കരുതേ എന്ന് വോൺകൊറൻ പ്രത്യേകം അപേക്ഷിച്ചിരുന്നതും ഇടയ്ക്കിടെ ഓർക്കുന്നുണ്ടായിരുന്നു. എങ്കിലും അതിനെക്കുറിച്ച് ഒരു വാക്ക് ഓർക്കാപ്പുറത്തു വായിൽനിന്നു വീണതോടെ അവർ സർവ്വാംഗം ചുകന്ന്, ആകെ കുഴക്കത്തോടെ പറഞ്ഞു:

''നിങ്ങളും വരുമെന്നു ഞാനാശിക്കുന്നു.''

## 6

പട്ടണത്തിൽനിന്നു വടക്കോട്ടുള്ള റോഡിൽക്കൂടി അഞ്ചു നാഴിക വണ്ടി വിട്ടശേഷം, രണ്ടാറുകൾ, കരിയാറും മഞ്ഞയാറും സന്ധിക്കുന്നിടത്തുള്ള വനവസതിക്കടുത്ത് ഇറങ്ങി മീൻസൂപ്പു പാകംചെയ്യണമെന്നാണു തീരുമാനിച്ചിരുന്നത്. അഞ്ചു കഴിഞ്ഞയുടനെതന്നെ അവർ പുറപ്പെട്ടു. സംഘത്തിൻെറ ഏററവും മുമ്പിലായി, ഇരിക്കാൻ ബെഞ്ചുകളുള്ള ഒരു വണ്ടിയിൽ സമോയ്‌ലങ്കോവും ലേവ്സ്കിയും. മൂന്നു കുതിരകളെപ്പൂട്ടിയ ഒരു സവാരിവണ്ടിയിൽ, തൊട്ടു പിറകിലായി പിഞ്ഞാണങ്ങളും, ആഹാരസാധനങ്ങൾ നിറച്ച കൊട്ടയും കൊണ്ടു മേരിയായും നദ്യേഷ്യായും കാത്യയും കോസ്റ്റ്യായും. അതിൻെറ പുറകിലത്തെ വണ്ടിയിലാണു പോലീസ്ക്യാപ്റ്റൻ കിറിലിനും, നദ്യേഷ്യാ മുന്നൂറു റൂബിൾ കൊടുക്കാ

നുള്ള പീടികക്കാരൻെറ ചെറുപ്പക്കാരനായ മകൻ അച്ച്മിയാനോവും; എതിരേയുള്ള ചെറിയ ഇരിപ്പിടത്തിൽ, നിക്കോദിം മൂടി ചെന്നിയിലേക്കു ചീകിയിറക്കിയ ശുചിത്വമുള്ള ആ ചെറിയ മനുഷ്യൻ, കാലുകൾ മടക്കിവച്ചു ചുരുണ്ടുകൂടിയിരിക്കുന്നു. എല്ലാററിനും പിന്നിലാണു വോൺകൊറനും ശെമ്മാശ്ശനും; ശെമ്മാശ്ശൻെറ കാൽച്ചുവട്ടിൽ ഒരുകൊട്ട മീനുണ്ട്.

"വലത്തൊഴിഞ്ഞു്!" വണ്ടികളോ, കഴുതപ്പുറത്തുപോകുന്ന മലനാട്ടുകാരെയോ കണ്ടാലുടൻ സമോയ്ലങ്കോ പരമാവധി ഉയർത്തിയ ശബ്ദത്തിൽ അട്ടഹസിക്കും.

"രണ്ടുവർഷത്തിനുള്ളിൽ, ആവശ്യമുള്ള സാധനസാമഗ്രികളും ആളെയും തയ്യാറാക്കിക്കഴിഞ്ഞാൽ ഞാനൊരു പര്യവേക്ഷണസഞ്ചാരത്തിനു പുറപ്പെടും," വോൺകൊറൻ ശെമ്മാശ്ശനോടു പറയുകയാണു്, "ഞാൻ കടൽത്തീരംവഴി വ്ളാദിവൊസ്റ്റോക്കിൽനിന്നു ബഹ്റിങ് കടലിടുക്കിൽ എത്തും. എന്നിട്ട് അവിടെനിന്നു യനിസീ നദീമുഖത്തേക്കു പോകും. ഞങ്ങൾ ഭൂപടം നിർമ്മിക്കും, സസ്യങ്ങളെയും ജീവികളെയുംപററി പഠനംനടത്തും. ഭൂഗർഭശാസ്ത്രത്തെപ്പററിയും നരവംശവിജ്ഞാനത്തെപ്പററിയും കൂലംകഷമായ ഗവേഷണം നടത്തും. എൻെറ കൂടെ വരുന്നതോ വരാതിരിക്കുന്നതോ നിങ്ങളുടെ യുക്തം പോലെ."

"അതസാധ്യമാണു്!" വൈദികൻ പറഞ്ഞു.

"കാരണം?"

"എനിക്കു കാലിൽ പല കെട്ടുകളുണ്ട്, ഒരു കുടുംബമുണ്ട്."

"ഭാര്യ നിങ്ങളെ പോകാനനുവദിച്ചേക്കും; അവക്കു ജീവിക്കാനുള്ള വക നാം അവൾക്കുണ്ടാക്കിക്കൊടുക്കണം. പൊതുനന്മയ്ക്കുവേണ്ടി, അവരെ കന്യാമഠത്തിൽ പോകാൻ സമ്മതിപ്പിച്ചാൽ അത്രയും നന്നു്. അങ്ങനെ നിങ്ങൾക്കും ഒരു സന്യാസിയാകാം. പര്യവേക്ഷണസംഘത്തിൽ ഒരു വൈദികൻെറ നിലയിൽ ചേരുകയും ചെയ്യാം. നിങ്ങൾക്കുവേണ്ടി എല്ലാം ഞാൻ ശരിപ്പെടുത്തിക്കൊള്ളാം."

വൈദികൻ ഒന്നും മിണ്ടിയില്ല.

“നിങ്ങൾ വേദപാഠം നന്നായി ഉറപ്പിച്ചിട്ടുണ്ടോ?” ജന്തുശാസ്ത്രജ്ഞൻ ചോദിച്ചു.

“ഇല്ല, അത്രതന്നെ മെച്ചമല്ല.”

“ഉം...! അക്കാര്യത്തിൽ ഉപദേശമൊന്നും തരാൻ നിവ്വാഹമില്ല. എനിക്കുതന്നെ അതു് അധികമൊന്നും പിടിയില്ല. നിങ്ങൾക്കു് ആവശ്യമുള്ള പുസ്തകങ്ങൾ ഒന്നു കുറിച്ചുതന്നേക്കു. ശിശിരകാലത്തു് പീറേറഴ്സ്ബഗ്ഗിൽ ചെന്നിട്ടു ഞാൻ അതെല്ലാം അയച്ചുതരാം. മതസഞ്ചാരികളുടെ കുറിപ്പുകളും നിങ്ങൾ വായിക്കണം. അവരുടെയിടയിൽ പല നല്ല നരവർഗ്ഗശാസ്ത്രജ്ഞന്മാരും, പൗരസ്ത്യവിഷയപണ്ഡിതന്മാരും ഉണ്ടു്. അവരുടെ പദ്ധതി പരിചയമായിക്കഴിഞ്ഞാൽ നിങ്ങൾക്കു പ്രവൃത്തിക്കിറങ്ങാൻ കൂടുതൽ എളുപ്പമുണ്ടാകും. പിന്നെ, പുസ്തകങ്ങൾ വരുന്നതുവരെ നിങ്ങളുടെ സമയം വെറുതെ കളയേണ്ട ആവശ്യമില്ല. എൻെറയടുത്തു വരൂ. ‘വടക്കുനോക്കിയന്ത്ര’ത്തെപ്പററി പഠിപ്പിക്കാം. ജ്യോതിശ്ശാസ്ത്രത്തിൽ ചില പാഠങ്ങളെടുക്കാം. അതെല്ലാം അനുപേക്ഷണീയമാണു്.”

“തീച്ചയായും...”എന്നു പറഞ്ഞിട്ടു് ശെമ്മാശ്ശൻ പൊട്ടിച്ചിരിച്ചു. “ഞാൻ മദ്ധ്യറഷ്യയിൽ ഒരുദ്യോഗത്തിനു ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. എൻെറ അമ്മാവൻ, വൈദികപ്രധാനിയാണു്, സഹായവാഗ്ദാനവും ചെയ്തിട്ടുണ്ടു്. ഞാൻ നിങ്ങളുടെകൂടെ പുറപ്പെട്ടാൽ അവരെ കഷ്ടപ്പെടുത്തിയതു വ്യഥാവിലാകുമല്ലോ.”

“നിങ്ങളുടെ ശങ്കകൾ എനിക്കു മനസ്സിലാകുന്നില്ല. അവധിദിവസങ്ങളിൽമാത്രം ഒരു പ്രാത്ഥന നടത്തിയിട്ടു് മററു ദിവസങ്ങളിൽ ഒന്നും ചെയ്യാതെയിരിക്കാവുന്ന ഒരു സാധാരണ ശെമ്മാശ്ശനായി ഇങ്ങനെ തുടരുകയാണെങ്കിൽ പത്തുവഷക്കാലത്തിനു ശേഷവും നിങ്ങൾ ഇതേപോലെ ഇരിക്കുന്നുണ്ടാവും. ഒരു താടിയും മീശയുമല്ലാതെ വിശേഷിച്ചു സമ്പാദ്യവുമുണ്ടാവില്ല. അതേസമയത്തു്, പത്തുവഷത്തിനുശേഷം ഈ പയ്യവേക്ഷണയാത്രകഴിഞ്ഞു മടങ്ങിവരുമ്പോഴോ, നിങ്ങൾ വ്യത്യസ്തനായ ഒരു മനുഷ്യനായിരിക്കും. ഒരു കൃതകൃത്യതാബോധം നിങ്ങളെ സമ്പന്നനാക്കിയിരിക്കും.”

സ്ത്രീകളുടെ വണ്ടിയിൽനിന്നു് ഭയംകൊണ്ടും ആനന്ദം

കൊണ്ടുമുള്ള നിലവിളികൾ ഉയന്നുകൊണ്ടിരുന്നു. വണ്ടികൾ, അക്ഷരാത്ഥത്തിൽത്തന്നെ തലങ്ങുമീതെ തൂങ്ങിനില്ക്കുന്ന കിഴക്കാംതൂക്കായ പാറക്കെട്ടിൽ കുഴിച്ചുണ്ടാക്കിയ വെട്ടുവഴിയിലൂടെയാണു നീങ്ങിക്കൊണ്ടിരുന്നതു്. കുത്തനെ നില്ക്കുന്ന ഒരു ചുമരലമാരിയിലൂടെ കുതിരയെ ഓടിക്കുകയാണെന്നും, ഏതു നിമിഷവും അഗാധതയിലേക്കു മറിഞ്ഞുവീണേക്കാമെന്നും തോന്നി എല്ലാവക്കും. വലതുവശത്തു പരന്നുകിടക്കുന്ന കടൽ. ഇടതുവശത്തു തവിട്ടുനിറത്തിലുള്ള കൽച്ചുവരു്; അതിന്മേൽ കറുത്തുകരിഞ്ഞ പാട്ടുകളും, ചുകന്ന ഞരമ്പുകൾപോലുള്ള വേട്ടുകളും കാണാമായിരുന്നു. ശിഖരാഗ്രത്തിൽ ചാഞ്ഞുകുത്തി നില്ക്കുന്ന ഇരുമ്പകവൃക്ഷങ്ങൾ, ഉല്ക്കണ്ഠയോടും ജിജ്ഞാസയോടുംകൂടി താഴത്തേക്കു നോക്കുന്നതുപോലെ തോന്നും. ഒരു നിമിഷംകഴിഞ്ഞു് നിലവിളികളും പൊട്ടിച്ചിരികളും വീണ്ടുമുണ്ടായി. തലങ്ങുമീതെ വിലങ്ങത്തിൽ നില്ക്കുന്ന ഒരു കൂററൻപാറയുടെ കീഴെ അവക്കു കടന്നുപോകേണ്ടിവന്നു.

"എന്തു പണ്ടാരത്തിനാണു ഞാൻ നിങ്ങളുടെകൂടെ വരുന്നതെന്നു് അറിഞ്ഞില്ല." ലേവ്സ്കി പറഞ്ഞു. "എന്തൊരു മൂഢതയും ആഭാസത്വവുമാണിതു്! ഞാൻ വടക്കോട്ടുപോകാൻ, ഓടിക്കടക്കാൻ, രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു. പക്ഷേ, എന്തുകൊണ്ടോ, ഞാൻ ഇവിടെയിതാ ഈ ബുദ്ധിശൂന്യമായ പിക്ക്നിക്കിനു് ഇറങ്ങിത്തിരിച്ചിരിക്കുന്നു."

"എന്നാലും നോക്കൂ, എന്തൊരു കാഴ്ച!" കുതിരകൾ ഇടത്തോട്ടു തിരിയുകയും, മഞ്ഞനദീതാഴ്വര കാഴ്ചയിൽ തെളിഞ്ഞുവരികയും ചെയ്തപ്പോൾ സമോയ്ലങ്കോ പറഞ്ഞു. നദി വെയിലേററു വെട്ടിത്തിളങ്ങുകയാണു്, പീതാഭമായി, കലുഷമായി, ഉന്മത്തമായി.

"ഞാനതിൽ ഒരു ഭംഗിയും കാണുന്നില്ല," ലേവ്സ്കി മറുപടിപറഞ്ഞു. "പ്രകൃതിയുടെപേരിൽ എപ്പോഴും ആനന്ദപുളകംകൊള്ളുന്നതു് ഭാവനാദാരിദ്ര്യമാണു കാണിക്കുന്നതു്. എന്റെ ഭാവനയ്ക്കു തരാൻകഴിയുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ കാട്ടാറുകളും പാറക്കെട്ടുകളുമെല്ലാം വെറും ചവറുമാത്രം..."

വണ്ടികൾ ഈ സമയംകൊണ്ടു് നദീതീരം സമീപിച്ചി

രുന്നു. ഉന്നതമായ പർവ്വതതടങ്ങൾ അടുത്തടുത്തുവന്നു. മലഞ്ചെരിവുകൾ ചുരുങ്ങിച്ചുരുങ്ങി ഒരു പിളർപ്പിൽച്ചെന്നു് അന്തർദ്ധാനംചെയ്തു. അവരുടെ വണ്ടികൾ മലചുററിക്കയറുകയാണു്. വൻപാറകൾ ഒന്നിനുമേൽ ഒന്നായടുക്കിയാണു പ്രകൃതി അതിനെ സൃഷ്ടിച്ചിരുന്നതു്. ഓരോ പാറയും മറെറാന്നിന്റെമേൽ അമരുന്നതിൻെറ ഭീകരമായ ശക്തികണ്ടു്, അങ്ങോട്ടു നോക്കുമ്പോഴെല്ലാം സമോയ്ലങ്കോ അറിയാതെ വായ്പൊളിച്ചുപോയി. ഇരുണ്ട സുന്ദരമായ മലകളിൽ അവിടവിടെയായി വിള്ളലുകളും പിളർപ്പുകളും കാണാമായിരുന്നു. മഞ്ഞിൻെറ ഈർപ്പവും, ഏതോ അത്ഭുതരഹസ്യവും കലർന്ന നിശ്വാസവായു അവയിൽക്കൂടി നിർഗ്ഗമിച്ചിരുന്നു. മലയുടെ പിളർപ്പുകളിലൂടെ അകലെയുള്ള മററു മലകളും കാണാമായിരുന്നു. തവിട്ടും, കാവിയും, ഇളംനീലയും, ധൂസരവും നിറങ്ങളിൽ, അല്ലെങ്കിൽ തെളിഞ്ഞ വെയിലിൽ അവ ആറാടിനില്ക്കുന്നതു കാണാം. ഇടയ്ക്കിടെ ചുരങ്ങൾ കേറിയിറങ്ങുമ്പോൾ മുകളിൽനിന്നുള്ള വെള്ളച്ചാട്ടങ്ങൾ താഴെ പാറകളിൽ വീണു ചിതറുന്ന ശബ്ദവും അവർക്കിടയ്ക്കിടെ കേൾക്കാൻ കഴിഞ്ഞിരുന്നു.

"ഓ, ഈ ശാപംപിടിച്ച മലകൾ!" ലേവ്സ്കി നിശ്വാസപൂർവ്വം പറഞ്ഞു. "ഈ മലകൾ എന്നെ വല്ലാതെ മടുപ്പിച്ചിരിക്കുന്നു!"

കരിയാറു് മഞ്ഞയാററിൽ പതിക്കുന്നിടത്തു് മഷിപോലെ കറുത്തവെള്ളം മഞ്ഞയിൽ കരിപുരട്ടി തമ്മിൽ കെട്ടിമറിയുകയുമാണു്. അതിനു സമീപമാണു് കെർബലേയുടെ വനവസതി. അതിൻെറ മോന്തായത്തിൽ റഷ്യൻപതാകയും, 'ഉല്ലാസകരമായ' വനവസതി എന്നു് ചോക്കുകൊണ്ടെഴുതിയ ഒരു വിജ്ഞാപനവും കാണാം. അതിനരികിലായി ചുററും തറവേലി കെട്ടിത്തിരിച്ച ഒരു കൊച്ചുപൂന്തോട്ടമുള്ളതിൽ മേശകളും കസേരകളും നിരത്തിയിട്ടിരുന്നു. മുരത്ത മുൾച്ചെടിപ്പടർപ്പുകൾക്കിടയിൽ, കറുത്തു മനോഹരമായ ഒരു സൈപ്രസ് വൃക്ഷം ഏകാകിയായി നിന്നിരുന്നു.

കെർബലേ, നീലഷർട്ടും വെള്ളമുന്നാരത്തുണിയും ധരിച്ച, തലയെടുപ്പുള്ള ശീഘ്രഗതിക്കാരനായ ആ താത്തരിക്കാരൻ, വഴിയിൽ തന്നെ കാത്തു നില്ക്കുന്നുണ്ടായിരുന്നു. വണ്ടി

കളെ സ്വാഗതം ചെയ്തുകൊണ്ട് അയാൾ കുനിഞ്ഞു വണങ്ങി. ആ വെളുത്ത പല്ലുകൾ മുഴുവൻ പുറത്തിട്ടു പുഞ്ചിരി തൂകി.

"ഗുഡ്ഈവ്നിങ്ങ്, കെർബലേ," സമോയ്ലങ്കോ വിളിച്ചുപറഞ്ഞു. "ഞങ്ങൾ അല്പംകൂടി അങ്ങോട്ടു വണ്ടി വിടുകയാണ്, സമോവറും കസേരകളും അങ്ങോട്ടു കൊണ്ടുവന്നേക്കൂ. ശീഘ്രം!"

കെർബലേ മുണ്ഡനം ചെയ്ത ആ ശിരസ്സ് ആട്ടിക്കൊണ്ട് എന്തോ പറഞ്ഞു. ഒടുവിലത്തെ വണ്ടിയിൽ ഇരുന്നവർക്കേ അതു കേൾക്കാൻ കഴിഞ്ഞുള്ളു, "തിരുമേനീ, ആററുചെമ്പല്ലി കിട്ടീട്ടുണ്ട്."

"കൊണ്ടുപോരു, കൊണ്ടുപോരു," വോൺകൊറൻ പറഞ്ഞു.

വനവസതിയുടെ അഞ്ഞൂറടി അകലെയായി വണ്ടികൾ നിന്നു. അവിടെ ഇരിക്കാൻ പാകമുള്ള കല്ലുകൾ ചുറ്റും നിന്നിരുന്ന ഒരു കൊച്ചു പുൽത്തകിടി സമോയ്ലങ്കോ തിരഞ്ഞെടുത്തു. കൊടുങ്കാററടിച്ചു പിഴുതുവീണ്, വേരുകളിൽ പച്ചയും, ഉണങ്ങിയ മഞ്ഞമുള്ളുകളും പിടിച്ചു മേഞ്ഞ ഒരു മരവും അവിടെ കിടന്നിരുന്നു. ഇവിടെ നദിയിൽ ഉറപ്പില്ലാത്ത ഒരു പാലമുണ്ടായിരുന്നു. നേരേ അക്കരെ നാലു കുററികളിൽ നിർത്തിയ, ചോളം ഉണക്കാനുള്ള ഒരു കളപ്പുരയുണ്ട്. കാഴ്ചയിൽ യക്ഷികഥകളിലെ കോഴിക്കാലിൽ നില്ക്കുന്ന കുടിലുപോലെ തോന്നും. വാതിൽക്കൽ ഒരു ചെറിയ, കോണി ചാരിവെച്ചിരിക്കുന്നു.

ആകെക്കൂടി ആദ്യം മനസ്സിലുദിക്കുന്ന അഭിപ്രായം അവിടെനിന്ന് ഇനി കരകേററമുണ്ടാവുകയില്ലല്ലോ എന്നാണ്. എങ്ങോട്ടു തിരിഞ്ഞാലും നോക്കുന്നിടത്തെല്ലാം തലയ്ക്കുമീതെ ഉയർന്നുനില്ക്കുന്ന മലകൾ. വനവസതിയിൽനിന്ന്, കറുത്ത സൈപ്രസ്സിൽനിന്ന് എല്ലാം സന്ധ്യാകാലനിഴലുകൾ അറിയാതെ വന്നു നിറക്കുകയാണ്, കരിയാറിന്റെ വളഞ്ഞുപുളഞ്ഞ തീരഭൂമികളുടെ ഇടുക്കവും, മലകളുടെ ഉയരവും വർദ്ധിപ്പിച്ചുകൊണ്ട്. നദിയുടെ മർമ്മരവും, ചീവീടുകളുടെ ഇടതടവില്ലാത്ത കരച്ചിലും, കേൾക്കാനുണ്ട്.

“മനോഹരം!” ആനന്ദപാരമ്യത്തിൽ നീണ്ട ദീർഘനിശ്വാസങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് മേരിയാ പറഞ്ഞു: “കുഞ്ഞുങ്ങളേ, എന്തു സുന്ദരമെന്നു നോക്കു. എന്തൊരു ശാന്തി!”

“അതേ, വാസ്തവത്തിൽ സുന്ദരമായിട്ടുണ്ടു്,” ആ കാഴ്ചയിൽ പ്രീതനായ ലേവ്സ്കി സമ്മതിച്ചു. ആകാശത്തേക്കും അവിടെനിന്നു് വനവസതിയുടെ പുകക്കുഴലിൽനിന്നുയരുന്ന നീലപ്പുകയിലേക്കും കണ്ണോടിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾക്കു് എന്തുകൊണ്ടോ വിഷാദം അനുഭവപ്പെട്ടു. “അതേ, സുന്ദരമായിട്ടുണ്ടു്,” അയാൾ ആവർത്തിച്ചു.

“ഈ കാഴ്ചയെ ഒന്നു വർണ്ണിക്കു, ഇവാൻ, ”മേരിയാ ആനന്ദാശ്രുക്കളോടെ അപേക്ഷിച്ചു.

“എന്തിനു്?” ലേവ്സ്കി പറഞ്ഞു, “ഏതൊരു വർണ്ണനയെക്കാളും സുന്ദരമാണു് ആ അനുഭൂമി. പ്രകൃതിയിൽനിന്നു നേരിട്ടുകിട്ടുന്ന ശ്രുതിദൃശ്യസമ്പത്തത്രയും, ഗ്രന്ഥകാരന്മാർ അവരുടെ ജുഗുപ്സാവഹമായ, ദുർഗ്രഹമായ തരത്തിലുള്ള ജല്പനഘോഷണങ്ങൾക്കു് വിഷയമാക്കുന്നു.”

“വാസ്തവം?” വെള്ളത്തിൽ തൊട്ടുനില്ക്കുന്ന ഏററവും മുഴുത്ത പാറ തിരഞ്ഞെടുത്തു്, പൊത്തിപ്പിടിച്ചു് അതിൽ കേറിക്കൂടാൻ ശ്രമിക്കുന്ന വോൺകൊറൻ ഉദാസീനതയോടെ ചോദിച്ചു. “വാസ്തവംതന്നെയോ?” ലേവ്സ്കിയുടെ മുഖത്തു തുറിച്ചുനോക്കിക്കൊണ്ടു് അയാൾ ആവർത്തിച്ചു. “റോമിയോ–ജൂലിയററി’ൻെറ കാഴ്ചമോ? അഥവാ, ഉദാഹരണത്തിനു്, പുഷ്കിൻെറ ‘ഉക്രെയ്നിലെ രാത്രി’യുടെ കാഴ്ചമോ? പ്രകൃതി വന്നിട്ടു് അവരുടെ പാദത്തിൽ നമസ്കരിക്കണം.”

“ശരിയാവാം,” ലേവ്സ്കി പറഞ്ഞു. മടിയുടെ കൂടുതൽകൊണ്ടു് ചിന്തിക്കാനോ എതിർക്കാനോ ഉള്ള മനോഭാവം അയാൾക്കുണ്ടായില്ല. “എന്നാലും, ഒക്കെയായാലും, എന്താണീ റോമിയോവും ജൂലിയററും’?” തെല്ലിട മിണ്ടാതിരുന്നശേഷം അയാൾ ചോദിച്ചു. “കാവ്യത്തിൻെറ സൗന്ദര്യവും പ്രേമത്തിൻെറ പരിപാവനത്വവുമെല്ലാം അതിൻെറ വ്രണം കണ്ണിൽ നിന്നൊളിക്കാൻ ഉപയോഗിച്ചു നോക്കുന്ന പനിനീർപ്പൂക്കൾമാത്രം. നമ്മെപ്പോലുള്ള മററൊരു മൃഗം തന്നെ റോമിയോവും.”

“നിങ്ങളോടെന്തുകാര്യം സംസാരിച്ചാലും, നിങ്ങളതു വളച്ചുതിരിച്ചു് കൊണ്ടുവരുന്നതു്...” വോൺകൊറൻ തിരിഞ്ഞു കാത്യ്യായുടെ നേക്കു നോക്കിയിട്ടു് ഇടയ്ക്കു നിർത്തിക്കളഞ്ഞു.

“ഞാൻ വളച്ചുതിരിച്ചു് എവിടെ കൊണ്ടുവരുന്നു?” ലേവ്സ്കി ചോദിച്ചു.

“നിങ്ങളോടു്, ഉദാഹരണത്തിനു്, ‘ഒരു മുന്തിരിക്കുല എത്ര മനോഹരമാ’ണെന്നു പറഞ്ഞാൽ അപ്പോൾ നിങ്ങൾ പറയും, ‘തന്നെ, പക്ഷേ, അതു കടിച്ചു ചവച്ചു വയററിൽചെന്നു ദഹിക്കുമ്പോൾ എത്ര വൃത്തികെട്ടതാണു്!’ എന്തിനതു പറയുന്നു? അതു പുത്തനല്ല. എന്നല്ല...ആകെപ്പാടെ അതൊരു വിലക്ഷണസമ്പ്രദായമാണു്.”

വോൺകൊറനു തന്നെ ഇഷ്ടമല്ലെന്നു് ലേവ്സ്കിക്കറിയാമായിരുന്നു. അതുകൊണ്ടു് അയാളെ ഭയവുമായിരുന്നു. അയാളുള്ളപ്പോൾ എല്ലാവരും വിമ്മിഷ്ടപ്പെട്ടിരുന്നതുപോലെയും, തന്റെ പിന്നാമ്പുറത്തു് ആരോ വന്നു നില്ക്കുന്നതുപോലെയും തോന്നിയിരുന്നു. അയാൾ യാതൊന്നും മറുപടി പറയാതെ, വന്നുപോയതിൽ ഖേദത്തോടുകൂടി അവിടെനിന്നു നടന്നുകളഞ്ഞു.

“മാന്യരെ, ഓടിപ്പോയി അടുപ്പിൽവയ്ക്കാൻ വിറകു പെറുക്കിക്കൊണ്ടു വരിക,” സമോയ്ലങ്കോ കല്പനകൊടുത്തു.

അവരെല്ലാവരും പല വഴിയായി പുറപ്പെട്ടു കഴിഞ്ഞപ്പോൾ അവിടെ കിറിലിനും അച്ച്മിയാനോവും നിക്കോദിമും മാത്രം ശേഷിച്ചു. കെർബലേ കസേരകൾകൊണ്ടുവന്നു. മണ്ണിൽ ഒരു പരവതാനി വിരിച്ചു കുറേ വീഞ്ഞുകുപ്പികൾ നിരത്തിവച്ചു.

പോലീസ്ക്യാപ്ററൻ കിറിലിൻ, എല്ലാക്കാലത്തും പുറംകോട്ടു ധരിച്ചു നടക്കാറുള്ള ഒരു ദീർഘകായനാണു്. ഉദ്ധതമായ പെരുമാററവും, ഗാംഭീര്യം സ്ഫുരിക്കുന്ന ദേഹവും, കനത്ത പാറിയ ശബ്ദവുമൊക്കെയുള്ള യുവാവായ ഒരു ഡിസ്ത്രിക്ടു് പോലീസ്മേധാവിയുടെ പൂർണ്ണഭാവമുണ്ടയാൾക്കു്. അയാളുടെ മുഖത്തു ദുഃഖഭാവവും, സ്വാഭീഷ്ടത്തിനു വിപരീത

മായി ഉറക്കത്തിൽനിന്നു് ഉണർത്തിക്കൊണ്ടുവന്നതുപോലെ ഉറക്കക്ഷീണവുമുണ്ടായിരുന്നു.

"എടാ മൃഗമേ, ഇതു വലിച്ചുകൊണ്ടുവന്നിരിക്കുന്നതെന്തിനു്?" ഓരോ വാക്കും മനഃപൂർവ്വം എടുത്തെടുത്തു് അയാൾ കെർബലേയോടു ചോദിച്ചു. "ക്വാറൽ വീഞ്ഞു കൊണ്ടുവരണമെന്നു ഞാൻ പറയുന്നു. എന്നിട്ടു നീ കൊണ്ടുവരുന്നതോ, എന്താണു്? എടാ വൃത്തികെട്ട താർത്താരിക്കാരാ, എയ്, എന്താണു്?"

"നമ്മുടെ വീഞ്ഞുതന്നെ വേണ്ടുവോളമുണ്ടല്ലോ," നിക്കോദിം മര്യാദപൂർവ്വം സശങ്കം അഭിപ്രായം പ്രകടിപ്പിച്ചു.

"എന്തു്? എന്നാൽ എനിക്കു എന്റെ വീഞ്ഞു് ഇവിടെ വേണമെന്നാണു്. പിക്ക്നിക്കിൽ പങ്കെടുക്കുന്ന സ്ഥിതിക്കു് എന്റെ പങ്കു കൊണ്ടുവരാൻ എനിക്കും പൂർണ്ണാവകാശമുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. എന്നാണു ഞാൻ വിചാരിക്കുന്നതു്! പത്തുകുപ്പി ക്വാരൽ കൊണ്ടുവരൂ!"

"എന്തിനത്രയേറെ?" കിറിലിന്റെ കൈയിൽ പണമില്ലെന്നറിയാമായിരുന്ന നിക്കോദിം അത്ഭുതപൂർവ്വം ചോദിച്ചു.

"ഇരുപതു കുപ്പി! മുപ്പതു്!" കിറിലിൻ അട്ടഹസിച്ചു.

"സാരമില്ല, വരുത്തട്ടെ," അച്ച്മിയാനോവ് നിക്കോദിമിനോടു മന്ത്രിച്ചു, "ഞാൻ പണം കൊടുത്തോളാം."

"നദ്യേഷ്ദ്യാ ഹൃദയലാഘവവും കുസൃതിയും തോന്നുന്ന ഒരു അവസ്ഥയിലായിരുന്നു. അവൾക്കു തുള്ളാനും ചാടാനും ചിരിക്കാനും അട്ടഹസിക്കാനും കളിയാക്കാനും കൊഞ്ചിക്കുഴയാനും ആഗ്രഹമുണ്ടായി. കോളാമ്പിപ്പൂക്കളുടെ പടമുള്ള, വിലകുറഞ്ഞ നീല പരുത്തിവസ്ത്രങ്ങളും, ചുകന്ന ചെരിപ്പുകളും, പുൽത്തൊപ്പിയും ധരിച്ച അവൾ ഒരു ചിത്രശലഭത്തെപ്പോലെ ശാലീനയായ, കനമില്ലാത്ത ആകാശത്തിന്റെ ഒരു സന്തതിയാണെന്നവൾക്കു തോന്നി. അവൾ ഇളകുന്ന പാലത്തിൽ ഓടിക്കേറി, ഒരു നിമിഷനേരം, തലകറക്കം തോന്നാൻ വേണ്ടി വെള്ളത്തിൽ നോക്കിനിന്നു; എന്നിട്ടു് അമറുകയും നിലവിളിക്കുകയും ചെയ്തുകൊണ്ടു് അക്കരെ കുളപ്പുരയുടെ അടുത്തേക്കോടി. സകല പുരുഷന്മാരും, കെർബലേക്കൂടി, തന്നെ ആരാധിക്കുകയാണെന്നവൾക്കു തോന്നി. അതിവേഗം പരക്കുന്ന

അന്ധകാരത്തിൽ മരങ്ങൾ മലകളിലേക്കും, കുതിരകൾ വണ്ടികളിലേക്കും ലയിക്കാൻ തുടങ്ങുകയും, വനവസതിയുടെ ജനാലകളിൽ ദീപം പ്രകാശിക്കുകയും ചെയ്തപ്പോൾ പാറകളുടെയും മുൾപ്പടർപ്പുകളുടെയും ഇടയിൽക്കൂടി വളഞ്ഞുപുളഞ്ഞുപോകുന്ന ഒററയടിപ്പാതയിലൂടെ മലയിൽക്കയറി അവർ ഒരു കല്ലിൽ ഇരുന്നു. താഴെ, താവളത്തിലെ തീക്കുണ്ഡം എരിയുന്നുണ്ടായിരുന്നു. തീക്കട്ടത്ത് ഉടുപ്പിന്റെ കൈ തെറുത്തുവച്ചുകൊണ്ടു ശെമ്മാശ്ശൻ മുന്നാക്കംപിന്നാക്കം നടന്നുകൊണ്ടിരുന്നു; അയാളുടെ നീണ്ട കറുത്ത നിഴൽ അതിനു ചുററും ഒരു വൃത്തം സൃഷ്ടിച്ചുകൊണ്ടിരുന്നു. അയാൾ അടുപ്പിൽ വിറകുകൂട്ടുകയും, നീളമുള്ള ഒരു വടിയിൽ ഒരു സ്പൂൺ വച്ചുകെട്ടി അതുകൊണ്ടു കുട്ടകത്തിൽ ഇളക്കുകയും ചെയ്യുന്നുണ്ട്. ചെമ്പുപോലെ ചുകന്ന മുഖവുമായി സമോയ്‌ലങ്കോ, സ്വന്തം അടുക്കളയിൽ വച്ചെന്നപോലെയാണു തീയ്ക്കു ചുററും ഓടിക്കൊണ്ട് അരിശത്തോടുകൂടി വിളിച്ചുചോദിക്കുകയാണ്:

''ഉപ്പെവിടെ? മാന്യരേ, നിങ്ങൾ മറന്നുപോയില്ലെന്നു വാതുകെട്ടുന്നോ? ഞാൻ ഈ പണിയൊക്കെ ചെയ്യുമ്പോൾ നിങ്ങൾ തമ്പുരാക്കന്മാരെപ്പോലെ ചുററും കുത്തിയിരിക്കുന്നതെന്ത്?''

ലേവ്സ്കിയും നിക്കോദിമും തീക്കുണ്ഡത്തിലേക്കു വിഷാദപൂർവ്വം നോക്കിക്കൊണ്ടു വീണുകിടക്കുന്ന മരത്തിൽ ഇരിക്കുകയാണ്. മേരിയായും കാത്യായും കോസ്ത്യായുംകൂടി കൊട്ടയിൽനിന്നു കോപ്പകളും പിഞ്ഞാണങ്ങളും പുറത്തെടുക്കുന്നു. വോൺകൊറൻ കൈയുംകെട്ടി, ഒരു കാൽ കല്ലിൽ കേററിച്ചവുട്ടി, എന്തോ ആലോചിച്ചുകൊണ്ടു വെള്ളത്തിനടുത്തുതന്നെ ഒരു മണൽത്തിട്ടയിൽ നില്ക്കുകയാണ്. തീയിൽനിന്നു പുറപ്പെടുന്ന ചുകന്ന പ്രകാശശകലങ്ങൾ നിഴലുകളോടിടകലർന്ന് ആ കറുത്ത മനുഷ്യരൂപങ്ങളുടെ പരിസരത്തുള്ള നിലത്തു വീണിളകി, മലയിൽ, മരങ്ങളിൽ, പാലത്തിൽ, കളപ്പുരമേൽ എല്ലാം വീണു ഓളംവെട്ടി. അക്കരെ ചെത്തിയിറക്കിയ ചെങ്കുത്തായ തീരംമുഴുവൻ പ്രകാശം പരന്നു നദീജലത്തിൽ തിളങ്ങിക്കൊണ്ടിരുന്നു. കലങ്ങിമറിഞ്ഞൊഴുകുന്ന വെള്ളം അതിൻെറ പ്രതിച്ഛായയെ ഛിന്നഭിന്നമാക്കിക്കൊണ്ടിരുന്നു.

കെർബലേ ആററുവക്കത്തിരുന്നു വെട്ടിക്കഴുകുന്ന മീൻ വാങ്ങിക്കൊണ്ടുവരാൻ പുറപ്പെട്ട ശെമ്മാശ്ശൻ പകുതിവഴി ചെന്നിട്ടു നിന്നു; ചുററുപാട്ടും കണ്ണോടിച്ചു.

'എൻെറ കത്താവേ, എന്തൊരിമ്പക്കാഴ്ച!' അയാൾ ചിന്തിച്ചു: ആളുകൾ, പാറകൾ, ആ തീക്കണ്ഡം, സന്ധ്യാവെളിച്ചം ഭീമാകാരമായ ഒരു വൃക്ഷം—അത്രതന്നെ. എന്നിട്ടും, എത്ര സുന്ദരം!'

നദീതീരത്തു് അകലെ ഒരിടത്തു്, കളപ്പുരയ്ക്കു സമീപത്തായി ചില അജ്ഞാതരായ വ്യക്തികൾ പ്രത്യക്ഷരായി. ചഞ്ചലമായ പ്രകാശവും, അഗ്നികുണ്ഡത്തിൽനിന്നു് ആ ദിക്കിലേക്കു പരക്കുന്ന പുകയും, പെട്ടെന്നു് അവരെ ആകപ്പാടെ കാണുന്നതസാധ്യമാക്കിയിരുന്നു. എങ്കിലും ക്രമേണ അല്പാല്പമായി, ഒരു വെളുത്ത തൊപ്പി, ഒരു നരച്ച താടി, ഒരു നീലയുടുപ്പു്, കഴുത്തുമുതൽകാൽമുട്ടവരെപഴന്തുണികളും, ശരീരത്തിൽ ഒരു കഠാരിയും ധരിച്ച ഒരു രൂപം. പിന്നെ ഒരു യുവാവിൻെറ ഭംഗിയില്ലാത്ത മുഖവും, കരിപ്പെൻസിൽകൊണ്ടു വരച്ചതുപോലെ അത്ര ഇടതൂന്ന തെളിഞ്ഞ പുരികങ്ങളും കണ്ണിൽവന്നുപെട്ടു. അവരിൽ അഞ്ചുപേർ നിലത്തു വട്ടംകൂടിയിരുന്നു. മറ്റുള്ള അഞ്ചുപേർ കളപ്പുരയിലേക്കുകേറിപ്പോയി. ഒരാൾ വാതില്ക്കൽ, തീക്കണ്ഡത്തിലേക്കു പുറംതിരിഞ്ഞു്, കൈ പുറകിൽ കെട്ടിനിന്നുകൊണ്ടു് എന്തോ പറയാൻ തുടങ്ങി. വളരെ താല്പര്യജനകമായ എന്തോ ആയിരിക്കണം. എന്തായാലെന്നുവച്ചാൽ സമോയ്‌ലങ്കോ ചുള്ളികൾ പെറുക്കിയിട്ടു തീ ആളിക്കത്തിച്ചു. തീപ്പൊരി പാറിക്കയും, കളപ്പുരയിൽ വെളിച്ചം പരത്തുകയും ചെയ്തപ്പോൾ, അത്യന്തം ശ്രദ്ധാഭാവത്തോടുകൂടിയ രണ്ടു മുഖങ്ങൾ വാതില്ക്കൽക്കൂടി നോക്കിനില്ക്കുന്നതു കാണായി. അതുപോലെതന്നെ വട്ടംകൂടിയിരുന്നവർ പുറകോട്ടുതിരിഞ്ഞു് സംഭാഷണത്തിൽ ദത്തശ്രദ്ധരായി. താമസംവിനാ, വട്ടംകൂടിയിരുന്നവർ സംഗീതാത്മകമായി വിളംബിതത്തിൽ ഒരു ഗീതം ആരംഭിച്ചു. ലെന്റൻദേവാലയ സംഗീതംപോലെ തോന്നും... അവരുടെ സംഗീതം ശ്രദ്ധിച്ചുകൊണ്ടു നില്ക്കുമ്പോൾ, ശെമ്മാശ്ശൻ, പത്തുവഷത്തിനുശേഷം പര്യവേക്ഷണസഞ്ചാരം കഴിഞ്ഞു മടങ്ങിവരുന്ന അവസരത്തിലുള്ള തൻെറ സ്ഥിതി ഭാവ

നയിൽ ദർശിച്ചു. സന്യാസം സ്വീകരിച്ച ഒരു പാതിരിയായിരിക്കും താൻ. ആകർഷകമായ ഭൂതകാലത്തോടുകൂടിയ, പ്രശസ്തനായ ഒരു ഗ്രന്ഥകാരൻ. താൻ ഒരു മൂപ്പച്ചനായും, പിന്നാലെ ഒരു മെത്രാനായും അഭിഷേകിക്കപ്പെട്ടും. താൻ പള്ളിയിൽ മീസപ്രാർത്ഥന നിർവ്വഹിക്കും, സ്വർണ്ണവർണ്ണമായ നിലയങ്കി ധരിച്ച്, കുരിശുരൂപം മാറിലടക്കിപ്പിടിച്ചുകൊണ്ടു താൻ പള്ളിക്കുടത്തിലേക്കിറങ്ങിച്ചെന്ന് അവരെ ത്രിശിരസ്സവും ദ്വിശിരസ്കവുമായ 'സ്ലീബാ'കൊണ്ടനുഗ്രഹിച്ചശേഷം പ്രാർത്ഥിക്കും: 'ദൈവമേ, ആകാശത്തിൽനിന്ന് താഴേക്കു കണ്ണയച്ചു നിന്റെ കൈ നട്ടുപിടിപ്പിച്ചതായ ഈ മുന്തിരിത്തോട്ടം വീക്ഷിക്കുമാറാകേണമേ, സന്ദർശിക്കപ്പെടുമാറാകേണമേ!' അതിനു ബദലായി ബാലന്മാർ മാലാഖാമാരുടേതുപോലുള്ള ശബ്ദത്തിൽ പാട്ടും: "പരിശുദ്ധനായ ദൈവമേ!..."

"ശെമ്മാശ്ശോ, മീനെവിടെ?" സമോയ്‌ലങ്കോയുടെ ശബ്ദം കേട്ടു.

തീയുടെ അടുത്തേക്കു മടങ്ങിപ്പോകുമ്പോൾ ശെമ്മാശ്ശൻ, ജൂലൈമാസത്തിലെ വെയിലുള്ള ഒരു ദിവസം പൊടിനിറഞ്ഞ റോഡിലൂടെ നടന്നുപോകുന്ന പള്ളിഘോഷയാത്രയുടെ സങ്കല്പദർശനത്തിൽ മുഴുകിപ്പോയി. മുമ്പിൽ കൊടിയുംപിടിച്ചു കൃഷീവലന്മാർ, കുരിശുരൂപങ്ങളേന്തി സ്ത്രീകളും കുട്ടികളും അതിന്റെ പിന്നാലെ ബാലഗായകസംഘവും, മുഖം അടച്ചുകെട്ടി, മുടിയിൽ വയ്ക്കോൽത്തിരിച്ചുടി കപ്യാരും, പിന്നെ യഥായോഗ്യം അണിഞ്ഞൊരുങ്ങി ശെമ്മാശ്ശനായ താൻ, തന്റെ പിന്നിൽ വെളുത്ത ളോഹയിട്ട് കൈയിൽ കുരിശുമെടുത്ത് പാതിരി; അവരുടെ പിന്നിലായി പൊടി ചവിട്ടിയുയർത്തിക്കൊണ്ട് ഒരുസംഘം കർഷകന്മാർ—പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും. ആ കൂട്ടത്തിനിടയിൽ തന്റെ ഭാര്യയും പാതിരിയച്ചന്റെ ഭാര്യയും ഉറുമാൽ തലയിൽക്കെട്ടി നടക്കുന്നുണ്ടാവും. ഗായകസംഘം പാടുന്നു, വെറുകുട്ടികൾ നിലവിളിക്കുന്നു... വയലിലിരുന്നു മുണ്ടികൾ കരയുന്നു, വാനമ്പാടികൾ സംഗീതമാലപിക്കുന്നു... അനന്തരം അവർ ഒരിടത്തു നിലയുറപ്പിച്ചശേഷം ആ കുന്തൊട്ടിൻപറമ്പത്തെ തീർത്ഥജലംകൊണ്ടുപസ്തരിക്കുന്നു... അവർ പിന്നെയും മുന്നോട്ടു പോയി, മുട്ടുകുത്തി മഴ

ഷ്ടുവേണ്ടി പ്രാൎത്ഥിക്കുന്നു. അതുകഴിഞ്ഞാൽ പ്രാതലായി. വൎത്തമാനങ്ങളായി...

"അതും മനോഹരംതന്നെ,..." ശെമ്മാശ്ശൻ പറഞ്ഞു.

## 7

കിറിലിനും അച്ച്മിയാനോവും ഒററയടിപ്പാതയിലൂടെ മലമുകളിലേക്കു നടന്നു. കിറിലിൻ, നദ്യേഷ്ദ്യായുടെ അടുത്തേക്കു നടന്നപ്പോൾ അച്ച്മിയാനോവ് പുറകോട്ടു വലിഞ്ഞു, അവിടെ നിന്നു.

"ഗുഡ് ഈവിനിങ്" തൊപ്പിയിൽ കൈവച്ചുകൊണ്ടു് അയാൾ പറഞ്ഞു.

"ഗുഡ് ഈവനിങ്!"

"തന്നെ?" ആകാശത്തേക്കു കണ്ണുയച്ചുകൊണ്ടും ചിന്തനടിച്ചുകൊണ്ടു കിറിലിൻ പറഞ്ഞു.

"എന്തു തന്നെ?" അല്പനേരം മൗനമവലംബിച്ചശേഷം, അച്ച്മിയാനോവ് തങ്ങളെ ശ്രദ്ധിക്കുകയാണെന്നു മനസ്സിലാക്കിയ നദ്യേഷ്ദ്യാ ചോദിച്ചു.

"അങ്ങനെ," ആ ഉദ്യോഗസ്ഥൻ മെല്ലെ പറഞ്ഞു, "നമ്മുടെ പ്രേമം ഇതൾ വിരിയുംമുമ്പു വാടിപ്പോയതാണെന്നു വേണം പറയാനെന്നു തോന്നുന്നു. ഞാൻ അതിനെക്കുറിച്ചു് എന്തു ഗ്രഹിക്കണമെന്നാണാവോ ആഗ്രഹിക്കുന്നതു്? നിങ്ങളുടെ എന്തോ ഒരു ചാപല്യമെന്നോ? അതോ നിങ്ങളുടെ ഇഷ്ടംപോലെ എടുത്തു കളിക്കാവുന്ന ഒരു ജള്ളകമായിട്ടെന്നെ ഗണക്കാക്കിയിരിക്കുന്നോ?"

"അതൊരബദ്ധമായിരുന്നു, എനിക്കു സ്വൈരം തരു," നദ്യേഷ്ദ്യാ രൂക്ഷമായി പറഞ്ഞു. അപ്പോൾ, അനുപമസുന്ദരമായ ആ സന്ധ്യാകാലത്തിൽ, അവൾ ഭയാവേഗത്തോടെ അയാളെ നോക്കി. ആ മനുഷ്യൻ തന്നെ ആകർഷിക്കുകയും, തനിക്കു് അയാളോടു് അടുപ്പം തോന്നുകയും ചെയ്ത ഒരു നിമിഷം യഥാൎത്ഥത്തിൽ ഉണ്ടാകാൻ സാധ്യമായിരുന്നോ എന്നവൾ കുഴക്കത്തോടെ ചിന്തിച്ചു.

"അപ്പോൾ അങ്ങനെയാണു്!" കിറിലിൻ പറഞ്ഞു. അല്പനിമിഷം നിശ്ശബ്ദമായി ആലോചിച്ചശേഷം അയാൾ അറിയിച്ചു. "ശരി, നിങ്ങളുടെ മനസ്സു കുറേക്കൂടി പ്രസന്നമാകുന്നിടംവരെ ഞാൻ ക്ഷമിക്കാം. അതേസമയം ഞാൻ ഒരു മാന്യനാണെന്നും, അതിനെപ്പററി ആക്കും ഒരു സംശയത്തിനവസരം കൊടുക്കുകയില്ലെന്നും ഉറപ്പും തരാം, വരട്ടെ!"

അയാൾ തൊപ്പിയിൽ വിരൽതൊട്ടു വന്ദിച്ചശേഷം കുററിക്കാടുകളുടെ ഇടവഴി നടന്നുപോയി. തെല്ലിട കഴിഞ്ഞു് അച്ച്മിയാനോവു് സശങ്കം അടുത്തുചെന്നു.

"എത്ര മനോഹരമായ സന്ധ്യ!" ഒട്ടൊരാമ്മീനിയൻ ച്ചുവയോടെ അയാൾ പറഞ്ഞു.

കാഴ്ചയിൽ സുന്ദരൻ, പരിഷ്കൃതമായ വേഷം, നല്ല ശിക്ഷണംലഭിച്ച യുവാക്കളിൽ സ്വാഭാവികമായ ഹാർദ്ദമായ പെരുമാററം ഇതൊക്കെ ഉണ്ടായിട്ടും നദ്യേഷ്ദ്യായ്ക്കു് അയാളെ ഇഷ്ടമായില്ല. ഒരു പീടികക്കാരനെ പിക്ക്നിക്കിനു ക്ഷണിച്ചതും അവളെ അസുഖപ്പെടുത്തി. അവളുടെ ഹൃദയം അത്ര വിശുദ്ധമായി അനുഭവപ്പെട്ട ആ സന്ധ്യാകാലത്തു് അയാൾ അവളുടെ സമീപത്തു ചെന്നതിൽ അവൾക്കു് അസഹ്യതയുണ്ടായി.

"ആകപ്പാടെ ഒരു വിജയമാണു് ഈ പിക്ക്നിക്ക്," ഒരു നിശ്ശബ്ദതയ്ക്കുശേഷം അയാൾ അഭിപ്രായപ്പെട്ടു.

"അതേ," അവൾ യോജിച്ചു. എന്നിട്ടു് കടത്തിൻെറ കാര്യം പെട്ടെന്നു് ഓമ്മവന്നമട്ടിൽ അശ്രദ്ധമായി പറഞ്ഞു, "ഓ, നിങ്ങളുടെ കടയിലുള്ളവരോടു പറഞ്ഞേക്കു, ഇവാൻ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അതിലേ കേറി മുന്നൂറു റൂബിൾ കൊടുത്തേക്കും... കൃത്യമായ തുക ഞാനോക്കുന്നില്ല."

"ആ കടത്തിൻെറ കായ്യം നിങ്ങളിങ്ങനെ എന്നും പറയാതിരിക്കുമെങ്കിൽ ഇനിയൊരു മുന്നൂറു റൂബിൾ ഞാൻ ചുമ്മാ തന്നേക്കാം. എന്തിനേ വെറും സാധാരണക്കാരേപ്പോലാകുന്നതു്?"

നദ്യേഷ്ദ്യാ ചിരിച്ചു. താനൊന്നു സമ്മതം മൂളുകയും, അതിനു വേണ്ടത്ര ചാരിത്രശൂന്യത ഉണ്ടാവുകയുമാണെങ്കിൽ ഒരു നിമിഷംകൊണ്ടു് ആ കടത്തിൽനിന്നു മോചനംനേടാൻ കഴിയുമെന്ന ആശയം അവളുടെ മനസ്സിൽ ഉദിച്ചു. ഉദാഹര

ണത്തിന്, താൻ ഈ വിഡ്ഢിച്ചെക്കന്റെ തല തിരിക്കുന്നെങ്കിൽ! സത്യത്തിൽ എത്ര വിനോദകരവും, അസംബന്ധവും, കാട്ടുകേറിയതുമാവുമതു്! അവൾക്കു പെട്ടെന്നൊരാവേശം തോന്നുകയും ചെയ്തു. അവനെക്കൊണ്ടു് അവളെ സ്നേഹിപ്പിക്കാൻ, അവനെ കൊള്ളയടിച്ചു വലിച്ചെറിയാൻ, എന്നിട്ടു് അതിൽ നിന്നു് എന്തുണ്ടാകുന്നുവെന്നു നോക്കാൻ.

"ഒരു ചെറിയ ഉപദേശംതരാൻ എന്നെ അനുവദിക്കണം," അച്ച്മിയാനോവ് പേടിച്ചു പേടിച്ചു പറഞ്ഞു. "കിറിലിനെ സൂക്ഷിക്കണമെന്നു ഞാനപേക്ഷിക്കുന്നു. അയാൾ നിങ്ങളെപ്പററി സഹിക്കാൻ വയ്യാത്ത അപവാദങ്ങൾ സർവ്വത്ര പറയുന്നുണ്ടു്."

"ഓരോരോ വിഡ്ഢികൾ എന്നെപ്പററി പറയുന്നതൊക്കെ അറിയാൻ എനിക്കൊരു താൽപര്യവുമില്ല." നദ്യേഷ്ദാ അലക്ഷ്യഭാവത്തിൽ പറഞ്ഞു. സുന്ദരനായ അച്ച്മിയാനോവിനോടു ശൃംഗരിക്കാനുള്ള വിനോദകരമായ ആശയത്തിന്റെ ആകർഷകത്വം പെട്ടെന്നു് ഇല്ലാതായി.

"നമുക്കിറങ്ങാം," അവൾ പറഞ്ഞു. "അവർ നമ്മളെ വിളിക്കുന്നു."

ഈ സമയംകൊണ്ടു് സൂപ്പു തയ്യാറായിക്കഴിഞ്ഞു. അവർ അതു പ്ലേററുകളിൽ വിളമ്പി. പിക്ക്നിക്കുകളിൽ പതിവായി ചെയ്തുവരുന്നതനുസരിച്ചു് ഭക്തിമയമായ ഒരു ഗാംഭീര്യത്തോടെ തിന്നുകയായിരുന്നു. സൂപ്പ് വളരെ കേമമായിട്ടുണ്ടെന്നും വീട്ടിൽവച്ചു് അത്ര രുചികരമായ ഒന്നുംതന്നെ തങ്ങൾ ഒരിക്കലും കഴിച്ചിട്ടില്ലെന്നും സകലപേരും കരുതി. പിക്ക്നിക്കുകളിൽ എന്നും സംഭവിക്കുന്നതുപോലെ, ഭക്ഷണത്തുവാലകളുടെയും, പൊതികളുടെയും, കാററത്തുപാറുന്ന എണ്ണക്കടലാസ്സുകളുടെ പടസ്സിടയിൽ സ്വന്തം ഗ്ലാസ്സോ, റൊട്ടിയോ എവിടെവിടെയാണെന്നു് ആക്കും അറിവില്ലായിരുന്നു. ചുററും ഇരുട്ടുപരക്കുകയും, തീ അധികമധികം മങ്ങി കത്താൻ തുടങ്ങുകയും ചെയ്തപ്പോൾ അവർ വീഞ്ഞു് പരവതാനിയിലേക്കും, സ്വന്തം കാലുകളിലേക്കും ചരിച്ചു. ഉപ്പ് നിലത്തു തൂവി. അലസതയുടെ കൂടുതൽകൊണ്ടു് ആരുംതന്നെ എഴുന്നേററുചെന്നു് തീയിൽ വിറകിട്ടുകൊട്ടുക്കാൻ മുതിന്നില്ല. എല്ലാവരും

വീഞ്ഞുകുടിച്ചു; കോസ്റ്റ്യാക്കും കാത്യാക്കുംകൂടി അരഗ്ലാസ്സുവീതം കൊടുത്തു. നദ്യേഷ്യാ ആദ്യം ഒരു ഗ്ലാസ്സു കുടിച്ചു. പിന്നെ ഒന്നുകൂടി. കുറേശ്ശ ലഹരി കയറിത്തുടങ്ങിയ അവൾ കിറിലിൻെറ കഥ വിസ്മരിച്ചു.

"സുന്ദരമായ ഒരു പിക്ക്നിക്ക്, മോഹനമായ ഒരു സായങ്കാലം," വീഞ്ഞുകൊണ്ട് ഉന്മേഷവാനായിത്തുടങ്ങിയ ലേവ്സ്കി പറഞ്ഞു. "ഇതിനെക്കാളൊക്കെ നല്ലൊരു ശിശിരമായിരിക്കും ഞാൻ കൂടുതലിഷ്ടപ്പെടുക. 'അവൻെറ രോമക്കുഴത്തുപട്ട നരച്ചമഞ്ഞാൽ രജതാഭം!'"

"ഓരോരുത്തരുടെ അഭിരുചി," വോൺകൊറൻ അഭിപ്രായം പ്രകടിപ്പിച്ചു.

ലേവ്സ്കിക്ക് അസ്വാസ്ഥ്യത തോന്നി. അഗ്നികുണ്ഡത്തിൽനിന്നുള്ള ചൂട്ട് അയാളുടെ പുറത്തുവന്നു തട്ടിക്കൊണ്ടിരുന്നു. നെഞ്ചിലും മുഖത്തും വോൺകൊറൻെറ വെറുപ്പും. അന്തസ്സും ബുദ്ധിശക്തിയുമുള്ള ഒരാളുടെ പക്ഷത്തുനിന്നുള്ള ഈ വെറുപ്പ്; ഒരുപക്ഷേ, ന്യായമായ ഒരു കാരണം അന്തർഭവിച്ചിട്ടുള്ള ഒരു വികാരം; അതയാളെ അപമാനിക്കുകയും, അസ്വസ്ഥചേതനനാക്കുകയും ചെയ്തു. അതിനെ അഭിമുഖീകരിക്കാനാവാതെ, അത്ഥനാസ്വരത്തിൽ അയാൾ പറഞ്ഞു:

"എനിക്കു പ്രകൃതിയോടുള്ള പ്രിയം ഇത്രയെന്നില്ല. ഞാനൊരു പ്രകൃതി വിദ്യാത്ഥിയായില്ലല്ലോ, എന്നു ഞാൻ ഖേദിക്കുന്നു. ഞാൻ നിങ്ങളോടസൂയപ്പെടുന്നു."

"ആട്ടേട്ടെ, ഞാൻ നിങ്ങളോടസൂയപ്പെടുന്നില്ല; ഞാനതിൽ ഖേദിക്കുന്നില്ല," നദ്യേഷ്യാ പറഞ്ഞു. "ജനങ്ങൾ ദുഃഖം അനുഭവിക്കുമ്പോൾ, ഒരാൾക്ക് വിട്ടിലിൻെറയും വണ്ടിൻെറയും കാര്യത്തിൽ ഗൗരവബുദ്ധിയോടുകൂടി ഗാഢശ്രദ്ധ ചെലുത്താൻ കഴിയുന്നതെങ്ങനെയെന്ന് എനിക്കു മനസ്സിലാകുന്നില്ല."

അവളുടെ അഭിപ്രായം തന്നെയായിരുന്നു ലേവ്സ്കിക്കും. അയാൾ പ്രകൃതിപാഠത്തിൽ തികച്ചും അജ്ഞനായിരുന്നു. തന്മൂലം ഉറുമ്പിൻെറ മീശയിലും, വിട്ടിലിൻെറ ഞണ്ടുകാലിലും ആത്മാർപ്പണം ചെയ്ത മനുഷ്യരുടെ പാണ്ഡിത്യവും ഗൗരവവും സ്ഫുരിക്കുന്ന ഭാവത്തോടും, പ്രാമാണികമായ സ്വരത്തോടും

ഒരിക്കലും ഇണങ്ങിപ്പോകാൻ കഴിഞ്ഞിരുന്നില്ല. ഈ മീ ശകളിലും ഞണ്ടുകാലുകളിലും, 'പ്രോട്ടോപ്ലാസം' എന്നു പറയുന്ന ഏതോ സാധനത്തിലും—ഒരു ചിപ്പിയുടെ രൂപത്തിലാണ് അയാൾ എന്നും അതിനെ സങ്കല്പിച്ചിട്ടുള്ളതു്—വിശ്വസിക്കുന്ന ഇക്കൂട്ടർ മനുഷ്യന്റെ ഉൽപ്പത്തിയേയും ജീവിതത്തെയും സംബന്ധിച്ചുള്ള പ്രശ്നങ്ങളിൽ തീരുമാനം കല്പിക്കുവാൻ പുറപ്പെടുന്നതു കാണുമ്പോൾ അയാൾക്കു് എപ്പോഴും അസുഖം തോന്നിയിരുന്നു. എങ്കിലും നദ്യേഷ്ദ്യായുടെ വാക്കുകളിൽ അയാൾ കാപട്യമാണു പുഴങ്ങിക്കേട്ടതു്. അവളെ എതിർക്കാൻ വേണ്ടി മാത്രം അയാൾ പറഞ്ഞു: "വണ്ടുകളല്ല പ്രശ്നം, അവയിൽക്കൂടി എത്തിച്ചേരുന്ന അനുമാനങ്ങളാണു്."

## 8

നേരം വളരെ വൈകി; പതിനൊന്നുമണിയായിരുന്നു അവർ വീട്ടിലേയ്ക്കു തിരിക്കാനായി വണ്ടികളിൽ കേറാൻ തുടങ്ങിയപ്പോൾ. അവരെല്ലാം വണ്ടിയിൽക്കേറി ഇരുന്നു. ഇനിയും വന്നുചേരാത്ത രണ്ടുപേർ നദ്യേഷ്ദ്യായും അച്ച്മിയാനോവും മാത്രമായിരുന്നു. അവർ നദിക്കക്കരെ പൊട്ടിച്ചിരിച്ചുകൊണ്ടു്, പുറകെ പുറകെ ഓടിനടക്കുകയാണു്.

"സുഹൃത്തുക്കളേ, വേഗം!" സമോയ്ലങ്കോ വിളിച്ചു.

"സ്ത്രീകൾക്കു് വീഞ്ഞു കൊടുത്തുകൂട." വോൺകൊറൻ താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു.

പിക്ക്നിക്കും, വോൺകൊറന്റെ വെറുപ്പും, സ്വന്തം ചിന്തകളുംമൂലം പരിക്ഷീണനായ ലേവ്സ്കി നദ്യേഷ്ദ്യായുടെ അടുത്തേക്കു നടന്നു. അവൾ ആനന്ദത്തോടും ഉല്ലാസത്തോടുംകൂടി, തൂവൽപോലെ കനമൊഴിഞ്ഞതുപോലുള്ള തോന്നലോടെ ശ്വാസമില്ലാതെയും പൊട്ടിച്ചിരിച്ചും, അയാളുടെ രണ്ടുകൈയുംചേർത്തുപിടിച്ച് ആ മാറിലേക്കു ശിരസ്സുചായിച്ചപ്പോൾ അയാൾ പിൻവലിഞ്ഞു് നീരസത്തോടെ പറഞ്ഞു:

"നീ പെരുമാറുന്നതു് ഒരു...ഒരു തേവടിച്ചിയെപ്പോലെ."

അപ്പോൾ ആ സമയത്തു് അതു് ഭയങ്കരമാംവിധം പരു

ഷമായിത്തോന്നി. അയാൾക്കു് അവളുടെ പേരിൽ സഹതാപം ജനിച്ചു. അവൾ അയാളുടെ കോപകലുഷവും പരിക്ഷീണവുമായ മുഖത്തു്, വെറുപ്പും, സഹതാപവും, അയാളോടുതന്നെയുള്ള ദേഷ്യവും വായിച്ചു. ക്ഷണത്തിൽ അവളുടെ മനസ്സിടിഞ്ഞു. താൻ അധികദൂരം അതിർ കടന്നുപോയെന്നും, പെരുമാററത്തിൽ കണക്കിലേറിയ അനിയന്ത്രണവും സ്വാതന്ത്ര്യവും പ്രദർശിപ്പിച്ചുവെന്നും ക്ഷണത്തിൽ അവൾക്കു ബോധ്യമായി. ദുഃഖത്തിനടിപെട്ടു്, ഭാരവും, മേദസ്സും, വൈരൂപ്യവും, മദ്യലഹരിയും ബാധിച്ചതുപോലുള്ള തോന്നലോടെ അവൾ ഒഴിഞ്ഞുകണ്ട ആദ്യവണ്ടിയിലേക്കു്, അച്ച്മിയാനോവിനോടൊപ്പം, കയറി. ലേവ്സ്കി കിറിലിൻെറ കൂടെയും, ജന്തുശാസ്ത്രജ്ഞൻ സമോയ്ലങ്കോയുടെ കൂടെയും, ശെമ്മാശ്ശൻ സ്ത്രീകളുടെ കൂടെയും കേറി. അങ്ങനെ ആ സംഘം സ്ഥലം വിട്ടു.

"ജപ്പാൻകുരങ്ങുകളുടെ തരം കണ്ടില്ലേ," ഉടുപ്പിനകത്തു ചുരുണ്ടുകൂടി കണ്ണടച്ചുകൊണ്ടു് വോൺകൊറൻ ആരംഭിച്ചു. "ജനങ്ങളെല്ലാം ദുഃഖിക്കുകയായതുകൊണ്ടു് വിട്ടിലുകളിലും വണ്ടുകളിലും താൽപര്യമെടുക്കാൻ അവൾക്കു ബദ്ധപ്പാടില്ലെന്നു പറഞ്ഞതു കേട്ടല്ലോ. എല്ലാ ജപ്പാൻകുരങ്ങുകളും ഞങ്ങളെപ്പോലുള്ളവരെ വീക്ഷിക്കുന്ന രീതിയാണതു്. പത്തു തലമുറയായി മുഷ്ടിയും ചാട്ടയുംകണ്ടു ഭയപ്പെട്ടു കഴിയുന്നു; അടിമമനോഭാവക്കാരായ, കൗശലക്കാരുടെ ഒരു വർഗ്ഗം. അവർ ഭയഭക്തി കാണിക്കുന്നതു് അക്രമത്തിൻെറ മുമ്പിൽമാത്രം. എന്നാൽ പിടലിക്കുപിടിക്കാൻ ആളില്ലാത്ത ഒരു സ്വാതന്ത്ര്യസ്ഥാനത്തേക്കു് ആ കുരങ്ങിനെ അഴിച്ചുവിടുക. ഉടനേ സ്വൈരവിഹാരം ആരംഭിക്കുകയായി. ചിത്രകലാലയങ്ങളിലോ കാഴ്ചബംഗ്ലാവുകളിലോ നാടകശാലകളിലോ നില്ക്കുമ്പോഴും, ശാസ്ത്രത്തെപ്പററി സംസാരിക്കുമ്പോഴും ഒക്കെ അവക്കെന്തു ധൈര്യമെന്നു നോക്കണം. അവർ തന്നെത്താൻ ഊതിപ്പെരുക്കി വികാരഭരിതരാകുന്നു. അവർ കുററംപറയുന്നു, നിരൂപണംചെയ്യുന്നു...അവർ നിരൂപണം ചെയ്യണം—അതാണ് അടിമകളുടെ ലക്ഷണം. നിങ്ങൾ ശ്രദ്ധിച്ചോളൂ. പൊതുവെ പോക്കററടിക്കാരെക്കാൾ, ശാപത്തിനിരയാകുന്നതു് സ്വതന്ത്രമായ തൊഴി

ല്പകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്—അതിന്റെ കാരണം, സമുദായത്തിന്റെ മുക്കാൽപ്പങ്കും, അടിമകളും, ഇത്തരം കുരങ്ങുകളും ചേർന്നുണ്ടാകുന്നതാണ്. ഒരടിമ നിങ്ങൾക്കു കൈതന്നിട്ട്, നിങ്ങൾ ചെയ്ത ഏതെങ്കിലും പ്രവൃത്തിക്ക് 'നിങ്ങൾക്കു നന്ദി' പറയുക ഒരിക്കലുമുണ്ടാവുകയില്ല."

"നിങ്ങൾക്കെന്താണു വേണ്ടതെന്നെനിക്കറിഞ്ഞുകൂട," സമോയ്ലങ്കോ കോട്ടുവായിട്ടുകൊണ്ടു പറഞ്ഞു. "ആ പാവം, അവളുടെ കഥയില്ലായ്മകൊണ്ട്, ശാസ്ത്രീയവിഷയങ്ങളെക്കുറിച്ച് നിങ്ങളുമായി സംസാരിക്കാനാഗ്രഹിച്ചു. നിങ്ങളോ അതിൽനിന്ന് അനുമാനങ്ങൾ നടത്തുകയാണ്. എന്തോ കാരണത്താൽ നിങ്ങൾക്കയാളോടു വിരോധമുണ്ട്, അയാളുടെകൂടെ ജീവിക്കുന്നതിന്റെപേരിൽ അവളോടും. അവൾ ഒരു വസ്വത്തിയാണ്!"

"ഏ, അസംബന്ധം! ഒരു സാധാരണ വെപ്പാട്ടി, ചാരിത്രശുദ്ധി കളഞ്ഞുകുളിച്ച മാനംകെട്ടവൾ. കേട്ടോ, അലക്സാൻഡർ, ഭർത്താവിനെവിട്ടോടിപ്പോയി കഴിഞ്ഞുകൂട്ടുന്ന, അടക്കിച്ചിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാതെ നടക്കുന്ന ഒരു കർഷകസ്ത്രീയെ കണ്ടാൽ നിങ്ങൾ അവളോട് പോയി പണിചെയ്യാൻ പറയില്ലേ? ഈ കാര്യത്തിൽ നിങ്ങൾ സത്യംപറയാൻ ഭയപ്പെടുന്നതും മടിക്കുന്നതും, നദ്യേഷ്ദ്യായെ ഒരു കപ്പൽവേലക്കാരനല്ല ഒരു ഗവമ്മെന്റുദ്യോഗസ്ഥനാണു വിവാഹംചെയ്തിരിക്കുന്നതെന്നതുകൊണ്ടുമാത്രം."

"ഞാനവളെ എന്തു കാണിക്കണം?" അരിശംവന്നുതുടങ്ങിയിരുന്ന സമോയ്ലങ്കോ ചോദിച്ചു. "തല്ലണോ? എന്തോന്നാ?"

"തിന്മയെ പുകഴ്ത്തരുത്. നമ്മളൊക്കെ തിന്മയെ പുറകിൽനിന്നേ ശപിക്കാറുള്ളു. അതിന്റെനേക്കു വല്ല മൂക്കിലും നിന്നു കൊഞ്ഞനംകാണിക്കുന്നതുപോലെയാണത്. ഞാനൊരു ജന്തുശാസ്ത്രജ്ഞനാണ്, അല്ലെങ്കിൽ ഒരു സാമൂഹ്യശാസ്ത്രജ്ഞൻ, രണ്ടും ഒന്നുതന്നല്ലോ. നിങ്ങൾ ഒരു ഡോക്ടർ. സമുദായം നമ്മളെ വിശ്വസിക്കുന്നു. അതുകൊണ്ട്, നദ്യേഷ്ദ്യായെപ്പോലുള്ള സ്ത്രീകൾ കാരണമായി ഈ സമുദായത്തെയും ഭാവി

തലമുറകളെയും ഭീഷണിപ്പെടുത്തുന്ന ഭയങ്കരമായ അപായത്തെ ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതു് നമ്മുടെ കടമയാണു്.''

"പക്ഷേ, സമുദായം എന്തുചെയ്യാനാണു്?'' സമോയ്ലങ്കോ ചോദിച്ചു.

''സമുദായമോ? അതിൻെറ ഏർപ്പാടു് ഞാൻ വിചാരിക്കുന്നതാണെങ്കിൽ, ഏററവും ഫലവത്തും, ഋജുവുമായ പദ്ധതി—അവളെ നിർബന്ധമായി അവളുടെ ഭർത്താവിൻെറയടുത്തേക്കു തിരിച്ചയയ്ക്കുകയാണു്. ഭർത്താവു് അവളെ സ്വീകരിക്കുന്നില്ലെങ്കിൽ അപ്പോൾ ജയിലിലോ ദുർഗ്ഗുണപരിഹാരപാഠശാലയിലോ പറഞ്ഞയക്കണം.''

''ഹൗ!'' സമോയ്ലങ്കോ നെടുവീർപ്പിട്ടു. അല്പമൗനത്തിനുശേഷം ശാന്തമായി ചോദിച്ചു: ''ലേവ്സ്കിയെപ്പോലുള്ളവരെ നശിപ്പിക്കേണ്ടതാണെന്നു് മുമ്പൊരുദിവസം നിങ്ങൾ പറഞ്ഞല്ലോ...പറയൂ, നിങ്ങൾ...ഭരണകൂടമോ സമുദായമോ അയാളെ നിങ്ങളുടെ കൈയിൽ നശിപ്പിക്കാൻ തന്നാൽ, നിങ്ങൾക്കു്...ആ പ്രവൃത്തി നിർവ്വഹിക്കാനുള്ള മനക്കട്ടിയുണ്ടാകുമോ?''

''എൻെറ കൈ വിറയ്ക്കുകയില്ല.''

## 9

വീട്ടിൽ എത്തിയ ലേവ്സ്കിയും നദ്യേഷ്യായും അവരുടെ ഇരുണ്ട, കാററും വെളിച്ചവുമില്ലാത്ത മുറികളിലേക്കു കടന്നു. രണ്ടുപേരും ഒന്നും മിണ്ടിയില്ല. ലേവ്സ്കി മെഴുകുതിരി കൊളുത്തി. നദ്യേഷ്യായാകട്ടെ, പുറംകുപ്പായമോ തൊപ്പിയോ മാററാൻ നോക്കാതെ ഒരിടത്തിരുപ്പായി; വിഷാദനിർഭരവും കുറ്റബോധം സ്ഫുരിക്കുന്നതുമായ കണ്ണുകൾ അയാളുടെ നേർക്കുയർത്തി.

അവൾ ഒരു വിശദീകരണം പ്രതീക്ഷിക്കുന്നുണ്ടെന്നു് അയാൾക്കറിയാമായിരുന്നു. പക്ഷേ, ഒരു വിശദീകരണം വിരസവും വിഫലവും, ക്ലേശകരവുമായിരിക്കും. താൻ ആത്മനിയന്ത്രണം വെടിഞ്ഞു് പരുഷമായി അവളോടു പെരുമാറിയതോർത്തു് അയാളുടെ ഹൃദയത്തിനു ഭാരം അനുഭവപ്പെട്ടിരുന്നു.

എല്ലാദിവസവും അവളെ വായിച്ചുകേൾപ്പിക്കണമെന്നു വിചാരിച്ചുപോന്ന ആ കത്ത് പോക്കററിൽ കിടന്നതു് യാദൃച്ഛികമായി കൈയിൽ തടഞ്ഞു. ഇപ്പോൾ അതവൾക്കു കൊടുക്കുകയാണെങ്കിൽ, അതു് അവളുടെ ചിന്തകളെ മറ്റൊരു വഴിക്കു തിരിച്ചുവിട്ടേക്കുമെന്നു് അയാൾക്കു തോന്നി.

'ഞങ്ങളുടെ ബന്ധത്തെ നിർവ്വചിക്കേണ്ട കാലമായി.' അയാൾ വിചാരിച്ചു. 'ഞാൻ അതു കൊടുക്കും. സംഭവിക്കേണ്ടതു സംഭവിക്കുകതന്നെ ചെയ്യും.'

അയാൾ കത്തെടുത്തു് അവളുടെ കൈയിൽ കൊടുത്തു.

"അതു വായിക്കൂ. നിന്നെ സംബന്ധിക്കുന്നതാണു്."

ഇതു പറഞ്ഞിട്ടു് അയാൾ സ്വന്തം മുറിയിൽപോയി ഒരു സോഫയിൽക്കേറി തലയിണയില്ലാതെ, ഇരുട്ടിൽ കിടന്നു. നദ്യേഷ്ദാ കത്തു വായിച്ചു. പുരയുടെ മച്ചു് ഇടിഞ്ഞുവീഴുന്നതുപോലെയും, ഭിത്തികൾ അടുത്തടുത്തുവന്നു തന്നെ ഞെരിക്കുന്നതുപോലെയും അവൾക്കു തോന്നി. പെട്ടെന്നു് ഇരുട്ടായതുപോലെയും, അടച്ചുപൂട്ടപ്പെട്ടതുപോലെ ഭയങ്കരമായും തോന്നി. ഝടിതി മൂന്നുതവണ കുരിശുവരച്ചിട്ടു് അവൾ പറഞ്ഞു:

"അദ്ദേഹത്തിനു ശാന്തിനൽകുക, കർത്താവേ!... അദ്ദേഹത്തിനു ശാന്തിയരുളുക!..." എന്നിട്ടവൾ കരയാൻതുടങ്ങി.

"ഇവാൻ," അവൾ വിളിച്ചു. "ഇവാൻ!"

മറുപടിയുണ്ടായില്ല. ലേവ്സ്കി മുമ്പേതന്നെ കേറിവന്നു തന്റെ കസേരയുടെ പിന്നിൽ നില്ക്കുന്നുണ്ടെന്നു സങ്കല്പിച്ചു് അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ ഏങ്ങലടിച്ചുകൊണ്ടു പറഞ്ഞു:

"നിങ്ങളെന്താണെന്നോടു നേരത്തെ പറയാഞ്ഞതു്, അദ്ദേഹം മരിച്ചെന്നു്? ഞാൻ പിക്ക്നിക്കിനു പോകയില്ലായിരുന്നു... അത്ര ഭയങ്കരമായി ഞാൻ ചിരിച്ചുകൂടായിരുന്നു... ആ പുരുഷന്മാർ ഭയങ്കരമായ കാര്യങ്ങളാണെന്നോടു പറഞ്ഞതു്. എന്തു പാപം! എന്തൊരു പാപം! എന്നെ രക്ഷിക്കൂ, ഇവാൻ, എന്നെ രക്ഷപ്പെടുത്തൂ... എനിക്കു ഭ്രാന്തുപിടിച്ചു... ഞാൻ പതിച്ചുപോയി."

അവളുടെ തേങ്ങലുകൾ ലേവ്സ്കി കേട്ടു. അയാൾക്കു വീർപ്പുമുട്ടലുണ്ടായി, ഹൃദയം ശക്തിയായി മിടിച്ചു. ദയനീയ

മായ ഒരവസ്ഥയിൽപ്പെട്ട അയാൾ എഴുന്നേററു, ഇരുട്ടിൽ തപ്പിത്തടഞ്ഞു മേശയുടെ അടുത്തുള്ള ഒരു ചാരുകസേരയിൽ ചെന്നിരുന്നു.

'ഇതൊരു ജയിലാണ്...' അയാൾ വിചാരിച്ചു: 'ഇവിടെനിന്നു കടക്കണം...ഇതു സഹിച്ചുകൂടാ.'

പോയി ചീട്ടുകളിക്കാമെന്നുവച്ചാൽ അതിന്റെ സമയം കഴിഞ്ഞു. ആ പട്ടണത്തിൽ റസ്റ്റാറണ്ടുകളൊന്നും ഉണ്ടായിരുന്നതുമില്ല. അയാൾ വീണ്ടും കിടന്നു. അവളുടെ തേങ്ങലുകൾ കേൾക്കാതിരിക്കാൻവേണ്ടി ചെവിപൊത്തി. സമോയ്‌ലങ്കോയുടെയടുത്തു പോകാമായിരുന്നു എന്നു പെട്ടെന്നയാൾ ഓർത്തു. നദ്യേഷ്ദായുടെയടുത്തുകൂടി ചെല്ലാതിരിക്കാൻവേണ്ടി അയാൾ ജനാലവഴി തോട്ടത്തിലിറങ്ങി, തോട്ടത്തിന്റെ വേലികേറിക്കടന്നു തെരുവിലിറങ്ങി നടന്നു. പുറത്ത് ഇരുട്ടായിരുന്നു. ഒരു കപ്പൽ, വിളക്കുകൾ കത്തുന്നതു കണ്ടാൽ വലിയൊരു യാത്രക്കപ്പൽതന്നെ, അപ്പോൾ വന്നുചേർന്നിട്ടുണ്ട്...നങ്കൂരത്തിന്റെ കിലുക്കം കേട്ടു. കരയിൽനിന്ന് ഒരു ചുകന്ന വെളിച്ചം കപ്പൽ കിടക്കുന്നിടത്തേക്ക് അതിവേഗം നീങ്ങുന്നുണ്ട്. ചുങ്കം ആപ്പീസുവക ബോട്ടു കപ്പലിനടുത്തേക്കു പോവുകയാണ്.

"യാത്രക്കാർ അവരവരുടെ മുറികളിൽ ഉറക്കത്തിലാണ്ടു കിടക്കുകയാണ്,..." ലേവ്സ്കി വിചാരിച്ചു. മററുള്ളവരുടെ മനഃശാന്തിയിൽ അയാൾ അസൂയപ്പെട്ടു.

സമോയ്‌ലങ്കോയുടെ വീടിന്റെ ജനാലകൾ തുറന്നുകിടന്നിരുന്നു. ലേവ്സ്കി അതിലൊന്നിൽക്കൂടി എത്തിനോക്കി, പിന്നെ മറെറാന്നിൽക്കൂടിയും. മുറികളിൽ അകത്ത് ഇരുട്ടാണ്. അനക്കമില്ല.

"അലക്സാൻഡർ, നിങ്ങൾ ഉറക്കമാണോ?" അയാൾ ഉറക്കെ ചോദിച്ചു, "അലക്സാൻഡർ സമോയ്‌ലങ്കോ!"

ഒരു ചുമയും അസുഖത്തോടെയുള്ള ചോദ്യവും കേട്ടു.

"ആരാണതു്? എന്തു പണ്ടാരമാണ്?"

"ഞാനാണ്. അലക്സാൻഡർ, ക്ഷമിക്കണം."

അല്പംകഴിഞ്ഞു വാതിൽ തുറന്നു. വിളക്കിൽനിന്നു് ഒരു സുഖകരമായ പ്രകാശം പരന്നു. സർവ്വാംഗം വെള്ളിയിൽപ്പൊ

തിഞ്ഞു്, തലയിൽ ഒരു വെളുത്ത രാത്തൊപ്പിയുമിട്ട സമോയ്‌ലങ്കോയുടെ മുഴുത്ത ആകാരം മുന്നിൽ പ്രത്യക്ഷപ്പെട്ടു.

''എന്താണു് ഇപ്പോൾ?'' ശരീരം ചൊറിഞ്ഞുകൊണ്ടും, ഉറക്കപ്പിച്ചോടുകൂടി അമർത്തിയമർത്തി ശ്വാസംകഴിച്ചുകൊണ്ടും അദ്ദേഹം ആരാഞ്ഞു: ''ഒരു നിമിഷം നില്ലു, ഇതാ ഉടനെ വാതിൽ തുറന്നേക്കാം.''

''ബദ്ധപ്പെടണ്ട. ഞാൻ ജനലിൽക്കൂടി കേറിക്കോളാം.''

ലേവ്‌സ്‌കി ജനലിൽക്കൂടി അകത്തുകേറി. സമോയ്‌ലങ്കോയുടെ അടുത്തുചെന്നു് അദ്ദേഹത്തിൻെറ കരം ഗ്രഹിച്ചു.

''അലക്സാൻഡർ,'' വിറയ്ക്കുന്ന ശബ്ദത്തിൽ അയാൾ പറഞ്ഞു: ''എന്നെ രക്ഷിക്കണം! ഞാൻ അപേക്ഷിക്കുകയാണു്, യാചിക്കുകയാണു്, എന്നെ മനസ്സിലാക്കു! വേദനിപ്പിക്കുന്നതാണു് എൻെറ അവസ്ഥ. രണ്ടുദിവസംകൂടി ഇതിങ്ങനെ നിന്നാൽ ഞാൻതന്നെ എന്നെ ഒരു...ഒരു പട്ടിയെന്നപോലെ കഴുത്തുമുറുക്കി കൊന്നുകളയും.''

''ഒന്നു നില്ലണേ...ശരിക്കു നിങ്ങൾ എന്തിനെപ്പററിയാണു പറയുന്നതു്?''

''ഒരു മെഴുകുതിരി കൊളുത്തു.''

''ഓഹ്...ഓഹ്!... മെഴുകുതിരി കൊളുത്തുന്നതിനിടെ സമോയ്‌ലങ്കോ നെടുവീർപ്പിട്ടു, ''എൻെറ ദൈവമേ, എൻെറ ദൈവമേ!... എന്തു്, ഒരുമണി കഴിഞ്ഞിരിക്കുന്നല്ലോ, സഹോദരാ.''

''ക്ഷമിക്കണം, വീട്ടിലിരിക്കാൻ എനിക്കു വയ്യ,'' വെളിച്ചത്തിലും സമോയ്‌ലങ്കോയുടെ സാന്നിദ്ധ്യത്തിലും അനല്പമായ ആശ്വാസം ലഭിച്ച ലേവ്‌സ്‌കി പറഞ്ഞു. ''...എന്റെ ഏക ആശ നിങ്ങളാണു്: ദൈവത്തെ വിചാരിച്ചു്, എന്നെ രക്ഷപ്പെടുത്തു. നിങ്ങൾക്കു വേണമെന്നോ വേണ്ടെന്നോ എന്തു തോന്നിയാലും വേണ്ടില്ല. എന്തുവന്നാലും എനിക്കിവിടന്നു പോകണം... അതിനുള്ള പണം എനിക്കു കടം തരൂ!''

''ഓ, എൻെറ ദൈവമേ, എൻെറ ദൈവമേ...!'' ശരീരം മാന്തിക്കൊണ്ടു സമോയ്‌ലങ്കോ ദീർഘശ്വാസം വിട്ടു. ''ഞാനങ്ങനെ ഉറങ്ങിപ്പോകുമ്പോഴാണു്, കപ്പലിൻെറ ചൂളംവിളി

കേൾക്കുന്നു. പിന്നെ ഇപ്പോഴിതാ നിങ്ങളും...അധികം ആവശ്യമുണ്ടോ?''

''കുറഞ്ഞതു മുന്നൂറു റൂബിൾ. ഒരു നൂറു് അവൾക്കു കൊടുത്തിട്ടു പോണം. എനിക്കു യാത്രയ്ക്കു് ഇരുനൂറു വേണം...ഇപ്പോൾത്തന്നെ നാനൂറു റൂബിൾ ഞാൻ നിങ്ങൾക്കു തരാനുണ്ടു്...പക്ഷേ, ഞാൻ നിങ്ങൾക്കയച്ചുതന്നോളാം. അതു മുഴുവൻ...മുഴുവൻ...''

സമോയ്‌ലങ്കോ ഇരുകവിളത്തുമുള്ള മീശ ഒറ്റക്കൈയിൽ അടക്കിപ്പിടിച്ചു്, കാൽ അകററിനിന്നുകൊണ്ടു് ആലോചിച്ചു.

''ശരി...'' സമോയ്‌ലങ്കോ ആലോചനാപൂർവ്വം പിറുപിറുത്തു. ''മുന്നൂറു്...ശരി...പക്ഷേ, അത്രയും എന്റെ കൈയിലിരിപ്പില്ല. ആരോടെങ്കിലും കടം വാങ്ങേണ്ടിവരും.''

''ദൈവത്തെയോർത്തു വാങ്ങിക്കണേ!'' ലേവ്‌സ്‌കി പറഞ്ഞു. സമോയ്‌ലങ്കോയുടെ മുഖത്തുനിന്നു്, പണം കൊടുക്കാൻ അദ്ദേഹത്തിനാഗ്രഹമുണ്ടെന്നും, നിശ്ചയമായും കൊടുക്കും എന്നും അയാൾ കണ്ടു. ''കടം വാങ്ങിക്കു. നിശ്ചയമായും ഞാൻ മടക്കിത്തരുന്നുണ്ടു്. പീറ്റേഴ്‌സ്‌ബർഗ്ഗിൽച്ചെന്നാലുടൻ ഞാൻ അയച്ചുതരാം. അക്കാര്യം ഉറപ്പിച്ചോളൂ. സംഗതി ഞാൻ പറയാം,'' വർദ്ധിച്ച ഉദ്വേഗത്തോടെ അയാൾ പറഞ്ഞു. ''നമുക്കല്പം വീഞ്ഞു കഴിക്കുക.''

''ആവട്ടെ, അല്പം അതും ആകാം.''

അവർ രണ്ടാളും ഭക്ഷണമുറിയിലേക്കു പോയി.

''അപ്പോൾ നദ്യേഷ്ദ്യായുടെ കാര്യമെങ്ങനെ?''
മൂന്നുകുപ്പികളും ഒരുപ്ലേറ്റ് പീച്ചുപഴങ്ങളും എടുത്തുവച്ചുകൊണ്ടു സമോയ്‌ലങ്കോ അന്വേഷിച്ചു. ''തീർച്ചയായും അവരിവിടെ നില്ക്കുകയല്ലല്ലോ.''

''അതൊക്കെ ഞാൻ ഏർപ്പാടാക്കുന്നുണ്ടു്, ഒക്കെ ഏർപ്പാടാക്കുന്നുണ്ടു്,'' മനസ്സിൽ നിനച്ചിരിക്കാത്ത ഒരാനന്ദത്തള്ളിച്ചയോടുകൂടി ലേവ്‌സ്‌കി പറഞ്ഞു. ''പിന്നാലെ ഞാൻ പണം അയച്ചുകൊടുക്കുമ്പോൾ അവൾക്കു് എന്റെയടുത്തേക്കു പോരാം...എന്നിട്ടു ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ രീതി പറഞ്ഞുവയ്ക്കും. സുഹൃത്തേ, നിങ്ങളുടെ ആരോഗ്യത്തിനു്!''

''ഒന്നു നില്ക്കണേ.'' സമോയ്‌ലങ്കോ പറഞ്ഞു: ''ഇതാദ്യം

കുടിക്കൂ...ഇതെൻെറ സ്വന്തം മുന്തിരിത്തോട്ടത്തിൽനിന്നാണ്. ഈ കുപ്പി നവാറിത്സേയുടെ തോട്ടത്തിൽനിന്നാണ്, ഇതു് അഹാത്തുളോവിൻെറ തോട്ടത്തിൽനിന്നു്...മൂന്നും പരീക്ഷിച്ചുനോക്കിയിട്ടു് ഉള്ളതുപോലെ പറയണം...എൻേറതിനു തെല്ലൊരു പുളിരസമുള്ളതുപോലെ തോന്നുന്നു, ഏേ? നിങ്ങളുടെ നാക്കിൽ തോന്നിയില്ലേ?''

''വാസ്തവം, നിങ്ങൾ എന്നെ ആശ്വസിപ്പിച്ചു, അലക്സാൻഡർ, നിങ്ങൾക്കു നന്ദി...എനിക്കു കൂടുതൽ സുഖം തോന്നുന്നു.''

''പുളിരസം വല്ലതുമുണ്ടോ?''

''ദൈവത്തിനറിയാം, എനിക്കറിഞ്ഞുകൂടാ. നിങ്ങൾ അതിവിശിഷ്ടനായ ഒരു ഉത്തമവ്യക്തിയാണ്.''

അയാളുടെ വിളറിയതും ഉദ്വിഗ്നവും നന്മ സ്ഫുരിക്കുന്നതുമായ മുഖത്തു് കണ്ണോടിച്ചപ്പോൾ, അയാളെപ്പോലുള്ള മനുഷ്യരെ അവശ്യം നശിപ്പിക്കേണ്ടതാണെന്നുള്ള വോൺകൊറൻെറ അഭിപ്രായം സമോയ്ലങ്കോയ്ക്കു് ഓർമ്മ വന്നു. ലേവ്സ്കി അദ്ദേഹത്തിൻെറ കണ്ണിൽ, ആർക്കുവേണമെങ്കിലും വ്രണപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യാവുന്ന അരക്ഷിതനും ദുർബലനുമായ ഒരു കുഞ്ഞായി തോന്നി.

''പിന്നെ, നിങ്ങൾ പോകുമ്പോൾ അമ്മയുമായുള്ള പിണക്കമെല്ലാം തീർക്കണം,'' അദ്ദേഹം പറഞ്ഞു, ''അതു ശരിയല്ല.''

''അതേയതേ. അതു തീർച്ചയായും ചെയ്യാം.''

കുറച്ചിട അവർ ഒന്നും സംസാരിച്ചില്ല. രണ്ടുപേരുംകൂടി ആദ്യത്തെ കുപ്പി കാലിയാക്കിക്കഴിഞ്ഞപ്പോൾ സമോയ്ലങ്കോ പറഞ്ഞു:

''വോൺകൊറനുമായും നിങ്ങൾ രമ്യതയിൽ വരണം. നിങ്ങൾ രണ്ടും ഇത്ര ഉത്തമന്മാരും ബുദ്ധിശാലികളുമാണ്, എന്നിട്ടും പരസ്പരം ചെന്നായ്ക്കളെപ്പോലെ ചാടിവീഴുന്നു.''

''അതേ, അയാൾ വളരെ ബുദ്ധിശാലിയായ ഒരു നല്ല മനുഷ്യൻ തന്നെ,'' സകലരോടും പൊറുക്കാനും സകലരേയും പുകഴ്ത്താനും തയ്യാറായിക്കഴിഞ്ഞിരുന്ന ലേവ്സ്കി സമ്മതിച്ചു. ''അയാൾ ഒരു അസാമാന്യമനുഷ്യനാണ്. എങ്കിലും

എനിക്ക് അയാളോടു യോജിച്ചു പോകുന്നതസാദ്ധ്യം. വയ്യ! ഞങ്ങളുടെ പ്രകൃതം തമ്മിൽ തീരെ പൊരുത്തമില്ല. ഞാൻ പ്രകൃത്യാ അലസനും, ദുർബ്ബലനും, മന്ദനുമാണ്. ഒരുപക്ഷേ, ഒരു നല്ല മുഹൂർത്തത്തിൽ ഞാൻ അയാൾക്കായി എൻെറ കൈനീട്ടിയെന്നു വരാം, പക്ഷേ, അയാൾ മുഖം തിരിക്കുകയേയുള്ളൂ, വെറുപ്പോടുകൂടി.''

ലേവ്സ്കി വീഞ്ഞിൽ ഒന്നു മൊത്തി, മുറിയിൽ ഒരു മൂലയിൽനിന്ന് അങ്ങേ മൂലവരെ നടന്നു, എന്നിട്ടു നടുവിലായി നിലയുറപ്പിച്ചുകൊണ്ടു തുടന്നു:

വോൺകൊറനെ ഞാൻ ശരിക്കു മനസ്സിലാക്കിയിട്ടുണ്ട്. സ്ഥിരവും ദൃഢവും അധികാരപരവുമായ പ്രകൃതം. അയാൾ നിരന്തരം 'ആ പര്യവേക്ഷണപര്യടന'ത്തെക്കുറിച്ചു സംസാരിക്കുന്നതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അതു വെറും പറച്ചിലല്ല. വനസ്ഥലികളും നിലാവണിഞ്ഞ നിശകളും അയാൾ കൊതിക്കുന്നു. നാലുചുററും, തുറന്ന അന്തരിക്ഷത്തിൽ കൊച്ചുകൊച്ചു തമ്പുകളിൽ ദുഷ്കരമായ വഴിയാത്രകൾകൊണ്ടു വാടിക്കുഴഞ്ഞു ദീനരും ക്ഷുധാർത്തരുമായ കൊസാക്കുകളും വഴികാട്ടികളും ചുമട്ടുകാരും വൈദ്യനും വൈദികരും, എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ അയാൾമാത്രം സ്റ്റാൻലിയെപ്പോലെ അവിടൊരു മുക്കാലിയിൽ, ആ മരുപ്പരപ്പിൻെറ സാർവ്വഭൗമനും, ഈ ആളുകളുടെയെല്ലാം യജമാനനും താനാണെന്ന ബോധത്തോടുകൂടി ഉണന്നങ്ങനെ ഇരിക്കുക. അയാൾ മുന്നോട്ടു മുന്നോട്ടു പോവുകയും, അയാളുടെ ആളുകൾ ഞരങ്ങി ഞരങ്ങി മരിച്ചു വീഴുകയും ചെയ്യുമ്പോഴും അയാൾ പിന്നെയും മുന്നോട്ടുതന്നെ പോകും; ഒടുവിൽ അയാൾതന്നെ വീണടിയുവോളം. എങ്കിലും അപ്പോഴും അയാൾ മരുഭൂമിയുടെ സാർവ്വഭൗമനും അധിപനുമായിരിക്കും. എന്തെന്നാൽ, ആ മണൽക്കാട്ടിൽ അയാളുടെ അസ്ഥിമാടത്തിനു മേൽ ഉയന്നുനില്ക്കുന്ന കുരിശ് അതിലേ സഞ്ചരിക്കാനിടയാകുന്ന കച്ചവടസംഘങ്ങൾക്ക് മുപ്പതും നാല്പതും നാഴിക ദൂരെനിന്നു കാണത്തക്കവിധം അങ്ങനെ ഉണ്ടാവും. ആ മനുഷ്യൻ പട്ടാളത്തിൽ ഇല്ലാതെ പോയതിൽ ഞാൻ ഖേദിക്കുന്നു. അയാൾ ഒരു മുന്തിയ 'പട്ടാളജീനിയസ്' ആകുമായിരുന്നു. സ്വന്തം പടയാളികളെ നദിയിൽ മുക്കി

ക്കൊന്നു് ശവശരീരങ്ങൾകൊണ്ടു് ഒരു പാലം നിർമ്മിക്കാൻ അയാൾ ശങ്കിക്കയില്ലായിരുന്നു. പട്ടാളത്തിൽ ഏതു കോട്ടയേയും യുദ്ധതന്ത്രത്തേയുംകാൾ ആവശ്യം ആ മനക്കട്ടിയാണു്. ഓ, ഞാനയാളെ ശരിക്കു മനസ്സിലാക്കുന്നു! പറയൂ, എന്താണയാൾ അയാളുടെ കൈമുതൽ ഇവിടെയിങ്ങനെ വെറുതെ കളയുന്നതു്? ഇവിടെ അയാൾ എന്തുവേണം?''

''കടൽജീവികളെപ്പററി പഠിക്കുകയാണു്.''

''അല്ല അല്ല, സഹോദരാ, അല്ല!'' ലേവ്സ്കി പറഞ്ഞു. ''കപ്പലിലുണ്ടായിരുന്ന ഒരു ശാസ്ത്രജ്ഞൻ എന്നോടു പറഞ്ഞു, കരിങ്കടൽ ജീവജന്തുക്കളുടെ കാര്യത്തിൽ ദരിദ്രമാണു്. അതിൻെറ അടിത്തട്ടിൽ ഹൈഡ്രജൻസൽഫൈഡ് സുലഭമായുള്ളതുകൊണ്ടു് സാംഗജീവൻ ഉണ്ടാകാൻ വയ്യ. കാര്യഗൗരവമുള്ള ജന്തുശാസ്ത്രജ്ഞന്മാരെല്ലാം നേപ്പിൾസിലും വിൽഫ്രാൺഷിലുമുള്ള ജീവശാസ്ത്രകേന്ദ്രങ്ങളിലാണു് പ്രവൎത്തിക്കുന്നതു്. പക്ഷേ, വോൺകൊറേൻ സ്വതന്ത്രനും സ്വേച്ഛാചാരിയുമാണു്. അയാൾ കരിങ്കടൽത്തീരത്തു പ്രവൎത്തിക്കുന്നതു് മററാരും അവിടെ പ്രവൎത്തിക്കാത്തതുകൊണ്ടാണു്. അയാൾ സർവ്വകലാശാലയുമായി ശണ്ഠകൂടിയിരിക്കുന്നതു്, തൻെറ സുഹൃത്തുക്കളെയും മററു ജന്തുശാസ്ത്രജ്ഞന്മാരെയും അറിയാൻ ശ്രമിക്കാത്തതു് അയാൾ പ്രഥമവും പ്രധാനവുമായി ഒരു സ്വേച്ഛാധിപതിയും രണ്ടാമതായി മാത്രം ഒരു ജന്തുശാസ്ത്രജ്ഞനുമായിരിക്കുന്നതുകൊണ്ടാണു്. അയാൾ ചിലതൊക്കെ പ്രവൎത്തിക്കുമെന്നും കാണാം. പര്യവേക്ഷണയാത്രകഴിഞ്ഞു മടങ്ങി വരുമ്പോൾ നമ്മുടെ സർവ്വകലാശാലകളിലെ ഗൂഢതന്ത്രങ്ങളും ജാഡ്യവും നീക്കി ശുദ്ധീകരിക്കുകയും, ശാസ്ത്രജ്ഞന്മാരെക്കൊണ്ടു് അവരുടെ പ്രശ്നങ്ങൾ ശ്രദ്ധിപ്പിക്കുകയും ചെയ്യുന്ന കാര്യം അയാൾ ഇപ്പോഴേ സ്വപ്നം കാണുന്നുണ്ടു്. സർവ്വാധിപത്യം പട്ടാളത്തിലെപ്പോലെ തന്നെ ശാസ്ത്രത്തിലുമാവാം. ഈ കെട്ട ചെറുപട്ടണത്തിൽ ഇതു രണ്ടാമത്തെ വേനൽക്കാലമാണയാൾ കഴിക്കുന്നതു്. പട്ടണത്തിൽ രണ്ടാമനാവുന്നതിനേക്കാൾ ഗ്രാമത്തിൽ ഒന്നാമനാവാൻ അയാളിഷ്ടപ്പെടുന്നതുകൊണ്ടാണതു്, ഇവിടെ അയാൾ ഒരു രാജാവും കഴുകനുമാണു്. ഇവിടുള്ളവരെയെല്ലാം അയാൾ ചൊല്പടിയിൽ വരുത്തി, അയാളുടെ

ആജ്ഞാശക്തിക്ക് കീഴിലിട്ട ഞെക്കിഞെരിക്കുന്നു. സകലരേയും അയാൾ പിടികൂടിയിരിക്കുന്നു. എല്ലാവരുടെ കാര്യങ്ങളിലും ഇടപെടുന്നു. അയാൾക്ക് എല്ലാം പ്രയോജനമുള്ളതാണ്. സകലരും അയാളെ പേടിക്കുമ്പോൾ ഞാൻ അയാളുടെ പിടിയിൽ നിന്നു വഴുതിപ്പോകുന്നു. അതറിഞ്ഞുകൊണ്ട് അയാൾ എന്നെ വെറുക്കുന്നു. എന്നെ നശിപ്പിക്കുകയോ, കഠിന തടവിലടയ്ക്കുകയോ ചെയ്യേണ്ടതാണെന്ന് അയാൾ പറഞ്ഞിട്ടില്ലേ."

"ഉണ്ട്," സമോയ്‌ലങ്കോ ചിരിച്ചു.

ലേവ്സ്കിയും ചിരിച്ചു; അല്പം വീഞ്ഞുകൂടി കുടിച്ചു.

"അയാളുടെ ആദർശങ്ങളും ഏകാധിപത്യപരങ്ങളാണ്," ഒരു പീച്ച്കായ് ചവച്ചും ചെറുതായി ചിരിച്ചും അയാൾ പറഞ്ഞു. "പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ സാധാരണജനങ്ങൾ അവരുടെ അയല്ക്കാരെപ്പററി—എന്നെയും നിങ്ങളെയും, മനുഷ്യരെയെല്ലാം പററിയെന്നു പറയാം--ആണു ചിന്തിക്കുന്നത്. വോൺകൊറനാണെങ്കിൽ മനുഷ്യർ മരപ്പാവകളും ഇല്ലാപ്പൊരുളുമാണ്. തന്റെ ജീവിതത്തിന്റെ ലക്ഷ്യമാക്കാൻ അർഹതയില്ലാത്ത വെറും നിസ്സാരന്മാർ. അയാൾ പ്രവർത്തിക്കുന്നു; ഇനി പര്യവേക്ഷണയാത്രയ്ക്കു പോകും, അവിടെക്കിടന്നു നശിക്കും. ഇതൊന്നും സ്വന്തം അയൽക്കാരനോടുള്ള സ്നേഹത്തിന്റെ പേരിലല്ല. മനുഷ്യവംശം, ഭാവിതലമുറകൾ, ഒരാദർശമനുഷ്യവർഗ്ഗം എന്നങ്ങനെയുള്ള സങ്കല്പങ്ങളുടെ പേരിൽ. മനുഷ്യവംശത്തെ നന്നാക്കാൻവേണ്ടി അയാൾ പ്രയത്നിക്കുന്നു. നമ്മളോ അയാളുടെ കണ്ണിൽ വെറും അടിമകൾ, പീരങ്കികളുടെ ഇര, വെറും വണ്ടിക്കാളകൾ; കുറേയെണ്ണത്തിനെ അയാൾ നശിപ്പിക്കുകയോ സൈബീരിയായിൽ കൊണ്ടുപോയി തള്ളുകയോ ചെയ്യും, മററുള്ളവരെ അയാൾ ശിക്ഷണനടപടികൾകൊണ്ടു ഞെക്കി ഞെരിക്കും, ആറക്ച്ചീവിനെപ്പോലെ അവരെ ബലേന പെരുമ്പറയുടെ താളത്തിനൊപ്പിച്ച് എഴുന്നേല്പിച്ച്, കിടക്കാൻ പറഞ്ഞുവിടും. നമ്മുടെ ചാരിത്രവും സദാചാരവും സൂക്ഷിക്കാൻ ഷണ്ഡന്മാരെ ഏർപ്പെടുത്തീട്ട്, ഈ യാഥാസ്ഥിതികസമുദായത്തിന്റെ ഇടുങ്ങിയ ചട്ടക്കൂട്ടിൽനിന്നു പുറത്തു കാൽകുത്തുന്ന ആരെയും

വെടിവയ്ക്കാൻ അവക്ക് കല്പന കൊടുക്കും. ഇതൊക്കെ മനുഷ്യ വർഗ്ഗത്തെ നന്നാക്കുന്നതിൻെറ പേരിലും...എന്നാലെന്താണീ മനുഷ്യവർഗ്ഗം? മായ, മരീചിക...അധികാരപ്രമത്തന്മാർ എപ്പോഴും മായാമോഹിതരായിരിക്കും. ഞാനയാളെ ശരിക്കു മനസ്സിലാക്കി, സഹോദരാ. എനിക്കയാളെ മതിപ്പുണ്ട്, അയാളുടെ പ്രാധാന്യം ഞാൻ നിഷേധിക്കുന്നില്ല. അയാളെപ്പോലുള്ളവരിലാണ് ഈ ലോകത്തിൻെറ നിലനില്പ്. ഈ ലോകം നമ്മളെപ്പോലുള്ളവക്ക് മാത്രമായി വിട്ടിരുന്നുവെങ്കിൽ, സൽപ്രകൃതവും സദുദ്ദേശങ്ങളും ഒക്കെ ഇരിക്കിലും, ആ പൂച്ചികളൊക്കെക്കൂടി ആ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ, നമ്മൾ ഈ ലോകത്തെ വല്ലാതെ വികൃതപ്പെടുത്തിക്കളയുമായിരുന്നു. സത്യം.''

ലേവ്സ്കി സമോയ്ലങ്കോയുടെ അരികിലായി ഇരുന്നിട്ട് ആത്മാർത്ഥമായ വികാരവായ്പോടെ പറഞ്ഞു: ''ബുദ്ധിയും വിലയും കെട്ട അധഃപതിച്ച ഒരു മനുഷ്യനാണു ഞാൻ. ഞാൻ ശ്വസിക്കുന്ന വായു, ഈ വീഞ്ഞ്, സ്നേഹം, ജീവിതം മുഴുവൻ—ഇതിന്റെയൊക്കെ പേരിൽ ഇന്നോളം കിടപ്പും മടിയും ഭീരുത്വവുമല്ലാതെ യാതൊന്നും ഞാൻ പകരം കൊടുത്തിട്ടില്ല. ഇതുവരെ ഞാൻ എന്നെയും മററുള്ളവരെയും വഞ്ചിക്കുകയായിരുന്നു. ഞാൻ അതിൽ ദുഃഖിച്ചു, എൻെറ ദുഃഖം വിലയററതും ആഭാസവുമായിരുന്നു. വോൺകൊറൻെറ വെറുപ്പിനു മുമ്പിൽ ഞാൻ വിനയപൂർവ്വം തലകുനിക്കുന്നതിൻെറ കാരണം, ചിലപ്പോൾ ഞാൻതന്നെ എന്നെ വെറുക്കുന്നു, ശപിക്കുന്നു എന്നുള്ളതാണ്.''

ലേവ്സ്കി വീണ്ടും വികാരാവേഗത്തോടുകൂടി മുറിയുടെ ഒരററത്തുനിന്നു മറേറ അററത്തേക്കു നടപ്പുതുടങ്ങി. അയാൾ പറഞ്ഞു:

''എൻെറ തെററുകൾ വ്യക്തമായി കാണാനും അറിയാനും കഴിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. സ്വയം നവീകരിക്കാനും ഒരു വ്യത്യസ്തനായ മനുഷ്യനാകാനും അതെന്നെ സഹായിക്കും. എൻെറ ഇഷ്ടാ, എത്ര ശക്തിയായ, എന്തൊരു വേദനയോടുകൂടി ആണ് അങ്ങനെയൊരു മാററത്തിനു ഞാൻ കൊതിക്കുന്നത് എന്നു നിങ്ങളറിഞ്ഞിരുന്നെങ്കിൽ! ഞാൻ

ശപഥംചെയ്യുന്നു, ഞാനൊരു പുരുഷനാകും! ആകും! എന്റെ ഉള്ളിൽക്കിടന്നു വീണ്ടു സംസാരിക്കുന്നതാണോ, അതോ യഥാർത്ഥത്തിൽ അങ്ങനെയാണോ എന്നറിഞ്ഞുകൂട. എങ്കിലും. ഇപ്പോൾ ഞാൻ നിങ്ങളുടെ കൂടെ ചെലവാക്കിയ നിമിഷങ്ങൾപോലെ അത്ര അകളങ്കവും തെളിഞ്ഞതുമായ നിമിഷങ്ങൾ ഞാൻ ചെലവഴിച്ചിട്ട വളരെക്കാലമായി എന്നു തോന്നുന്നു."

"ഉറങ്ങാൻ നേരമായി, സഹോദരാ," സമോയ്ലങ്കോ പറഞ്ഞു.

"അതേ, അതേ...ക്ഷമിക്കണം. ഞാനുടനേ പോവുകയായി."

ലേവ്സ്കി ധിറുതിയായി മേശകൾക്കിടയിലും ജനാലകളിലും എല്ലാം തൊപ്പിയന്വേഷിച്ചു ചുററിത്തിരിഞ്ഞു.

"നന്ദി," അയാൾ ദീർഘനിശ്വാസത്തോടെ പിറുപിറുത്തു. "നിങ്ങൾക്കു നന്ദി...ദാനധർമ്മങ്ങളെക്കാളും നല്ലതാണ് അലിവും സൗഹൃദവും നിറഞ്ഞ വാക്കുകൾ. നിങ്ങൾ എനിക്കു പുതിയൊരുയിർതന്നു."

അയാളുടെ തൊപ്പി കണ്ടുകിട്ടി. അയാൾ നിന്നു. സമോയ്ലങ്കോയുടെ നേർക്ക് അപരാധിയുടെ ഭാവത്തിൽ നോക്കി.

"അലക്സാൻഡർ," അയാൾ യാചനാസ്വരത്തിൽ വിളിച്ചു.

"എന്താണ്?"

"ഇന്നു രാത്രി ഞാൻ നിങ്ങളുടെ കൂടെ കൂടട്ടെ, ഇഷ്ടാ!"

"തീർച്ചയായും...അതിനെന്ത്?"

ലേവ്സ്കി സോഫയിൽ കിടന്നു. പിന്നെയും വളരെ നേരം ഡോക്ടരോട്ട സംസാരിച്ചു.

## 10

പിക്ക്നിക്കിനുശേഷം മൂന്നു ദിവസം കഴിഞ്ഞു് മേരിയാനിനച്ചിരിക്കാതെ നദ്യേഷ്ദ്യായെ അങ്ങോട്ടുചെന്നു സന്ദർശിച്ചു. അവൾ അഭിവാദനംചെയ്യുകയോ, തൊപ്പി ഊരുകയോ

ചെയ്യാതെ നദ്യേഷ്ദ്യായുടെ രണ്ടു കൈയുംപിടിച്ചു മാറോടു ചേർത്തുകൊണ്ടു് അതിയായ ഉദ്വേഗത്തോടെ പറഞ്ഞു:

"എൻെറ പൊന്നേ, അതെന്നെ സ്പർശിച്ചു, ഇളക്കി. നമ്മുടെ ദയയുള്ള ഡോക്ടർ എൻെറ നിക്കോദിമിനോടു പറഞ്ഞു, നിൻെറ ഭത്താവു മരിച്ചുപോയെന്നു്. പറയൂ, എൻെറ പൊന്നെ, പറയൂ, നേരാണോ അതു്?"

"അതേ, നേരാണു്. അദ്ദേഹം മരിച്ചുപോയി." നദ്യേഷ്യാ മറുപടി കൊടുത്തു.

"അതു ഭയങ്കരം, ഭയങ്കരംതന്നെയാണു്, പൊന്നേ. എന്നാലും, എന്തെങ്കിലും ആശ്വാസമല്ലാതെ ദുരിതമൊന്നുമല്ലല്ലോ. നിൻെറ ഭത്താവു് മഹാനും അത്ഭുതചരിതനുമായ ഒരു വിശുദ്ധാത്മാവായിരുന്നു. അദ്ദേഹത്തെപ്പോലുള്ളവരെ ഈ ഭൂമിയിലേക്കാൾ സ്വർഗ്ഗത്തിൽ ആവശ്യമുണ്ടു്."

മേരിയായുടെ മുഖത്തുള്ള ഓരോ ചുളിവും വരയും വിറയ്ക്കാൻ തുടങ്ങി; തൊലിക്കടിയിൽ കൊച്ചു സൂചികൾനിന്നു മേലുകീഴ തുള്ളുന്നുണ്ടെന്നു തോന്നും. അവൾ ഒരു 'ബദാമെണ്ണച്ചിരി' പാസ്സാക്കിയിട്ടു വിമ്മിഷ്ടത്തോടും ഉത്സാഹത്തോടുംകൂടി പറഞ്ഞു:

"അങ്ങനെ നിങ്ങൾക്കു സ്വാതന്ത്ര്യം കിട്ടി, പൊന്നേ, ഇനി നിനക്കു തലപൊക്കി നടക്കാം, ധൈര്യമായി ആളുകളുടെ മുഖത്തു നോക്കാം. ഇനിമേൽ, നീയുവാൻ ലേവ്സ്കിയുമായി ചേരുന്നതിനെ ദൈവവും മനുഷ്യനും ആശീർവ്വദിക്കും. അതു ഹൃദ്യമായിരിക്കും. ഞാൻ ആനന്ദംകൊണ്ടു തുള്ളുകയാണു്. എനിക്കു വാക്കു കിട്ടുന്നില്ല. എനിക്കു നിന്നോടെന്തു സ്നേഹം. നിങ്ങൾതമ്മിലുള്ള പരിശുദ്ധവും ന്യായവുമായ ചേർച്ചയെ ആശീർവ്വദിക്കാൻ നീ ഞങ്ങളെ അനുവദിക്കണം. എപ്പോൾ, എപ്പോളാണു നിങ്ങൾ വിവാഹത്തിനുദ്ദേശിക്കുന്നതു്?"

"ഞാൻ അതാലോചിച്ചിട്ടില്ല," കൈകളിലെ പിടി വിടർത്തിയെടുത്തുകൊണ്ടു നദ്യേഷ്യാ പറഞ്ഞു.

"അതസാദ്ധ്യം. പൊന്നേ, നീയതാലോചിച്ചിട്ടുണ്ടു്, നീ ആലോചിച്ചിട്ടുണ്ടു്."

"സത്യം, ഞാനാലോചിച്ചിട്ടില്ല," നദ്യേഷ്യാ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഞങ്ങൾ എന്തിനു വിവാഹിതരാകുന്നു?

അതിൻെറ അത്യാവശ്യമൊന്നും ഞാൻ കാണുന്നില്ല. മുമ്പു ജീവിച്ചതുപോലെ ഞങ്ങൾ ഇനിയും ജീവിക്കും.''

''നീ എന്താ പറയുന്നതു്!'' മേരിയാ കഠിനമായ അവജ്ഞയോടെ ചോദിച്ചു. ''ദൈവമേ, നീ എന്താ പറയുന്നതു്!''

''ഞങ്ങളുടെ വിവാഹംകൊണ്ടു് ഒരു മെച്ചവും ഉണ്ടാകാനില്ല. നേരേമറിച്ചു കാര്യങ്ങൾ കൂടുതൽ വഷളാവുകയേ ഉള്ളു. ഞങ്ങളുടെ സ്വാതന്ത്ര്യം നഷ്ടമാകും.''

''എൻെറ പൊന്നേ, എൻെറ പൊന്നേ, എന്താണു നീ പറയുന്നതു്!'' കാൽ ഇറക്കിവച്ചു്, കൈകൾ മേല്പോട്ടെറിഞ്ഞുകൊണ്ടു് മേരിയാ അത്ഭുതംകൂറി. ''നീ കാടുകേറി സംസാരിക്കുകയാണു്! എന്താണു പറയുന്നതെന്നോൎത്തുനോക്കു. നിങ്ങൾക്കു വീട്ടുകുടിയായി ജീവിക്കണ്ടേ?''

'''വീട്ടുകുടിയായി ജീവിക്കുക!' എന്നുവച്ചാലെന്താണാവോ? ഞാൻ ഇനിയും ജീവിച്ചിട്ടില്ല. നിങ്ങൾ പറയുന്ന വീട്ടുകുടിയായി കൂടണമെന്നു്.''

താൻ യഥാൎത്ഥത്തിൽ ജീവിക്കുകയുണ്ടായിട്ടില്ലെന്നു നദ്യേഷ്ദാ ചിന്തിച്ചു. ബോർഡിങ്സ്കൂളിൽ വിദ്യാഭ്യാസം കഴിഞ്ഞ അവൾ തനിക്കു സ്നേഹമില്ലാത്ത ഒരു പുരുഷനെ വിവാഹംചെയ്തു ജീവിച്ചു. പിന്നെ അവൾ ലേവ്സ്കിയുടെകൂടെ ഭാഗ്യപരീക്ഷണത്തിനു മുതിൎന്നു; അവളുടെ കാലമത്രയും അയാളുടെകൂടെ ഈ ശൂന്യവും വിജനവുമായ കടൽത്തീരത്തു്, മെച്ചമായ മറേറതെങ്കിലും ഒന്നിൻെറ പ്രതീക്ഷയിൽ കഴിച്ചുകൂട്ടി. അതു ജീവിതമായിരുന്നോ?

''എന്നാലും ഞാൻ വിവാഹിതയാകേണ്ടതാണു്,'' അവൾ വിചാരിച്ചു. ഉടനേതന്നെ കിറിലിനെയും അച്ച്മിയാനോവിനെയും ഓൎത്തു വിവൎണ്ണയാവുകയും ചെയ്തു. അവൾ പറഞ്ഞു:

''ഇല്ല, അതസാദ്ധ്യം. ഇവാൻ എന്നോടു മുട്ടുകുത്തി അപേക്ഷിച്ചാലും ശരി—എന്നാലും ഞാൻ നിഷേധിക്കും.''

മേരിയാ ഒരു നിമിഷം, സോഫയിൽ, ഗൗരവത്തോടും വിഷാദത്തോടുംകൂടി അന്തരീക്ഷത്തിലേക്കു തുറിച്ചുനോക്കിക്കൊണ്ടു നിശ്ശബ്ദയായി ഇരുന്നു. എന്നിട്ടു് എഴുന്നേററുനിന്നുകൊണ്ടു നിശിതമായി പറഞ്ഞു:

"നമസ്കാരം പൊന്നേ! ബദ്ധപ്പെട്ടത്തിയതിനു മാപ്പ്"! പറയാൻ വിഷമമില്ലാതില്ല. എന്നാലും ഇന്നോടെ നമ്മൾ തമ്മിലുള്ള സകല ബന്ധവും അവസാനിച്ചിരിക്കുന്നു എന്നു പറയേണ്ടിവന്നിരിക്കുന്നു. ഇവാനോട്ട് എനിക്കു് അതിയായ ബഹുമാനമുണ്ടെങ്കിലും, ഇനിമേൽ എൻെറ വീട്ടുവാതിൽ നിങ്ങളുടെ മുമ്പിൽ അടഞ്ഞിരിക്കും."

വളരെ ശാന്തഗംഭീരമായിട്ടാണു് അവൾ ഈ വാക്കുകൾ ഉച്ചരിച്ചതു്. ആ ഗംഭീരശബ്ദം അവളെത്തന്നെ ആശ്ചര്യപ്പെടുത്തി. അവളുടെ മുഖം പിന്നെയും വിറയ്ക്കാൻ തുടങ്ങി. അവിടെ ഒരു മാർദ്ദവവും 'ബദാമെണ്ണഭാവ'വും വന്നുചേൎന്നു. കുഴക്കത്തോടുകൂടി, അത്ഭുതാധീനയായി നില്ക്കുന്ന നദ്യേഷ്ദ്യായുടെനേക്കു രണ്ടു കൈയും എടുത്തിട്ടുകൊണ്ടു് അപേക്ഷാസ്വരത്തിൽ അവൾ പറഞ്ഞു:

"എൻെറ പൊന്നേ, ഒരു നിമിഷത്തേക്കെങ്കിലും, ഞാൻ നിൻെറ അമ്മയോ മൂത്ത സഹോദരിയോ ആയിക്കൊള്ളട്ടെ! ഞാൻ ഒരമ്മയെപ്പോലെ കലവറകൂടാതെ നിന്നോടു സംസാരിക്കും."

നദ്യേഷ്ദ്യായുടെ ഹൃദയത്തിൽ ഊഷ്മളതയും, സന്തുഷ്ടിയും, ആത്മാനുതാപവും അനുഭവപ്പെട്ടു. അവളുടെ അമ്മതന്നെ ഉയിൎത്തെഴുന്നേററു മുമ്പിൽവന്നു നില്ക്കുന്നതുപോലെ. അവൾ പെട്ടെന്നുണ്ടായ പ്രേരണയാൽ മേരിയായെ കെട്ടിപ്പിടിച്ചു് അവളുടെ തോളിൽ മുഖം അമൎത്തി. രണ്ടുപേരും കണ്ണുനീർ പൊഴിച്ചു. അവർ സോഫയിൽ ഇരുന്നു. കുറേ നിമിഷങ്ങളോളം അന്യോന്യം മുഖത്തു നോക്കാതെ തേങ്ങിക്കൊണ്ടും, ഒരു വാക്കുച്ചരിക്കാൻ ശക്തരാകാതെയും കഴിച്ചു.

"എൻെറകുട്ടീ," മേരീയാ ആരംഭിച്ചു, "കഠിനമായ ചില യാഥാൎത്ഥ്യങ്ങൾ ഞാൻ നിന്നോടു വെളിവായി പറയാം."

"ദൈവത്തെയോൎത്തു്, ദൈവത്തെയോൎത്തു്, പറയണം!"

"എന്നെ വിശ്വസിക്കു, തങ്കം. ഇവിടെയുള്ള സ്ത്രീകളുടെ കൂട്ടത്തിൽ നിന്നെ സ്വീകരിക്കാൻ തയ്യാറായ ഒരേയൊരു സ്ത്രീ ഞാനാണെന്നോൎക്കുന്നുണ്ടല്ലോ. ആദ്യദിവസംമുതൽതന്നെ നീ എന്നിൽ ജുഗുപ്സയുളവാക്കി. എങ്കിലും മററുള്ളവരെയൊക്കെ

പ്പോലെ നിന്നോട്ട് അവജ്ഞ കാണിക്കാൻ എനിക്കു മനസ്സു ണ്ടായില്ല. നല്ലവനായ നമ്മുടെ പ്രിയപ്പെട്ട ഇവാൻലേവ് സ്കിയെയോർത്ത്, അയാൾ എന്റെ മകനായാൽ എങ്ങനെ യോ അങ്ങനെ ഞാൻ ദുഃഖിച്ചു—പരിചയമില്ലാത്ത ദിക്കിൽ വന്നുപെട്ട ഒരു യുവാവ്, ലോകപരിചയമില്ല, ശക്തിയില്ല, തള്ളയുമില്ല. ഞാൻ ദുഃഖിച്ചു, ഭയങ്കരമായി ദുഃഖിച്ചു...ഞ ങ്ങൾ അദ്ദേഹത്തെ പരിചയപ്പെടുന്നതിൽ എന്റെ ഭർത്താവ് എതിരായിരുന്നിട്ട് ഞാൻ അദ്ദേഹത്തെ പറഞ്ഞുതിരിച്ചു... സമ്മതിപ്പിച്ചു...ഞങ്ങൾ ഇവാനെ സ്വീകരിക്കാൻ തുടങ്ങി. കൂട്ടത്തിൽ, സ്വാഭാവികമായി, നിന്നെയും. ഞങ്ങൾ അങ്ങനെ ചെയ്യില്ലായിരുന്നെങ്കിൽ അദ്ദേഹം അവമാനിക്കപ്പെട്ടമായി രുന്നു. എനിക്കൊരു മകളുണ്ട്, ഒരു മകനുമുണ്ട്...ഇളംമന സ്സും നിഷ്കളങ്കമായ ഹൃദയവും. നിനക്കു മനസ്സിലാകുമല്ലോ... 'ഈ കുഞ്ഞുങ്ങളാരെയെങ്കിലും ഉപദ്രവിക്കുന്ന ഓരോ ആളും'... നിങ്ങളെ വീട്ടിൽവച്ചു സല്ക്കരിക്കുമ്പോൾ എന്റെ ഹൃദയം കു ട്ടികളെയോർത്തു വിറക്കൊണ്ടു—ഓ, ഒരമ്മയാകുമ്പോൾ എ ന്റെ ആശങ്കയും ഉൽക്കണ്ഠയും നിനക്കു മനസ്സിലാകും. തുറന്നുപ റയുന്നതു ക്ഷമിക്കണം, ഒരു മാന്യസ്ത്രീയായി നിങ്ങളെ ഞ ങ്ങൾ സല്ക്കരിക്കുന്നിൽ എല്ലാ ആളുകളും അത്ഭുതപ്പെട്ടു. എ ന്നോടതു സൂചിപ്പിക്കുകയും ചെയ്തു...എല്ലാം തീർച്ചയായും അ പവാദങ്ങൾതന്നെ, ഊഹങ്ങൾ...എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നെ ഞാൻ കുറ്റപ്പെടുത്തി. എങ്കിലും അസംതൃ പ്തിയും ചപലയുമായ നീ സഹതാപം അർഹിച്ചിരുന്നു. എന്റെ ഹൃദയം നിന്നോടുള്ള സഹതാപംകൊണ്ടു തിങ്ങിവിങ്ങി.''

''പക്ഷേ, എന്തേ, എന്തേ?'' നദ്യേഷ്ദ്യാ വിറയ്ക്കുന്ന ശരീര ത്തോടുകൂടി ചോദിച്ചു. ''ഞാനാർക്കെന്തു ദോഷമാണു ചെ യ്തതു്?''

''നീ ഒരു കൊടുംപാപിയാണു്. നീ നിന്റെ ഭർത്താവി നോട്ട് അൾത്താരിയിൽ വച്ചു ചെയ്ത പ്രതിജ്ഞ ലംഘിച്ചു. നല്ലൊരു ചെറുപ്പക്കാരനെ വഴിതെറ്റിച്ചു. അയാളോ, ഒരുപ ക്ഷേ, നിന്നെക്കണ്ടുമുട്ടാതിരുന്നെങ്കിൽ, തരത്തിൽപ്പെട്ട ഒരു നല്ല കുടുംബത്തിൽനിന്നു നിയമാനുസാരം ഒരു ജീവിതസഖി യെ തിരഞ്ഞെടുത്തു് ഇപ്പോൾ മറ്റേതൊരാളെയുംപോലെ

കഴിഞ്ഞുകൂടിയേക്കുമായിരുന്നു. നീ അയാളുടെ യൗവനം താറുമാറാക്കി. സംസാരിക്കരുതേ, സംസാരിക്കരുതേ, പൊന്നേ! നമ്മുടെ പാപങ്ങൾക്കു പുരുഷന്മാരെയാണു പഴിപറയേണ്ടതെന്നു ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. അതെപ്പോഴും സ്ത്രീയുടെ കുററമാണ്. ഗൃഹസ്ഥജീവിതത്തിൽ പുരുഷന്മാർ ബാലിശസ്വഭാവികളാണ്. അവരെ നയിക്കുന്നതു ഹൃദയമല്ല, മനസ്സാണ്. വളരെയധികം സംഗതികൾ അവർ മനസ്സിലാക്കാതെയുണ്ട്. സ്ത്രീ അതെല്ലാം മനസ്സിലാക്കുന്നു. എല്ലാം അവളെയാശ്രയിച്ചാണിരിക്കുന്നത്. അവൾക്കു വളരെയധികം കൊടുത്തിരിക്കുന്നു, വളരെയധികം അവളിൽനിന്നു വരേണ്ടതായിട്ടുമുണ്ടാകും. എന്റെ പൊന്നേ, ആ വശത്ത് അവൾ പുരുഷനേക്കാൾ മന്ദബുദ്ധിയോ ദുർബലയോ ആയിരുന്നെങ്കിൽ, ദൈവം കുട്ടികളുടെ വിദ്യാഭ്യാസം അവളെ വിശ്വസിച്ചേല്പിക്കയില്ലായിരുന്നു. പിന്നെയും ആക്കമൊതുക്കം സകലതും മറന്ന്, എന്റെ പൊന്നേ, നീ ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ചു. നിന്റെ സ്ഥാനത്തു മറ്റേതു സ്ത്രീയാണെങ്കിലും ജനക്കൂട്ടത്തിൽനിന്ന് ഓടിയൊളിച്ചു പുരസ്കൃകത്തുകേറി അടച്ചുപൂട്ടിയിരിക്കുമായിരുന്നു. പിന്നെ ദേവാലയത്തിൽ മുഴുവൻ കറുപ്പുവസ്ത്രത്തിൽ പൊതിഞ്ഞു്, വിളറിവെളുത്ത്, കണ്ണുനീരോടുകൂടിനില്ക്കുന്നതായല്ലാതെ വെളിയിൽ കാണുകയില്ല. അപ്പോൾ എല്ലാവരും ആത്മാർത്ഥമായ സഹതാപത്തോടുകൂടി പറയുമായിരുന്നു: 'ഓ, കർത്താവേ, ഈ വഴിതെറ്റിയ മാലാഖാ നിന്റെ സവിധത്തിലേക്കു തിരിച്ചുവരുന്നു...പക്ഷേ, നീ എന്റെ പൊന്നേ, സകലവിവേകവും വിസ്മരിച്ചു പരസ്യമായി, ധൂർത്തടിച്ചു ജീവിച്ചു. നിന്റെ പാപത്തിൽ അഭിമാനംകൊള്ളുന്നതുപോലെ നടിച്ചു. സദാ ആനന്ദിച്ചു, ചിരിച്ചാർത്തു. ഞാനും നിന്നെക്കണ്ടു് അസഹ്യമായ വെറുപ്പുകൊണ്ടു തലകുടഞ്ഞു. നീ ഞങ്ങളുടെ കൂട്ടത്തിലിരിക്കുന്ന സമയത്തു് ആകാശത്തിൽ നിന്നുള്ള ഇടിവാളുകൾ ഞങ്ങളുടെ വീടിന്മേൽ വീണേക്കുമോയെന്നു ഞാൻ എപ്പോഴും പേടിച്ചു. എൻെറ പൊന്നേ, മിണ്ടരുതേ!'' നദ്യേഷ്ദ്യാ സംസാരിക്കാനായുകയായിരുന്നു. ''എന്നെ വിശ്വസിക്കുക, ഞാൻ നിന്നെ വഞ്ചിക്കുകയില്ല. ഒരു സത്യവും നിൻെറ ആത്മാവിന്റെ ദൃഷ്ടിയിൽനിന്നു ഞാൻ ഒളിക്കുകയില്ല. പറയുന്നതു കേൾക്കു, എന്റെ

പൊന്നേ,...ദൈവം മഹാപാപികളെ നോക്കിക്കുറിക്കും, നിന്നെയും ദൈവം നോക്കിക്കുറിച്ചുകഴിഞ്ഞു. ഒന്നോക്കു—നിന്റെ വസ്ത്രങ്ങൾ എപ്പോഴും ഭയങ്കരമല്ലേ.''

തൻെറ വസ്ത്രങ്ങളെപ്പററി എപ്പോഴും ഏററവും ഉന്നതമായ ഒരഭിപ്രായം വച്ചുപുലത്തിപ്പോന്ന നദ്യേഷ്ഡ്യാ കരച്ചിൽ നിത്തി അവളുടെ മുഖത്തു മിഴിച്ചുനോക്കി.

''അതേ, ഭയങ്കരം,'' മേരിയാ തുടൻു, ''പ്രകടനത്തിനു വേണ്ടിയുള്ള നിൻെറ വിസ്തരിച്ച വസ്ത്രധാരണത്തിൽനിന്നു് നിൻെറ സ്വഭാവത്തെക്കുറിച്ചു് ആക്കും വിധികല്പിക്കാം. ആളുകൾ നിന്നെനോക്കി ചുമൽ കുലുക്കി, ചിരിച്ചപ്പോൾ ഞാൻ ദുഃഖിച്ചു, ദുഃഖിച്ചു...പിന്നെ, ക്ഷമിക്കണം പൊന്നേ, നിൻെറ ശരീരവും വൃത്തിയുള്ളതല്ല. നമ്മൾതമ്മിൽ കുളിപ്പുരയിൽവച്ചു കണ്ടപ്പോൾ നീയെന്നെ ഞെട്ടിപ്പിച്ചു. നിൻെറ പുറത്തെ ഉടുപ്പുകൾ സാമാന്യം മാനമായിരുന്നു. പക്ഷേ, നിൻെറ പെററിക്കോട്ട്, പറ്റുകുപ്പായം...എൻെറ പൊന്നേ, ഞാൻ നാണിച്ചുപോയി! പാവം ഇവാൻ ലേവ്സ്കി! അയാളുടെ കഴുത്തുറുവാല ആരും ഒരിക്കലും നേരേ കെട്ടിക്കൊടുക്കുന്നില്ല. അയാളുടെ അടിയുടുപ്പുകളും ചെരിപ്പും കണ്ടാൽ, പാവം! അയാളെ നോക്കാൻ വീട്ടിൽ ആരുമില്ലെന്നു കാണാൻ സാധിക്കും. അയാൾ എപ്പോഴും വിശന്നു നടക്കുന്നു, എൻെറ തങ്കം, സമോവറിൻെറയും കാപ്പിയുടെയും കാര്യം ചിന്തിക്കാൻ വീട്ടിൽ ആളില്ലെങ്കിൽ, ശമ്പളത്തിൻെറ പകുതി റസ്റ്റാറണ്ടിൽ ചെലവാക്കാൻ നിർബ്ബന്ധിതരാകുന്നതു സ്വാഭാവികമാണു്. നിങ്ങളുടെ വീട്ടിലെ അവസ്ഥ ശുദ്ധമേ ഭയങ്കരമാണു്, ഭയങ്കരം! പട്ടണത്തിൽ വേറെയാരുടെ വീട്ടിലും ഈച്ചയില്ല. പക്ഷേ, നിങ്ങളുടെ വീട്ടിൽ അവയിൽനിന്നു രക്ഷയില്ല. സകല പിഞ്ഞാണങ്ങളും പ്ലേററുകളും ഈച്ചവീണു കറുത്തിരിക്കും. ജനാലകളിലോ കസേരകളിലോ നോക്കിയാലോ, എല്ലായിടത്തും പൊടിയും, ചത്ത ഈച്ചകളും, ഗ്ലാസ്സുകളുമല്ലാതില്ല... ഗ്ലാസ്സുകൾ ഇങ്ങനെ ചുറ്റും നിരത്തിയിട്ടു് എന്തുവേണം? ഇനിയും പൊന്നേ, പകൽ ഇത്രയായിട്ടു് മേശപ്പുറം വൃത്തിയാക്കിയിട്ടുണ്ടോ? പിന്നെ, നിങ്ങളുടെ കിടപ്പറയിലേക്കുകടന്നാൽ മനുഷ്യക്കു നാണമാകും. സർവ്വത്രവലിച്ചെറിഞ്ഞിരിക്കുന്ന അടി

വസ്ത്രങ്ങൾ, ഭിത്തികളിൽ തൂങ്ങിക്കിടക്കുന്ന റബ്ബർക്കുഴലുകൾ, ചുററും നിരന്നിരിക്കുന്ന വെള്ളത്തൊട്ടികളും കവിടിച്ചട്ടികളും...എന്റെ പൊന്നേ, ഭർത്താവ് ഒന്നും അറിയണമെന്നില്ല. ഭാര്യ അയാളുടെ മുമ്പിൽ ഒരു കൊച്ചു മാലാഖായെപ്പോലെ ശുചിത്വമുള്ളവളായിരിക്കണം. ഞാൻ എന്നും രാവിലെ വെളിച്ചമാകുന്നതിനുമുമ്പ് എഴുന്നേററു് പച്ചവെള്ളംകൊണ്ടു മുഖം കഴുകും, എന്റെ നിക്കോദിം എന്നെ മുഖം ഉറക്കച്ചടവോടുകൂടി കാണരുതെന്നുവച്ചിട്ട്.''

''അതൊക്കെ അസംബന്ധമാണ്!'' നദ്യേഷ്ദാ എങ്ങലടിച്ചു. ''എനിക്കു് ഒരു ഭാഗ്യകാലം ഉണ്ടായിരുന്നെങ്കിൽ; പക്ഷേ, ഞാൻ എത്ര നിർഭാഗ്യവതി!''

''അതേ, അതേ, നീ വളരെ നിർഭാഗ്യവതിയാണ്!'' കരച്ചിൽ അടക്കാൻ വിഷമിച്ചുപോയ മേരിയാ ദീർഘമായി നിശ്വസിച്ചു. ''ഭാവി അതികഠിനമായ ദുരിതത്തെ നിനക്കായി സൂക്ഷിച്ചിട്ടുമുണ്ട്, ഒരേകാന്തമായ വാർദ്ധക്യവും അനാരോഗ്യവും; മാത്രമല്ല ഭയാനകമായ ആ ന്യായവിധിനാളിൽ നീ സമാധാനം ബോധിപ്പിക്കേണ്ടതായും വരും....അതു ഭയങ്കരമാണ്, ഭയങ്കരം! ഇപ്പോൾ വിധിതന്നെ നിനക്കൊരു സഹായഹസ്തം നീട്ടുകയാണ്. നീ ഉന്മത്തയായി അതു തട്ടിയെറിയുന്നു, വിവാഹം കഴിക്കു, വേഗം വിവാഹം കഴിക്കു!''

''അതേ, ചെയ്യണം, ചെയ്യണം,'' നദ്യേഷ്ദാ പറഞ്ഞു. ''പക്ഷേ, അതസാദ്ധ്യമാണല്ലോ?''

''കാരണം?''

''അതസാദ്ധ്യമാണ്! ഓ, നിങ്ങളൊന്നറിഞ്ഞിരുന്നെങ്കിൽ!''

നദ്യേഷ്ദായ്ക്കു് എല്ലാം അവളോടു പറയുവാൻ തോന്നി. കിറിലിനെക്കുറിച്ചും, തലേന്നാൾ വൈകിട്ട് തുറമുഖത്തുവച്ച് സുന്ദരനായ അച്ച്മിയാനോവിനെ കണ്ടുമുട്ടിയതിനെയും, തന്റെ മുന്നൂറു റൂബിൾ കടം റദ്ദുചെയ്തുകളയാമെന്നുള്ള കിറുക്കുപിടിച്ച, പരിഹാസ്യമായ ആശയം ഉദിച്ചതിനെയും കുറിച്ചുമെല്ലാം. രണ്ടാമത്തെ ആശയം അവളെ വളരെയധികം ആകർഷിച്ചിരുന്നു. സന്ധ്യ വളരെ വൈകിട്ട് അവൾ വീട്ടിലേയ്ക്കു തിരിച്ചുവന്നതു്, സ്വന്തം ശരീരം വിററുപോയതുപോ

ലെയും, കരകേറാനാവാത്തവിധം പതിതയായിപ്പോയതുപോലെയും ഉള്ള തോന്നലോടുകൂടിയായിരുന്നു. അതെങ്ങനെ സംഭവിച്ചുവെന്നു് അവൾക്കുതന്നെ അറിവില്ല. ആ കടം താൻ വീട്ടുന്നുണ്ടെന്നു് മേരിയായുടെ മുമ്പിൽ സത്യംചെയ്യുവാൻ അവൾ കൊതിച്ചു; എങ്കിലും തേങ്ങലുകളും ലജ്ജയും അവളുടെ വായടച്ചു.

"ഞാൻ ഇവിടന്നു പോകയാണു്." അവൾ പറഞ്ഞു, "ഇവാന്നു വേണമെങ്കിൽ നില്ക്കാം, ഏതായാലും ഞാൻ പോകുന്നു."

"എവിടെ?"

"റഷ്യയ്ക്കു്."

"പക്ഷേ, നീ അവിടെ എങ്ങനെ ജീവിക്കും? നിൻെറ കൈയിൽ ഒന്നുമില്ലല്ലോ."

"ഞാൻ തർജ്ജിമപ്പണി ചെയ്യും... അല്ലെങ്കിൽ... അല്ലെങ്കിൽ ഒരു ഗ്രന്ഥശാല തുറക്കും."

"നിൻെറ ഭാവനയും നിൻെറകൂടെ ഓടാൻ വിടരുതേ, എൻെറ പൊന്നേ. ഗ്രന്ഥശാലയ്ക്കും പണംവേണം. ആട്ടെ. ഇപ്പോൾ ഞാൻ പോയേക്കാം. നീ മനസ്സമാധാനമായി കാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുക. എന്നിട്ടു നാളെ പ്രസന്നയായി, സന്തോഷവതിയായി വന്നു് എന്നെ കാണണം. അതു ഹൃദ്യമായിരിക്കും. ശരി, നമസ്കാരം, എന്റെ മാലാഖേ. ഞാൻ നിന്നെ ചുംബിക്കട്ടെ."

മേരിയാ നദ്യേഷ്യായെ നെററിയിൽ ചുംബിച്ചശേഷം അവളുടെമേൽ കുരിശുവരച്ചു, മെല്ലെ പിൻവാങ്ങി. ഇരുട്ടായിത്തുടങ്ങിയിരുന്നു. ഓൾഗാ അടുക്കളയിൽ വിളക്കു തെളിച്ചു. കരഞ്ഞുകൊണ്ടിരുന്ന നദ്യേഷ്യാ എഴുന്നേററു കിടക്കമുറിയിൽ ചെന്നു കിടക്കയിൽ വീണു. അവൾക്കു് കടുത്ത പനിക്കോളാരംഭിച്ചു. അവൾ കിടന്നുകൊണ്ടുതന്നെ വസ്ത്രങ്ങൾ അഴിച്ചു ചുരുട്ടിക്കൂട്ടി കാൽച്ചുവട്ടിലെറിഞ്ഞിട്ടു് കിടക്കവിരിപ്പിനടിയിൽ ചുരുണ്ടുകൂടി. അവൾക്കു ദാഹിച്ചു. കുടിക്കാൻ എന്തെങ്കിലും കൊണ്ടുവന്നുകൊടുക്കാൻ ആരുമില്ലായിരുന്നു.

"ഞാൻ അതു തിരിച്ചുകൊടുക്കും," അവൾ തന്നത്താൻ പറഞ്ഞു. മയങ്ങിക്കിടന്നപ്പോൾ, താൻ ഏതോ രോഗിണി

യുടെ അടുത്തു് ഇരിക്കുന്നതായി അവൾക്കു തോന്നി. അവൾക്കു് അവളെ ശരിക്കു മനസ്സിലായി. "ഞാനതു മടക്കിക്കൊടുക്കും. പണത്തിനുവേണ്ടിയായിരുന്നെന്നു വിചാരിക്കുന്നതു വിഡ്ഢിത്തമായിരിക്കും, അങ്ങനെ ഞാൻ...ഇവിടെനിന്നു പീറേറഴ്സ്ബർഗ്ഗിൽ ചെന്നിട്ടു് അയാളുടെ പണം അയച്ചുകൊടുക്കും. ആദ്യം ഒരു നൂറു്...പിന്നെ ഒരു നൂറുകൂടി...പിന്നെ ബാക്കി ഒരു നൂറുംകൂടി..."

രാത്രി വളരെ ഇരുട്ടീട്ടാണു് ലേവ്സ്കി വന്നു കേറിയതു്.

"ആദ്യം ഒരുനൂറു്..." നദ്യേഷ്ദ്യാ അയാളെനോക്കി പറഞ്ഞു, "പിന്നെ ഒരു നൂറുകൂടി..."

"നീ അല്പം കൊയിനാ കഴിക്കണം," എന്നു പറഞ്ഞിട്ടു അയാൾ ചിന്തിച്ചു, 'നാളെ ബുധനാഴ്ച ആ കപ്പൽ പോവുകയാണു്. ഞാൻ അതിൽ പോകില്ല. അങ്ങനെ എനിക്കു ശനിയാഴ്ചവരെ ഇവിടത്തന്നെ കഴിയേണ്ടതായി വരുന്നു.'

നദ്യേഷ്ദ്യാ എഴുന്നേററു കിടക്കയിൽമുട്ടുകുത്തി ഇരുന്നു.

"ഇപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ലല്ലോ, പറഞ്ഞോ?" വെളിച്ചത്തിൽ കണ്ണു ചെറുതാക്കിക്കൊണ്ടു് പുഞ്ചിരിയോടെ അവൾ ചോദിച്ചു.

"ഇല്ല, ഒന്നുമില്ല. നാളെക്കാലത്തു് ഡോക്ടർക്കാളയക്കണം; ഇപ്പോൾ കിടന്നുറങ്ങിക്കോളൂ."

അയാൾ തലയണ കൈയിലെടുത്തു് വാതില്ക്കലേക്കു നടന്നു. നദ്യേഷ്ദ്യായെ ഉപേക്ഷിച്ചു് നാടുവിട്ടുകളയാൻ അവസാനമായി മനസാതീരുമാനിച്ചതുമുതൽ, അവൾ അയാളുടെ മനസ്സിൽ സഹതാപവും ഒരു കുററബോധവും ഊതിപ്പൊക്കിയിരുന്നു. രോഗമോ വാർദ്ധക്യമോ ബാധിച്ചതുമൂലം കൊല്ലാൻ നിശ്ചയിച്ച ഒരു കുതിരയുടെ അടുത്തുനില്ക്കുമ്പോഴെന്നപോലെ അവളുടെയടുത്തു നില്ക്കുമ്പോൾ ചെറിയൊരു ലജ്ജ അയാൾക്കനുഭവപ്പെട്ടു. അയാൾ വാതില്ക്കൽ ചെന്നുനിന്നു് തിരിഞ്ഞു് അവളെ നോക്കി.

"പിക്ക്നിക്കിൽവച്ചു് എനിക്കു ബോധമില്ലാതിരിക്കുമ്പോഴായിരുന്നു, ഞാൻ എന്തോ പരുഷമായി പറഞ്ഞുകാണും. ദൈവത്തിൻെറ പേരിൽ, ക്ഷമിച്ചുകളയൂ!"

ഇതും പറഞ്ഞിട്ട് അയാൾ വായനമുറിയിൽ ചെന്നു കിടപ്പായി. വളരെ നേരത്തോളം അയാൾക്കു് ഉറങ്ങാൻ കഴിഞ്ഞില്ല.

പിറേറന്നു രാവിലെ, അതൊരൊഴിവുദിവസമായിരുന്നതുകൊണ്ടു്, സമ്പൂർണ്ണ ഔദ്യോഗികവസ്ത്രങ്ങളും, തോളിൽതൊങ്ങലും, നെഞ്ചിൽ ബിരുദമുദ്രകളും ധരിച്ച് ഉടുത്തൊരുങ്ങിയ സമോയ്‌ലങ്കോ നദ്യേഷ്ദയുടെ നാഡി പരിശോധിച്ച്, നാക്കും നോക്കിയിട്ടു്, ശയനമുറിയിൽനിന്നിറങ്ങിവന്നപ്പോൾ വാതില്ക്കൽ നില്ക്കുകയായിരുന്ന ലേവ്‌സ്‌കി ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു:

"എന്നിട്ട്? എന്നിട്ട്?"

അയാളുടെ മുഖഭാവത്തിൽ ഉൽക്കണ്ഠയുടെയും കടുത്ത അസ്വാസ്ഥ്യതയുടെയും ആശയുടെയും പ്രതിഫലനമുണ്ടായിരുന്നു.

"നിങ്ങൾ ദുഃഖിക്കേണ്ട. അപകടം യാതൊന്നുമില്ല," സമോയ്‌ലങ്കോ പറഞ്ഞു, "പതിവുള്ള പനിയാണതു്."

"ഞാനുദ്ദേശിച്ചതു് അതല്ല," ലേവ്‌സ്‌കി അസഹ്യതയോടുകൂടി അലോസരപ്പെട്ടു, "പണം കൈയിലുണ്ടോ?"

"എന്റെ ഇഷ്ടാ, ക്ഷമിക്കണം," തിരിഞ്ഞു വാതില്ക്കലേക്കു ദൃഷ്ടിപായിച്ചുകൊണ്ടു കുഴക്കത്തോടെ സമോയ്‌ലങ്കോ പറഞ്ഞു. "ദൈവത്തെയോർത്തു ക്ഷമിക്കു. ആരുടെ കൈയിലും കൂടുതലില്ല, തരാൻ. അഞ്ചും പത്തുമായിട്ടേ സമ്പാദിക്കാൻ കഴിയുന്നുള്ളു.... എല്ലാംകൂടി ഒരു നൂറ്റിപ്പത്തേ ഒത്തുവന്നിട്ടുള്ളു. ഇന്നു ഞാൻ വേറെ ആരോടെങ്കിലും സംസാരിക്കാം. ക്ഷമിച്ചിരിക്കുക."

"പക്ഷേ, ശനിയാഴ്ച പരമാവധിയാണ്." അക്ഷമയാൽ വിറച്ചുകൊണ്ടു് ലേവ്‌സ്‌കി പറഞ്ഞു. "ഈശ്വരന്മാരെയോർത്തു ശനിയാഴ്ചയ്ക്കു് അതു സമ്പാദിച്ചേക്കണേ! ശനിയാഴ്ചയോടെ ഞാൻ ഇവിടം വിടുന്നില്ലെങ്കിൽ, ഒന്നുകൊണ്ടും ഫലമില്ല. ഒന്നുകൊണ്ടും! ഒരു ഡാക്ടരുടെ കൈയിൽ പണമില്ലാതെവരാവുന്നതെങ്ങനെയോ, എനിക്കു മനസ്സിലാകുന്നില്ല!"

"ദൈവം നമ്മളെ സഹായിക്കട്ടെ." സ്പഷ്ടമായ തൊണ്ട

യിടച്ച്യയോട്ടുകൂടി, സമോയ്ലങ്കോ ധിറുതിയിൽ കടിച്ചുപിടിച്ചു പിറുപിറുത്തു. “എൻെറ പക്കൽ ഒന്നും അവശേഷിച്ചിട്ടില്ല. ഏഴായിരം എനിക്കു കിട്ടാനുള്ളപ്പോൾ ഞാൻ നാലുചുററും കടംകൊണ്ടു പൊറുതിമുട്ടുന്നു. അതെൻെറ കുററമാണോ?”

“അപ്പോൾ നിങ്ങളതു ശനിയാഴ്ചയ്ക്കു സമ്പാദിച്ചുവയ്ക്കും, വയ്ക്കില്ലേ?”

“ഞാൻ ശ്രമിക്കാം.”

“ഞാൻ നിങ്ങളോടിരക്കുകയാണു്, എൻറിഷ്ടാ. വെള്ളിയാഴ്ച രാവിലെയാകുമ്പോഴേക്കു് പണം എൻെറ കൈയിൽ വരണം!”

സമോയ്ലങ്കോ അവിടെ ഇരുന്നു. കൊയിനാവും മററു ചില മരുന്നുകളുംചേർത്തു് ഒരു മിക്സ്ചറായി, മധുരത്തിനു് അല്പം ചുകന്ന സിറപ്പുംചേർത്തു കഴിക്കാൻ കുറിച്ചുകൊടുത്തിട്ടു സ്ഥലംവിട്ടു.

## 11

“നിങ്ങളെക്കണ്ടിട്ടു് എന്നെ അറസ്ററുചെയ്യാൻ വരുന്നതുപോലെ തോന്നിപ്പോയല്ലോ,” എല്ലാ ഔദ്യോഗികചമയങ്ങളും ഇട്ടൊരുങ്ങി സമോയ്ലങ്കോ കേറിവരുന്നതുകണ്ടു് വോൺകൊറൻ പറഞ്ഞു.

“ഇതിലേ പോവുകയായിരുന്നു. അപ്പോൾ, ഒന്നുകോറി ജന്തുശാസ്ത്രജ്ഞനോടുള്ള ഉപചാരം അറിയിച്ചാലോ എന്നുവച്ചു.” ഒഴക്കൻ പലകകൾകൊണ്ടു് ജന്തുശാസ്ത്രജ്ഞൻതന്നെ തട്ടിക്കൂട്ടി ഇട്ടിരുന്ന വലിയ മേശയുടെ മുമ്പിൽ ഇരിപ്പുപിടിച്ചുകൊണ്ടു് സമോയ്ലങ്കോ പറഞ്ഞു. “ഗുഡ്മോർണിങ് അച്ചാ.” ജനാലയ്ക്കൽ എന്തോ പകർത്തിയെഴുതിക്കൊണ്ടിരുന്ന ശെമ്മാശ്ശനോടു് അദ്ദേഹം പറഞ്ഞു. “ഒരു നിമിഷം ഇരുന്നിട്ടു് ഞാൻ ഉടൻ വീട്ടിലേക്കോടി ഭക്ഷണത്തിൻെറകാര്യം നോക്കിക്കൊള്ളാം. നേരമാകാറായി...ഞാൻ നിങ്ങളെ തടസ്സപ്പെടുത്തുകയല്ലല്ലോ?”

“ഒന്നുമില്ല.” നുറുനുറെ എഴുതിനിറച്ച കടലാസുതുണ്ടു

കൾ മേശപ്പുറത്തു നിരത്തിക്കൊണ്ടു ജന്തുശാസ്ത്രജ്ഞൻ മറുപടികൊടുത്തു. "ഞങ്ങൾ ധിറുതിയായി പകർത്തിയെഴുതുകയാണ്."

"ആ...!ഓ,എന്റീശ്വരാ!...എന്റീശ്വരാ!"സമോയ്ലങ്കോ നെടുവീർപ്പിട്ടു.അയാൾ മേശപ്പുറത്തുനിന്നു് പൊടിപിടിച്ചഒരു പുസ്തകം വളരെ സൂക്ഷിച്ചു കൈയിലെടുത്തു. ഒരു എട്ടുകാലിയുടെ ഉണങ്ങിയ ശവം അതിന്റെ പുറത്തുകിടന്നിരുന്നു. അയാൾ പറഞ്ഞു: "എന്നാലും ഒന്നാലോചിക്കുക. ഒരു കൊച്ചു പച്ചപ്പൊട്ടൻ സ്വന്തം വഴിനോക്കി പോവുകയാണു്. അപ്പോഴുണ്ടു് ഇങ്ങനെയൊരു ഭയങ്കരൻ അതിൻെറമേൽ ചാടിവീഴുന്നു. അതിൻെറ ഭീകരത ഊഹിക്കാമല്ലൊ."

"ആവാമെന്നു തോന്നുന്നു."

"അതിനെ ശത്രുക്കളിൽനിന്നു രക്ഷിക്കാനാണോ അതിനു വിഷംകൊടുത്തിരിക്കുന്നതു്?"

"അതേ. രക്ഷിക്കാനും ആക്രമണശക്തി കൊടുക്കാനുമാണു്."

"സംശയമില്ല, സംശയമില്ല...പ്രകൃതിയിലുള്ളതെല്ലാം, എൻെറ ഇഷ്ടന്മാരെ, സ്ഥാനത്തുള്ളതും വ്യാഖ്യാനിക്കാവുന്നതും തന്നെ," സമോയ്ലങ്കോ നെടുവീർപ്പിനിടയിലൂടെ പറഞ്ഞു. "എനിക്കു മനസ്സിലാവാത്തതു നിങ്ങളോടു പറയുന്നെന്നേയുള്ളു. വളരെ ബുദ്ധിയുള്ള ഒരാളാണല്ലോ നിങ്ങൾ. അതുകൊണ്ടു ദയവായി ഇതെനിക്കു പറഞ്ഞുതരിക, മൂഷികനെക്കാൾ മുഴപ്പേറാത്ത പലതരം ചെറിയ ജന്തുക്കളില്ലേ, നിങ്ങൾക്കറിയാമല്ലോ. താരതമ്യേന കാഴ്ചയ്ക്കു ഭംഗിയുള്ളതാണെങ്കിലും എൻെറ അഭിപ്രായം പറഞ്ഞാൽ, അങ്ങേയററം ദുശ്ശീലമുള്ള പിഴച്ച ജീവികൾ. അത്തരമൊരു കൊച്ചുജീവി കാട്ടിൽക്കൂടി ഓടിപ്പോകുന്നുവെന്നു വിചാരിക്കുക. അവൻ ഒരു കിളിയെ കാണുന്നു, അതിനെ പിടിച്ചു കടിച്ചുചവച്ചു വിഴുങ്ങുന്നു. പിന്നെയും മുന്നോട്ടങ്ങനെ ചെല്ലുമ്പോൾ പുല്ലിനിടയ്ക്കു് ഒരു കിളിക്കൂടും അതിൽ മുട്ടകളും കാണുന്നു. അതവനു വേണ്ട—അവനു വിശപ്പില്ല. എന്നാലും അവൻ ഒരു മുട്ട രുചിച്ചുനോക്കിയിട്ടു്, ബാക്കിയുള്ളതു പാദംകൊണ്ടു് കൂട്ടിൽനിന്നു തട്ടിക്കളയുന്നു...അങ്ങനെ വഴിയിൽ കാണുന്നതെല്ലാം കൊള്ളാതാക്കു

കയും നശിപ്പിക്കുകയുമാണ്...മററു ജന്തുക്കളുടെ മാളങ്ങളിൽ അവൻ നുഴഞ്ഞുകേറുന്നു; ചിതൽപ്പുററുകൾ തട്ടിനിരത്തുന്നു, ഞവണിയുടെ തോട്ട ഞെരിച്ചുപൊടിക്കുന്നു. ഒരു മൂഷികനെ കണ്ടുമുട്ടിയാൽ അവൻ അതിനോട്ട കടിപിടികൂട്ടുന്നു. ഒരു പാമ്പിനേയോ ചുണ്ടെലിയേയോ കണ്ടുപോയെങ്കിൽ അവനു് അതിനെ ഞെക്കിക്കൊല്ലണം. അങ്ങനെ പകലന്തിയോളവും. പറയൂ, അത്തരമൊരു ജന്തുവിൻെറ ഉപയോഗമെന്താണ്? എന്തിനാണവനെ സൃഷ്ടിച്ചതു്?''

''നിങ്ങൾ പറയുന്ന ജന്തു എന്താണെന്നെനിക്കറിഞ്ഞുകൂടാ,'' വോൺകൊറൻ പറഞ്ഞു. ''കീടഭക്ഷകകളിൽ ഒന്നായിവരാനാണു കൂടുതൽ സാദ്ധ്യത. പിന്നെ, അവൻ കിളിയെ പിടിച്ചതു് അതിനു സൂക്ഷ്മമില്ലാതിരുന്നതുകൊണ്ടു്. മുട്ടകൾ ഉടച്ചതു്, കിളി വൈദഗ്ദ്ധ്യമില്ലായ്കകൊണ്ടു കൂട്ട മോശമായി ഉണ്ടാക്കുകയും, അതൊളിച്ചുവയ്ക്കേണ്ട രീതി അതിനറിഞ്ഞുകൂടാതെ വരികയും ചെയ്തതുകൊണ്ടു്. തവളയ്ക്കു് നിറത്തിൽ എന്തെങ്കിലും തകരാറുണ്ടായിരുന്നിരിക്കാം, അല്ലെങ്കിൽ അവൻ അതിനെ കാണുകയില്ല. അങ്ങനെ പോകും. നിങ്ങളുടെ ക്ഷുദ്രജന്തു നശിപ്പിക്കുന്നതു് ദുർബ്ബലവും അവിദഗ്ദ്ധവും അശ്രദ്ധവുമായവയെ മാത്രമാണു്—ചുരുക്കത്തിൽ പ്രകൃതിയുടെ നോട്ടത്തിൽ തലമുറകളിലേക്കു പകർന്നുകൊടുക്കാൻ യോഗ്യമല്ലാത്ത തകരാറുകൾ ഉള്ളവയെയാണു്. കൂടുതൽ ബുദ്ധിയും ശരീരശക്തിയും ശ്രദ്ധയും വളർച്ചയും ഉള്ളതു മാത്രമേ അതിജീവിക്കുന്നുള്ളു. അതുകൊണ്ടു് നിങ്ങളുടെ കൊച്ചുജീവി തന്നത്താനറിയാതെ സൃഷ്ടിയുടെ പരിപൂർണ്ണതയെന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടി, പ്രവർത്തിക്കുകയാണു്.''

''തന്നെ, തന്നെ, തന്നെ...അക്കൂട്ടത്തിൽ, സഹോദരാ,'' സമോയ്‌ലങ്കോ അലക്ഷ്യഭാവത്തിൽ പറഞ്ഞു, ''എനിക്കൊരു നൂറുറൂബിൾ കടംതരൂ.''

''ആവട്ടെ. കീടഭക്ഷകകളായ സസ്തനജീവികളിൽ വളരെ രസകരങ്ങളായ ചില ജാതികളുമുണ്ടു്. ഉദാഹരണത്തിനു്, മുള്ളനെലി ശല്യംചെയ്യുന്ന കീടങ്ങളെ തിന്നൊതുക്കുന്നതുകൊണ്ടു് ഉപകാരമുള്ളതാണെന്നു പറയുന്നു. ഒരു ജർമ്മൻകാരൻ, വില്യം ഒന്നാമനു് അതിൻെറ തോലുകൊണ്ടുണ്ടാക്കിയ ഒരു

കുപ്പായം അയച്ചുകൊടുത്തെന്നും, ചക്രവർത്തി ഉപകാരമുള്ള ജന്തുക്കളെ അത്രവളരെയെണ്ണത്തിനെ കൊന്നൊടുക്കിയതിന്ന് അയാളെ താക്കീതുചെയ്യാൻ ഉത്തരവിട്ടുവെന്നും ഒരു കഥയുണ്ട്. എന്നാലോ, മുള്ളൻ നിങ്ങളുടെ ക്ഷുദ്രജന്തുവിനെക്കാൾ ഒട്ടും കുറയാത്ത ക്രൂരതയുള്ളവനാണ്. എന്നല്ല വലിയ ഉപകാരിയുമാണ്. അവൻ പുൽത്തകിടികൾ വല്ലാതെ ചീത്തയാക്കും."

വോൺകൊറൻ ഒരു പെട്ടിതുറന്ന് ഒരു നൂറുറൂബിൾ നോട്ടു പുറത്തെടുത്തു.

"മുള്ളന്ന്, കടവാതിലിനെപ്പോലെതന്നെ, ബലിഷ്ഠമായ ഉരസ്സാണ്," പെട്ടി അടച്ചുകൊണ്ട് അയാൾ തുടന്നു, "അസ്ഥികളും പേശികളും അതിയായ പുഷ്ടിയുള്ളതാണ്. വായ അസാമാന്യശക്തിയുള്ള അവയവഘടനയോടുകൂടിയിരിക്കുന്നു. ഒരാനയുടെ വലിപ്പം ഉണ്ടായിരുന്നെങ്കിൽ അതൊരു സർവ്വനാശകാരിയായ അജയ്യമൃഗമാകുമായിരുന്നു. രണ്ടു മുള്ളന്മാർ ഭൂമിക്കടിയിൽ സന്ധിക്കുമ്പോൾ വളരെ രസകരമാണതു്. ഉടനെ അവർ മുന്നുടമ്പടിയുള്ളതുപോലെ അവിടെയൊരു ചെറിയ പ്ലാററ്ഫാറം കുഴിച്ചുണ്ടാക്കാൻ തുടങ്ങുന്നു. കൂടുതൽ സൗകര്യമായിട്ടൊരു പടസ്സാണ് അവക്ക് പ്ലാററ്ഫാറത്തിൻെറയാവശ്യം. അതുണ്ടായിക്കഴിഞ്ഞാൽ അവർ ഒരു ദാരുണമായ സമരത്തിൽ ഏർപ്പെടുന്നു. കൂടുതൽ ദുർബലമായതു നിലംപൊത്തുന്നതുവരെ ഈ യുദ്ധം നടക്കും. ചോദിച്ച നൂറുറൂബിൾ വാങ്ങിച്ചോളൂ." വോൺകൊറൻ ശബ്ദം താഴ്ത്തിപ്പറഞ്ഞു: "പക്ഷേ, ലേവ്സ്കിക്കു കൊടുക്കാൻ അല്ല എന്നുള്ള വ്യവസ്ഥയിലെ വാങ്ങിക്കാവൂ."

"ലേവ്സ്കിക്കു കൊടുക്കാനാണെങ്കിലോ?" സമോയ്ലങ്കോ ജ്വലിച്ചുകൊണ്ടു ചോദിച്ചു, "അതിനു നിങ്ങൾക്കെന്താണ്?"

"ലേവ്സ്കിക്കു കൊടുക്കാൻവേണ്ടി ഇതു നിങ്ങളുടെ കൈയിൽ തരാൻ നിർവ്വാഹമില്ല; ആളുകൾക്കു കടംകൊടുക്കാൻ നിങ്ങൾക്കു പ്രിയമുണ്ടെന്നെനിക്കറിയാം. കൊള്ളക്കാരൻ കേറിവന്നു ചോദിച്ചാൽ അയാൾക്കും നിങ്ങൾ കൊടുക്കും. പക്ഷേ,

ക്ഷമിക്കണം, ആ വഴിക്കു നിങ്ങളെ സഹായിക്കാൻ നിർവ്വാഹമില്ല.''

''അതേ, ലേവ്സ്കിക്കു വേണ്ടീട്ടാണു ഞാൻ ചോദിക്കുന്നതു്.'' എഴുന്നേറ്റുനിന്നു വലതുകൈ ഇളക്കിക്കൊണ്ടു സമോയ്ലങ്കോ പറഞ്ഞു: ''അതേ, ലേവ്സ്കിക്കു വേണ്ടീട്ടു്. ഏതു ചെകുത്താനായാലും പിശാചായാലും, എന്റെ സ്വന്തം പണം എങ്ങനെ വിനിയോഗിക്കണമെന്നു് എന്നെ ഉപദേശിക്കാൻ അവകാശമില്ല. നിങ്ങൾക്കു് അതു തരാൻ പററില്ല? ഇല്ല?''

ശെമ്മോള്ളൻ ചിരിതുടങ്ങി.

''ക്ഷോഭിക്കാതെ, പറയുന്നതു മനസ്സിലാക്കു,'' ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു, ''മിസ്റ്റർ ലേവ്സ്കിയുടെമേൽ ഉപകാരങ്ങൾ വർഷിക്കുന്നതു കളകൾ നനയ്ക്കുകയോ, വെട്ടുക്കിളികൾക്കു തീററ കൊടുക്കുകയോ ചെയ്യുന്നതുപോലെതന്നെ ഒരു അവിവേകമാണു്.''

''എൻെറ ആലോചനയിൽ അയല്ക്കാരെ സഹായിക്കേണ്ടതു നമ്മുടെ കടമയാണു്!'' സമോയ്ലങ്കോ അട്ടഹസിച്ചു.

''അങ്ങനെയാണെങ്കിൽ, അതാ ആ കൈയാലത്താഴെക്കിടക്കുന്ന പട്ടിണിക്കാരൻ തുർക്കിയെ സഹായിക്കു! അവൻ ഒരു തൊഴിലാളിയാണു്. അവൻ നിങ്ങളുടെ ലേവ്സ്കിയെക്കാൾ ആവശ്യമുള്ളവനും ഒഴിച്ചുകൂടാൻവയ്യാത്തവനുമാണു്, ഈ നൂറുറൂബിൾനോട്ടു് അവനു കൊടുക്കു. അല്ലെങ്കിൽ നൂറു റൂബിൾ എന്റെ പര്യവേക്ഷണയാത്രയ്ക്കായി വരിയൊടുക്കുക.''

''നിങ്ങൾ എനിക്കു പണം തരുന്നുണ്ടോ, ഇല്ലേ? ഞാൻ ചോദിക്കയാണു്!''

''തെളിച്ചു പറയു, എന്തിനാണയാൾക്കു പണം?''

''അതു രഹസ്യമൊന്നുമല്ല. അയാൾ ശനിയാഴ്ച പീറേറഴ്സ്ബർഗ്ഗിലേക്കു പോകാനുദ്ദേശിക്കുന്നു.''

''അപ്പോൾ അതാണു്!'' വോൺകൊറൻ വലിച്ചിഴച്ചു പറഞ്ഞു: ''ആഹാ...ഞങ്ങൾക്കു മനസ്സിലായി. എന്നിട്ടു്, അവളും അയാളുടെകൂടെ പോരുകയാണോ? അല്ലെങ്കിൽ എങ്ങനെയാണേർപ്പാടു്?''

''തല്ക്കാലം അവൾ ഇവിടെ നില്ക്കുകയാണു്. അയാൾ പീറേറഴ്സ്ബർഗ്ഗിൽച്ചെന്നു കാര്യങ്ങൾ നേരേയാക്കിയശേഷം

അവൾക്കു വേണ്ട പണം അയച്ചുകൊടുക്കും. അപ്പോൾ അവൾക്കും പോകാം.''

''അതു ബുദ്ധി!'' ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു. അയാൾ ഒരു പരുക്കൻചിരി പാസ്സാക്കി. ''ബുദ്ധി. കുറതീന്ന പദ്ധതി.''

അയാൾ ധിറുതിയിൽ സമോയ്‌ലങ്കോയുടെ അടുത്തുചെന്നു മുഖത്തോടുമുഖമായിനിന്ന് അദ്ദേഹത്തിന്റെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു ചോദിച്ചു: ''ഇനി പരമാൎത്ഥം പറയൂ. അയാൾക്ക് അവളെ മടുത്തോ? ഉവ്വ്, അല്ലേ? അയാൾക്കവളെ മടുത്തു? ഉവ്വ്?''

''ഉവ്വ്,'' വിയൎത്തുതുടങ്ങിയ സമോയ്‌ലങ്കോ ഉരിയാടി.

''എത്ര ജുഗുപ്സാവഹം!'' വോൺകൊറൻ പറഞ്ഞു. അയാളുടെ മനസ്സിലുണ്ടായ ജുഗുപ്സ ആ മുഖത്തു കാണാമായിരുന്നു. ''രണ്ടിലൊന്നാണ്, അലക്സാൻഡർ. ഒന്നുകിൽ അയാളുടെ ഗൂഢാലോചനയിൽ നിങ്ങളുമുണ്ട്; അല്ലെങ്കിൽ നിങ്ങളൊരു മറയശ്ശിരോമണിയാണ്. അയാൾ നിങ്ങളെ തീരെ നിൎല്ലജ്ജമായ രീതിയിൽ, ഒരു കൊച്ചുകുഞ്ഞിനെയെന്നപോലെ വഞ്ചിക്കുകയാണെന്നു നിങ്ങൾ തീൎച്ചയായും കാണണമല്ലോ? അവളെ ഇവിടെ വലിച്ചെറിഞ്ഞു ശല്യം ഒഴിച്ചിട്ടു പോകാനാണ് അയാളാഗ്രഹിക്കുന്നതെന്നു പകൽപോലെ സ്പഷ്ടമല്ലേ? അവൾ നിങ്ങൾക്കൊരു ഭാരമായി ഇവിടെ കിടക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ സ്വന്തം ചെലവിൽ അവളെ പീറേറഴ്സ്ബഗ്ഗിലേക്ക് അയക്കേണ്ടിവരുമെന്നുള്ളതും അതുപോലെ സ്പഷ്ടമായ സംഗതിയാണ്. തീൎച്ചയായും നിങ്ങളുടെ സുഹൃത്ത് അയാളുടെ കണ്ണഞ്ചിക്കുന്ന ഗുണഗണംകൊണ്ട്, ഇങ്ങനെ ഇത്ര നിസ്സാരമായ സംഗതിപോലും കാണാത്തവിധം നിങ്ങളുടെ കണ്ണിൽ ഇരുട്ടാക്കിയിരിക്കാനിടയില്ലല്ലോ?''

''അതൊക്കെ ഊഹാപോഹമാണ്,'' സമോയ്‌ലങ്കോ ഇരുന്നുകൊണ്ടു പറഞ്ഞു.

''ഊഹാപോഹമോ? എന്നാൽ അവളെയുംകൂടെ കൊണ്ടുപോകാതെ എന്തിനാണയാൾ തനിയേ പോകുന്നതു്? അവളെ ആദ്യം അയയ്ക്കാത്തതെന്തെന്നും ചോദിക്കു അയാളോട്. കള്ളമൃഗം!''

തന്റെ സുഹൃത്തിനെക്കുറിച്ചു പെട്ടെന്നുണന്ന സംശയ

ങ്ങൾക്കും ദൃശ്യങ്ങൾക്കും അധീനനായ സമോയ്‌ലങ്കോ ഒട്ടയഞ്ഞു്, കുറേക്കൂടി വിനീതമായ ഒരു സ്വരംസ്വീകരിച്ചു.

"പക്ഷേ, അതസാധ്യമാണു്," ലേവ്സ്കി തന്റെ വീട്ടിൽ കഴിച്ചുകൂട്ടിയ രാത്രിയെ അനുസ്മരിച്ചുകൊണ്ടു് അദ്ദേഹം വാദിച്ചു, "അയാൾ എത്ര അസന്തുഷ്ടനാണെന്നോ!"

"അതുകൊണ്ടെന്തു്? കള്ളന്മാരും കൊള്ളക്കാരുംകൂടി അസന്തുഷ്ടന്മാർതന്നല്ലോ!"

"നിങ്ങൾ പറയുന്നതു ശരിയാണെന്നു വിചാരിച്ചാൽത്തന്നെയും,..." സമോയ്‌ലങ്കോ സശങ്കം പറഞ്ഞു, "എന്നുതന്നെ നമുക്കു സമ്മതിക്കുക...അപ്പോഴും അയാൾ അപരിചിതമായ ഒരു ദിക്കിൽ വന്നുപെട്ട ഒരു യുവാവു്...ഒരു വിദ്യാൎത്ഥിയാണു്. നമ്മളൊക്കെ വിദ്യാൎത്ഥികളായിരുന്നിട്ടില്ലേ? അയാളുടെ സഹായത്തിനു നമ്മളല്ലാതെ ആരു ചെല്ലാനുണ്ടു്?"

"കുത്സിതമായ ഓരോ പ്രവൃത്തിക്കു് അയാളെ സഹായിക്കുക, അതു് നിങ്ങൾ രണ്ടുപേരും ഓരോ കാലത്തു് സൎവ്വകലാശാലയിൽ പോയിട്ടു് അവിടെ ഒന്നും ചെയ്യാതെ പോന്നിട്ടുള്ളതിൻെറ പേരിൽ. എന്തസംബന്ധം!"

"നിറുത്തു്! നമുക്കു് ആവേശം കൊള്ളാതെ അതു ചൎച്ച ചെയ്യാമല്ലോ....എന്തെങ്കിലുമൊരു പരസ്പരധാരണ ഉണ്ടാക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു..." സമോയ്‌ലങ്കോ ആലോചനാപൂൎവ്വം വിരലുകൾ വളച്ചുപിരിച്ചു. "നോക്കു്, ഞാൻ അയാൾക്കു പണംകൊടുക്കും. പക്ഷേ, ഒരാഴ്ചയ്ക്കുള്ളിൽ നദ്യേഷ്ദ്യാസ്സു് ആവശ്യമായ പണം അയച്ചുകൊടുത്തുകൊള്ളാമെന്നു് വാക്കും പറയിക്കും."

"അയാൾ നിങ്ങളോടു സത്യംചെയ്തു് വാക്കു തരികയും ചെയ്യും. അയാൾ കണ്ണുനീർ പൊഴിക്കുകയും, തന്നത്താൻ അതിൽ വിശ്വസിക്കുകയും കൂടി ചെയ്യും. പക്ഷേ, അയാളുടെ സത്യത്തിനു് എന്തുവില? അയാൾ അതു പാലിക്കുകയില്ല. ഒന്നോ രണ്ടോ വർഷത്തിനുശേഷം നിങ്ങൾ അയാളെ ഒരു പുതിയ വെപ്പാട്ടിയോടുകൂടി നെവ്സ്കി അങ്കണത്തിൽവച്ചു കണ്ടുമുട്ടുമ്പോൾ, പരിഷ്കാരംകൊണ്ടു വികലാംഗനായിപ്പോയതിൻെറയും, റൂഡിനിൻെറ മാതൃകയിൽ നിൎമ്മിക്കപ്പെട്ടുപോയതിൻെറയും കാരണം പറഞ്ഞു് അയാൾ തടിതപ്പുകയും

ചെയ്യാം. ദൈവത്തിൻെറ പേരിൽ അയാളെ കൈയൊഴിച്ചു കളയൂ. ചെളിയിൽ തൊടാതെ അകലത്തു നില്ലു, അതിൽ രണ്ടു കൈയുമിട്ടു വിരകാതെ!''

സമോയ്ലങ്കോ ഒരു നിമിഷം ആലോചിച്ചിട്ട് ദൃഢനിശ്ചയത്തോടെ പറഞ്ഞു:

''പക്ഷേ, എന്തൊക്കെയായാലും പണം അയാൾക്കു ഞാൻ കൊടുക്കും. നിങ്ങളുടെ ഇഷ്ടം. വെറുമൊരു ഊഹത്തിൻെറ പേരിൽ ഒരു മനുഷ്യൻെറ അപേക്ഷ നിരസിക്കാൻ എനിക്കു സാദ്ധ്യമല്ല.''

''വളരെ നല്ലതുതന്നെ. നിങ്ങൾക്കു വേണമെങ്കിൽ അയാളെ ചുംബിക്കാം.''

''അപ്പോഴാം, നൂറു റൂബിൾ ഇങ്ങോട്ടു തരൂ,'' സമോയ്ലങ്കോ ശങ്കിച്ചു ശങ്കിച്ച് ആവശ്യപ്പെട്ടു.

''തരില്ല.''

തുടർന്ന് ഒരു നിശ്ശബ്ദത. സമോയ്ലങ്കോ ആകപ്പാടെ തകർന്നുപോയി. അദ്ദേഹത്തിൻെറ മുഖത്ത് അപരാധവും ലജ്ജയും സ്ഫുരിക്കുന്നതും സേവകൂടാൻ ശ്രമിക്കുന്നതുമായ ഒരു ഭാവം വന്നുകൂടി. ബിരുദമുദ്രകളും അംസഭൂഷണവും ധരിച്ച ഒരു മുഴുത്ത മനുഷ്യനിൽ ഈ ദയനീയവും ബാലസഹജവും ലജ്ജിതവുമായ മുഖഭാവം ഒരസ്ഥാനക്കാഴ്ചയായിരുന്നു.

''ഇവിടത്തെ മെത്രാനെച്ചൻ കുതിരവണ്ടിയിൽക്കേറി പോകേണ്ടതിനുപകരം, ഒരു കുതിരപ്പുറത്തു കേറിയാണ് അദ്ദേഹത്തിൻെറ ഇടവക ചുററുന്നതു്,'' പേന താഴെ വെച്ചുകൊണ്ടു് ശെമ്മാശ്ശൻ പറഞ്ഞു. ''അദ്ദേഹം കുതിരപ്പുറത്തിരിക്കുന്ന കാഴ്ച അത്യന്തം ഹൃദയസ്പൃശിയാണ്. അദ്ദേഹത്തിൻെറ അനാഡംബരതവും താഴ്മയും ബൈബിളിന്റെ മാഹാത്മ്യം തികഞ്ഞതാണ്.''

''നല്ല മനുഷ്യനാണോ അദ്ദേഹം?'' വിഷയംമാററാൻ ആശിച്ചുകൊണ്ടിരുന്ന വോൺകൊറൻ ആരാഞ്ഞു.

''അല്ലാതെ! നല്ലമനുഷ്യനല്ലായിരുന്നെങ്കിൽ മെത്രാനായി അഭിഷേകം ചെയ്യുമെന്നു വിചാരിക്കുന്നോ?''

''നല്ലവരും അനുഗൃഹീതരുമായ ആളുകൾ മെത്രാന്മാരുടെയിടയിലുണ്ടു്,'' വോൺകൊറൻ പറഞ്ഞു. ''ഒരേ ഒരു കുറ

വുള്ളതു്, സ്വയം രാജ്യതന്ത്രജ്ഞന്മാരെന്നു നടിക്കാൻ അവരിൽച്ചിലക്കുള്ള ദൗർബല്യമാണു്. ഒരാൾ തിരക്കിട്ട റഷ്യനീകരണത്തിന്നു് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. മറെറാരാൾ ശാസ്ത്രങ്ങളെ വിമർശിക്കുന്നു. അതിലവക്കു കാര്യമില്ല. അവർ അവരുടെ സഭാകാര്യങ്ങൾ നോക്കുകയായിരുന്നു കൂടുതൽ ഭേദം.''

''ഒരു സാധാരണക്കാരനു് മെത്രാന്മാരെക്കുറിച്ചു വിധി പറയാൻ പാടില്ല.''

''അതെന്താണു്, അച്ചാ? നിങ്ങളെയോ എന്നെയോ പോലെ തന്നെ ഒരു മനുഷ്യനല്ലേ മെത്രാനും.''

''അതേപോലെ തന്നെ, എന്നാൽ അതേപോലല്ല താനും.'' ശെമ്മാശ്ശൻ നീരസം പ്രകടിപ്പിച്ചു. അയാൾ പേന കൈയിലെടുത്തു. ''നിങ്ങൾ അതേപോലായിരുന്നെങ്കിൽ, ദൈവികകൃപാദൃഷ്ടി നിങ്ങളുടെമേൽ വരികയും, നിങ്ങളും ഒരു മെത്രാനാവുകയും ചെയ്യേനെ. നിങ്ങൾ മെത്രാനാകാത്തതിൽനിന്നു് നിങ്ങൾ അതേപോലല്ല എന്നും വരുന്നു.''

''അസംബന്ധം പറയാതെ, അച്ചാ,'' സമോയ്ലങ്കോ നിരുന്മേഷനായി പറഞ്ഞു. ''ഞാൻ പറയുന്നമാഗ്ഗം കേൾക്കു,'' അദ്ദേഹം വോൺകൊറനെൻറ നേക്കു തിരിഞ്ഞുപറഞ്ഞു. ''ശീതകാലമാകുന്നതുവരെ മൂന്നുമാസം നിങ്ങളുടെ ആഹാരം എൻെറക്കൂടെ ആയിരിക്കുമല്ലോ. ആ മൂന്നുമാസത്തെ പണം മുമ്പേറു് തന്നേക്കുക.''

''തരില്ല.''

സമോയ്ലങ്കോ കണ്ണടച്ചു, നാണിച്ചു ചുകന്നു. അദ്ദേഹം ആ പുസ്തകം പുറത്തിരിക്കുന്ന എട്ടുകാലിയോടുകൂടി, യാന്ത്രികമായി വലിച്ചടുപ്പിച്ചുവച്ചു്, അതിനെ നോക്കിയിരുന്നു. എന്നിട്ടു് എഴുന്നേററു തൊപ്പി കൈയിലെടുത്തു.

വോൺകൊറനു് അദ്ദേഹത്തിന്റെ പേരിൽ സഹതാപം തോന്നി.

''ഇങ്ങനെയുള്ള മനുഷ്യരുടെകൂടെ ജീവിക്കുകയും പൊരുപ്പിക്കുകയും ചെയ്യേണ്ടിവരുന്നതു് എന്തവസ്ഥയാണു്,'' ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു. അയാൾ ആ കടലാസ്സുകഷണം നിന്ദാപൂൎവ്വം കാലുകൊണ്ടു തട്ടി മൂലയിലേക്കെറിഞ്ഞു. ''നിങ്ങൾ മനസ്സിലാക്കണം, ഇതു ദയവല്ല, സ്നേഹമല്ല; ഭീരുത്വമാണു്,

പിടിപ്പില്ലായ്മയാണു്, വിഷമമമാണു്. ബുദ്ധിസമ്പാദിക്കുന്ന തെല്ലാം നമ്മുടെ പിഞ്ഞപിഞ്ഞപ്പൻ ഹൃദയങ്ങൾ കളഞ്ഞുകുളിക്കുന്നു! ഞാൻ പള്ളിക്കൂടത്തിൽ പോകുന്നകാലത്തു്, എനിക്കു സന്നിപാതജ്വരമായിട്ടു കിടക്കുമ്പോൾ, എന്റെ അമ്മായി സഹതാപംകൊണ്ടു് എനിക്കു കുണു് അച്ചാറിട്ടതു തന്നു തീററിച്ചു. ഞാൻ മരണത്തിന്റെ വക്കിലെത്തിയതായിരുന്നു. നിങ്ങൾ, അതുപോലെ എന്റെ അമ്മായിയും, മനസ്സിലാക്കണം, ഒരു മനുഷ്യനോടുള്ള സ്നേഹം കാണേണ്ടതു് ഹൃദയത്തിലോ, വയററിലോ, കുടലിലോ ഒന്നുമല്ല, ഇവിടെയാണു്!''

വോൺകൊറൻ നെററിയിൽ തട്ടിക്കാണിച്ചു.

''എടുത്തോളൂ!'' എന്നു പറഞ്ഞിട്ടു് അയാൾ ആ നൂറു റൂബിൾനോട്ടു് അദ്ദേഹത്തിന്റെ കൈയിൽ വച്ചുകൊടുത്തു.

''നിങ്ങൾ അരിശപ്പെടേണ്ടയാവശ്യമില്ല,'' സമോയ്ലങ്കോ നോട്ടു മടക്കിക്കൊണ്ടു് മയത്തിൽ പറഞ്ഞു. ''നിങ്ങൾ പറഞ്ഞതെനിക്കു ശരിയായി മനസ്സിലായി. എന്നാലും...നിങ്ങൾ എന്റെ സ്ഥാനത്തുനിന്നു നോക്കണം.''

''നിങ്ങൾ ഒരു മുത്തശ്ശിയാണു്, അതാണു നിങ്ങൾ.'' ശെമ്മാശ്ശൻ ചിരിച്ചു.

''എന്റെ അവസാനത്തെ അപേക്ഷ കേൾക്കണം, അലക്സാൻഡർ,'' വോൺകൊറൻ നിശിതമായി പറഞ്ഞു. ''ആ ആഭാസനു നിങ്ങൾ പണം കൊടുക്കുമ്പോൾ, അയാൾ അയാളുടെ പെൺപിറന്നോരെ കൂടെ കൊണ്ടുപോവുകയോ, അല്ലെങ്കിൽ അവളെ നേരത്തെ അയയ്ക്കുകയോ ചെയ്യണമെന്നൊരു വ്യവസ്ഥകൂടി വയ്ക്കണം; അല്ലാതെ കൊടുക്കരുതു്. അയാളുടെ യടുത്തു മര്യാദകാണിക്കാൻ നിന്നിട്ടു കാര്യമില്ല. അതയാളോടു പറയണം. നിങ്ങൾ പറയുന്നില്ലെങ്കിൽ, ഞാൻ അയാളുടെ ആഫീസിൽച്ചെന്നു് അയാളെ ചവിട്ടി നിലത്തിടും. നിങ്ങളോടുള്ള സകല പരിചയവും വേണ്ടെന്നും വയ്ക്കും. അതുകൊണ്ടു്, അതറിഞ്ഞിരിക്കുന്നതു നല്ലതു്.''

''ആവട്ടെ! അവളെക്കൂട്ടിപ്പോകുന്നതോ അവളേ നേരത്തേ അയയ്ക്കുന്നതോ അയാൾക്കു കൂടുതൽ സൗകര്യവുമായിരിക്കും,'' സമോയ്ലങ്കോ പറഞ്ഞു. ''അയാൾ തീർച്ചയായിട്ടും സന്തോഷിക്കും. വരട്ടെ, നമസ്കാരം.''

അദ്ദേഹം സ്നേഹപൂർവ്വം നമസ്കാരം പറഞ്ഞിറങ്ങി. പുറത്തിറങ്ങി വാതിലടയ്ക്കുന്നതിനു മുമ്പായി അദ്ദേഹം തിരിഞ്ഞു വോൺകൊറനെ നോക്കിയിട്ട് ഒരു മെരുങ്ങാത്ത മുഖഭാവത്തോടെ പറഞ്ഞു:

"ജർമ്മൻകാരാണു നിങ്ങളെ നശിപ്പിച്ചതു്, സഹോദരാ! അതേ, ജർമ്മൻകാർ!"

## 12

പിറേറന്നു്, വ്യാഴാഴ്ച, മേരിയാ കോൺസ്റ്റന്ത്യായുടെ ജന്മദിനം ആഘോഷിക്കുകയായിരുന്നു. സകലരേയും, ഉച്ചയ്ക്കു സദ്യയ്ക്കും, വൈകിട്ടു ചോക്കലേററ് കുടിക്കും ക്ഷണിച്ചിട്ടുണ്ടായിരുന്നു. വൈകുന്നേരം ലേവ്സ്കിയും നദ്യേഷ്ദ്യായും വന്നുചേന്ന സമയത്തു്, അതിനു മുമ്പേതന്നെ സ്വീകരണമുറിയിൽ സ്ഥലംപിടിച്ചു ചോക്കലേററുകുടി ആരംഭിച്ചിരുന്ന ജന്തുശാസ്ത്രജ്ഞൻ സമോയ്ലങ്കയോടു ചോദിച്ചു:

"നിങ്ങൾ അയാളോടു സംസാരിച്ചോ?"

"ഇല്ല."

"ഓർത്തോളൂ, ഉപചാരത്തിനൊന്നും നില്ക്കരുതു്. ഇക്കൂട്ടരുടെ ധാർഷ്ട്യം എനിക്കു തീരെ മനസ്സിലാകുന്നില്ല. ഈ കുടുംബം അവരുടെ സഹവാസത്തെ വീക്ഷിക്കുന്ന രീതി അവക്കു വളരെ നന്നായി അറിയാം. എന്നിട്ടും അവർ തള്ളിക്കേറി വരുന്നു."

"അങ്ങനെയുള്ള മുൻവിധികൾ കണക്കിലെടുക്കാൻ തുടങ്ങിയാൽ," സമോയ്ലങ്കോ പറഞ്ഞു, "ആക്കും എങ്ങും പോകാൻ സാധിക്കാതെവരും."

"നിയമവിരുദ്ധമായ പ്രണയത്തോടും, സാന്മാർഗ്ഗികാധഃപതനത്തോടും പൊതുജനങ്ങൾക്കുണ്ടാകുന്ന അരുചി ഒരു മുൻവിധിയാണെന്നാണോ പറഞ്ഞുകൊണ്ടുവരുന്നതു്?"

"തീർച്ചയായും, അതേ. അതു മുൻവിധിയും വിദ്വേഷവുമാണു്, പട്ടാളക്കാർ, ഒരഴിഞ്ഞാട്ടക്കാരിയെക്കണ്ടാൽ ചിരിക്കും, ചൂളംകുത്തും. പക്ഷേ, അവന്മാരേതുതരക്കാരാണെന്നൊന്നു ചോദിക്കൂ."

"വെറുതെയല്ല അവർ ചൂളംകുത്തുന്നതു്. ആ യുവതികൾ അവരുടെ പിതാവില്ലാത്ത മക്കളെ ഞെക്കിക്കൊന്നിട്ടു് അതിൻെറപേരിൽ ജയിൽകേറുന്നതു്; അന്നാകരേനിന തീവണ്ടിയുടെ മുമ്പിൽപോയി ചാടിയതു്; ഗ്രാമങ്ങളിൽ ആളുകൾ പടിവാതിലിൽ താറടിക്കുന്നതു്; നിങ്ങളും ഞാനും, എന്തുകൊണ്ടെന്നറിയാതെ കാത്യായുടെ പരിശുദ്ധിയിൽ ആനന്ദിക്കുന്നതു്, നമ്മളിൽ ഓരോരുത്തക്കും പരിശുദ്ധപ്രേമത്തിനുവേണ്ടി, അങ്ങനെയൊരു പ്രേമമൊന്നും ഇല്ലെന്നറിഞ്ഞിരുന്നിട്ടുകൂടി, അസ്സ്പഷ്ടമായ ഒരതിമോഹം അനുഭവപ്പെടുന്നതു്—ഇതൊക്കെ മുൻവിധിയാണോ? പ്രാകൃതികതിരഞ്ഞെടുക്കലിൽ അസ്പൃഷ്ടമായി നിലനിന്നുപോന്നിട്ടുള്ള ഒന്നേയൊന്നു് അതാണു സഹോദരാ. ലൈംഗികബന്ധങ്ങളെ നിയന്ത്രിക്കുന്ന ആ അദൃശ്യശക്തി ഇല്ലായിരുന്നെങ്കിൽ, എല്ലാം ലേവ്സ്കിമാർ സ്വന്ത ഇഷ്ടപ്പടി നടത്തുകയും, ഒന്നുരണ്ടു വർഷം കൊണ്ടു മനുഷ്യവർഗ്ഗം കെട്ടുപോവുകയും ചെയ്യുമായിരുന്നു."

ലേവ്സ്കി സ്വീകരണമുറിയിലേക്കു കടന്നുവന്നു; എല്ലാവരേയും അഭിവാദ്യംചെയ്തു. വോൺകൊറൻെറ കൈ പിടിച്ചു കുലുക്കിക്കൊണ്ടു സേവകൂടുന്ന വിധത്തിൽ പുഞ്ചിരിച്ചു. അയാൾ മുഹൂർത്തം പാത്തിരുന്നു സമോയ്ലങ്കോയെ അറിയിച്ചു:

"ക്ഷമിക്കണം, അലക്സാൻഡർ, എനിക്കു നിങ്ങളോടു രണ്ടുവാക്കു പറയാനുണ്ടു്."

സമോയ്ലങ്കോ എഴുന്നേററു ലേവ്സ്കിയുടെ അരയിൽ കൈ ചുററി, രണ്ടുപേരുംകൂടി നിക്കോദിമിൻെറ വായനമുറിയിലേക്കു പോയി.

"നാളെ വെള്ളിയാഴ്ചയാണു്," ലേവ്സ്കി നഖം കടിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ തരാമെന്നു പറഞ്ഞതു കിട്ടീട്ടുണ്ടോ?"

"ഇരുനൂറേ ആയിട്ടുള്ളു. ബാക്കി ഇന്നോ നാളെയോ സമ്പാദിക്കാം. നിങ്ങൾ ക്ലേശിക്കേണ്ട."

"ദൈവത്തിനു നന്ദി...," ലേവ്സ്കി നിശ്വസിച്ചു. അയാളുടെ കൈകൾ ആനന്ദവേപഥുവണിഞ്ഞു. "അലക്സാൻഡർ, നിങ്ങളെന്നെ രക്ഷിക്കുകയാണു്. ദൈവത്തെപ്പിടിച്ചു്,

മനസ്സൈ്വരത്തെപ്പിടിച്ച്, എന്തിനെവേണമോ പിടിച്ചു ഞാൻ സത്യംചെയ്യുന്നു, അവിടെ ചെന്നാലുടനെ ഞാൻ നി ങ്ങളുടെ പണം അയച്ചുതരാം. പഴയ കടവും അയച്ചുതരു ന്നുണ്ട്."

"ഇങ്ങോട്ടു നോക്കൂ, ഇവാൻ,..." അയാളുടെ കുപ്പായ കു ടുക്കിൽ പിടിച്ചുകൊണ്ട്, രക്തപ്പകർച്ചയോടെ സമോയ്ലങ്കോ പറഞ്ഞു. "നിങ്ങളുടെ ഗാർഹികകാര്യങ്ങളിൽ കൈകട ത്തുന്നതു ക്ഷമിക്കണം. പക്ഷേ,...നിങ്ങൾക്കെന്താണു നദ്യേഷ്യായെക്കൂടി കൂട്ടത്തിൽ കൊണ്ടുപോയാൽ?"

"എന്റെ വിചിത്രമനുഷ്യാ, അതെങ്ങനെ സാധിക്കും? ഞങ്ങളിലൊരാൾ ഇവിടെ നിന്നേ മതിയാവൂ. ഇല്ലെങ്കിൽ കടക്കാർ ബഹളമുണ്ടാക്കും. പല കടകളിലായി എഴുനൂറോ അതിലധികമോ കൊടുക്കാനുണ്ടെന്നു കണ്ടോളൂ. അല്പം ക്ഷമിച്ചാൽ മതി, ഞാനവരുടെ പണം അയച്ചുകൊടുക്കും. അവരുടെ വായ് ഞാൻ അടയ്ക്കും. അപ്പോൾ അവൾക്കും പോരാം."

"മനസ്സിലായി...പക്ഷേ, നിങ്ങൾക്ക് അവളെ ആദ്യമേ അയച്ചാലെന്താണ്?"

"എന്റീശ്വരാ, അതു സാധിക്കുന്ന കാര്യംപോലെ!" ലേവ്സ്കിക്ക് ഉൾക്കിടിലമുണ്ടായി. "എന്തേ, അവളൊരു സ്ത്രീ; അവിടെ തനിച്ച് എന്തുകാട്ടാൻ? അവൾക്കെന്തറിയാം? അതു വെറുതേ സമയം നഷ്ടപ്പെടുത്തുകയും, പാഴേ പണം ചെലവാക്കുകയുമായിരിക്കും."

"അതിൽ ന്യായമുണ്ട്..." സമോയ്ലങ്കോ വിചാരിച്ചു. എങ്കിലും വോൺകൊറനുമായുണ്ടായ സംഭാഷണം അനുസ്മരിച്ച്, ദൃഷ്ടി കുനിച്ചു പരുഷമായി പറഞ്ഞു: "എനിക്കു നിങ്ങളോടു യോജിക്കാൻ നിർവ്വാഹമില്ല. ഒന്നുകിൽ അവളെക്കൂട്ടിപ്പോവുക, അല്ലെങ്കിൽ അവളെ മുമ്പേ അയയ്ക്കുക. അല്ലെങ്കിൽ... അല്ലെങ്കിൽ ഞാൻ പണം തരികയില്ല. അതെന്റെ അവസാന വാക്കാണ്..."

അദ്ദേഹം പുറകോട്ടു തെന്നിമാറി, വാതിലിൽ മുട്ടിത്തിരിഞ്ഞു്, ആകപ്പാടെ ചുകന്നു്, ആകെക്കുഴങ്ങി സ്വീകരണമുറിയിലേക്കു നടന്നു.

"വെള്ളിയാഴ്ച...വെള്ളിയാഴ്ച..." സ്വീകരണമുറിയിലേക്കു തിരിച്ചുപോകുമ്പോൾ ലേവ്സ്കി ചിന്തിച്ചു, "വെള്ളിയാഴ്ച..."

ആരോ അയാളുടെ കയ്യിൽ ഒരു കപ്പു ചോക്കലേറ്റു കൊടുത്തു. പൊള്ളുന്ന ചോക്കലേററുകൊണ്ടു് ചുണ്ടും നാവും കരിച്ചപ്പോഴും അയാൾ ചിന്തിച്ചു. വെള്ളിയാഴ്ച...

എന്തു കാരണത്താലോ അയാൾക്കു വെള്ളിയാഴ്ച എന്ന വാക്കു തലയിൽനിന്നൊഴിക്കാൻ കഴിഞ്ഞില്ല. വെള്ളിയാഴ്ചയൊന്നിനെക്കുറിച്ചല്ലാതെ അയാൾക്കു ചിന്തിക്കാൻ സാധ്യമല്ലാതായി. ഒരേയൊരു കാര്യം അയാൾക്കു വ്യക്തമായിരുന്നതു്, അതു തലയിലല്ലാ ഹൃദയത്തിലെവിടെയോ ആണു്, ശനിയാഴ്ച താൻ പോകുണ്ടാവില്ല എന്നതാണു്. വളരെ ശുചിയായി, തലമുടി ചെന്നിയിലേക്കു ചീകിയിറക്കിവച്ചു് നിക്കോദിം അയാളുടെ മുമ്പിൽനിന്നുകൊണ്ടു പറയുകയാണു്:

"ദയവായി, എന്തെങ്കിലും അല്പമെടുത്തു കഴിക്കു..."

മേരിയാ കാത്യായുടെ സ്കൂൾറിപ്പോർട്ടു് അതിഥികളെ കാണിച്ചു നീട്ടിവലിച്ചു പ്രസംഗിക്കുകയാണു്:

"ഇക്കാലത്തു പള്ളിക്കൂടത്തിൽ ശോഭിക്കുന്നതു വളരെ പ്രയാസമാണു്. പ്രതീക്ഷിക്കപ്പെടുന്നതു് അത്രയധികം..."

"അമ്മാ!" കൂടിയിരിക്കുന്നവരുടെ അഭിനന്ദനങ്ങൾകൊണ്ടുണ്ടായ കുഴക്കം ഒളിക്കാനിടംകാണാതെ കാത്യാ തേങ്ങി വിളിച്ചു.

ലേവ്സ്കിയും റിപ്പോർട്ടു് നോക്കി, അഭിനന്ദനം പ്രകടിപ്പിച്ചു. വേദപാഠം, റഷ്യൻഭാഷ, സ്വഭാവം, അഞ്ചുകളും നാലുകളും അയാളുടെ അഞ്ചുമ്പിൽ നൃത്തം വച്ചു. ഇതെല്ലാം കൂടി പ്രേതങ്ങൾപോലെ ഉപദ്രവിക്കുന്ന വെള്ളിയാഴ്ചപ്പല്ലവിയോടും, നിക്കോദിമിൻെറ ശ്രദ്ധാപൂർവ്വം ചീകിവച്ച മുടിയോടും കാത്യായുടെ അരുണാഭമായ കവിളുകളോടും കൂടിക്കലർന്നു് അയാളുടെ ഹൃദയത്തിൽ വല്ലതും നിലയററതുമായ വെറിയെയാണു് ഉണ്ടാക്കിയതു്. ഹതാശമൂലം അയാൾ അലറിപ്പോകുമായിരുന്നു. അയാൾ സ്വയം ചോദിച്ചു. 'അങ്ങനെ വരാമോ? ഞാനിവിടെനിന്നു പോയിപ്പിഴയ്ക്കാതിരിക്കുകയെന്നതുണ്ടാവാമോ?'

അവർ രണ്ടു ശീട്ടുമേശകൾ അടുപ്പിച്ചടുപ്പിച്ചിട്ട് ഇരുന്നു, തപാൽ കളിക്കാനാരംഭിച്ചു. ലേവ്സ്കിയും ഇരുന്നു.

'വെള്ളിയാഴ്ച...വെള്ളിയാഴ്ച...,' മന്ദഹാസപൂർവ്വം, കീശയിൽനിന്ന് ഒരു പെൻസിൽ കൈയിലെടുക്കുന്നതിനിടയിലും അയാൾ ചിന്തിച്ചുകൊണ്ടിരുന്നു, 'വെള്ളിയാഴ്ച...'

തന്റെ നിലയെപ്പററി ഒരു പരിചിന്തനം നടത്താൻ അയാളാഗ്രഹിച്ചു. എന്നാൽ ചിന്തിക്കാൻ ഭയപ്പെട്ടു. അയാൾ ഇത്രനാളും തന്നിൽനിന്നുതന്നെയും ഒളിച്ചുപിടിച്ചിരുന്ന ആ വഞ്ചനയെ ഡോക്ടർ ചികഞ്ഞു പിടിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുന്നതു ഭയങ്കരമായിരുന്നു. സ്വന്തം ഭാവിയെപ്പററി ചിന്തിച്ച ഒരവസരത്തിലും അയാൾ ചിന്തകളുടെ കടിഞ്ഞാൺ അയച്ചുവിട്ടിട്ടില്ല. താൻ തീവണ്ടിയിൽ കേറി പുറപ്പെടും, അതോടെ തന്റെ ജീവിതപ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. ചിന്തകളെ അതിനപ്പുറം പോകാൻ അനുവദിച്ചിരുന്നില്ല. പീറേറഴ്സ്ബർഗ്ഗിലെ ഒരു ഇടത്തെരുവിൽവച്ച്, വിദൂര ഭാവിയിൽ, നദ്യേഷ്ദ്യായുടെ ഭാരമൊഴിക്കാനും, തന്റെ കടങ്ങൾ വീട്ടാനും വേണ്ടി തനിക്ക് ഒരു നുണുങ്ങു നുണയുടെ സഹായം തേടേണ്ടതായി വരുമെന്ന ചിന്ത, വിശാലമായ പാടത്തിൽ, അതിവിദൂരത്തു മങ്ങി മങ്ങി കാണുന്ന ഒരു ദീപംപോലെ ചിലപ്പോഴൊക്കെ അയാളുടെ മനസ്സിൽ മിന്നിത്തെളിയാറുണ്ടായിരുന്നു. ഒരിക്കൽമാത്രം താൻ ഒരു നുണപറയും, പിന്നെ തികച്ചും പുതിയ ഒരു ജീവിതം ആരംഭിക്കും. അതു ശരിയുമാണ്. ചെറിയൊരു നുണ ചെലവാക്കി അളവററ സത്യം താൻ നേടും.

ഇപ്പോൾ ഡോക്ടർ, മുഖത്തുനോക്കിയുള്ള നിരാകരണം കൊണ്ടു തന്റെ വഞ്ചനയുടെ നേക്കു വിരൽ ചൂണ്ടിയപ്പോൾ അയാൾ മനസ്സിലാക്കാൻ തുടങ്ങി, വിദൂരമായ ഭാവിയിൽ മാത്രമല്ല, ഇന്നും നാളെയും, ഒരു മാസം മുഴുവനും, എന്നല്ല ഒരു പക്ഷേ, തന്റെ ജീവാവസാനംവരെത്തന്നെ ഈ വഞ്ചന ആവശ്യമായിവരും. വാസ്തവമാലോചിച്ചാൽ താൻ, സ്ഥലം വിടാൻവേണ്ടി നദ്യേഷ്ദ്യായോടും, തന്റെ കടക്കാരോടും, മേലധികാരികളോടും നുണപറയേണ്ടതായി വരും. പിന്നെ,

പീറേറഴ്സ്ബർഗ്ഗിൽ ചെന്നിട്ട് പണം കിട്ടാൻവേണ്ടി അമ്മയോടും നുണപറയേണ്ടിവരും, നദ്യേഷ്ദായുമായുള്ള എല്ലാബന്ധവും അവസാനിപ്പിച്ചുകഴിഞ്ഞുവെന്നു്; അമ്മയും അഞ്ഞൂറു റൂബിളിലധികം കൊടുക്കുകയുണ്ടാവില്ല. അങ്ങനെ വരുമ്പോൾ ഡോക്ടറെ ഇപ്പോൾത്തന്നെ വഞ്ചിച്ചിരിക്കുകയാണു്, അല്പനാളിനുള്ളിൽ പണം തിരിച്ചുകൊടുക്കാവുന്ന സ്ഥിതിയിലായിരിക്കയില്ലല്ലോ താൻ. പിന്നാലെ, നദ്യേഷ്ദ്യാ പീറേറഴ്സ്ബർഗ്ഗിൽ എത്തുന്ന അവസരത്തിൽ, അവളിൽനിന്നു മോചനം കിട്ടാൻ വേണ്ടി വലുതും ചെറുതുമായി ധാരമുറിയാതെ എത്രയോ വഞ്ചനകൾ ആയുധമാക്കേണ്ടിവരും. അതോടെ പിന്നെയും കണ്ണീരും വെറിയും, അറപ്പിക്കുന്ന അസ്തിത്വവും പശ്ചാത്താപവും വന്നുകൂടുകയായി. അങ്ങനെ പുതിയ ജീവിതമൊക്കെ അവസാനിക്കുകയായി. വഞ്ചന, മററു യാതൊന്നുമില്ല. നുണകളുടെ ഒരു മഹാപർവ്വതമത്രയും ലേവ്സ്കിയുടെ സങ്കല്പത്തിൽ ഉയർന്നുവന്നു. ഈ നുണവ്യവസായം നുറുങ്ങുനുറുങ്ങായി ചെയ്യാതെ, ഒററക്കുതിക്കു് അതു ചാടിക്കടക്കണമെങ്കിൽ ഉറപ്പായും വിട്ടുവീഴ്ചയില്ലാതെയും പ്രവർത്തിക്കാൻ തനിക്കു സന്നദ്ധതയുണ്ടാകണം. ഉദാഹരണത്തിനു്, ഒന്നും മിണ്ടാതെ എഴുന്നേററു തൊപ്പിയുമെടുത്തുവച്ചു് വെറുംകൈയായി, ഒരു വിശദീകരണത്തിനും നില്ക്കാതെ അക്ഷണം പുറത്തിറങ്ങി നടക്കണം. പക്ഷേ, അതു തനിക്കു് അസാദ്ധ്യമെന്നു് ലേവ്സ്കിക്കു തോന്നി.

'വെള്ളിയാഴ്ച...വെള്ളിയാഴ്ച...' അയാൾ ചിന്തിച്ചു, 'വെള്ളിയാഴ്ച...'

അവർ ചെറിയ കുറിപ്പുകളെഴുതി രണ്ടായി മടക്കി, നിക്കോദിമിൻെറ പഴയ കൂമ്പൻതൊപ്പിയിൽ നിക്ഷേപിച്ചു. തൊപ്പിയിൽ വേണ്ടത്ര കുറിപ്പുകൾ വീഴുമ്പോൾ തപാൽ ശിപായിയുടെ ഭാഗം വഹിക്കുന്ന കോസ്ത്യാ, മേശക്കു ചുററും നടന്നു് അവ വിതരണം ചെയ്യും. ശെമ്മാശ്ശനും കാത്യായ്ക്കും കോസ്ത്യായ്ക്കും വിനോദകരമായ കുറിപ്പുകളാണു കിട്ടിയതു്. അവരും ആകാവുന്നത്ര തമാശയായി എഴുതാൻ ശ്രമിച്ചു. അവർ ഉത്സാഹഭരിതരായി. "നാം തമ്മിൽ അല്പം സംസാരിക്കണം," നദ്യേഷ്ദ്യാ ഒരു ചെറുകുറിപ്പിൽ വായിച്ചു. അവൾ മേരി

യായെ നോക്കി. ആ സ്ത്രീ ഒരു 'ബദാമെണ്ണച്ചിരി'യോടുകൂടി തല കുലുക്കി.

'എന്തു സംസാരിക്കാനാണ്?' നദ്യേഷ്ദാ ആലോചിച്ചു, 'മുഴുവൻ പറയുന്നില്ലെങ്കിൽ പിന്നെ പറഞ്ഞിട്ടു ഫലമില്ല.'

അന്നു വൈകിട്ട് പുറത്തേക്കിറങ്ങുന്നതിനുമുമ്പായി അവൾതന്നെയാണ് ലേവ്സ്കിയുടെ കഴുത്തുവാല കെട്ടിക്കൊടുത്തത്. ആ ചെറുപ്രവൃത്തി അവളുടെ ആത്മാവിൽ സ്നിഗ്ദ്ധതയും ഖേദവും നിറച്ചു. അയാളുടെ മുഖത്തെ ഉല്ക്കണ്ഠ, തന്നെത്താൻ മറന്നുള്ള നോട്ടങ്ങൾ, വൈവർണ്ണ്യം ഇടക്കാലമായി അയാളിൽ വന്നുചേർന്നിട്ടുള്ള ദുർഗ്രാഹ്യമായ ആ മാറ്റം അയാളറിയാതെ ഒരു ഭയങ്കരവും അവജ്ഞാകരവുമായ രഹസ്യം തനിക്കുണ്ടെന്നുള്ള സംഗതി, അയാളുടെ കഴുത്തുവാല കെട്ടിക്കൊടുത്ത സന്ദർഭത്തിൽ തന്റെ കൈ വിറച്ചതു്—ഇതെല്ലാം, തങ്ങൾക്കൊരുമിച്ച് ഇനി ഏറെനാളില്ല എന്നവളോടു പറയുന്നതായി തോന്നി. അവൾ ഏതോ കരിങ്കുരുപമോ മറേറാ ആയാലത്തെപ്പോലെ, ഭയത്തോടും പൊറുതിയോടും കൂടി അയാളുടെ മുഖത്തു നോക്കിയിട്ട് അവൾ വിചാരിച്ചു, 'മാപ്പ്! മാപ്പ്!'

അച്ച്മിയാനോവ് അവളുടെ എതിർവശത്ത് ഇരിക്കുകയായിരുന്നു. അയാളുടെ കറുത്ത, കാമാതുരമായ നോട്ടം അവളുടെമേൽ നിന്നു മാറുന്നതേയില്ല. അവളിൽ വികാരം വിജൃംഭിച്ചു. അവൾക്കവളെപ്പററിത്തന്നെ ലജ്ജതോന്നി. അവളുടെ ദുരവസ്ഥയും ദുഃഖവുംകൂടി, ഇന്നല്ലെങ്കിൽ നാളെ അവിശുദ്ധമായ വികാരങ്ങൾക്കു വഴിപ്പെടുന്നതിൽനിന്നു് അവളെ തടയുകയില്ലെന്നു്—ഒരു കുടിയനെന്നപോലെ തന്നത്താൻ നിയന്ത്രിക്കാനുള്ള കഴിവു് അവൾക്കുണ്ടാവാതെവരുമെന്നു് അവൾ ഭയപ്പെട്ടു.

തനിക്കുതന്നെ ലജ്ജാകരവും, ലേവ്സ്കിക്ക് അവമാനകരവുമായ ഈ ജീവിതം തുടർന്നുപോകുവാൻ ഇടയാകാതിരിക്കാൻവേണ്ടി അവിടം വിട്ടുവാൻ അവൾ നിശ്ചയിച്ചു. തന്നെ പോകാനനുവദിക്കണമെന്നു് കണ്ണുനീരോടുകൂടി അവൾ ലേവ്സ്കിയോടപേക്ഷിക്കും. അയാൾ വിസമ്മതിച്ചാൽ

ഒളിച്ചുകടക്കും. എന്താണു് സംഭവിച്ചിരിക്കുന്നതെന്നു് അവൾ അയാളോടു പറയുകയില്ല. അയാൾ അവളെപ്പററി പരിശുദ്ധമായ ഒരു സ്മരണ വച്ചുപുലർത്തിക്കൊള്ളട്ടെ.

"ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു," അവൾ വായിച്ചു. അതു് അച്ച് മിയാനോവിൻെറ വകയാണു്.

അതിവിദൂരസ്ഥമായ ഏതെങ്കിലും ദിക്കിൽ പോയി അവൾ ജീവിക്കും. ജോലിചെയ്തു്, ലേവ്സ്കിക്കു് പണവും, ചിത്രവേലചെയ്ത ഉടുപ്പുകളും പുകയിലയും മററും 'അജ്ഞാതനാമാ'വായി അയച്ചുകൊടുക്കും. പിന്നെ, വാദ്ധക്യമായിട്ടോ, അയാൾക്കു് അപായകരമായ രോഗം ബാധിച്ചിട്ടു് ഒരു നഴ്സിൻെറ ആവശ്യം നേരിടുന്ന അവസരത്തിലോ അല്ലാതെ അയാളുടെയടുത്തേക്കു മടങ്ങിവരികയില്ല. വാദ്ധക്യകാലത്തു് അവൾ അയാളെ വിട്ടുപോകാനും, അയാളുടെ ഭാര്യയായിരിക്കാൻ വിസമ്മതിക്കാനുമുണ്ടായ ന്യായങ്ങൾ കേൾക്കുമ്പോൾ അയാൾ അവളുടെ ത്യാഗത്തെ വിലമതിക്കും, അവൾക്കു മാപ്പുകൊടുക്കും.

"നിങ്ങളുടെ മൂക്കു് നീണ്ടതാണു്," അതു് ശെമ്മാശ്ശന്റേയോ കോസ്ത്യായുടേയോ വക ആയിരിക്കണം.

നദ്യേഷ്ദ്യാ, താൻ ലേവ്സ്കിയെ പിരിഞ്ഞുപോകുമ്പോൾ അയാളെ പ്രേമപൂർവ്വം ആലിംഗനം ചെയ്യുന്നതും, അയാളുടെ കൈ ചുംബിക്കുന്നതും, ജീവിതം മുഴുവനും, ജീവിതം മുഴുവനും അയാളെ സ്നേഹിക്കുമെന്നു പ്രതിജ്ഞ ചെയ്യുന്നതും, ഭാവനയിൽ കണ്ടു. അതിൽപ്പിന്നെ, അപരിചിതരുടെ ഇടയിൽ അജ്ഞാതവാസമനുഷ്ഠിക്കുന്ന അവൾ എന്നും ചിന്തിക്കും, എവിടെയോ തനിക്കൊരു സുഹൃത്തുണ്ടായിരുന്നു, താൻ സ്നേഹിച്ചിരുന്ന ഒരാൾ—തന്നെപ്പററി ഒരു വിശുദ്ധസ്മരണ വച്ചുപുലർത്തുന്ന, നിഷ്കളങ്കനും മഹാമനസ്കനുമായ ഒരുന്നത വ്യക്തി.

"ഇന്നെനിക്കൊരു സന്ദർശനം അനുവദിക്കുന്നില്ലെങ്കിൽ, ഞാൻ മററു മാർഗ്ഗം നോക്കും, ഞാൻ ശപഥം ചെയ്യുന്നു, ഉറച്ചോളു. അന്തസ്സുള്ള പുരുഷന്മാരോടു് നിനക്കു് ഈ വിധ

ത്തിൽ പെരുമാറാൻ സാദ്ധ്യമല്ല, അതു നീ മനസ്സിലാക്കണം.'' കിറിലിൻെറ പക്കൽ നിന്നാണ് അതു്.

## 13

ലേവ്സ്കിക്കു് രണ്ടു കുറിപ്പുകൾ കിട്ടി, അയാൾ ഒരെണ്ണം തുറന്നു വായിച്ചു: ''ഇവിടെനിന്നു പൊയ്ക്കളയരുതേ, ഡാർലിങ്.''

'അതു് ആരു് എഴുതിയതാവാം?' അയാൾ ആലോചിച്ചു, 'സമോയ്ലങ്കോയല്ലെന്നു തീർച്ച. ശെമ്മോശ്ശനുമല്ല; ഞാൻ പോകാനാഗ്രഹിക്കുന്ന വിവരം അയാൾക്കറിവില്ല. വോൺ കൊറനായിരിക്കുമോ?'

'ജലൻെറ കുത്തുവാക്കു്,' ലേവ്സ്കി വിചാരിച്ചു, 'വെള്ളിയാഴ്ച, വെള്ളിയാഴ്ച...'

അയാളുടെ തൊണ്ടയിൽ എന്തോ ഒന്നു് ഉരുണ്ടുകയറി. അയാൾ കഴുത്തുപട്ടയിൽ പിടിച്ചിട്ടു്, ഒന്നു ചുമച്ചു. പക്ഷേ, ചുമയ്ക്കു പകരം ഒരു ചിരിയാണു് തൊണ്ടയിൽനിന്നു പുറപ്പെട്ടതു്.

''ഹ—ഹ—ഹ!'' അയാൾ ചിരിച്ചു. ''ഹ—ഹ—ഹ! എന്തു കണ്ടിട്ടാണു് ഞാൻ ചിരിക്കുന്നതു്? ഹ—ഹ—ഹ!''

അയാൾ ചിരി പിടിച്ചുനിർത്താൻ ശ്രമിച്ചു. കൈയെടുത്തു വായപൊത്തി. പക്ഷേ, ചിരി അയാളുടെ നെഞ്ചും തൊണ്ടയും ഞെക്കി ഞെരിച്ചു, കൈകൾക്കു വായ പൊത്തിനിർത്താൻ സാധിക്കാതായി.

'എത്ര ബുദ്ധിശൂന്യമാണിതു്!' ചിരിച്ചു കുടഞ്ഞുകൊണ്ടു് അയാൾ ആലോചിച്ചു, 'എനിക്കു തലയ്ക്കു പിച്ചായിപ്പോയോ?'

ചിരി കൂടുതൽ കൂടുതൽ രൂക്ഷമായി. അതു് എതാണ്ടൊരു പട്ടിക്കുഞ്ഞിൻെറ കരപോലെയായി. ലേവ്സ്കി മേശയുരുകിൽനിന്നു് എഴുന്നേൽക്കാൻ പരിശ്രമിച്ചു. പക്ഷേ, കാലുകൾ അയാളെ അനുസരിച്ചില്ല. അസാധാരണമായ രീതിയിൽ, അയാളുടെ കോച്ചിവലിക്കുന്ന വലതുകൈ കടലാസ്സു

തുണ്ടുകൾ കശക്കിഞെരിച്ചുകൊണ്ടു് മേശമേൽ കിടന്നു പിടച്ചു. വിസ്മയപ്പെട്ട ദൃഷ്ടികളും, സമോയ്‌ലങ്കോയുടെ ഗൗരവപൂർണ്ണവും പരിഭ്രാന്തവുമായ മുഖവും, ജന്തുശാസ്ത്രജ്ഞന്റെ വിദയമായ അപഹാസവും, അവജ്ഞയും നിറഞ്ഞുതുളുമ്പുന്ന കണ്ണുകളും അയാൾ കണ്ടു. താൻ അപസ്മാരഗോഷ്ടികൾക്കു് അടിപെട്ടിരിക്കയാണെന്നു് അയാൾക്കു ബോധം വന്നു.

'എത്ര ഗർഹണീയം, എത്ര ലജ്ജാവഹം!' മുഖത്തു് കണ്ണുനീരിന്റെ ചൂടു് അനുഭവിച്ചുകൊണ്ടു് അയാൾ ചിന്തിച്ചു. 'ഓ...ഓ, എന്തൊരു മാനക്കേടു്! ഒരിക്കലും ഇങ്ങനെ വന്നിട്ടില്ലല്ലോ...'

അവർ അയാളെ കക്ഷത്തിൽക്കൂടി കൈയിട്ടെടുത്തു്, തല പുറകിൽനിന്നു് താങ്ങിപ്പിടിച്ചു് കൊണ്ടുപോയി. ഒരു ഗ്ലാസ്സു് അയാളുടെ കണ്ണിന്റെ മുന്നിൽ തിളങ്ങി, പല്ലുകളിൽമുട്ടി വെള്ളം അയാളുടെ നെഞ്ചിൽ തുവുകയും ചെയ്തു. അയാൾ ഒരു കൊച്ചു മുറിയിലാണു്. നടുക്കു് മഞ്ഞുപോലെ വെളുത്ത കിടക്കവിരിപ്പുകളിട്ട രണ്ടു കട്ടിലുകൾ തൊട്ടുതൊട്ടുകിടക്കുന്നു. അയാൾ ആ കിടക്കകളിലൊന്നിൽ വീണുകിടന്നു് ഏങ്ങലടിച്ചു.

"അതിലൊന്നുമില്ല, അതിലൊന്നുമില്ല," സമോയ്‌ലങ്കോ നിറുത്താതെ ആവർത്തിച്ചുകൊണ്ടിരുന്നു. "അങ്ങനെയുണ്ടാകാം അങ്ങനെയുണ്ടാകാം..."

പേടിച്ചു മരച്ചു്, ആകെ വിറച്ചു്, ഭയങ്കരമായ ഏതോ ഒന്നിനെപ്പററി ഉല്ക്കണ്ഠാകുലയായി, നദ്യേഷ്ദ്യാ കട്ടിലിനരികത്തന്നെനിന്നു ചോദിച്ചുകൊണ്ടേയിരുന്നു:

"എന്താണു്? എന്താണു്? ദൈവത്തെയോർത്തു് എന്താണെന്നു പറയൂ."

'കിറിലിൻ എന്തെങ്കിലും അയാൾക്കെഴുതിയിരിക്കുമോ?' അവൾ ചിന്തിച്ചു.

"ഒന്നുമില്ല." ഒപ്പം ചിരിക്കുകയും കരയുകയും ചെയ്തുകൊണ്ടു് ലേവ്സ്കി പറഞ്ഞു. "പൊയ്ക്കോളൂ, ഡാർലിങ്ങ്."

അയാളുടെ മുഖത്തു് അറപ്പോ വെറുപ്പോ സ്ഫുരിച്ചില്ല. അയാൾ ഒന്നും അറിഞ്ഞില്ല. നദ്യേഷ്ദ്യായ്ക്കു് ഏതാണ്ടൊരു മനസ്സുറപ്പുകിട്ടി. അവൾ സ്വീകരണമുറിയിലേക്കു പോയി.

"ഉഴറാതെ, പൊന്നേ!" അവളുടെ അരികത്തിരുന്ന് കരം ഗ്രഹിച്ചുകൊണ്ട് മേരിയാ പറഞ്ഞു. "അതു പോകും. പുരുഷന്മാരും, അനാഥപാപികളായ നമ്മളെപ്പോലെ ദുർബ്ബലർതന്നെ. നിങ്ങൾ രണ്ടുപേരും ഒരു പരീക്ഷണഘട്ടത്തെ തരണം ചെയ്യുകയാണ്... ആർക്കും സ്പഷ്ടമായി മനസ്സിലാവുന്നതാണ് അതു്! ശരി, എന്റെ പൊന്നേ, ഞാൻ ഒരു മറുപടി കാത്തിരിക്കുകയാണ്. നമുക്ക് അല്പം സംസാരിക്കാം."

"ഇല്ല. നമ്മൾ സംസാരിക്കാൻ പോകുന്നില്ല." ലേവ്സ്കിയുടെ ഏങ്ങലടികൾ ചെവിയോർത്തുകൊണ്ട് നദ്യേഷ്യ പറഞ്ഞു. "എനിക്കൊരുന്മേഷമില്ല. എന്നെ വീട്ടിൽപ്പോകാൻ അനുവദിക്കണം."

"എന്താണു നീ പറയുന്നതു്, എന്താണു നീ പറയുന്നതു്, എന്റെ പൊന്നേ?" മേരിയാ അത്ഭുതത്തോടുകൂടി ശബ്ദമുയർത്തി. "അത്താഴം കഴിക്കാതെ നിന്നെവിടാനൊക്കുമെന്നു വിചാരിച്ചോ? നമുക്ക് എന്തെങ്കിലും അല്പം കഴിക്കുക. പിന്നെ, നിനക്ക് എന്റെ അനുഗ്രഹത്തോടുകൂടി പോകാം."

"എനിക്ക് ഞാൻ നിരാശ്രയായപോലെ തോന്നുന്നു," നദ്യേഷ്യാ മന്ത്രിച്ചു. വീഴാതിരിക്കാൻവേണ്ടി അവൾ രണ്ടു കൈയുംകൊണ്ട് കസേരക്കൈയിൽ പിടിച്ചു.

"ഒരു ചെറിയ അപസ്മാരബാധയാണയാൾക്ക്," വോൺകൊറൻ സസന്തോഷം പറഞ്ഞു. അയാൾ സ്വീകരണമുറിയിലേക്കു വരികയായിരുന്നു. പക്ഷേ, നദ്യേഷ്യായെക്കണ്ടു് അറച്ചു പിൻവാങ്ങി.

രോഗത്തിന്റെ ആക്രമണം കഴിഞ്ഞപ്പോൾ പരിചയമില്ലാത്ത ആ കിടക്കയിൽ എഴുന്നേററിരുന്നുകൊണ്ടു ലേവ്സ്കി ചിന്തിച്ചു:

'അവമാനം! ഒരു പെൺകുട്ടിയെപ്പോലെ ഞാൻ കിടന്നു തൊണ്ട പൊളിച്ചല്ലോ! എന്റെ പെരുമാററം ബാലിശവും വഷളായതുമായിരുന്നിരിക്കണം. പുറകുവശത്തുകൂടി ഇറങ്ങിപ്പൊയ്ക്കളയാം. പക്ഷേ, അതു ഞാനീ അപസ്മാരഗോഷ്ടികളെ കാര്യമായെടുത്തു എന്നു തോന്നാൻ കാരണമാകും. ഞാൻ അതൊരു തമാശയായി എടുക്കേണ്ടിയിരിക്കുന്നു...'

അവൾ കണ്ണാടിയിൽ നോക്കി കുറച്ചിട അവിടെ ഇരുന്നു, എന്നിട്ട സ്വീകരണമുറിയിലേക്കു തിരിച്ചുചെന്നു.

"ഞാൻ വന്നല്ലോ," മന്ദഹസിച്ചുകൊണ്ടു് അയാൾ പറഞ്ഞു. അയാൾക്കു നൊമ്പരപ്പെട്ടുത്തുന്നതരത്തിലുള്ള ലജ്ജ അനുഭവപ്പെട്ടു. മററുള്ളവർ തന്റെ സാന്നിദ്ധ്യത്തിൽ ലജ്ജിക്കുന്നതായും അയാൾക്കു തോന്നി. "അങ്ങനെയൊന്നു് ഉണ്ടാകുന്നതു് ഓർത്തുനോക്കു," അയാൾ ഇരിക്കുന്നതിനിടെ പറഞ്ഞു, "ഞാൻ ഇവിടെ ഇരിക്കുകയായിരുന്നു. അപ്പോൾ പെട്ടെന്നു്, കേട്ടോ, എന്റെ പള്ളയ്ക്കു കുത്തിത്തുളയ്ക്കുന്നതുപോലുള്ളൊരു ഭയങ്കര വേദന തോന്നി...സഹിക്കാൻ വയ്യ. എന്റെ ഞരമ്പുകൾക്കു് അതു താങ്ങാനായില്ല; അതാണു്...അങ്ങനെ അതു് ഈ അതിബാലിശമായ രംഗത്തിൽക്കൊണ്ടെത്തിച്ചു. ഇതു ഞരമ്പുരോഗമാണു്. അതിൽനിന്നു രക്ഷപ്പെടാൻ മാർഗ്ഗമില്ല."

അത്താഴസമയത്തു് അയാൾ അല്പം വീഞ്ഞു കുടിച്ചു. ഇടയ്ക്കിടെ അപ്പോഴും വേദനയുണ്ടെന്നു കാണിക്കാനായി പെട്ടെന്നൊരു മുക്കലോട്ടുകൂടി പള്ളയ്ക്കു തിരുമ്മിക്കൊണ്ടിരുന്നു. നദ്യേഷ്ദ്യായൊഴികെ മററാരും അതു വിശ്വസിച്ചില്ല; അതയാൾ കാണുകയും ചെയ്തു.

ഒമ്പതുമണിക്കുശേഷം അവർ നടക്കാവിൽ നടക്കാനിറങ്ങി. നദ്യേഷ്ദ്യാ, കിറിലിൻ അവളോട്ടു സംസാരിച്ചേക്കുമെന്നുള്ള ഭയംമൂലം, സദാ മേരിയായുടെയും കുട്ടികളുടെയും അരികിൽക്കൂടാൻ പരമാവധി പരിശ്രമിച്ചു. അവൾക്കു ഭയവും ഗതികേടും അനുഭവപ്പെട്ടു. ഭ്രാന്തുവരികയാണെന്നുപോലും തോന്നിപ്പോയി. അവൾ വാടിക്കുഴഞ്ഞു, കാലുകൾ നീങ്ങുന്നതു കഷ്ടിയായി; എന്നിട്ടും അവൾ വീട്ടിലേക്കു തിരിച്ചില്ല. കാരണം, കിറിലിനോ, അച്ച്മിയാനോവോ, അല്ലെങ്കിൽ രണ്ടുപേരുംകൂടി ഒരുമിച്ചുതന്നെയോ അവളുടെ പിന്നാലെ ചെല്ലുമെന്നു് അവൾക്കു നിശ്ചയമായിരുന്നു. കിറിലിൻ നിക്കോദിമിനോടുകൂടി അവളുടെ തൊട്ടു പുറകിൽ നടക്കുന്നുണ്ടായിരുന്നു. അയാൾ താഴ്ന്നശബ്ദത്തിൽ ഇങ്ങനെ മൂളിക്കൊണ്ടേയിരുന്നു:

'ആരും എന്നോട്ടു കളിക്കാൻ ഞാൻ സമ്മതിക്കില്ല, അതു ഞാൻ സമ്മതിക്കില്ല.'

നടക്കാവിൽനിന്നു തിരിച്ചു് അവർ റസ്റ്റാറണ്ടിലേക്കു

പോയി. കടൽത്തീരംവഴി നടന്നു വളരെനേരം വെള്ളപ്പുറത്തെ രാത്തിളക്കം നോക്കിക്കണ്ടു. വോൺകൊറൻ, ആ തിളക്കം കാണുന്നതു് എന്തുകൊണ്ടെന്നു് അവക്കു വിവരിച്ചുകൊടുക്കാൻ തുടങ്ങി.

## 14

"എനിക്കു പാശികളിക്കു പോകാൻ നേരമായി...അവരെന്നെ കാത്തിരിക്കും," ലേവ്സ്കി പറഞ്ഞു, "നമസ്കാരം കൂട്ടരേ."

"ഞാനുംകൂടെ വന്നേക്കാം, ഒരുനിമിഷം നില്ക്കൂ," എന്നു പറഞ്ഞു നദ്യേഷ്യാ അയാളുടെ കരം ഗ്രഹിച്ചു.

അവർ ആ സുഹൃത്സംഘത്തിനു വന്ദനം പറഞ്ഞു പിരിഞ്ഞു. കിറിലിനും വിടവാങ്ങി, താനും ആ വഴിക്കുതന്നെയെന്നു പറഞ്ഞു് അവരുടെകൂടെച്ചേന്നു നടന്നു.

'വരേണ്ടതെന്തായാലും വരും,' നദ്യേഷ്യാ ചിന്തിച്ചു. 'എന്നാൽ വന്നോട്ടെ...!'

അവളുടെ തലയിലുള്ള ദുഷിച്ച സ്മരണകളെല്ലാംകൂടി രൂപംധരിച്ചു്, ഇരുളിൽ, അവളുടെ അരികിലൂടെ കിതച്ചണച്ചു വരികയാണെന്നു് അവൾക്കു തോന്നി. അവളോ, മഷിക്കുപ്പിയിൽവീണ പാററകണക്കു്, വഴിയിലൂടെ, നൊന്തുനൊന്തിഴയുകയാണു്, ലേവ്സ്കിയുടെ ഒരു വശത്തും കൈയിലും മഷി പുരട്ടിക്കൊണ്ടു്.

കിറിലിൻ ജുഗുപ്സാവഹമായ എന്തെങ്കിലും പ്രവത്തിക്കാൻ ഇടയായാൽ, അയാളെയല്ല തന്നെയാണു് അതിനു കുററം പറയേണ്ടതു് എന്നവൾ ആലോചിച്ചു. കിറിലിൻ സംസാരിച്ചതുപോലെ അവളോടു സംസാരിക്കാൻ ഒററപ്പുരുഷൻ ധൈര്യപ്പെടാത്ത ഒരു കാലമുണ്ടായിരുന്നു. ആ രക്ഷ അവൾ ഒരു നൂലുപോലെ പിച്ചിക്കീറി, വീണ്ടെടുക്കാനാവാത്തവണ്ണം നശിപ്പിച്ചു—അതാരുടെ കുററം? വികാരംകൊണ്ടു മത്തുപിടിച്ച അവൾ ഒരു പരിചയവുമില്ലാത്ത ഒരു പുരുഷനെ നോക്കി മന്ദഹസിച്ചു. ഒരുപക്ഷേ, അയാൾ ദീർഘകായനും സുന്ദരനും ആയിരുന്നതുകൊണ്ടു മാത്രമായിരിക്കാം. രണ്ടു കൂടിക്കാഴ്ചകൾ

കഴിഞ്ഞപ്പോൾ അവൾക്കയാളെ മുഷിഞ്ഞു; അവൾ അയാളെ വലിച്ചെറിഞ്ഞു. അതു് തന്നോട്ട തോന്നിയപോലെ പെരുമാറാനുള്ള അവകാശം അയാൾക്കു കൊട്ടക്കുന്നില്ലേ എന്നവൾ ഇപ്പോൾ ആലോചിച്ചു.

"ഇവിടെനിന്നു ഞാൻ പിരിയുകയാണു്, ഡാർലിങ്ങ്," ലേവ്സ്കി പറഞ്ഞു, "കിറിലിൻ നിന്നെ വീട്ടിൽ കൊണ്ടുചെന്നാക്കും."

അയാൾ കിറിലിന്റെ നേക്കു തല ചലിപ്പിച്ചു. എന്നിട്ട വേഗം നടക്കാവു കടന്നു തെരുവിലൂടെ ഷെഷ്കോവ്സ്കിയുടെ വീട്ടിലേക്കു നടന്നു. ആ ജനാലകളിൽ വെളിച്ചം കണ്ടു. പിന്നാലെ അയാൾ കേറിക്കഴിഞ്ഞപ്പോൾ പടി അയാളുടെ പിന്നിൽ അടയുന്ന ശബ്ദം അവർ കേട്ട.

"നിന്നോട്ട് ഒരു വിശദീകരണത്തിനു് എന്നെ അനുവദിക്കണം." കിറിലിൻ പറഞ്ഞു. "ഞാൻ ഒരു കൊച്ചുകുട്ടിയല്ല. വല്ല അച്ച്കാസോവോ, ലച്ച്കാസോവോ,സച്ച്കാസോവോ ഒന്നുമല്ല...കാര്യമായി ശ്രദ്ധിക്കണമെന്നു ഞാനാവശ്യപ്പെടുന്നു."

നദ്യേഷ്ദ്യായുടെ ഹൃദയം ശക്തിയായി മിടിക്കാൻതുടങ്ങി. അവൾ ഒന്നും മറുപടിപറഞ്ഞില്ല.

"എന്നോട്ടുള്ള നിന്റെ പെരുമാറ്റത്തിൽ പെട്ടെന്നുണ്ടായ മാറ്റം, ആദ്യം ഞാൻ ചാപല്യം എന്നു കരുതി," കിറിലിൻ തുടൎന്നു, "നിനക്കു മാന്യന്മാരോട്ട പെരുമാറേണ്ടതിന്റെ രീതി അറിഞ്ഞുകൂടെന്നു് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. നീ എന്നോട്ട കളിക്കുകയായിരുന്നു, ഇപ്പോൾ നീ ആ അൎമ്മീനിയൻ പയ്യനോട്ട കളിക്കുന്നതുപോലെ. പക്ഷേ, ഞാനൊരു മാന്യനാണു്. മാന്യന്മാരോട്ട പെരുമാറേണ്ടതുപോലെ എന്നോട്ട പെരുമാറണമെന്നു് എനിക്കു നിർബ്ബന്ധമുണ്ടു്. പിന്നെ, അങ്ങനെ ഞാനിതാ നിന്റെ ദാസൻ..."

"ഞാൻ നരകിക്കുകയാണു്..." നദ്യേഷ്ദ്യാ പറഞ്ഞു. കരയാൻതുടങ്ങിയ അവൾ, ആ കണ്ണുനീർ കാണിക്കാതിരിക്കാൻ മുഖം തിരിച്ചുകളഞ്ഞു.

"ഞാനും നരകിക്കുന്നുണ്ടു്," കിറിലിൻ പറഞ്ഞു, "പക്ഷേ, അതുകൊണ്ടെന്തു്?"

തെല്ലിട കിറിലിൻ നിശ്ശബ്ദനായി. പിന്നീട്ട സ്പഷ്ടമായും ഉറപ്പിച്ചും പറഞ്ഞു:

"ഞാൻ വീണ്ടും പറയുന്നു, മദാം, ഇന്നുരാത്രി നിങ്ങൾ എനിക്കൊരു സന്ദർശനം അനുവദിക്കുന്നില്ലെങ്കിൽ, ഇന്ന് ഇതേ, വൈകുന്നേരം നിങ്ങളെക്കുറിച്ച് ഒരപവാദം ഞാൻ സൃഷ്ടിച്ചു വിടും."

"ഇന്നു വൈകിട്ട് എന്നെ സൈ്വരമായി വിട്ടേക്കു," നദ്യേഷ്യാ പറഞ്ഞു. അവളുടെ ശബ്ദം അവൾക്കുതന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അതു് അത്ര ദുർബ്ബലവും ദീനവുമായിരുന്നു.

"നിന്നെ ഒരു പാഠം പഠിപ്പിക്കേണ്ടിയിരിക്കുന്നു...എന്റെ സ്വരം പരുഷമാകുന്നതു ക്ഷമിക്കണം, ഏതായാലും, നിന്നെ ഒരു പാഠം പഠിപ്പിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. രണ്ടു സന്ദർശനങ്ങൾ വേണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നു— ഇന്നും നാളെയും. നാളെ കഴിഞ്ഞാൽ നിനക്കു പൂർണ്ണസ്വാതന്ത്ര്യം, ആരുടെകൂടെവേണമോ എവിടെയും പോകാം. ഇന്നും നാളെയും."

നദ്യേഷ്യാ പടിവാതിലോളം പോയി അവിടെ നിന്നു.

"ഞാൻ പോട്ടെ," അവൾ മന്ത്രിച്ചു. അവൾ വേപഥു കൊണ്ടു. മുമ്പിൽ ഇരുട്ടിൽ അയാളുടെ വെളുത്ത അങ്കവസ്ത്രമല്ലാതെ ഒന്നും അവൾ കാണുന്നില്ല. "നിങ്ങൾ പറഞ്ഞതു ശരിയാണ്. ഞാനൊരു ഭയങ്കരിയാണ്...ഞാനാണു കുററക്കാരി. എങ്കിലും, ഞാൻ പോകാൻ അനുവദിക്കു...ഞാൻ ഇരക്കുന്നു." അവൾ അയാളുടെ തണുത്ത കൈയിൽ സ്പർശിച്ചു. അവൾ ഞെട്ടിവിറച്ചു. "ഞാൻ കാലുപിടിക്കാം..."

"കൊള്ളാം!" കിറിലിൻ മുരണ്ടു. "കൊള്ളാം! നിന്നെ വിടുകയെന്നുള്ളതു് എന്റെ പരിപാടിയിലേ ഇല്ല. നിന്നെ ഒരു പാഠം പഠിപ്പിച്ച്, നിനക്കു വിവേകമുണ്ടാക്കാൻ മാത്രമാണു ഞാൻ ഉദ്ദേശിക്കുന്നതു്. എന്നുതന്നെയല്ല; മദാം, എനിക്കു സ്ത്രീകളെ വളരെ കുറച്ചേ വിശ്വാസമുള്ളു."

"ഞാൻ നരകിക്കുകയാണ്..."

നദ്യേഷ്യാ കടലിന്റെ ഏകതാനമായ അലയടി ചെവി

യോത്തു. നക്ഷത്രഖചിതമായ ആകാശത്തിലേക്ക കണ്ണു പായിച്ചു. ഇക്ഷണം ഇതെല്ലാം അവസാനിപ്പിച്ചു്, കടലും നക്ഷത്രങ്ങളും മനുഷ്യരും ജ്വരവും എല്ലാംകൂടിച്ചേന്ന ഈ ജീവിതത്തിൻെറ ശപ്താനുഭൂതിയിൽനിന്നു് ഓടിയൊളിക്കാൻ അവൾ മോഹിച്ചു.

"എൻെറ വീട്ടിനകത്തുമാത്രം വയ്യ." അവൾ നിർവ്വികാരയായി മൊഴിഞ്ഞു. "എന്നെ വേറെവിടെങ്കിലും കൊണ്ടുപോക."

"മുറിദോവിൻെറ വീട്ടിൽ പോകാം. അതാണു ഭേദം."

"അതെവിടെയാണു്?"

"പഴയ കോട്ടയ്ക്കടുത്തു്."

അവൾ വളരെവേഗം തെരുവു കടന്നു്, മലയിലേക്കുപോകുന്ന ഇടവഴിയിൽ ഇറങ്ങി. നേരം ഇരുട്ടിക്കഴിഞ്ഞു. പ്രകാശം പരന്ന ജാലകങ്ങളിൽനിന്നു്, വഴിയിൽ അവിടവിടെ വെളിച്ചത്തിൻെറ മങ്ങിയ കരകൾ വീണുകിടന്നു. അവൾക്കു തോന്നി, താൻ ഒരു ശലഭംകണക്കു മഷിയിൽ വീണടിയുകയും, പിന്നെയും വെളിച്ചത്തേക്കു വലിഞ്ഞിഴഞ്ഞു കേറുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ഒരിടത്തുവച്ചു് അയാൾ കാൽ ഉതച്ചു വീണതുപോലെയായി; അയാൾ പൊട്ടിച്ചിരിക്കാൻ തുടങ്ങി.

'അയാൾക്കു കുടിച്ചു വെളിവു കെട്ടിരിക്കുന്നു,' നദ്യേഷ്യാ ചിന്തിച്ചു, 'സാരമില്ല...സാരമില്ല...ആയിക്കോട്ടെ.'

അച്ച്മിയാനോവും, വിനാവിളംബം സുഹൃത്സംഘത്തോടു വിടവാങ്ങി. നദ്യേഷ്യായെ ഒരു വഞ്ചിയാത്രയ്ക്കു ക്ഷണിക്കാമെന്നുദ്ദേശിച്ചു് അവളുടെ പിന്നാലെ പുറപ്പെട്ടു. അയാൾ അവളുടെ വീട്ടിൽച്ചെന്നു് വേലിപ്പുറത്തുകൂടി എത്തിനോക്കി. ജനാലകളെല്ലാം തുറന്നു മലൻുകിടക്കുന്നു, ഒററ വിളക്കില്ല."

"നദ്യേഷ്യാ!" അയാൾ വിളിച്ചു.

ഒരു നിമിഷംകഴിഞ്ഞു വീണ്ടും വിളിച്ചു.

"ആരവിടെ?" ഓൾഗായുടെ ശബ്ദം കേട്ടു.

"നദ്യേഷ്യായുണ്ടോ?"

"ഇല്ല. അവരിതുവരെ വന്നില്ല."

"വിചിത്രം...വളരെ വിചിത്രം!" വർദ്ധിച്ച അസ്വാ

സ്ഥ്യത്തോടെ അച്ച്മിയാനോവ് ചിന്തിച്ചു: 'അവൾ വീട്ടിലേക്കു പോന്നല്ലോ...'

അയാൾ ചോലത്തെരുവില്പൂടെ നടന്ന്, രാജവീഥിയും കടന്ന് ഷെഷ്കോവ്സ്കിയുടെ ജനാലയ്ക്കൽച്ചെന്ന് അകത്തേക്കു നോക്കി. ലേവ്സ്കി, മേശയ്ക്കരികിൽ കോട്ടില്ലാതെ ചീട്ടിൽ ദത്തദൃഷ്ടിയായിരിപ്പുണ്ട്.''

''വിചിത്രം, വിചിത്രം!'' അച്ച്മിയാനോവ് മുരണ്ടു. ലേവ്സ്കിയുടെ അപസ്മാരബാധയോർത്ത് അയാൾ ലജ്ജിക്കുകയും ചെയ്തു.

''അവൾ വീട്ടിലില്ലെങ്കിൽ പിന്നെവിടെയാണ്?''

അയാൾ വീണ്ടും നദ്യേഷ്ദ്യായുടെ താമസസ്ഥലത്തുചെന്നു, വെളിച്ചമില്ലാത്ത ജാലകങ്ങളിലേക്കു മിഴിയയച്ചു.

'ഇതു വഞ്ചനയാണ്, വഞ്ചന...' അയാൾ ചിന്തിച്ചു. ഉച്ചയ്ക്കു മേരിയായുടെ വീട്ടിൽവച്ചു കണ്ടപ്പോൾ, വൈകിട്ട് അയാളോടുകൂടി വഞ്ചിയാത്രയ്ക്കു ചെല്ലാമെന്ന് അവൾ വാഗ്ദാനംചെയ്തതു് അയാൾ ഓർക്കുകയായിരുന്നു.

കിറിലിൻ താമസിച്ചിരുന്ന വീടിന്റെ ജനാലകളിലും വെളിച്ചം കണ്ടില്ല. പടിവാതില്ക്കൽ ഒരു ചെറിയ ബഞ്ചിൽ ഒരു പോലീസുകാരൻ ഇരുന്ന് ഉറങ്ങുന്നുണ്ട്. ജനാലകളും പോലീസുകാരനേയും നോക്കിയപ്പോൾ അച്ച്മിയാനോവിന് എല്ലാം വെളിവായി. വീട്ടിൽ പോയിട്ട്, ആ വഴിക്കു പുറപ്പെടാൻ അയാൾ നിശ്ചയിച്ചു. എങ്കിലും എങ്ങനെയോ പിന്നെയും നദ്യേഷ്ദ്യായുടെ വീടിന്നടുത്തു നില്ക്കുന്നതാണ് അയാൾ കാണുന്നതു്. അയാൾ പടിവാതില്ക്കലുള്ള ബഞ്ചിൽ ഇരുന്നു, തല അസൂയയും വൈരാഗ്യവുംകൊണ്ട് എരിഞ്ഞുനീറുന്നതുപോലുള്ള തോന്നലോടെ തൊപ്പി ഊരിമാററി.

''അപ്പോൾ, നാളെയും വൈകിട്ട്, മുറിദോവിന്റെ വീട്ടിൽത്തന്നെ,'' അച്ച്മിയാനോവ് കേട്ടു. കിറിലിന്റെ ശബ്ദം അയാൾ തിരിച്ചറിഞ്ഞു. ''എട്ടുമണി; നമസ്കാരം!''

നദ്യേഷ്ദ്യാ തോട്ടത്തിനരികിൽ പ്രത്യക്ഷയായി. അച്ച്മിയാനോവ് ബഞ്ചിൽ ഇരിക്കുന്നതു കാണാതെ, ഒരു നിഴൽപോലെ അയാളുടെ അരികിൽക്കൂടി കടന്നുചെന്നു പടി തുറന്നു. അതു തുറന്നപടിയിട്ടിട്ട് വീട്ടിൽപ്പോയിക്കേറി. സ്വന്തം

മുറിയിൽച്ചെന്നു് അവൾ ഒരു മെഴുകുതിരി കൊളുത്തി. ക്ഷണത്തിൽ വസ്ത്രങ്ങൾ മാററി. എന്നിട്ടവൾ കിടക്കുകയല്ല, അതിനുപകരം ഒരു കസേരയുടെ മുമ്പിൽ മുട്ടുകുത്തി വീണു്, കൈകൾ അതിൽ ചുററി, തല അതിൽ അമർത്തിവച്ചു.

ലേവ്സ്കി വീട്ടെത്തിയപ്പോൾ രണ്ടുമണി കഴിഞ്ഞിരുന്നു.

## 15

എല്ലാംകൂടി ഒന്നിച്ചല്ല, അല്പാല്പമായി നുണ പറയുവാൻ തീരുമാനമെടുത്തുകഴിഞ്ഞ ലേവ്സ്കി, പിറേറന്നു് ഒരുമണി കഴിഞ്ഞ ഉടനെ, ശനിയാഴ്ച ഉറപ്പായി സ്ഥലംവിടാൻ സാധിക്കത്തക്കവണ്ണം പണം ചോദിക്കാനായി സമോയ്ലങ്കോയുടെയടുത്തേക്കു പുറപ്പെട്ടു. ആ അപസ്മാരത്തിൻെറ ആക്രമണത്തിനു ശേഷം, അതു് അയാളുടെ തളൎന്ന മാനസികാവസ്ഥയിൽ നിശിതമായ ഒരു ലജ്ജാഭാവംകൂടി കലൎത്തിയിരുന്നു. പട്ടണത്തിൽ തുടൎന്നു പോകുകയെന്നതു് അചിന്ത്യമായിരുന്നു. സമോയ്ലങ്കോ തൻെറ വ്യവസ്ഥകൾ മുറുകിപ്പിടിക്കുന്നെങ്കിൽ, അതു സമ്മതിച്ചു പണം വാങ്ങാമെന്നും, പിറേറദിവസം പുറപ്പെടാനുള്ള അന്ത്യമുഹൂൎത്തത്തിൽ നദ്യേഷ്ദ്യാ പോകാൻ വിസമ്മതിക്കുന്നുവെന്നു് അദ്ദേഹത്തോടു പറയാമെന്നും അയാൾ കരുതി. അന്നു വൈകിട്ടു്, ഈ എല്ലാറ്റൊക്കെ അവളുടെ നന്മയ്ക്കാണെന്നു് അവളെ പറഞ്ഞു തിരിക്കുകയും ചെയ്യാം. പ്രത്യക്ഷമായിത്തന്നെ വോൺകൊറൻെറ സ്വാധീനത്തിൽപ്പെട്ടിരിക്കുന്ന സമോയ്ലങ്കോ പണം കൊടുക്കാൻ മടിക്കുകയോ, പുതിയ വ്യവസ്ഥകൾ കൊണ്ടുവരികയോ ചെയ്യുന്നുവെങ്കിൽ, അപ്പോൾ, താൻ, ലേവ്സ്കി, അന്നത്തെ അതേ സായാഹ്നത്തിൽ, ഏതെങ്കിലും ചരക്കു കപ്പലിലോ, പത്തേമ്മാരിയിൽത്തന്നെയോ കേറി, നോവി അതോനിലോ, നോവോറോസിയിക്കിലോ ഇറങ്ങിയിട്ടു്, അവിടെനിന്നു് ആക്ഷേപിച്ചുകൊണ്ടുള്ള ഒരു കമ്പിസന്ദേശം ഇങ്ങോട്ടയയ്ക്കും. എന്നിട്ടു് യാത്രക്കാവശ്യമുള്ള പണം അമ്മ അയച്ചുകൊടുക്കുന്നതുവരെ അവിടെ തങ്ങും.

അയാൾ സമോയ്ലങ്കോയുടെ വീട്ടിൽ ചെന്നു കയറിയപ്പോൾ, സ്വീകരണമുറിയിൽ വോൺകൊറനെ കണ്ടുമുട്ടി. ജന്തുശാസ്ത്രജ്ഞൻ, അല്പംമുമ്പേ, ഭക്ഷണത്തിനായി വന്നുചേർന്നതായിരുന്നു. അയാൾ പതിവുപോലെ ആൽബത്തിന്റെ താളുകൾ മറിച്ച് കൂർത്തതൊപ്പികൾവച്ച പുരുഷന്മാരെയും, ഉച്ചിത്തൊപ്പികൾ വച്ച സ്ത്രീകളെയും സൂക്ഷിച്ചു പരിശോധിക്കുകയാണ്.

'എന്തൊരു ഭാഗ്യദോഷം!' അയാളെക്കണ്ടു് ലേവ്സ്കി വിചാരിച്ചു. 'അയാൾ വഴിമുടക്കിയേക്കും.' "ഗുഡ്മോർണിങ്!"

"ഗുഡ്മോർണിങ്!" വോൺകൊറൻ നേരേ നോക്കാതെ പ്രതിവന്ദനം പറഞ്ഞു.

"അലക്സാൻഡർ ഇവിടെയുണ്ടോ?"

"ഉണ്ടു്, അടുക്കളയിൽ."

ലേവ്സ്കി അടുക്കളയിലേക്കു പോയി. വാതിൽക്കൽ ചെന്നപ്പോൾ സമോയ്ലങ്കോ തിരക്കുപിടിച്ചു സാലഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായി കണ്ടു് മടങ്ങി സ്വീകരണമുറിയിൽ പോയി ഇരുന്നു. ജന്തുശാസ്ത്രജ്ഞന്റെ സാന്നിദ്ധ്യത്തിൽ അയാൾക്ക് എപ്പോഴും ഒരു വല്ലായ്മ അനുഭവപ്പെട്ടിരുന്നു. ഇപ്പോഴാകട്ടെ തന്റെ അപസ്മാരബാധയെപ്പറ്റി സംഭാഷണമുണ്ടാകുമെന്നു് അയാൾ ഭയപ്പെടുകയും ചെയ്തു. ഒരു നിമിഷത്തിലേറെ നിശ്ശബ്ദമായി കഴിഞ്ഞു. പെട്ടെന്നു് ലേവ്സ്കിയുടെ നേർക്ക് ദൃഷ്ടിയുയർത്തി, വോൺകൊറൻ ചോദിച്ചു:

"ഇന്നലത്തെ കഴിഞ്ഞിട്ട് എങ്ങനെയിരിക്കുന്നു?"

"തികച്ചും സുഖംതന്നെ," ലേവ്സ്കി ചുകന്നുകൊണ്ടു പറഞ്ഞു. "വാസ്തവത്തിൽ കൂടുതലായൊന്നുമില്ലായിരുന്നു..."

'ഇന്നലെവരെ അപസ്മാരവികാരം സ്ത്രീകൾക്കു മാത്രമേ ഉണ്ടാവുകയുള്ളെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. ആദ്യം ഞാനോർത്തു, നിങ്ങൾക്കു കോച്ചലാണെന്നു്.'

ലേവ്സ്കി യാചനാഭാവത്തിൽ പുഞ്ചിരിച്ചു; അയാൾ ചിന്തിച്ചു:

'ഇയാൾ എന്തൊരു ഔചിത്യമില്ലാത്തയാൾ, അതെനിക്ക് എത്ര അരോചകമാവുമെന്ന് ഇയാൾക്കു നന്നായറിയാമല്ലോ...'

''അതേ, അതൊരു അപഹാസ്യമായ കാട്ടിക്കൂട്ടലായിരുന്നു,'' പുഞ്ചിരിവിടാതെ അയാൾ പറഞ്ഞു. ''കാലത്തേ മുഴുവൻ ഞാൻ അതോർത്തോർത്തു ചിരിച്ചു. അപസ്മാരാവേശത്തിലെ ഏററവും വലിയ തമാശ എന്താണെന്നുവെച്ചാൽ, അത് അസംബന്ധമാണെന്ന് നമുക്കറിയാം, മനസാ അതിനെ പരിഹസിക്കുന്നുണ്ട്, എന്നാൽ അതേ സമയം ഏങ്ങലടിച്ചു പോവുകയും ചെയ്യുന്നു. നമ്മുടെ ഈ ഞരമ്പുരോഗയുഗത്തിൽ നമ്മൾ ഞരമ്പുകളുടെ അടിമകളാണ്. നമ്മുടെ യജമാനന്മാരായ അവർ നമ്മളെ സ്വന്ത ഇഷ്ടപ്പടി എടുത്തു പെരുമാറുന്നു. പരിഷ്കാരം ആ വഴിക്ക് ഒരു ദുർഘടം നമുക്കു സൃഷ്ടിച്ചുതന്നിരിക്കുന്നു...''

ലേവ്സ്കിക്ക്, താൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, വോൺകൊറൻ ആ സംഭാഷണം ഗൗരവപൂർവ്വം കേൾക്കുന്നതും, തന്നെ പഠിക്കാനെന്നവണ്ണം അവധാനതയോടെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരിക്കുന്നതും അരോചകമായിത്തീർന്നു. വോൺകൊറനോടുള്ള വെറുപ്പിനെ വിഗണിച്ചുകൊണ്ട് തൻെറ മുഖത്തു വന്നു നില്ക്കുന്ന ആ അപേക്ഷാനിർഭരമായ ചിരി മായിക്കാൻ കഴിയാത്തതിൽ അയാൾ തന്നോടുതന്നെ അസുഖപ്പെട്ടു.

അയാൾ ഇത്രയുംകൂടി പറഞ്ഞു: ''എന്നാലും ആ ആക്രമണത്തിനു് താല്ക്കാലിക കാരണങ്ങളും, വേണ്ടത്ര പര്യാപ്തമായതു തന്നെ, ഉണ്ടായിരുന്നെന്നും സമ്മതിക്കാം. ഈയിടെയായി എൻെറ ആരോഗ്യം നന്നെ ഉലഞ്ഞിരിക്കയാണ്. അതുപോലെ വേറെയുമുണ്ട്; വെറി മാറാത്ത ബുദ്ധിമുട്ടുകൾ...ആളുകളുടെയും പൊതുതാല്പര്യങ്ങളുടെയും അഭാവം...എൻെറ അവസ്ഥ ഒരു ഗവർണ്ണറുടേതിനേക്കാൾ കഷ്ടമാണ്.''

''അതേ, നിങ്ങളുടെ അവസ്ഥ നിരാശാവഹമാണ്,'' വോൺകൊറൻ മറുപടി പറഞ്ഞു.

അധിക്ഷേപത്തിനും, വേണ്ടാത്ത പ്രവചനത്തിനും മധ്യത്തിലുള്ള ഒരർത്ഥം ഉൾക്കൊള്ളുന്ന ഈ ശാന്തവും ക്രൂരവുമായ

വാക്കുകൾ ലേവ്സ്കിയിൽ അസുഖം ജനിപ്പിച്ചു. ജന്തുശാസ്ത്രജ്ഞൻെറ തലേന്നാൾ വൈകിട്ടത്തെ പരിഹാസവും വെറുപ്പും നിറഞ്ഞുനിന്ന കണ്ണുകൾ അയാളുടെ സ്മൃതിപഥത്തിലെത്തി. അയാൾ കുറച്ചിട മൗനം ഭജിച്ചു. പുഞ്ചിരി മാഞ്ഞു. അയാൾ ചോദിച്ചു:

"എൻെറ നിലയെക്കുറിച്ചെന്തെങ്കിലും നിങ്ങളെങ്ങനെയറിയും?"

"നിങ്ങൾതന്നെ ഇപ്പോൾ പറഞ്ഞതല്ലോ. നിങ്ങളുടെ സുഹൃത്തുക്കൾക്ക് നിങ്ങളോടുള്ള ഹൃദയംഗമമായ താല്പര്യം കൊണ്ട് വെളുത്താൽ വൈകുന്നതുവരെ ഞാൻ നിങ്ങളുടെ കഥ കേൾക്കുന്നുമുണ്ട്."

"ഏതു സുഹൃത്തുക്കൾ? സമോയ്ലങ്കോയായിരിക്കും?"

"അതേ, അദ്ദേഹവുമുണ്ട്."

"അലക്സാൻഡറോടും, പൊതുവെ എൻെറ എല്ലാ സുഹൃത്തുക്കളോടും എന്നെപ്രതി അത്രയേറെ ബദ്ധപ്പെടരുതെന്ന് ഞാൻ പറഞ്ഞേക്കാം."

"ഇതാ സമോയ്ലങ്കോ. നിങ്ങളെപ്രതി അത്രയേറെ ബദ്ധപ്പെടരുതെന്ന് അദ്ദേഹത്തോടുതന്നെ പറഞ്ഞേക്കുന്നതായിരുന്നു ഭേദം."

"നിങ്ങളുടെ സ്വരം എനിക്കു മനസ്സിലാകുന്നില്ല," ലേവ്സ്കി മുരണ്ടു. ജന്തുശാസ്ത്രജ്ഞൻ തന്നെ വെറുക്കുകയും ദ്വേഷിക്കുകയും ചെയ്യുകയാണെന്നും, അയാൾ തന്നെ അധിക്ഷേപിക്കുകയായിരുന്നുവെന്നും, അയാൾ തനിക്കേററവും പിടിക്കാത്ത തൻെറ ചിരന്തനശത്രുവാണെന്നും ഇപ്പോഴേ മനസ്സിലായുള്ളുവെന്ന് പെട്ടെന്ന് അയാൾക്കു തോന്നി.

"ആ സ്വരം വേറേവല്ലവരുടെയടുത്തും എടുക്കാം, സൂക്ഷിച്ചു വച്ചേക്കു," തലേന്നാൾ രാത്രി ചിരികൊണ്ടെന്നപോലെ, നെഞ്ചിലും തൊണ്ടയിലും തിങ്ങിവിങ്ങുന്ന വെറുപ്പുകൊണ്ടു നിരുദ്ധവാക്കായ അയാൾ പതുക്കെ ഉരിയാടി.

വീപ്പുമുട്ടിക്കുന്ന അടുക്കളയിൽനിന്നു രക്തവർണ്ണനായി, വിയർത്തൊലിച്ചുകൊണ്ടു ഷർട്ടുമാത്രം ധരിച്ച സമോയ്ലങ്കോ ഇറങ്ങിവന്നു.

"ആ, നിങ്ങളിവിടെ?" അദ്ദേഹം ചോദിച്ചു. "ഗുഡ്

മോർണിങ്ങ്! ഇഷ്ടാ, ഭക്ഷണം കഴിച്ചോ? ഉപചാരത്തിനൊന്നും നില്ക്കണ്ട. നിങ്ങൾ ഭക്ഷണം കഴിച്ചോ?''

''അലക്സാൻഡർ,'' ലേവ്സ്കി എഴുന്നേററുനിന്നുകൊണ്ടു പറഞ്ഞു, ''നിങ്ങളോടു ഞാൻ ഒരു സ്വകാര്യസംഗതിയിൽ സഹായമപേക്ഷിച്ചെങ്കിലും, അതുകൊണ്ടു മററുള്ളവരുടെ രഹസ്യങ്ങളെ മാനിക്കാനും, മനസ്സിൽ സൂക്ഷിക്കാനുമുള്ള കടമയിൽനിന്നു നിങ്ങളെ ഒഴിവാക്കി എന്നു് അതിനൎത്ഥം വരുന്നില്ല.''

''എന്താണിതു്?'' സമോയ്ലങ്കോ അത്ഭുതപ്പെട്ടു ചോദിച്ചു.

''നിങ്ങളുടെ കൈയിൽ പണമില്ലെങ്കിൽ,'' വികാരാവേശത്തിനടിപ്പെട്ടു് ഒരു കാലിൽനിന്നു മറുകാലിലേക്കു നില മാററിക്കൊണ്ടും, ശബ്ദം പൊന്തിച്ചും ലേവ്സ്കി തുടൎന്നു, ''തരേണ്ട. ഒക്കുകില്ലെന്നു പറഞ്ഞേക്കണം. എന്റെ അവസ്ഥ നിരാശാവഹമാണെന്നും മററുംമററുമൊക്കെ തെരുവുനീളെ പറഞ്ഞുപരത്തുന്നതെന്തിനു്? അരക്കാശിന്റെ സഹായത്തിനു പത്തുപണത്തിന്റെ മേനി പറയുന്നിടത്തു്, അത്തരം സുഹൃത്സഹായവും പരോപകാരവുമൊന്നും എനിക്കു സഹിക്കാവുന്നതല്ല. നിങ്ങളുടെ പരോപകാരത്തെക്കുറിച്ചു മതിയാവോളം വീമ്പുപറഞ്ഞോളൂ. പക്ഷേ, എന്റെ ഗാർഹികകാൎയ്യങ്ങളെക്കുറിച്ചു കണ്ടവരോടു കുശുകുശുക്കാൻ നിങ്ങൾക്കാരും അധികാരം തന്നിട്ടില്ല.''

''എന്തു ഗാർഹികകാൎയ്യങ്ങളാണു്?'' കുഴക്കത്തോടും, ജ്വലിച്ചുവരുന്ന കോപത്തോടുംകൂടി സമോയ്ലങ്കോ ചോദിച്ചു. ''നിങ്ങൾ അനാവശ്യം പറയാനാണു് ഇങ്ങോട്ടു വന്നതെങ്കിൽ, ഇപ്പോൾ ഇറങ്ങുകയാണുഭേദം. പിന്നൊരിക്കൽവരാം!''

ആക്കെങ്കിലും തന്റെ അയല്ക്കാരനോടു കോപമുണ്ടാകുന്നുവെങ്കിൽ, അയാൾ നൂറുവരെ എണ്ണാൻ തുടങ്ങണമെന്നും, അപ്പോൾ വീണ്ടും ശാന്തത കൈവരുത്താമെന്നും ഉള്ള നിയമം അദ്ദേഹത്തിനോൎമ്മവന്നു. അദ്ദേഹം ധിറുതിയായി എണ്ണാൻ തുടങ്ങി.

''എന്നെപ്രതി നിങ്ങൾ ബദ്ധപ്പെടാതിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു,'' ലേവ്സ്കി തുടൎന്നു,''എന്നെ ഒട്ടുമേ

നോക്കണ്ട. ഞാനെന്തു ചെയ്യുന്നതിലും, എങ്ങനെ ജീവിക്കുന്ന തിലും ആക്കെന്തു ചേതം? ശരിയാണ്, ഞാൻ നാടുവിട്ടു പോകാൻ ഉദ്ദേശിക്കുന്നു. ശരിയാണ്, ഞാൻ കടംമേടിക്കും, കുടിക്കും; ഞാൻ വേറൊരാളുടെ ഭാര്യയുടെകൂടെയാണു ജീവിക്കുന്നതു്; എനിക്കപസ്മാരമുണ്ടു്; ഞാൻ നിർഗ്ഗുണനാണു്. മററു ചിലക്കുള്ളിടത്തോളം അവഗാഹം എനിക്കില്ല. പക്ഷേ, അതിൽ ആക്കെന്തുകാര്യം? മററുള്ളവരുടെ സ്വകാര്യങ്ങളെ മാനിക്കണം."

"ക്ഷമിക്കണം, സഹോദരാ," മുപ്പത്തിയഞ്ചുവരെ എണ്ണിക്കഴിഞ്ഞിരുന്ന സമോയ്‌ലങ്കോ പറഞ്ഞു, "പക്ഷേ..."

"മററുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കണം," ലേവ്സ്കി ഇടയ്ക്കുകേറി പറഞ്ഞു. "മററുള്ളവരുടെ സ്വകാര്യങ്ങളെക്കുറിച്ചു് ഈ നിരന്തരമുള്ള കുശുകുശുപ്പു്, ഈ നെട്ടുവിപ്പിടൽ, മോങ്ങൽ, ഒരിക്കലുമൊടുങ്ങാത്ത തുളച്ചുനോട്ടം, ഈ ചെവിപാക്കൽ, ഈ സൗഹൃദസഹതാപം...ഇതെല്ലാം തുലയട്ടെ! അവർ എനിക്കു കടംതന്നിട്ടു വ്യവസ്ഥവയ്ക്കുന്നു, ഞാനേതാണ്ടു പള്ളിക്കൂടത്തിൽ പോകുന്ന ചൊങ്കനാണെന്നു തോന്നും! എന്നോടു പെരുമാറുന്ന രീതി ചെകുത്താനറിയാം! എനിക്കു് ഒന്നും ആവശ്യമില്ല," ലേവ്സ്കി അട്ടഹസിച്ചു. ക്ഷോഭംകൊണ്ടു് അയാളുടെ കാലുറയ്ക്കാതായി. അതു മറെറാരു പസ്മാരഗോഷ്ടിയിൽ ചെന്നവസാനിച്ചേക്കുമോ എന്നയാൾ പേടിച്ചു. "ഞാൻ ശനിയാഴ്ച പോകുണ്ടാവില്ലപ്പോൾ," അയാളുടെ മനസ്സിലൂടെ മിന്നിപ്പാഞ്ഞു. "എനിക്കു് ഒന്നും വേണ്ട. നിങ്ങളുടെ രക്ഷാദൃഷ്ടിയിൽനിന്നു് എന്നെ ഒന്നൊഴിച്ചു വിട്ടേക്കാൻ മാത്രമേ ഞാനാവശ്യപ്പെടുന്നുള്ളു. ഞാൻ കുഞ്ഞുകുട്ടിയല്ല, എനിക്കു കിറുക്കില്ല. എന്റെ കാര്യാന്വേഷണം നടത്തുന്നതു മതിയാക്കിയേക്കാൻ ഞാനപേക്ഷിക്കുന്നു."

ശെമ്മാശ്ശൻ അകത്തേക്കു കേറിവന്നു. വിവൎണ്ണനായി നിന്നു കൈയും കലാശവുമെടുത്തു്, വൊറോൺസോവ് പ്രഭുവിന്റെ ചിത്രത്തിന്റെനേക്കു തന്റെ അസാധാരണമായ പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്ന ലേവ്സ്കിയെ കണ്ടു കല്ലായതുപോലെ വാതില്ക്കൽ സ്തംഭിച്ചുനിന്നു.

"എന്റെ ആത്മാവിലേക്കുള്ള ഈ നിരന്തരമായ തുളച്ചു

നോട്ടം,'' ലേവ്സ്കി തുടൻ, ''എൻെറ മാനുഷികാഭിമാന ത്തെ അവഹേളിക്കുന്നതാണ്. ഈ സ്വയംസന്നദ്ധകുററാന്വേ ഷണവിദഗ്ദ്ധന്മാരോട്ട് അവരുടെ ചാരവൃത്തി ഉപേക്ഷിക്ക ണമെന്നൊരപേക്ഷയുണ്ട്. മതി!''

''എന്താണ്...എന്താണു നിങ്ങൾ പറഞ്ഞതു്?'' നൂറുവ രെ എണ്ണിക്കഴിഞ്ഞിരുന്ന സമോയ്ലങ്കോ ചോദിച്ചു. ആ മു ഖത്തു രക്തം പകന്നു. അദ്ദേഹം ലേവ്സ്കിയെ സമീപിച്ചു.

''അതു മതിയെന്നു്,'' തലയിൽനിന്നു തൊപ്പി വലിച്ചു രിയെട്ടുത്തുകൊണ്ടു കിതപ്പോടെ ലേവ്സ്കി പറഞ്ഞു.

''ഞാൻ ഒരു റഷ്യൻ ഡോക്ടറാണു്, പ്രഭുകുലത്തിൽ ജ നിച്ചവനാണ്, ഒരു സിവിൽ കൗൺസിലറാണ്,'' സമോ യ്ലങ്കോ ഊന്നിയുറപ്പിച്ചു പറഞ്ഞു. ''ഞാൻ ഇതുവരെ ചാ രനായിട്ടില്ല. ആരും എന്നെ അവഹേളിക്കാൻ ഞാൻ സമ്മ തിക്കയുമില്ല!'' അവസാനത്തെ വാക്കിൽ ഊന്നിക്കൊണ്ടു് ഇ ടറുന്ന സ്വരത്തിൽ അദ്ദേഹം അട്ടഹസിച്ചു. ''അടക്കു നാവു്!''

ഒരു മൂടൽമഞ്ഞിലൂടെയെന്നപോലെ, വോൺകൊറൻ എഴുന്നേല്ക്കുന്നതും, കൈകൾ കാലുറയുടെ കീശയിൽ തിരുകി, പ്രതീക്ഷാനിർഭരമായ ഭാവത്തോടെ നിശ്ചലനായി സംഭവ ഗതി സൂക്ഷിച്ചുകൊണ്ടെന്നപോലെ നില്ക്കുന്നതും ലേവ്സ്കി കണ്ടു. ഈ പ്രശാന്തമായ ഭാവം അങ്ങേയററം ധാർഷ്ട്യം നിറ ഞ്ഞതും അവഹേളനപരവുമായി ലേവ്സ്കിക്കു തോന്നി.

''ദയവായി നിങ്ങൾ പറഞ്ഞതു പിൻവലിക്കു,'' സമോ യ്ലങ്കോ അട്ടഹസിച്ചു.

ഈ സമയംകൊണ്ടു് താൻ പറഞ്ഞതെന്താണെന്നു മറ ന്നുകഴിഞ്ഞിരുന്ന ലേവ്സ്കി മറുപടി പറഞ്ഞു:

''എനിക്കു സ്വൈരം തരൂ! ഞാനൊന്നും ചോദിക്കുന്നി ല്ല. നിങ്ങളും, യഹൂദികളായ ജമ്മൻ ആഷാഢഭൂതികളും ഒ ക്കെ എനിക്കു സ്വൈരംതരണമെന്നേ ഞാൻ ആവശ്യപ്പെട്ടു ന്നുള്ളൂ. തന്നില്ലെങ്കിൽ തരീക്കാനുള്ള നടപടി ഞാൻ സ്വീക രിക്കും. ഞാൻ നിങ്ങളോട്ടു യുദ്ധംചെയ്യും!''

''ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി,'' മേശയുടെ പി ന്നിൽനിന്നു മുന്നോട്ടുവന്നു് വോൺകൊറൻ പറഞ്ഞു, ''മി സ്റ്റർ ലേവ്സ്കിക്ക് ഇവിടെനിന്നു പോകുന്നതിനു മുമ്പ് ഒരു

ദ്വന്ദ്വയുദ്ധം ചെയ്തു വിനോദിക്കാൻ ഒരാഗ്രഹം. ആ ആഗ്രഹം ഞാൻ സാധിച്ചുകൊടുക്കാം. മിസ്റ്റർ ലേവ്സ്കി, ഞാൻ നിങ്ങളുടെ വെല്ലുവിളി സ്വീകരിക്കുന്നു.''

"വെല്ലുവിളി,'' ജന്തുശാസ്ത്രജ്ഞന്റെ അടുത്തുചെന്നു് വെറുപ്പോടുകൂടി അയാളുടെ കറുത്ത പുരികത്തിലും ചുരുണ്ട മുടിയിലും തുറിച്ചുനോക്കിക്കൊണ്ടു് ലേവ്സ്കി പറഞ്ഞു: "വെല്ലുവിളിയെന്നോ? സർവ്വപ്രകാരേണ അതേ! ഞാൻ നിങ്ങളെ വെറുക്കുന്നു! ഞാൻ നിങ്ങളെ വെറുക്കുന്നു!''

"സന്തോഷം. നാളെ രാവിലെ കെർബലേയുടെ വനവസതിക്കടുത്തു്. ബാക്കി വിശദാംശങ്ങളെല്ലാം നിങ്ങളുടെ ഇഷ്ടംപോലെ. ഇനി, ഒന്നിറങ്ങിയാട്ടെ!''

"ഞാൻ നിങ്ങളെ വെറുക്കുന്നു,'' ലേവ്സ്കി കിതച്ചുകൊണ്ടു പതുക്കെപ്പറഞ്ഞു: "വളരെക്കാലമായി ഞാൻ നിങ്ങളെ വെറുക്കുന്നതാണു്! ഒരു ദ്വന്ദ്വയുദ്ധം! ആവട്ടെ!''

"അയാളെ ഒഴിച്ചുവിടൂ, അലക്സാൻഡർ; അല്ലെങ്കിൽ ഞാൻ പോവുകയാണു്,'' വോൺകൊറൻ പറഞ്ഞു. "അയാൾ എന്നെ കടിക്കും.''

വോൺകൊറന്റെ നിർവ്വികാരമായ ശബ്ദം ഡോക്ടറെ ശാന്തനാക്കി. അദ്ദേഹത്തിനു പെട്ടെന്നു സ്വബോധം കൈവരുന്നതുപോലെയും, ചിന്താശക്തി വീണ്ടുകിട്ടുന്നതുപോലെയും കാണപ്പെട്ടു. അദ്ദേഹം രണ്ടു കൈകൊണ്ടും ലേവ്സ്കിയുടെ അരയ്ക്കു ചുററി, അയാളെ ജന്തുശാസ്ത്രജ്ഞന്റെ അടുത്തുനിന്നു നടത്തിക്കൊണ്ടു വികാരസ്ഫുരിതമായ സൗഹാർദ്ദസ്വരത്തിൽ പിറുപിറുത്തു:

"എന്റെ കുട്ടരേ...പ്രിയപ്പെട്ടവരേ, നല്ലവരേ...നിങ്ങൾ ക്ഷോഭിച്ചു. ഇനി മതി...ഇനി മതി, സുഹൃത്തുക്കളേ.''

അദ്ദേഹത്തിന്റെ മൃദുവും സൗഹാർദ്ദപൂർവ്വവുമായ സ്വരം കേട്ടപ്പോൾ, അശ്രുതപൂർവ്വവും ഭീഷണവുമായ എന്തോ, ഒരു തീവണ്ടി അയാളുടെമേൽക്കേറാൻ മുട്ടിമുട്ടി വന്നതുപോലെയോ മറേറാ, ഒന്നു് തനിക്കു സംഭവിച്ചതായി ലേവ്സ്കിക്കു തോന്നി; അയാൾക്കു കണ്ണുനീർ പൊടിഞ്ഞുപോയി. കൈവീശിയിട്ടു്, അയാൾ മുറിയിൽ നിന്നോടിപ്പോയി.

"താൻ വെറുക്കപ്പെടുന്നതായനുഭവപ്പെടുക, തന്നെ വെറുക്കുന്നവൻെറ മുമ്പിൽ പരമദയനീയവും, നിന്ദ്യവും, നിസ്സഹായവുമായ ഒരു സ്ഥിതിയിൽ തൻെറ തനിനിറം കാണിച്ചുകൊടുക്കുക...എൻെറ ദൈവമേ, എത്ര കഠിനമാണതു്!" കുറേക്കഴിഞ്ഞു്, അല്പം മുമ്പു് താൻ ശരവ്യമായിത്തീൎന്ന വെറുപ്പുകൊണ്ടു ശരീരത്തിൽ വട്ടക്കെട്ടിയിരിക്കുന്നതുപോലുള്ള തോന്നലോടെ റസ്റ്റാറണ്ടിൽ ഇരിക്കുമ്പോൾ ലേവ്സ്കി ചിന്തിച്ചു.

"അതെന്തൊരു വൃത്തികേടാണു്! എൻറീശ്വരാ!"

ബ്രാണ്ടിയൊഴിച്ച തണുത്തവെള്ളം അയാളെ പുനരുജ്ജീവിപ്പിച്ചു. അയാളുടെ സങ്കല്പം, വോൺകൊറൻെറ പ്രശാന്തവും ഉദ്ധതവുമായ മുഖത്തെ മിഴിവോടെ ചിത്രണംചെയ്തു. തലേന്നാൾ കണ്ട ആ കണ്ണുകൾ, പരവതാനിപോലുള്ള ആ ഷർട്ടു്, ആ ശബ്ദം, ആ വെളുത്ത കൈയു്, കനത്തതും ഉഗ്രവും നിശിതവും ആയ വെറുപ്പു് അയാളുടെ ഹൃദയത്തിൽ ഹണം വിടർത്തി. പ്രതികാരത്തിനുവേണ്ടി വിളികൂട്ടി. ഭാവനയിൽ അയാൾ വോൺകൊറനെ നിലത്തടിച്ചു ചവിട്ടിത്തേച്ചു. നേരത്തെ നടന്നതിൻെറ ഓരോ ചെറിയ വിശദാംശംവരെ അയാൾ അനുസ്മരിച്ചു. അയാൾ അത്ഭുതപ്പെട്ടു, തനിക്കു് അയാളുടെ നേരെ അപേക്ഷാഭാവത്തിൽ ചിരിക്കാൻ കഴിഞ്ഞതെങ്ങനെ? പീറേറഴ്സ്ബർഗ്ഗിൽ മാനമായി കഴിയുന്ന പൗരന്മാരിൽ ഒരാളെങ്കിലും കേട്ടിട്ടില്ലാത്ത, ഭൂപടത്തിൽപോലും ഇല്ലാത്തതെന്നുതോന്നുന്ന ഒരു ദരിദ്രംപിടിച്ച കൊച്ചുപട്ടണത്തിൽ കഴിഞ്ഞുകൂടുന്ന ആരോരുമറിയാത്ത ദാരിദ്ര്യവാസികളുടെ അഭിപ്രായത്തിനു ചെവികൊടുക്കാൻ കഴിഞ്ഞതെങ്ങനെ? ഈ ദരിദ്രംപിടിച്ച കൊച്ചുപട്ടണം പെട്ടെന്നൊരുദിവസം ഇടിഞ്ഞമരുകയോ, കത്തിദ്ദഹിക്കുകയോ ചെയ്യുകയാണെങ്കിൽ, ആ വാൎത്തയുമായി റഷ്യയിലെത്തുന്ന കമ്പിസന്ദേശം വായിക്കുമ്പോൾ, അവിടത്തുകാക്കു് ഒരു പഴയ മരസ്സാമാനവില്പനപ്പരസ്യം വായിക്കുമ്പോഴുള്ളതിലധികമായ യാതൊരു താൽപര്യവും ഉണ്ടാവുന്നതല്ല. പിറേറന്നു് അയാൾ വോൺകൊറനെ കൊന്നാലും കൊല്ലാതെവിട്ടാലും എല്ലാം സമം; ഒരുപോലെ വിഫലവും വിരസവും ആയിരിക്കും. അയാളുടെ കൈയിലോ

കാലിലോ വെടിവച്ചു മുറിവേല്പിച്ചിട്ട നോക്കിനിന്നു ചിരിക്കുക, കാലൊടിഞ്ഞു പുല്ലിനിടയിൽ വീണുപോയ പ്രാണിയെപ്പോലെ അവിടെ കിടക്കാൻ വിട്ടേക്കുക—അയാളെപ്പോലെ യാതൊരു പ്രാധാന്യവുമില്ലാത്തവരുടെ സംഘത്തിൽ സ്വന്തം അന്ധയാതനകളിൽ മുഴുകിക്കിടന്നോട്ടെ, അതാണു ഭേദം.

ലേവ്സ്കി, ഷെഷ്കോവ്സ്കിയുടെയട്ടത്തു പോയി, അയാളോട്ട സംഗതിമുഴുവൻ പറഞ്ഞു്, തന്റെ രണ്ടാമനായി നില്ക്കാൻ അപേക്ഷിച്ചു. അതിനുശേഷം അവർ രണ്ടുപേരും കൂടി തപാൽ–കമ്പിത്തപാൽവകുപ്പു സൂപ്രണ്ടിന്റെയട്ടത്തു പോയി. അയാളെയും ഒരു രണ്ടാമനാകാൻ ക്ഷണിച്ചു. ഭക്ഷണത്തിനു് അവിടെ കൂട്ടുകയുംചെയ്തു. ഭക്ഷണസമയത്തു് ഏറെ തമാശയും ചിരിയും ഉണ്ടായി. ലേവ്സ്കി തന്നെക്കുറിച്ചുതന്നെ തമാശപൊട്ടിച്ചു. ഒരു കൈത്തോക്കു നിറയൊഴിക്കേണ്ടതെങ്ങനെയെന്നു തനിക്കറിയില്ലെന്നയാൾ പറഞ്ഞു. ഒരു രാജവില്ലാളിയെന്നും, വില്യംടെൽ എന്നും സ്വയം വിശേഷിപ്പിച്ചു. “നമുക്കീ മാന്യനെ ഒരു പാഠം പഠിപ്പിക്കണം...” അയാൾ പറഞ്ഞു. ഭക്ഷണംകഴിഞ്ഞു് അവർ ചീട്ടുകളിക്കാനിരുന്നു. ലേവ്സ്കി കളിച്ചു; വീഞ്ഞുകുടിച്ചു പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നതല്ലാതെ, പരിഹരിക്കുന്നതായി കാണാത്തതുകൊണ്ടു് ദ്വന്ദ്വയുദ്ധം ബുദ്ധിശൂന്യവും, ബോധശൂന്യവും ആണെന്നും, പക്ഷേ, ചിലപ്പോൾ അതു കൂടാതെ മുന്നോട്ടു പോകുന്നതു് അസാദ്ധ്യമാകുന്നുവെന്നും ചിന്തിച്ചു. ഇപ്പോഴത്തെ സംഭവത്തിൽ ഉദാഹരണത്തിനു്, ആക്ഷം വോൺകൊറന്റെ പേരിൽ ഒരു നടപടി കൊണ്ടുവരാൻ സാദ്ധ്യമല്ല. ഈ ദ്വന്ദ്വയുദ്ധം ഒരു കണക്കിൽ നല്ലതുമായിരുന്നു. കാരണം, അതിനുശേഷം ലേവ്സ്കി പട്ടണത്തിൽ നില്ക്കുന്നതു് അസാദ്ധ്യമായിത്തീരുമല്ലോ. അയാൾക്കു് ലഹരിയും കളിയിൽ രസവും പിടിച്ചു; അയാൾക്കു സ്വാസ്ഥ്യം ലഭിച്ചു.

പക്ഷേ, സൂര്യൻ അസ്തമിച്ചു് ഇരുൾപരന്നപ്പോൾ, പിന്നെയും അസ്വാസ്ഥ്യം അയാളെ പിടികൂടി. അതു മരണചിന്തകൊണ്ടുള്ള ഭയമല്ലായിരുന്നു. എന്താണെന്നുവച്ചാൽ, ഭക്ഷണം കഴിക്കുന്ന സമയത്തും, ചീട്ടുകളിച്ചുകൊണ്ടിരിക്കുമ്പോഴും എന്തുകാരണത്താലോ ദ്വന്ദ്വയുദ്ധം വെറും പുകയായി അവസാ

നിക്കുമെന്നു് ഒരു ഉറച്ച വിശ്വാസം അയാളിൽ രൂഢമൂലമായിരുന്നു. അതു്, ജീവിതത്തിലാദ്യമായി പിറേറന്നു സംഭവിക്കാൻപോകുന്ന അജ്ഞാതമായ എന്തോ ഒന്നിനെക്കുറിച്ചുള്ള ഭയമായിരുന്നു, അടുത്തുവരുന്ന രാത്രിയെക്കുറിച്ചുള്ള പേടിയായിരുന്നു... ആ രാത്രി ദീർഘവും നിന്നിദ്രവുമായിരിക്കുമെന്നു് അയാളറിഞ്ഞു. തനിക്കു ചിന്തിക്കേണ്ടിവരുന്നതു് വോൺകൊറനെയും, അയാളുടെ വെറുപ്പിനെയുംപററി മാത്രമല്ല; മേലിൽ തരണംചെയ്യാനുള്ള നുണകളുടെ മഹാപർവ്വതത്തെപ്പററിയും ചിന്തിക്കേണ്ടിവരുമെന്നു് അയാൾക്കറിയാമായിരുന്നു. അതു കഴിച്ചുകൂട്ടാനുള്ള ശക്തിയോ കഴിവോ അയാൾക്കുണ്ടായിരുന്നില്ലതാനും. അയാളെ പെട്ടെന്നു രോഗഗ്രസ്തനാക്കിത്തീർത്തതുപോലെയായിരുന്നു അതു്. നിമിഷനേരംകൊണ്ടു് വീട്ടിലും ആളുകളിലുമുള്ള അയാളുടെ താല്പര്യമെല്ലാം എങ്ങോ പോയൊളിച്ചു; അസ്വസ്ഥനായി, വീട്ടിൽപ്പോകാൻ അനുവാദം ചോദിച്ചുതുടങ്ങി. അയാൾക്കു കിടക്കയിൽ വീഴാൻ തിരക്കായി, അനങ്ങാതെയങ്ങനെ കിടക്കാൻ, രാത്രിയിലേക്കു തൻെറ ചിന്തകളെ സന്നദ്ധമാക്കിവയ്ക്കാൻ ഷെഷ്കോവ്സ്കിയും തപാൽ സൂപ്രണ്ടും കൂടി അയാളെ വീട്ടിൽ കൊണ്ടുചെന്നാക്കിയിട്ടു്, ദ്വന്ദ്വയുദ്ധത്തിൻെറ ഏർപ്പാടുകൾക്കായി വോൺകൊറൻെറ വസതിയിലേക്കു നടന്നു.

ലേവ്സ്കി വീട്ടിനടുത്തുവച്ചു് അച്ച്മിയാനോവിനെ കണ്ടുമുട്ടി. ആ യുവാവു് ക്ഷുഭിതനായി ശ്വാസംമുട്ടിക്കൊണ്ടാണു നില.

“ഞാൻ നിങ്ങളെ നോക്കുകയായിരുന്നു, ഇവാൻ,” അയാൾ പറഞ്ഞു, “വേഗം വരാൻ ഞാനപേക്ഷിക്കുന്നു...”

“എവിടെ?”

“ഒരാൾക്കു നിങ്ങളെക്കാണണമെന്നു്, നിങ്ങൾ അറിയാത്തയാളാണു്. വളരെ പ്രധാന്യമുള്ള സംഗതി. ഒരു നിമിഷം അവിടെ ചെല്ലണമെന്നു് അയാൾ കാര്യമായി അപേക്ഷിക്കുന്നു. അയാൾക്കു് എന്തോ സംസാരിക്കാനുണ്ടു്... അതൊരു ജീവിതമരണപ്രശ്നമാണു്...”

“ക്ഷുഭിതനായ അച്ച്മിയാനോവിൻെറ സംഭാഷണത്തിൽ പ്രസ്പഷ്ടമായ ഒരാർമീനിയൻ ചുവയുണ്ടായിരുന്നു.

"ആരാണതു്?" ലേവ്സ്കി ചോദിച്ചു.

"അയാളുടെ പേരു് പറയരുതെന്നു പറഞ്ഞു."

"എനിക്കു തിരക്കുണ്ടെന്നു പറയൂ. അയാൾക്കിഷ്ടമെങ്കിൽ നാളെ..."

"ഇതെങ്ങനെ!" അച്ച്മിയാനോവ് വിസ്മയം കാണിച്ചു. "നിങ്ങൾക്കു വളരെ പ്രാധാന്യമുള്ള ഒരു സംഗതി അയാൾ പറയാനാഗ്രഹിക്കുന്നു. വളരെ പ്രാധാന്യമുള്ളതാണു്! നിങ്ങൾ വന്നില്ലെങ്കിൽ ഭയങ്കരമായ ചിലതു സംഭവിക്കും!"

"വിചിത്രം..." ലേവ്സ്കി പിറുപിറുത്തു. അച്ച്മിയാനോവ് അത്ര ക്ഷുഭിതനായിരിക്കുന്നതെന്തുകൊണ്ടെന്നോ, അയാളുടെ ആ നിർജ്ജീവമായ കെട്ട പട്ടണത്തിൽ എന്തു് അത്ഭുതരഹസ്യങ്ങളുണ്ടാകാനുള്ളതെന്നോ അയാൾക്കു പിടികിട്ടിയില്ല.

"വിചിത്രം," അയാൾ സംശയപൂർവ്വം ആവർത്തിച്ചു. "ഏതായാലും വരൂ, പോയേക്കാം."

അച്ച്മിയാനോവ് ധിറുതിയിൽ മുമ്പേ നടന്നു. ലേവ്സ്കി പിമ്പേ ചെന്നു. അവർ ഒരു തെരുവിൽക്കൂടി പോയി, ഒരിടവഴിയിലേക്കു തിരിഞ്ഞു.

"എന്തൊരു ബോറാണു്!" ലേവ്സ്കി പറഞ്ഞു.

"ഒരു നിമിഷം, ഒരു നിമിഷം... അടുത്തു."

പഴയ കോട്ടയുടെ അടുത്തുവച്ചു് അവർ രണ്ടു് ഒഴിഞ്ഞ മതിൽക്കെട്ടുകൾക്കിടയ്ക്കുള്ള ഒരിടുങ്ങിയ ഇടവഴിയേ ഇറങ്ങിപ്പോയി, ഒരു വലിയ മുററംപോലുള്ള ഒരിടത്തു് എത്തി ഒരു വീടിൻെറ നേക്കു നടന്നു.

"അതു് മുറിദോവിൻെറ വീടാണു്, അല്ലേ?"

"അതേ."

"പക്ഷേ, നമ്മൾ പിൻപുറംവഴി കേറിവന്നതിൻെറ കാര്യം എനിക്കു മനസ്സിലായില്ല. നമുക്കു തെരുവുവഴിയേ വരാമായിരുന്നല്ലോ? അതു് കൂടുതൽ എളുപ്പവുമുണ്ടു്..."

"സാരമില്ല, സാരമില്ല..."

അച്ച്മിയാനോവ് അയാളെ പിൻവാതില്ക്കലേയ്ക്കു കൊണ്ടുപോയതും, നാവടക്കി, അനങ്ങാതെ അകത്തേക്കു കേറിച്ചെല്ലാൻ പറയുന്നതുപോലെ ആംഗ്യം കാണിച്ചതും, പിന്നെയും ലേവ്സ്കിക്കു് അസാധാരണമായിത്തോന്നി.

"ഇതിലേ, ഇതിലേ..." വാതിൽ സൂക്ഷിച്ചു തുറന്നു് പെരുവിരൽകുത്തി ഇടനാഴിയിലേക്കു കടന്നുകൊണ്ടു് അച്ച് മിയാനോവ് പറഞ്ഞു. "അനങ്ങാതെ, അനങ്ങാതെ, ഞാൻ അപേക്ഷിക്കുന്നു...അവർ കേട്ടേക്കും."

അയാൾ ചെവിയോർത്തു, ഒന്നമർത്തി ശ്വാസിച്ചു. എന്നിട്ടു് ജപിക്കുന്നതുപോലെ പറഞ്ഞു:

"കതകു തുറന്നു് അകത്തേയ്ക്കു ചെല്ലു...പേടിക്കണ്ട."

ലേവ്സ്കി കുഴക്കത്തോടുകൂടി വാതിൽ തുറന്നു്, താഴ്ന്ന മച്ചും, വെളിയടത്തുണിയിട്ട ജാലകങ്ങളുമുള്ള ഒരു മുറിയിൽ പ്രവേശിച്ചു.

മേശപ്പുറത്തു് ഒരു മെഴുകുതിരിയുണ്ടായിരുന്നു.

"എന്തു വേണം?" അടുത്തമുറിയിൽനിന്നു് ആരോ ചോദിച്ചു. "മുറിദോവാണോ, അവിടെ?"

ലേവ്സ്കി ആ മുറിയിലേക്കു തിരിഞ്ഞു. കിറിലിനെയും അയാളുടെ അരികിൽ നദ്യേഷ്ദ്യായെയും കണ്ടു.

പറഞ്ഞതൊന്നും അയാൾ കേട്ടില്ല. അയാൾ തെന്നിത്തെറിച്ചു പിൻവാങ്ങി. തെരുവിലെത്തിച്ചേർന്നതെങ്ങനെ എന്നറിഞ്ഞില്ല. അസ്വാസ്ഥ്യവും, വോൺകൊറനോടുള്ള വെറുപ്പും—എല്ലാം അയാളുടെ ആത്മാവിൽനിന്നു് അന്തർദ്ധാനം ചെയ്തുകഴിഞ്ഞിരുന്നു. വീട്ടിലേയ്ക്കു നടക്കുന്നവഴി, അയാൾ വലതുകൈ വല്ലായ്മയോടെ വീശി, കാൽച്ചുവട്ടിലുള്ള നിലത്തു സൂക്ഷിച്ചുനോക്കി നിരപ്പായ ഇടത്തു് കാൽകുത്താൻ ശ്രമിച്ചു. വീട്ടിലെത്തിയ അയാൾ കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടും, ഉടുപ്പും ബനിയനും ഇറുകിപ്പിടിച്ചിരിക്കുന്നതുപോലെ തോളുകളും കഴുത്തും അസുഖത്തോടുകൂടി ഇളക്കിക്കൊണ്ടും, വായനമുറിയിൽ തലങ്ങും വിലങ്ങും നടന്നു. പിന്നെ ഒരു മെഴുകുതിരി കൊളുത്തിവച്ചു്, മേശയ്ക്കരുകിൽ ഇരുന്നു...

## 16

"നിങ്ങൾ പറയുന്ന 'മാനവപഠനങ്ങൾ', അവയുടെ മുന്നോട്ടുള്ള ഗതിയിൽ ശാസ്ത്രവുമായി സന്ധിച്ചു് തോളോടുതോ

ളരുമ്മി പുരോഗമിക്കുമ്പോൾ മാത്രമേ മനുഷ്യചിന്തയെ തൃപ്തി പ്പെടുത്തുകയുള്ളു. ഒരു പുതിയ സൂക്ഷ്മദർശിനിയുടെ അടിയി ലോ, ഒരു പുതിയ ഹാംലററിൻെറ ആത്മഭാഷണങ്ങളിലോ, അതോ ഒരു പുതിയ മതത്തിലോ, എവിടെയാണ് അവ കുട്ടി മുട്ടുക എന്നെനിക്കറിഞ്ഞുകൂട. പക്ഷേ, അതു നടപ്പാകുന്നതി നു മുമ്പ് ലോകം ഒരു ഹിമപാളിയാൽ ആവരണം ചെയ്യപ്പെ ട്ടുമെന്നാണ് എൻെറ പ്രതീക്ഷ. മനുഷ്യവിജ്ഞാനത്തിലെ ല്ലാംവച്ച് ഏററവും ഊർജ്ജസ്വലവും സജീവവുമായതു് ക്രി സ്തുവിൻെറ ഉപദേശമാണ്. പക്ഷേ, അതുപോലും എത്ര വ്യ ത്യസ്തമായ രീതിയിലാണ് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നതു്! നമ്മുടെ അയല്ക്കാരെയെല്ലാം സ്നേഹിക്കണം, എന്നാൽ പട്ടാള ക്കാരെയും കുററപ്പുള്ളികളെയും ഭ്രാന്തന്മാരെയും അതിൽനി ന്നൊഴിവാക്കണം എന്നു ചിലർ പഠിപ്പിക്കുന്നു. ആദ്യത്തെക്കൂ ട്ടരെയെല്ലാം യുദ്ധത്തിൽ കൊന്നുകൊള്ളാം; രണ്ടാമത്തെക്കൂട്ട രെ ഒററപ്പെടുത്തുകയോ ശിക്ഷിക്കുകയോ ചെയ്യാൻ അനുവ ദിച്ചിരിക്കുന്നു; മൂന്നാമത്തെ വിഭാഗക്കാരെ വിവാഹം ചെയ്യാ നും പാടില്ല. മറേറ വ്യാഖ്യാനക്കാർ, നമ്മുടെ അയല്ക്കാരെയെ ല്ലാം ഒന്നൊഴിയാതെ, കൂട്ടുതൽ കുറവു വിവേചനം കൂടാതെ സ്നേഹിക്കണമെന്നു പഠിപ്പിക്കുന്നു. അവർ പഠിപ്പിക്കുന്നതി നനുസരിച്ച്, ഒരു ക്ഷയരോഗിയോ, കൊലപാതകിയോ, ചുഴ ലിദ്ദീനക്കാരനോ നിങ്ങളുടെ മകൾക്കു വിവാഹമാലോചി ച്ചാൽ, നിങ്ങൾ അവളെ അയാൾക്കു കൊടുത്തേക്കണം. വി കലാംഗന്മാർ, ശാരീരികവും മാനസികവുമായി ആരോഗ്യമു ള്ളവരോട്ട് യുദ്ധത്തിനു പുറപ്പെട്ടാൽ, നിങ്ങൾ സ്വയം രക്ഷി ക്കാൻ നില്ക്കരുതു്. സ്നേഹം സ്നേഹത്തിനുവേണ്ടിയെന്നുള്ള ഈ വാദം, കല കലയ്ക്കുവേണ്ടിയെന്നുള്ള വാദംപോലെ, അ തിനു ശക്തികിട്ടാൻ ഇടയായിരുന്നെങ്കിൽ കാലക്രമംകൊണ്ടു് മനുഷ്യവർഗ്ഗത്തെ തികച്ചും നാമാവശേഷമാക്കും. അങ്ങനെ ലോകത്തിൽ ചെയ്യപ്പെട്ടിട്ടുള്ളതിൽവച്ച് ഏറ്റവും വ്യാപകമാ യ കുററമായിത്തീരുകയും ചെയ്യും. വ്യാഖ്യാനങ്ങൾ അനവധി യനവധിയാണ്—അങ്ങനെ അനവധിയായതുകൊണ്ടുതന്നെ ഒന്നും ഗൗരവമായ ചിന്തയെ തൃപ്തിപ്പെടുത്തുന്നില്ല. അതിന്റേ തായ വ്യാഖ്യാനംകൂടി ആ നിരയിൽ അവതരിപ്പിക്കുന്നതിനെ

മട്ടപ്പിക്കുകയും ചെയ്യുന്നു. അക്കാരണത്താൽ, തത്വജ്ഞാനപരമായ, അല്ലെങ്കിൽ ക്രിസ്തീയമെന്നു പറയുന്ന അടിസ്ഥാനത്തിൽ ഒരു ചോദ്യം ഉന്നയിച്ചുകൂട. അങ്ങനെ ചെയ്താൽ പ്രശ്നവും പരിഹാരവും തമ്മിൽ കൂടുതൽ അകലം സൃഷ്ടിക്കുക മാത്രമായിരിക്കും ഫലം.''

ശെമ്മാശ്ശൻ ജന്തുശാസ്ത്രജ്ഞൻെറ സംഭാഷണം സശ്രദ്ധം കേട്ട്, അല്പം ചിന്തിച്ചിട്ട്, ചോദിച്ചു:

''എല്ലാ മനുഷ്യരിലും നിലീനമായിരിക്കുന്ന സദാചാരനിയമങ്ങളെ തത്വജ്ഞാനികൾ കണ്ടുപിടിച്ചതോ, അതോ, ദൈവംതന്നെ ശരീരത്തോടുകൂടി സൃഷ്ടിച്ചതോ?''

''എനിക്കറിഞ്ഞുകൂട. പക്ഷേ, അതു് എല്ലാക്കാലത്തും എല്ലാ ജനങ്ങളിലും സാർവ്വത്രികമായി കാണുന്നതുകൊണ്ടു്, അതിനെ മനുഷ്യന്റെ ശരീരവുമായി ബന്ധപ്പെട്ട ഒന്നായി അംഗീകരിക്കേണ്ടതാണെന്നു് ഞാൻ വിചാരിക്കുന്നു. അതു കണ്ടുപിടിത്തമല്ല. നിലവിലുള്ളതാണു്, നിലവിലിരിക്കുകയുംചെയ്യും. ഒരു ദിവസം ഒരു സൂക്ഷ്മദർശിനിയിൽക്കൂടി അതിനെ കാണാമെന്നു ഞാൻ പറയുന്നില്ല, പക്ഷേ, അതിൻെറ ശാരീരികമായ ബന്ധത്തിനു് ശരിയായിട്ടുള്ള തെളിവുണ്ടു്. മസ്തിഷ്കത്തെ ബാധിക്കുന്ന കാര്യമായ രോഗങ്ങളും, മാനസികമെന്നു പറയുന്ന എല്ലാ രോഗങ്ങളും, എൻെറ ഉത്തമവിശ്വാസത്തിൽ എല്ലാററിലുമാദ്യം പ്രത്യക്ഷമാകുന്നതു് സദാചാരനിയമങ്ങളെ വികൃതമാക്കുന്നിടത്താണു്.''

''ശരി. അങ്ങനെ, നമ്മുടെ വയറു് ആഹരിക്കാൻ ആജ്ഞാപിക്കുന്നതുപോലെ, നമ്മുടെ സദാചാരബോധം അയൽക്കാരനെ സ്നേഹിക്കാൻ ആജ്ഞാപിക്കുകയാണു്. അങ്ങനെയല്ലേ? പക്ഷേ, നമ്മുടെ പ്രാകൃതമനുഷ്യൻ ആത്മപ്രേമത്താൽ മനസ്സാക്ഷിയുടെയും ന്യായബോധത്തിന്റെയും ആജ്ഞയെ എതിർക്കുന്നല്ലോ. ഇതു തലവേദനയുണ്ടാക്കുന്ന പല പ്രശ്നങ്ങളെയും കുത്തിപ്പൊക്കുന്നുണ്ടു്. ഈ പ്രശ്നങ്ങൾ തത്വജ്ഞാനപരമായ അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിനെ വിലക്കുകയാണെങ്കിൽ, പിന്നെ ഇവയുടെ പരിഹാരത്തിനു് ആരെയാണു സമീപിക്കേണ്ടതു്?''

"അല്പമായിട്ടെങ്കിലും ഇന്നു നമുക്കു ലഭിച്ചിട്ടുള്ള ശാസ്ത്രത്തെ സമീപിക്കുക. തെളിവുകളെയും, വസ്തുനിഷ്ഠമായ യുക്തിചിന്തയേയും വിശ്വസിക്കുക. അതു് അല്പമാണെന്നുള്ളതു സത്യംതന്നെ. എങ്കിലും, മറിച്ചു് അതിനു അദൃഢതയും അസ്ഥിരതയും കുറയും. സദാചാരം അയല്ക്കാരെ സ്നേഹിക്കണമെന്നു് ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ. ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ മനുഷ്യനു വിനാശഹേതുവും, വർത്തമാനകാലത്തോ ഭാവിയിലോ അവക്കു് അപായഭീഷണിയുൾക്കൊള്ളുന്നതുമായ ഏതൊന്നിനെയും ദൂരീകരിക്കുക എന്നതിലാണു സ്നേഹം പ്രത്യക്ഷമാകേണ്ടതു്. നമ്മുടെ അറിവും, തെളിവുകളും പറയുന്നതു്, ധാർമ്മികമായും മാനസികമായും സമനില തെററിയ അംശങ്ങൾ മനുഷ്യവർഗ്ഗത്തിനു് ആകെ ഒരു ഭീഷണിയാണു്. അങ്ങനെയെങ്കിൽ സമനില തെററിയതിനെ എതിക്കണം. അവരെ സമനിലയിൽ പുനസ്ഥാപിക്കാൻ കഴിവുണ്ടാകുന്നില്ലെങ്കിൽ, അവരെ നിരുപദ്രവികളാക്കാൻ—എന്നുവച്ചാൽ നശിപ്പിച്ചുകളയാൻ—കഴിവും ശക്തിയും ഉണ്ടാകണം."

"അപ്പോൾ ബലിഷ്ഠൻ ദുർബ്ബലനെ കീഴടക്കുന്നതിലാണു സ്നേഹം."

"സംശയമില്ല."

"പക്ഷേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ബലവാന്മാർ ക്രൂശിച്ചതു് അറിയാമല്ലോ," ശെമ്മാശ്ശൻ വീറോടെ വാദിച്ചു.

"അദ്ദേഹത്തെ ക്രൂശിച്ചവർ ബലവാന്മാരല്ല ദുർബ്ബലന്മാരായിരുന്നു എന്നുള്ളതാണു വാസ്തവം. മനുഷ്യസംസ്കാരം ദുർബ്ബലപ്പെടുകയും, ജീവിതസമരത്തെയും പ്രകൃതിയുടെ തിരഞ്ഞെടുപ്പിനെയും ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതാണു ദുർബ്ബലൻെറ ശീഘ്രപുരോഗതിക്കും, ബലിഷ്ഠൻെറമേലുണ്ടാകുന്ന ആധിപത്യത്തിനും കാരണം. മനുഷ്യസ്നേഹപരമായ ആശയങ്ങൾ അസംസ്കൃതവും പ്രാഥമികവുമായ രൂപത്തിൽ തേനീച്ചകളിൽ കടത്തിവിടുന്നതിൽ വിജയിക്കുന്നുവെന്നു കരുതുക. എന്തായിരിക്കും അതിൻെറ ഫലം? കൊല്ലപ്പെടേണ്ടവരായ മടിയനീച്ചകൾ ജീവനോടെയിരുന്നുകൊണ്ടു

തെൻമുഴവൻ ഊററിക്കുടിക്കും. ഈച്ചകളെ ദുഷിപ്പിക്കുകയും ഞെക്കിക്കൊല്ലുകയും ചെയ്യും. അതിൻെറ ഫലമായി ബലവാന്മാരുടെമേൽ ദുർബ്ബലന്മാരുടെ ആധിപത്യവും, ആദ്യത്തേക്കൂട്ടരുടെ അധഃപതനവും വന്നുഭവിക്കും. ഇതേ പ്രക്രിയയാണു് ഇപ്പോൾ മാനവലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ദുർബ്ബലന്മാർ ബലിഷ്ഠന്മാരെ ചവിട്ടി മെതിക്കുകയാണു്. പരിഷ്കാരസ്പർശമേല്ക്കാത്ത കാടന്മാരുടെ ഇടയിൽ, ഏററവും ബലവും, ബുദ്ധിയും, ശിക്ഷണവും ഉള്ളവൻ നേതൃത്വം സ്വീകരിക്കുന്നു. പ്രഭുവും യജമാനനും അവനാണു്. പക്ഷേ, പരിഷ്കൃതരായ നമ്മൾ ക്രിസ്തുവിനെ ക്രൂശിച്ചു. ആ ക്രൂശിക്കൽ തുടന്നുകൊണ്ടുമിരിക്കുന്നു. അതുകൊണ്ടു് നമ്മളിൽ എന്തോ കുറവുണ്ടു്...ആ എന്തോ ഒന്നിനെ നമ്മിൽ വളത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു; ഇല്ലെങ്കിൽ ഈ തെററുകൾക്കു് അറുതിയുണ്ടാവുന്നില്ല.''

''ബലവാന്മാരെ ദുർബ്ബലന്മാരിൽനിന്നു വ്യവച്ഛേദിക്കാൻ നിങ്ങളുടെ പക്കലുള്ള മാനദണ്ഡം എന്താണു്?''

''അറിവും തെളിവുകളും. ക്ഷയരോഗികളെയും കണ്ഠമാലയുള്ളവരെയും അവരുടെ രോഗങ്ങൾകൊണ്ടു തിരിച്ചറിയാം, ഭ്രാന്തന്മാരെയും അസാന്മാൎഗ്ഗികളെയും പ്രവൃത്തികൊണ്ടും.''

''പക്ഷേ, തെററുവന്നുപോകാമല്ലോ!''

''ഉവ്വു്. പക്ഷേ, പ്രളയം വരാൻപോകുമ്പോൾ കാലു നനയുന്നതു പേടിച്ചിട്ടു് എന്തു ഫലം!''

''അതു തത്വജ്ഞാനമാണു്,'' ശെമ്മാശ്ശൻ ചിരിച്ചു.

''ഒന്നുമല്ല. മതപാഠശാലയിലെ തത്വജ്ഞാനംകൊണ്ടു ദുഷിച്ചു ദുഷിച്ചു്, നിങ്ങൾക്കു കാണുന്നതിലൊക്കെ പുകയല്ലാതെ ഒന്നും കാണേണ്ട എന്നായിരിക്കുന്നു. അവ്യക്തജ്ഞാനത്തിനു് അവ്യക്തമെന്നു പറയുന്നതു്; അതു മനസ്സിനെ വ്യക്തത്തിൽനിന്നു വേർപെടുത്തിക്കൊണ്ടുപോകുന്നതുകൊണ്ടു മാത്രമാണു്. പിശാചിനെ നേരേ മുഖത്തു നോക്കുക, പിശാചെങ്കിൽ പിശാചെന്നു് അവനോടു പറയുക. വിശദീകരണം വിശദീകരണമെന്നു മുറവിളികൂട്ടിക്കൊണ്ടു് കാന്റിനെയും ഹെഗലിനെയും തേടിയോടാതെ.''

ജന്തുശാസ്ത്രജ്ഞൻ ഒന്നു നിത്തിയിട്ടു തുടന്നു:

“ഈരണ്ടു് നാലു്”, കല്ലെങ്കിൽ കല്ലുതന്നെ. ഇവിടെ നമ്മൾ നാളെയൊരു ദ്വന്ദ്വയുദ്ധം നടത്തുന്നു. നിങ്ങളും ഞാനും പറയും, അതു ബുദ്ധിശൂന്യമാണു്, അസംബന്ധമാണു്, അതിൻെറ കാലം കഴിഞ്ഞു, യാഥാസ്ഥിതികരുടെ ദ്വന്ദ്വയുദ്ധത്തിനും, കള്ളഷാപ്പിലെ കുടിച്ചോളംകേറിയുള്ള ശണ്ഠയ്ക്കും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നെല്ലാം. എന്നാലും നമ്മൾ ഒഴിയുകയില്ല, അവിടെപ്പോയി പൊരുതുകതന്നെ ചെയ്യും. അപ്പോൾ, നമ്മുടെ മേധാശക്തിയെക്കാൾ പ്രഭാവവത്തായ ഒരു ശക്തിയുണ്ടെന്നു വരുന്നു. യുദ്ധം കൊള്ളയാണു്, കവർച്ചയാണു്, കൊടിയ ക്രൂരതയാണു്, ഭ്രാതൃഹത്യയാണു് എന്നെല്ലാം നാം വിളിച്ചുകൂവുന്നു. രക്തം കണ്ടാൽ നമ്മുടെ തല ചുററും; പക്ഷേ, ഫ്രഞ്ചുകാരോ ജർമ്മൻകാരോ ഒന്നവഹേളിക്കാത്ത കുറവു്, നമ്മുടെ ആത്മവീര്യം വിജൃംഭിക്കുന്നതു കാണാം. എല്ലാ അർത്ഥങ്ങളോടുംകൂടി ‘ഹുറാ!’ വിളിച്ചുകൊണ്ടു നാം ശത്രുവിനെ ആക്രമിക്കാൻ ചാടിപ്പുറപ്പെട്ടും. നിങ്ങൾ നമ്മുടെ ആയുധങ്ങളെ അനുഗ്രഹിക്കാൻ ദൈവത്തോടപേക്ഷിക്കും. നമ്മുടെ ധീരത പൊതുവേ സാർവ്വത്രികമായ ഉത്സാഹത്തെ ഉണർത്തും. പിന്നെയും, നമ്മളെയും നമ്മുടെ തത്വജ്ഞാനത്തെയും അപേക്ഷിച്ചു്, ഉന്നതമല്ല എങ്കിൽ, സർവ്വഥാ ബലവത്തായ ഒരു ശക്തി ഉണ്ടെന്നുതന്നെ അതിൽനിന്നു വന്നുചേരുന്നു. കടലിൽനിന്നു് ആകാശത്തിലേക്കുയന്നുപോകുന്ന ആ മേഘത്തെ നമുക്കു തടഞ്ഞുനിർത്താനാവാത്തപോലെ, അതിനെയും നമുക്കു തടഞ്ഞുനിർത്താൻ കഴിയുന്നില്ല. കപടവട്ടുവാകാതെ, അതിൻെറനേർക്കു ദൂരത്തൊളിച്ചുനിന്നു കൊഞ്ഞനംകാട്ടാതെ, നേരേ അതിനെ അഭിമുഖീകരിക്കുക. അതിൻെറ ന്യായമായ നീതിപൂർവ്വതയെ അംഗീകരിക്കുക. എന്നിട്ടു്, ചിലപ്പോൾ ഒരു ചീഞ്ഞളിഞ്ഞ വ്രണംപൊട്ടിയ ദുഷ്ടസമൂഹത്തെ അതിനു നശിപ്പിക്കേണ്ടതായി വരുന്ന അവസരത്തിൽ, സുവിശേഷത്തിൽനിന്നു നിങ്ങൾ തെററിദ്ധരിച്ച ശകലങ്ങളും, സൂക്തികളും ഉദ്ധരിച്ചു് ആ പ്രവൃത്തിക്കു വിഘ്നമുണ്ടാക്കാതിരിക്കുക. പട്ടണമതിലിനു പുറത്തു കിടക്കുന്ന ഒരു കുഷ്ഠരോഗിയെക്കണ്ടു് അയാളെ ക്രിസ്തുവിൻെറയും സ്നേഹത്തിൻെറയുംപേരിൽ ഊട്ടി തണുപ്പുംമാററിക്കൊടുത്ത മനസ്സാക്ഷിയുള്ള ഒരു ദാനിലയെപ്പററി ലസ്കോവിൻെറ

ഒരു കഥയുണ്ട്. ആ ദാനിലയ്ക്കു് യഥാൎത്ഥത്തിൽ മനുഷ്യരോടു സ്നേഹമുണ്ടായിരുന്നെങ്കിൽ ആ കുഷ്ഠരോഗിയെ പട്ടണത്തിൽ നിന്നു കഴിവുള്ളത്ര അകലെ വലിച്ചുകൊണ്ടുപോയി വല്ല കുഴിയിലും എറിഞ്ഞിട്ടു്, ആരോഗ്യമുള്ളവരെ രക്ഷിക്കുന്നവേലയ്ക്കു പോകുമായിരുന്നു. ക്രിസ്തു യുക്തിസഹമായ, വിവേകപൂൎവ്വമായ ഒരു പ്രായോഗികസ്നേഹമാണു നമ്മളെ പഠിപ്പിച്ചതെന്നാശിക്കട്ടെ.''

''നിങ്ങളെന്തൊരു മനുഷ്യൻ!'' ശെമ്മാശ്ശൻ പൊട്ടിച്ചിരിച്ചു. ''നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നില്ല. നിങ്ങൾ അവൻെറ നാമം ഇങ്ങനെ കൂടെക്കൂടെ പറയുന്നതെന്തിനു്?''

''ഉണ്ടു്. ഞാൻ അവനിൽ വിശ്വസിക്കുന്നുണ്ടു്. നിങ്ങളുടെ രീതിക്കല്ല, എൻെറ സ്വന്തം രീതിക്കാണെന്നുമാത്രം. ഓ, അച്ചോ, അച്ചോ!'' ജന്തുശാസ്ത്രജ്ഞനും ചിരിച്ചു. അയാൾ ശെമ്മാശ്ശൻെറ അരയ്ക്കു കൈയിട്ടുകൊണ്ടു് ഉല്ലാസപൂൎവ്വം പറഞ്ഞു: ''എന്താ, നാളെ ഞങ്ങളുടെകൂടെ ദ്വന്ദ്വയുദ്ധത്തിനു വരുന്നുണ്ടോ?''

''എൻെറ അനുഷ്ഠാനവിധികൾ അതനുവദിക്കുന്നില്ല. അല്ലെങ്കിൽ വരാമായിരുന്നു.''

'' 'വിധികൾ' എന്നുപറഞ്ഞാൽ?''

''ഞാൻ അഭിഷിക്തനാണു്. ഐശ്വൎയ്യപരിശുദ്ധമായ അവസ്ഥയിലാണു്.''

''ഓ, അച്ചോ, അച്ചോ!'' പൊട്ടിച്ചിരിച്ചുകൊണ്ടു വോൺ കൊറൻ ആവൎത്തിച്ചു, ''നിങ്ങളോടു സംസാരിക്കുന്നതെനിക്കിഷ്ടമാണു്.''

''നിങ്ങൾ വിശ്വാസമുണ്ടെന്നു പറയുന്നു,'' ശെമ്മാശ്ശൻ പറഞ്ഞു, ''എന്തൊരു വിശ്വാസമാണതു്? എനിക്കൊരമ്മാവനുണ്ടു്, ഒരു വൈദികൻ. അദ്ദേഹം വറവുകാലത്തു മഴയ്ക്കു വേണ്ടി പ്രാൎത്ഥിക്കുവാൻ പാടത്തേക്കിറങ്ങുമ്പോൾ മഴക്കോട്ടും കുടയുംകൂടി കൈയിലെടുക്കും—മടങ്ങിപ്പോരുമ്പോൾ നനഞ്ഞാലോ എന്നു പേടിച്ചു്! അതു വിശ്വാസം! ക്രിസ്തുവിനെക്കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിൻെറ മുഖം തിളങ്ങും. കേട്ടുനില്ക്കുന്ന കൎഷകർ, സ്ത്രീപുരുഷന്മാരെല്ലാം, ഓലോല കണ്ണുനീരൊഴുക്കും. അദ്ദേഹം മേഘത്തെ തടഞ്ഞുനിൎത്തും, നിങ്ങൾ

പറയുന്ന സകല ശക്തിയെയും പറപറപ്പിക്കും...അതേ, വിശ്വാസം മലയെ ഇളക്കും.''

ശെമ്മാശ്ശൻ പൊട്ടിച്ചിരിച്ചുകൊണ്ടു ജന്തുശാസ്ത്രജ്ഞന്റെ തോളത്തു തട്ടി.

"അതേ,..." അദ്ദേഹം തുടൎന്നു, "നിങ്ങളിവിടെ സദാസമയവും പഠിപ്പിക്കുകയാണ്, കടലിന്റെ ആഴമളന്നും, ബലമുള്ളതിനെയും ബലമില്ലാത്തതിനെയും വേർതിരിച്ചും, പുസ്തകങ്ങളെഴുതിയും, ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ചും—എന്നിട്ടും എല്ലാം പഴയപടിതന്നെ ഇരിക്കുന്നു. പക്ഷേ, നോക്കു! ദുർബലനായ ഒരു കിഴവൻ ഭാവശുദ്ധിയോടെ ഒരു വാക്ക് ഉച്ചരിക്കുന്നതേയുള്ളു, അഥവാ ഒരു മുഹമ്മദ്, വാളുമേന്തി അറേബിയയിൽനിന്നു കുതിരയോടിച്ചു വരുന്നതേയുള്ളു, യൂറോപ്പു മുഴുവൻ ഇളകിമറിയുകയായി.''

"ശരി, അച്ചാ, അതെല്ലാം ദൈവപാദങ്ങളിലാണല്ലോ.''

'പ്രവൃത്തിയോടു ചേരാത്ത വിശ്വാസം ചാപിള്ളയാണ്. എന്നാൽ വിശ്വാസത്തോടു കൂടാത്ത പ്രവൃത്തിയോ, അതികഷ്ടവും. വെറുതെ സമയം പാഴാക്കലല്ലാതൊന്നുമല്ല.''

ഡോക്ടർ കടപ്പുറത്തു പ്രത്യക്ഷനായി. അദ്ദേഹം ശെമ്മാശ്ശനെയും ജന്തുശാസ്ത്രജ്ഞനെയും കണ്ടു് അടുത്തുചെന്നു.

"എല്ലാം തയ്യാറായിരിക്കുമല്ലോ,'' അദ്ദേഹം കിതച്ചുകൊണ്ടു പറഞ്ഞു. "ഗവഃറാവ്സ്കിയും ബൊയ്ക്കോയും സഹായികളായി നില്ക്കും. രാവിലെ അഞ്ചുമണിക്ക് അവർ പുറപ്പെടും. മാനത്തെങ്ങനെ കാർകൊണ്ടിരിക്കുന്നു,'' ആകാശത്തേക്കു കണ്ണയച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു, "ഒരുവക കണ്ടുകൂട. മഴ ഉടനെയുണ്ടാകും.''

"നിങ്ങളും ഞങ്ങളുടെകൂടെ വരുമല്ലോ?'' ജന്തുശാസ്ത്രജ്ഞൻ ചോദിച്ചു.

"ഇല്ല, ഈശ്വരോ രക്ഷതു. ഇങ്ങനെതന്നെയുണ്ടു് വേണ്ട ദുഃഖം. ഉസ്റ്റിമോവിച്ച് എനിക്കു പകരം വരും. ഞാൻ പറഞ്ഞിട്ടുണ്ടു്.''

കടലിൽ വളരെ അകലെയായി ഒരു മിന്നൽ പാഞ്ഞു. തുടൎന്നു നീണ്ടുനീണ്ട ഒരിടികുടുക്കവും ഉണ്ടായി.

"കൊടുങ്കാററിനു മുമ്പു് അന്തരീക്ഷം വല്ലാതെ ശ്വാസം

മുട്ടിക്കുന്നതാണ്!'' വോൺകൊറൻ പറഞ്ഞു, ''നിങ്ങൾ ലേവ്സ്കിയുടെയടുത്തുപോയി അയാളുടെ നെഞ്ചത്തു കണ്ണുനീരൊലിപ്പിച്ചിട്ടില്ലേ, ഉണ്ടെന്നു വാതുവയ്ക്കട്ടെ?''

''ഞാനയാളുടെയടുത്തു പോകുന്നതെന്തിന്?'' കുഴക്കത്തോടെ ഡോക്ടർ പ്രതിവദിച്ചു. ''അടുത്തതെന്താ?''

അസ്തമയത്തിനുമുമ്പ്, ലേവ്സ്കിയെ കണ്ടുമുട്ടാമെന്ന ആശയോടുകൂടി പലതവണ നടക്കാവിലും തെരുവിലും അദ്ദേഹം ചുററുകയുണ്ടായി. തൻെറ അടക്കക്കുറവും, അതിനെത്തുടർന്നുണ്ടായ സൗഹാർദ്ദത്തിൻെറ പെട്ടെന്നുള്ള പൊട്ടിപ്പുറപ്പാടും ഓർത്ത് അദ്ദേഹത്തിനു ലജ്ജയുണ്ടായിരുന്നു. അയാളോട് ഒരു വിനോദംകലന്ന സ്വരത്തിൽ ക്ഷമായാചനം ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചു. അയാളോടൊന്നു വിസ്തരിച്ചു സംസാരിക്കണം, അയാളെ ആശ്വസിപ്പിക്കണം. ദ്വന്ദ്വയുദ്ധം മധ്യകാലത്തെ കാടത്തത്തിൻെറ അവശിഷ്ടമാണ്, പക്ഷേ, ദൈവയോഗംതന്നെ ഒരനുരഞ്ജനോപായമെന്ന നിലയിൽ ഈ ദ്വന്ദ്വയുദ്ധത്തിൽ അവരെ എത്തിച്ചതാണ്, വരുന്നദിവസം, രണ്ടുപേരും വളരെ ബുദ്ധിമാന്മാരും വിശിഷ്ടവ്യക്തികളും ആയ സ്ഥിതിക്ക്, അന്യോന്യം ഓരോ വെടിപൊട്ടിച്ചശേഷം, ഓരോ ആളും മറേറയാളുടെ ഉത്തമഗുണങ്ങളെ വിലമതിച്ചു തമ്മിൽ സുഹൃത്തുക്കളായിത്തീരും എന്നൊക്കെ പറയണം. പക്ഷേ, അദ്ദേഹത്തിനു ലേവ്സ്കിയെ സന്ധിക്കാൻ കഴിഞ്ഞില്ല.

''ഞാൻ അയാളെക്കാണാൻ പോകുന്നതെന്തിന്?'' സമോയ്ലങ്കോ ആവത്തിച്ചു. ''ഞാനയാളെയല്ല അവഹേളിച്ചതു്, അയാൾ എന്നെയാണ് അവഹേളിച്ചതു്. അയാൾ എന്നെ കടന്നാക്രമിച്ചതു് എന്തിനെന്നു ദയവായി ഒന്നു പറയൂ. ഞാനയാൾക്കെന്തു ദ്രോഹംചെയ്തു? ഞാൻ സ്വീകരണമുറിയിലേക്കു കേറുകയും, ഉടനേ, ഒരു കാരണവുമില്ല, കേറി, 'ചാരാ!' ഇമ്പമുള്ള, സംഗതിയല്ലേ? പറയൂ, തുടക്കമെങ്ങനെയായിരുന്നു. നിങ്ങൾ അയാളോടെന്തുപറഞ്ഞു?''

''അയാളുടെ സ്ഥിതി നിരാശാവഹമാണെന്നു പറഞ്ഞു. ശരിയാണു പറഞ്ഞതും. ഏതവസ്ഥയിൽനിന്നും രക്ഷാമാർഗ്ഗം കാണാൻ ഋജുബുദ്ധികൾക്കോ അല്ലെങ്കിൽ, കുടിലമനസ്സു

കൾക്കോമാത്രമേ കഴിയൂ. പക്ഷേ, ഒരേ സമയം ഉജ്ജ്വലബുദ്ധിയും കുടിലമനസ്സുമാകാൻ ശ്രമിക്കുന്നതു്—അതൊരു നിരാശാവഹമായ നിലയാണു്. അല്ല, മണി പതിനൊന്നായി, മാന്യരേ, നാളെ നമുക്കു നേരത്തേ എഴുന്നേല്ക്കുകയും വേണമല്ലോ.''

പെട്ടെന്നു ശക്തിയായ ഒരു കാററു വീശി. അതു കടൽത്തീരത്തെ പൊടി അടിച്ചുയർത്തി, ചുഴലിയാക്കി കറക്കിത്തിരിച്ചു. അതിൻെറ ഹുങ്കാരം കടലിൻെറ അലർച്ചയ്ക്കുമീതെ മുഴങ്ങി.

''കാററു്,'' ശെമ്മാശ്ശൻ പറഞ്ഞു.'' നമുക്കുകെത്തു പോകാം. കണ്ണിലപ്പടി പൊടികേറുന്നു.''

നടക്കുംവഴി സമോയ്ലങ്കോ നെട്ടുവീർപ്പിട്ടു; തൊപ്പി തലയിൽ അമർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

''ഇന്നു രാത്രി എനിക്കുറക്കം ഉണ്ടാകുമെന്നു തോന്നുന്നില്ല.''

''നിങ്ങൾ പരിഭ്രമിക്കാതിരിക്കു,'' ജന്തുശാസ്ത്രജ്ഞൻ പൊട്ടിച്ചിരിച്ചു. ''നിങ്ങൾക്കു മനസ്സമാധാനമായിരിക്കാം. ഈ ദ്വന്ദ്വയുദ്ധംമൂലം ഒന്നും സംഭവിക്കുകയില്ല. ലേവ്സ്കി മഹാമനസ്കതയോടെ ആകാശത്തേക്കു വെടിപൊട്ടിക്കും—മറെറാന്നും അയാൾക്കാവില്ല. ഞാൻ നിറയൊഴിക്കുകതന്നെയുണ്ടാവില്ലെന്നും പറയാം. ലേവ്സ്കിയുടെ പേരിൽ അറസ്റ്റ്വരിച്ചു് എൻെറ സമയം പാഴാക്കുക!...അത്രയ്ക്കൊന്നും അതിൽ കഴമ്പില്ല. പറഞ്ഞതുപോലെ, ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ടുന്നതിനുള്ള ശിക്ഷ എന്താണു്?''

''അറസ്ററും, പ്രതിയോഗി മരിക്കാനിടയാകുന്നപക്ഷം, പരമാവധി മൂന്നുവഷം കോട്ടയിൽ കാരാഗൃഹവാസവും.''

''സെൻറ്പീററർ–സെൻറ്പാൾ കോട്ടയിലോ?''

''അല്ല, ഒരു പട്ടാളക്കോട്ടയിലാകുമെന്നു തോന്നുന്നു.''

''എന്നാലും ഈ നല്ലോരു മാന്യനെ ഒരു പാഠം പഠിപ്പിക്കേണ്ടതു് അത്യാവശ്യം.''

അവരുടെ പിന്നിൽ, കടലിൽ, ഒരു മിന്നലുണ്ടായി. ഒരു നിമിഷം അതു പുരകളുടെ മേൽക്കൂരകളിലും പാറക്കെട്ടുകളിലും വെളിച്ചം പരത്തി. ആ സുഹൃത്തുക്കൾ നടക്കാവിന്നടുത്തുവച്ചു പിരിഞ്ഞു. ഡോക്ടർ ഇരുളിൽ മറയുകയും, അദ്ദേഹ

ത്തിൻെറ കാലൊച്ച അകന്നകന്നസ്തമിക്കുകയും ചെയ്തപ്പോൾ വോൺകൊറൻ അദ്ദേഹത്തോട്ട വിളിച്ചുപറഞ്ഞു:

''നാളെ കാലാവസ്ഥ നമ്മുടെ ഇടയ്ക്കു വീഴാതിരുന്നെങ്കിൽ എന്നുമാത്രമാണ് ആശ.''

''മിക്കവാറും അങ്ങനെതന്നെ വരും, ദൈവമേ, അങ്ങനെ വരുത്തണേ!''

''ഗുഡ്നൈററ്.''

''എന്തു രാത്രി? എന്താണു നിങ്ങൾ പറയുന്നത്?''

കാററിൻെറയും, കടലിൻെറ ഇരമ്പത്തിനും, ഇടിയുടെ കുട്ടക്കത്തിന്നുമിടയിൽ കേൾക്കാൻ പ്രയാസമായിരുന്നു.

''ഒന്നുമില്ല,'' എന്നു വിളിച്ചുപറഞ്ഞിട്ട ജന്തുശാസ്ത്രജ്ഞൻ ധിറുതിയിൽ വീട്ടിലേക്കു പോയി.

## 17

ശോകതാന്തമാമെൻെറ മാനസത്തിങ്കൽത്തിക്കി–
ത്തിരക്കി നിരക്കുന്നു പാരിച്ച ചിന്താസൈന്യം.
നിശ്ശബ്ദം സ്മൃതി തൻെറ ദീർഘദീർഘമാമോല–
ച്ചുരുളെൻ കണ്ണിൻമുമ്പിൽ നിവിർത്തുപിടിക്കുന്നു.
വിറച്ചും വിറക്കൊണ്ടും ശപിക്കുന്നു ഞാൻ, കട്ട–
കട്ടക്കും കരളോടെ പഴതേ കേഴുന്നു ഞാൻ,
തിക്തതിക്തം ഞാനൊഴുക്കുന്ന കണ്ണുനീരെന്നാൽ
തുടച്ചുനീക്കാനാവുന്നില്ലതിലൊരുവരി.

—പുഷ്കിൻ

പിറേറന്ന് അവർ അയാളെ കൊല്ലുകയോ, അതല്ല കളിയാക്കിവിടുകയോ,—എന്നുവച്ചാൽ അയാളുടെ ജീവൻ അപഹരിക്കാതിരിക്കുകയോ—എന്തു ചെയ്താലും, ഏതായാലും അയാളുടെ ജീവിതം തുലഞ്ഞുകഴിഞ്ഞു. ദുഷ്പേരു സമ്പാദിച്ച ഈ സ്ത്രീ അവമാനവും നിരാശതയുംമൂലം ആത്മഹത്യയാചരിച്ചാലും, ദയനീയമായ അവളുടെ ജീവിതത്തെ വലിച്ചിഴച്ചു കൊണ്ടുപോയാലും, അവളുടെ ജീവിതം ഏതായാലും തുലഞ്ഞു കഴിഞ്ഞു.

അങ്ങനെ ലേവ്സ്കി വിചാരിച്ചു. അയാൾ അന്തിവളരെ വൈകിയ ആ നേരത്തും, കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടു മേശപ്പുറത്തിരിക്കുകയാണ്. ജനാലകൾ പെട്ടെന്നു ശബ്ദത്തോടുകൂടി തുറന്നുമലർന്നു; ശക്തിയായ ഒരു കാററു മുറിയിലേക്ക് അടിച്ചുകയറി. മേശപ്പുറത്തുനിന്നു കടലാസുകൾ പറന്നു. ലേവ്സ്കി എഴുന്നേററു ജനാലകളെല്ലാം അടച്ചു, കുനിഞ്ഞു കടലാസുകൾ പെറുക്കിയെടുത്തു. തൻെറ ശരീരത്തിനുള്ളിൽ മുമ്പില്ലാത്ത എന്തോ ഒന്നു വന്നുകൂടിയിട്ടുള്ളതായി ലേവ്സ്കിക്ക് അനുഭവപ്പെട്ടു. മുമ്പുണ്ടാകാത്ത ഒരു വല്ലായ്മ. അയാൾക്കു തൻെറ ചലനങ്ങൾ അസാധാരണമായിത്തോന്നി. അയാളുടെ ചലനങ്ങൾ, ഭയത്തോടുകൂടി, കൈമുട്ടുകൾ കൂച്ചിക്കൊണ്ടും ചുമൽ കോട്ടിക്കൊണ്ടുമായിരുന്നു. അവിടന്നു മേശയുടെ അടുത്തു വന്നിരുന്നതോടെ അയാൾ വീണ്ടും കൈകൾ കൂട്ടിത്തിരുമ്മാൻ തുടങ്ങി. അയാളുടെ ശരീരത്തിൻെറ വഴക്കം കൈവിട്ടു പോയി.

ആസന്നമരണന്മാർ അവരുടെ ഏററവുമടുത്ത ബന്ധുക്കൾക്കു കത്തെഴുതേണ്ട കടമയുണ്ടു്. ഇതു ലേവ്സ്കി ഓർത്തു. അയാൾ പേനയെടുത്തു വിറയ്ക്കുന്ന കൈയാൽ കുറിച്ചു:

"അമ്മേ!"

അമ്മയ്ക്കു് എഴുതണം. അമ്മയുടെ വിശ്വാസപാത്രമായ, കരുണാകരനായ ദൈവത്തിൻെറ പേരിൽ, അയാളുടെ പ്രവൃത്തികൊണ്ടു ദുഷ്പേരിനിരയായി നിസ്സഹായതയിലും പട്ടിണിയിലും ക്ഷീണത്തിലും ആണ്ടിരിക്കുന്ന ഈ ദുർഭഗയായ സ്ത്രീയുടെ ജീവിതത്തിലേക്ക് അല്പം അലിവും സ്നേഹവും പകരുകയും, അവൾക്ക് ആശ്രയം കൊടുക്കുകയും ചെയ്യണമെന്നു്; എല്ലാം, എല്ലാം, എല്ലാം മറന്നും പൊറുത്തും, സ്വന്തം ത്യാഗത്താൽ പുത്രൻെറ പാപത്തിനു് ഒരതിർത്തിവരെ പ്രായശ്ചിത്തം അനുഷ്ഠിക്കണമെന്നു് അപേക്ഷിക്കണം. പക്ഷേ, അയാളുടെ അമ്മ, തടിച്ചുകൊഴുത്തു്, മുഴുത്ത അവയവങ്ങളോടുകൂടി, സില്ക്കുകൊണ്ടുള്ള ഉച്ചിത്തൊപ്പി ധരിച്ച ഒരു വൃദ്ധ, സ്മൃതിപഥത്തിലെത്തി. അവർ, പട്ടിയെയെടുത്ത പരിചാരികയാൽ അനുഗതയായി, എന്നും രാവിലെ തോട്ടത്തിലേക്കു പോകാറുണ്ടായിരുന്ന രീതി, തോട്ടക്കാരന്റെയും വേലക്കാരുടെയും നേക്ക്

അട്ടഹസിക്കാറുണ്ടായിരുന്നതിന്റെ അധികാരസ്വരം, ആ മുഖത്തെ അഹങ്കാരവും ഔദ്ധത്യവും——ഇതെല്ലാം അയാളോർത്തു. എഴുതിയ വാക്കു ത്തുമായ്ച്ചു.

ഉജ്ജ്വലമായ ഒരു മിന്നൽ മൂന്നു ജാലകങ്ങളിലും വീശി; പിന്നാലെ നീണ്ടുനിന്ന, ചെവിയടപ്പിക്കുന്ന ഒരിടിമുഴക്കമുണ്ടായി. മുഴങ്ങുന്ന ഒരു കൂട്ടക്കമായി ആരംഭിച്ച്, ഒരു ഞെരിച്ചു പൊട്ടിക്കലായി അതു കലാശിച്ചപ്പോൾ ജനാലച്ചില്ലുകൾ കിടുങ്ങിപ്പോയി. ഉഗ്രവും ഗംഭീരവുമായ ഒരു കൊടുങ്കാറ്റു വീശി. ചക്രവാളച്ചരിവിലൂടെ, കാളമേഘങ്ങളിൽനിന്നു രജതനിർഝരികളായി മിന്നൽപ്പിണരുകൾ കടലിലേക്കു പാഞ്ഞു വിദൂരവിസ്തൃതിയിലെ ഇരുണ്ടുയരുന്ന തിരകളെ പ്രകാശമാനമാക്കി. ഇടം വലം, എന്നല്ല ആ വീടിന്റെ ശിരസ്സിൽക്കൂടിയും മിന്നൽപ്പിണരുകൾ ചീറിപ്പാഞ്ഞു എന്നുള്ളതിൽ സംശയമില്ല.

"കൊടുങ്കാറ്റു്!" ലേവ്സ്കി മന്ത്രിച്ചു. ആരോടെങ്കിലും, എന്തിനോടെങ്കിലും പ്രാർത്ഥിക്കാൻ അയാൾ മോഹിച്ചു. കാർമേഘത്തോടോ മിന്നലിനോടോ ആണെങ്കിൽ അതിനോട്. "പ്രിയപ്പെട്ട കൊടുങ്കാറ്റേ!"

കുട്ടിക്കാലത്തു് കൊടുങ്കാറ്റുകൾ ഉണ്ടാകുമ്പോൾ, അയാൾ നഗ്നശീർഷനായി തോട്ടത്തിലേക്ക് ഓടിപ്പോകാറുണ്ടായിരുന്നതും, അപ്പോഴൊക്കെ വെളുത്ത മുടിയും നീലക്കണ്ണുകളുമുള്ള രണ്ടു പെൺകുട്ടികൾ അയാളുടെ പുറകേ ഓടിച്ചെല്ലാറുണ്ടായിരുന്നതും, അവരെല്ലാം മഴനനഞ്ഞു കുതിരുന്നതും അയാൾക്ക് ഓർമ്മവന്നു. അന്നു് അവർ ആനന്ദംകൊണ്ടു പൊട്ടിച്ചിരിക്കും. പക്ഷേ, ശക്തിയായ ഇടികുടുക്കമുണ്ടാകുമ്പോൾ പെൺകുട്ടികൾ ആൺകുട്ടിയുടെ ദേഹത്തിൽ വിശ്വാസപൂർവ്വം പററിച്ചേർന്നു നില്ക്കും. അപ്പോൾ അയാൾ കുരിശുവരച്ചുകൊണ്ടു ധിറുതിയിൽ എടുത്തെടുത്തു ചൊല്ലും, വിശുദ്ധ, വിശുദ്ധ, വിശുദ്ധ...' ഓ, അതൊക്കെപ്പോയിമറഞ്ഞ ദിക്കേതു്? ഉദയോന്മുഖമായ, വിശുദ്ധസുന്ദരമായ, അഗ്നിതുല്യമായ ആ ദിനങ്ങൾ വീണടിഞ്ഞ കടലേതു്? ഇപ്പോൾ അയാൾക്കു കൊടുങ്കാററിനെ പേടിയില്ല; പ്രകൃതിയോടു പ്രേമമില്ല. അയാൾക്കു ദൈവവും ഇല്ല. വിശ്വസിക്കുന്ന പെൺകുട്ടികളെയെല്ലാം ഇതിനിടെ അയാളും അയാളെപ്പോലുള്ളവരുംകൂടി നശിപ്പിച്ചി

ട്ടുണ്ട്. ജീവിതത്തിലിന്നോളം സ്വന്തം തോട്ടത്തിൽ ഒരു വൃക്ഷം അയാൾ വച്ചുപിടിപ്പിച്ചിട്ടില്ല; ഒരു പുല്ക്കൊടി നട്ടുവളർത്തിയിട്ടില്ല. ജീവിക്കുന്നവരുടെയിടയിൽ ജീവിച്ചിരുന്നിട്ട് ഒരീച്ചയെക്കൂടി അയാൾ രക്ഷപ്പെടുത്തിയിട്ടില്ല. അയാൾ ഒന്നുമാത്രമാണു ചെയ്തതു്, നശിപ്പിക്കുക, തകർക്കുക, നുണപറയുക, പിന്നെയും നുണപറയുക...

'എൻെറ കഴിഞ്ഞകാലത്തു ദുർവൃത്തിയല്ലാത്തതെന്തുണ്ടു്?' അയാൾ സ്വയം ആരാഞ്ഞു. കുത്തനെയുള്ള ഒരു പാറക്കെട്ടിൽനിന്നു വഴുതിവീഴുന്ന ഒരാൾ വല്ല കുററിച്ചെടിയിലും കടന്നുപിടിക്കുന്നതുപോലെ, ശോഭനമായ ഒരു സ്മരണയിൽ കടന്നുപിടിക്കാൻ ശ്രമിക്കുകയാണു് അയാൾ.

വിദ്യാലയമോ? കലാലയമോ? പക്ഷേ, അതൊരു മായച്ചരക്കാണല്ലോ. അയാൾ പ്രവൃത്തികൾ അവഗണിക്കുകയും, പഠിച്ചതു മറക്കുകയും ചെയ്തിരുന്നു. രാജ്യസേവനം? അതും ഒരു കള്ളക്കമ്മട്ടംതന്നെ. കാരണം, അയാൾ ഉദ്യോഗവഴക്ക് ഒന്നും ചെയ്തിട്ടില്ല. ഒന്നും ചെയ്യാതിരിക്കുന്നതിനു ശമ്പളം പററുകയായിരുന്നു. ഭരണകൂടത്തോടുള്ള, ശിക്ഷ ലഭിക്കാത്ത, ഗർഹണീയമായ ഒരു വഞ്ചനയായിരുന്നു അതു്.

സത്യത്തോടു് അഭിവാഞ്ഛയും അയാൾക്കു് ഇല്ലായിരുന്നു. അയാൾ അതു തേടിയില്ല. ദുർവൃത്തിയും തിന്മയും കൊണ്ടു നാവടക്കപ്പെട്ട അയാളുടെ മനസ്സാക്ഷി ഉറങ്ങിക്കിടക്കുകയായിരുന്നു, അഥവാ മൂകമായിരുന്നു. ഒരു വിദേശിയെപ്പോലെ, മറെറാരു ഗ്രഹത്തിൽനിന്നുവന്ന ഒരന്യനെപ്പോലെ, ജനസാമാന്യത്തിൻെറ പൊതുജീവിതത്തിൽ പങ്കുചേരാതെ അയാൾ ഒഴിഞ്ഞുമാറിനിന്നു. അവരുടെ ദുഃഖങ്ങളിൽ, ആശയങ്ങളിൽ, മതത്തിൽ, ശാസ്ത്രങ്ങളിൽ, പ്രയത്നങ്ങളിൽ, സമരങ്ങളിൽ എല്ലാം അയാൾ അനാസ്ഥ പ്രദർശിപ്പിച്ചു. ഒരു നല്ല വാക്കു പറഞ്ഞില്ല, നിഷ്പ്രയോജനവും നിർഗ്ഗുണവുമല്ലാത്ത ഒരുവരി എഴുതിയില്ല. സഹജീവികൾക്കായി ഒരൗൺസ് സേവനം അയാൾ അനുഷ്ഠിക്കുകയുണ്ടായില്ല. പക്ഷേ, അവരുടെ അപ്പം ഭക്ഷിച്ചു, അവരുടെ വീഞ്ഞു കുടിച്ചു, അവരുടെ ഭാര്യമാരെ ദൂഷിപ്പിച്ചു, അവരുടെ ചിന്തകളെ ആശ്രയമാക്കി ജീവിച്ചു. തൻെറ കുത്സിതമായ ഇത്തിക്കണ്ണി ജീവിതത്തെ അവരുടെയും

തൻെറയും കണ്ണിൽ ന്യായീകരിക്കാൻവേണ്ടി, അവരെക്കാൾ മെച്ചവും മേന്മയും നടിക്കാൻ എപ്പോഴും ശ്രമിച്ചുപോന്നു. മുച്ചൂട്ടും നുണ, നുണ, നുണ...

അന്നു വൈകിട്ടു മുറിദോവിന്റെ വീട്ടിൽ കണ്ടതു് അയാൾ വ്യക്തമായി അനുസ്മരിച്ചു. അസഹ്യമായ വെറുപ്പും, അഴലും ആ ഹൃദയത്തെ മഥിച്ചു. കിറിലിനും അച്ച്മിയാനോവും അറപ്പിക്കുന്നവർതന്നെ, എങ്കിലും അവർ തന്റെ കൂട്ടുപ്രതികളും ശിഷ്യഗണവുമാണു്. അബലയായ ഈ യുവതി ഒരു സഹോദരനെക്കാളേറെ അയാളെ വിശ്വസിച്ചു. അയാൾ അവളെ ഭർത്താവു്, സുഹൃത്തുക്കൾ, സ്വദേശം ഇതിൽനിന്നെല്ലാം വിട്ടുത്തി ഇവിടെ കൊണ്ടുവന്നു—ഈ ചൂടിൻെറയും ജ്വരത്തിന്റെയും വിരസതയുടെയും നടുവിലേക്കു്. അനുദിനം അയാളുടെ കൊള്ളരുതായ്മയും കാപട്യവും ഒരു കണ്ണാടിപോലെ അവൾ പ്രതിബിംബിപ്പിക്കേണ്ടതായി വന്നു—ദുർബ്ബലവും അശ്രദ്ധവും പരിതാപകരവുമായ സ്വജീവിതത്തെ പൂർണ്ണമാക്കാൻ അവൾക്കു ലഭിച്ചതു് അതു മാത്രമായിരുന്നു. പിന്നെ അയാൾക്കു് അവളെ മടുത്തു. അയാൾ അവളെ വെറുക്കാൻ തുടങ്ങി. എങ്കിലും വലിച്ചെറിയാൻ ധൈര്യംവരാതെ, നുണകൾകൊണ്ടു നിർമ്മിച്ച ഒരു വലയിൽ അവളെ കൂടുതൽകൂടുതൽ ഭദ്രമായി ബന്ധിക്കുവാൻ അയാൾ ശ്രമിച്ചു...ബാക്കി ഈയാളുകളും പ്രവർത്തിച്ചു.

ലേവ്സ്കി മേശയുടെ മുമ്പിൽ ഇരുന്നു. എഴുന്നേററു ജനാലയുടെ അടുത്തേക്കു പോയി. ഒരു നിമിഷം അയാൾ മെഴുകുതിരികൾ അണച്ചു, എന്നിട്ടു് പിന്നെയും കൊളുത്തി. അയാൾ ഉച്ചത്തിൽ സ്വയം ശപിച്ചു, പതംപറഞ്ഞു കരഞ്ഞു, മാപ്പിരന്നു. പലതവണ നിരാശാഭരിതനായി പാഞ്ഞു് മേശയുടെ അടുത്തു ചെന്നു് എഴുതി:

“അമ്മേ!”

അമ്മയല്ലാതെ, വേറെ അടുത്ത ബന്ധുക്കളോ, സുഹൃത്തുക്കളോ അയാൾക്കില്ല. പക്ഷേ, അമ്മ അയാളെ എങ്ങനെ സഹായിക്കാനാണു്? അല്ലെങ്കിൽത്തന്നെ അവരെവിടെ? ഓടി നദ്യേഷ്ദയുടെ അടുത്തുചെന്നു് അവളുടെ കാലിൽ വീണു്, ആ കൈയിലും കാലിലും ചുംബിക്കാൻ, അവളോടു

മാപ്പിരക്കാൻ അയാൾക്കു് ആഗ്രഹം തോന്നി; പക്ഷേ, അവൾ അയാളുടെ ഇരയാണല്ലോ. അവൾ മൃതിപ്പെട്ടിരിക്കുന്നതുപോലെ അയാൾ അവളെ പേടിച്ചു.

"എന്റെ ജീവിതം തുലഞ്ഞു," കൈ തിരുമ്മിക്കൊണ്ടു് അയാൾ ആവർത്തിച്ചു. "ഇനിയും ഞാൻ ജീവനോടെ ഇരിക്കുന്നതെന്തു്, എന്റെ ദൈവമേ!..."

വിരളപ്രഭമായ ആത്മതാരകത്തെ വിണ്ടലത്തിൽനിന്നു് അയാൾ ഇറുത്തെറിയുകയായിരുന്നു. അതു പതിച്ചുപോയി. അതിന്റെ യാത്രാപഥം ഇരവിന്റെ ഇരുളിൽപെട്ടു് ആഴുകയും ചെയ്തു. ഇനിയൊരിക്കലും അതു് ആ വാനിടത്തിലേക്കു് തിരിച്ചുപോവുകയില്ല. എന്തുകൊണ്ടെന്നാൽ, ജീവിതം രണ്ടാമതൊരിക്കൽ അനുഭവിക്കുക സാദ്ധ്യമല്ലതന്നെ. കഴിഞ്ഞുപോയ ദിവസങ്ങളും വർഷങ്ങളും തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞിരുന്നെങ്കിൽ, അയാൾ, കാപട്യത്തിന്റെ സ്ഥാനത്തു് സത്യവും, അലസതയുടെ സ്ഥാനത്തു് പ്രയത്നവും, വിരസതയുടെ സ്ഥാനത്തു് സന്തോഷവും മാറിവെയ്ക്കുമായിരുന്നു. ആരുടെയൊക്കെയാണോ പരിശുദ്ധി അപഹരിച്ചിട്ടുള്ളതു്, അവർക്കതു തിരിച്ചുകൊടുക്കുമായിരുന്നു. ദൈവത്തേയും നന്മയും കണ്ടെത്തുമായിരുന്നു. പക്ഷേ, പൊട്ടിവീണുപോയ നക്ഷത്രത്തെ ആകാശത്തു പുനസ്ഥാപിക്കാൻ സാധിക്കാത്തതുപോലെ അതും അസാദ്ധ്യമായിരുന്നു. അതസാദ്ധ്യമായതുകൊണ്ടു് അയാൾ നിരാശനമായി.

കൊടുങ്കാററടങ്ങിയപ്പോൾ, അയാൾ തുറന്നുകിടന്ന ജനാലയ്ക്കൽ പോയി ഇരുന്നു. മുന്നിലുള്ള പ്രശ്നത്തെപ്പററി ശാന്തമായി ചിന്തിച്ചു. വോൺകൊറൻ ഏററിയകുറും അയാളെ കൊല്ലാനാണു് സാധ്യത. ആ മനുഷ്യന്റെ വ്യക്തവും വിദയവുമായ ജീവിതവേദാന്തം, ചീഞ്ഞതിനെയും നിരുപയോഗമായതിനെയും നശിപ്പിക്കുന്നതിനെ ന്യായീകരിക്കുന്നതാണു്. വിധിനിർണ്ണായകമായ മുഹൂർത്തത്തിൽ അതിനു മാററം വരുന്നുവെങ്കിൽ, ലേവ്സ്കി അയാളിൽ ഉണർത്തുന്ന അറപ്പും വെറുപ്പുമായിരിക്കും ലേവ്സ്കിയെ രക്ഷിക്കുന്നതു്. അയാളുടെ ലക്ഷ്യം പിഴക്കുന്നുവെങ്കിൽ, അഥവാ, വെറുക്കപ്പെട്ട ആ പ്രതിയോഗിയുടെ നേർക്കുള്ള പരിഹാസംമൂലം വെറുതെ മുറിപ്പെ

ടുത്തിവിട്ടേക്കാമെന്നുവയ്ക്കുന്നുവെങ്കിൽ, അപ്പോൾ അയാൾക്കു് എന്തു ചെയ്യാം? എവിടെ പോകാം?

‘പീറ്റേഴ്‌സ്‌ബർഗ്ഗിലേക്കു പോകയോ?’ ലേവ്‌സ്‌കി സ്വയം ചോദിച്ചു. പക്ഷേ, അതു് താൻ ശപിക്കുന്ന ആ പഴയ ജീവിതം പുനരാരംഭിക്കുകയെന്നാവും. നാടുമാറുന്ന പക്ഷികളെപ്പോലെ സ്ഥലമാറ്റത്തിൽ രക്ഷയാരായുന്ന മനുഷ്യൻ ഒന്നും എങ്ങും കണ്ടെത്തുകയില്ല. കാരണം, ലോകം മുഴുവൻ അവന്നു് സമമാണു്. മനുഷ്യരിൽ രക്ഷതേടാനോ? ആരിൽ, എങ്ങനെ? സമോയ്‌ലങ്കോയുടെ അലിവും സൗജന്യവും ശെമ്മാശ്ശന്റെ ചിരിയോ, വോൺകൊറന്റെ വെറുപ്പോ പോലെതന്നെ അയാളെ രക്ഷിക്കാൻ അശക്തമാണു്. തന്നിൽത്തന്നെ അയാൾ രക്ഷതേടേണ്ടിയിരിക്കുന്നു. അതവിടെ കണ്ടെത്താത്ത പക്ഷം, എന്തിനു സമയം പാഴാക്കുന്നു? ആത്മഹത്യ ചെയ്യേക്കുക, അത്രതന്നെ...

ഒരു വണ്ടിയുടെ ശബ്ദം അയാൾ കേട്ടു. നേരം വെളിച്ചമാവുകയാണു്. വണ്ടി അയാളെക്കടന്നു് കുറച്ചുദൂരം പോയി തിരിഞ്ഞു്, നനഞ്ഞ മണ്ണിലൂടെ കരഞ്ഞുകരഞ്ഞു് വീടിനടുത്തുവന്നു നിന്നു. വണ്ടിയിൽ രണ്ടുപേർ ഉണ്ടായിരുന്നു.

“ഒരു നിമിഷം നില്ക്കണേ. ഞാൻ നേരേ പുറപ്പെടുകയാണു്,” ലേവ്‌സ്‌കി ജനലിൽക്കൂടി അവരോടു പറഞ്ഞു. “ഞാൻ ഉറങ്ങുകയല്ല. സമയം ഏതായാലും ആയില്ലല്ലോ?”

“ആയി. മണി നാലു്. നമ്മൾ അവിടെ എത്തുമ്പോഴേക്കു്...”

ലേവ്‌സ്‌കി പുറങ്കോട്ടും തൊപ്പിയും ധരിച്ചു്, കുറെ സിഗററുമെടുത്തു കീശയിലാക്കിയിട്ടു്, അനങ്ങാതെ, മടിച്ചുമടിച്ചു് നില്പായി. മറെറന്തോകൂടി താൻ ചെയ്യേണ്ടതായി ഉണ്ടെന്നൊരു തോന്നൽ. വഴിയിൽ, സഹായികൾ താഴ്‌ന്ന ശബ്ദത്തിൽ സംസാരിക്കുന്നു; കുതിരകൾ ചിനക്കുന്നു; എല്ലാ മനുഷ്യരും സുഖനിദ്രയിലാണ്ടിരിക്കുന്ന, പ്രകാശം പരന്നുതുടങ്ങിയിട്ടില്ലാത്ത, നിർവ്വൃതികരമായ ആ വെളുപ്പാൻകാലത്തു് ആ ശബ്ദങ്ങൾ ലേവ്‌സ്‌കിയുടെ ആത്മാവിൽ കഷ്ടതയുടെ മുന്നറിയിപ്പുപോലുള്ള ഒരു നിരുത്സാഹത കുത്തിനിറച്ചു.

അയാൾ തെല്ലിട സംശയിച്ചു നിന്നിട്ട് കിടപ്പറയിൽ പ്രവേശിച്ചു.

നദ്യേഷ്ദാ കിടക്കയിൽ നീണ്ടുനിവന്ന്, അടിമുടി ഒരു കരിമ്പടംകൊണ്ടു മൂടിപ്പുതച്ച് കിടന്നിരുന്നു. അനക്കമില്ല. ആകപ്പാടെ അവളുടെ രൂപം, പ്രത്യേകിച്ചു തല, ഒരു ഈജിപ്ഷ്യൻ മമ്മിയെ അനുസ്മരിപ്പിക്കും. നിശ്ശബ്ദനായി അവളെ നോക്കി, ലേവ്സ്കി മനസാ മാപ്പിരന്നു. അയാൾ ചിന്തിച്ചു, ആകാശം ശൂന്യമല്ലെങ്കിൽ, യഥാർത്ഥത്തിൽ ദൈവം എന്നൊരാൾ അവിടെ ഉണ്ടെങ്കിൽ, എങ്കിൽ ആ ദൈവം അവളെ രക്ഷിക്കും. ദൈവമില്ലെന്നാണ വരുന്നതെങ്കിൽ അവൾ നശിക്കുകയാണ ഭേദം—അപ്പോൾ അവൾക്കു ജീവിക്കാൻ ഒരു ലക്ഷ്യമില്ല.

പെട്ടെന്ന് അവൾ ചാടിയെഴുന്നേററു കിടക്കയിൽ നിവിന്നിരുന്നു. വിളറിയമുഖം ഉയർത്തി ഭീതിയോടുകൂടി ലേവ്സ്കിയുടെ മുഖത്തു നോക്കിക്കൊണ്ടു ചോദിച്ചു:

''നിങ്ങളാണോ? കൊടുങ്കാററു കഴിഞ്ഞോ?''

''കഴിഞ്ഞു.''

അവൾ ഓർമ്മിച്ചു. രണ്ടു കൈയും തലയിൽ അണച്ച് ആസകലം വിറച്ചു.

''ഞാനെത്ര ഏഴ!'' അവൾ പറഞ്ഞു. ''ഞാൻ എത്ര ഏഴയാണെന്ന് നിങ്ങളൊന്നറിഞ്ഞിരുന്നെങ്കിൽ! ഞാൻ കരുതി,'' അർദ്ധനിമീലിതാക്ഷിയായി അവൾ തുടന്നു, ''നിങ്ങൾ എന്നെ കൊല്ലും. അല്ലെങ്കിൽ വീട്ടിൽനിന്നു തള്ളി മഴയത്തേക്കും കൊടുങ്കാററത്തേക്കും ഇറക്കിവിടുമെന്ന്. പക്ഷേ, നിങ്ങൾ താമസിക്കുകയാണ്...താമസിക്കുന്നു...''

ആന്തരമായ ഒരു പ്രേരണയാൽ അയാൾ സസ്നേഹം അവളെ ചുററിപ്പിടിച്ച് അവളുടെ കൈകളും കാൽമുട്ടുകളും ചുംബനങ്ങൾകൊണ്ടു മൂടി. പിന്നെ അവൾ എന്തോ പിറുപിറുത്തിട്ട് അതീതകാര്യങ്ങളോർത്തു ഞെട്ടിവിറച്ചപ്പോൾ അവളുടെ മുടിയിൽ തഴുകി. അവളുടെ മുഖത്തേക്കു നോക്കിയപ്പോൾ, ഈ ഭാഗ്യംകെട്ട, പാപിനിയായ സ്ത്രീയാണ് തനിക്ക് അടുപ്പവും പ്രിയവുമുള്ള ഏകജീവിയെന്നും,മറ്റൊരാൾക്ക്

അവളുടെ സ്ഥാനം വഹിക്കാൻ സാധിക്കുകയില്ലെന്നും അയാൾക്കു ബോദ്ധ്യമായി.

വീട്ടിൽനിന്നിറങ്ങി വണ്ടിയിൽചെന്നു കയറിയപ്പോൾ അയാൾ ജീവനോടെ വീട്ടിൽ തിരിച്ചുവരാൻ ആഗ്രഹിച്ചു.

## 18

ശെമ്മാശ്ശൻ എഴുന്നേററു്, കനത്ത പിരിയൻവടി കൈയിലെടുത്തു്, ശബ്ദമുണ്ടാക്കാതെ, സൂത്രത്തിൽ വീട്ടിൽനിന്നു പുറത്തു കടന്നു. ഇരുട്ടായിരുന്നതുകൊണ്ടു്, വഴിയിലിറങ്ങി കുറെ നിമിഷത്തോളം അയാൾക്കു് ആ വെളുത്തവടിപോലും കാണാൻ കഴിഞ്ഞിരുന്നില്ല. ആകാശത്തു് ഒററ നക്ഷത്രമില്ല, വീണ്ടും മഴയുണ്ടാകാനുള്ള ഭാവവും കണ്ടു. കുതിന്ന മണ്ണിൻെറയും കടലിൻെറയും മണം വരുന്നുണ്ടു്.

"മലവാസികളുടെ ഉപദ്രവമുണ്ടാവില്ല എന്നാശിക്കുക," വടി നിരത്തിൽ മുട്ടുന്ന ശബ്ദം കേട്ടുകൊണ്ടും, ആ മുട്ടു് അത്ര മാത്രം ഒററപ്പെട്ടും ഉച്ചത്തിലും മുഴങ്ങുന്നതു ശ്രദ്ധിച്ചുകൊണ്ടും അദ്ദേഹം ചിന്തിച്ചു.

പട്ടണത്തിൽ നിന്നു പുറത്തായപ്പോൾ അയാൾ വഴിയും വടിയും രണ്ടും കാണാൻതുടങ്ങി. കട്ടത്ത ആകാശത്തിൽ അവിടവിടെയായി ഇരുണ്ട കാർമേഘപടലങ്ങൾ കാണായി. ഉടനെ ഒരു നക്ഷത്രം തലനീട്ടി നോക്കി സരഭസം ആ ഒററക്കണ്ണു് ചിമ്മി. ശെമ്മാശ്ശൻ ഉയന്ന, പാറക്കെട്ടുകൾ നിറഞ്ഞ തീരത്തുകൂടി നടന്നതുകൊണ്ടു് കടൽ കണ്ടില്ല. അതു് താഴെക്കിടന്നുറങ്ങുകയാണു്. അതിൻെറ അദൃശ്യമായ തിരകൾ അലസമായും കനത്തിലും കരയിൽ അലച്ചുകൊണ്ടിരുന്നു. 'ഫൂ, ഫൂ' എന്നു നീട്ടി നിശ്വസിക്കുകയാണെന്നു തോന്നും. അതും എത്രയോ സാവധാനം. ഒരു തിരയടിച്ചു—ശെമ്മാശ്ശൻ എട്ടു ചുവട്ടു് എണ്ണിക്കഴിഞ്ഞു, പിന്നെ മറെറാന്നടിച്ചു, ആറു ചുവട്ടുകൂടി കഴിഞ്ഞിട്ടു് മൂന്നാമത്തേതും. മുമ്പത്തെപ്പോലെ തന്നെ, ഒന്നും കാണാൻവയ്യ. ഇരുളിൽ കടലിൻെറ അലസമായ, നിദ്രാലുവായ മുരൾച്ച കേൾക്കാം.

ശെമ്മോശ്ശുന് ഒരു അലൗകികത്വം അനുഭവപ്പെട്ടു. വിശ്വാസപാതകികളോടു കൂട്ടുകൂടുന്നതിനും, അവരുടെ ദ്വന്ദ്വയുദ്ധങ്ങൾ കാണാൻ ഇറങ്ങിത്തിരിക്കുന്നതിനും ദൈവം തന്നെ ശിക്ഷിക്കരുതേ എന്നയാൾ പ്രാത്ഥിച്ചു. ആ ദ്വന്ദ്വയുദ്ധം കഥയില്ലാത്തതും, രക്തരഹിതവും, അസംബന്ധവും ആയിരിക്കും. എന്നാലും, എങ്ങനെയൊക്കെയായാലും വേണ്ടില്ല, അതൊരു പൈശാചിക കാഴ്ചയാണ്. അവിടെ സന്നിഹിതനാകുന്നതു് പട്ടം വാങ്ങിയിട്ടുള്ള ഒരാളിനു തീരെ യോജിക്കുന്നതുമല്ല. അയാൾ നിന്നു് ആലോചിച്ചു—തിരിച്ചുപോയാലോ? പക്ഷേ, തീക്ഷ്ണവും അദമ്യവുമായ ജിജ്ഞാസ സംശയങ്ങളെയെല്ലാം കീഴടക്കി—അയാൾ മുന്നോട്ടു നടന്നു.

"വിശ്വാസപാതകികളാണെങ്കിലും അവർ നല്ലവരാണ്, വീണ്ടെടുക്കപ്പെടാം," അയാൾ സ്വയം ഉറപ്പുകൊടുത്തു. "അവർ വീണ്ടെടുക്കപ്പെടുമെന്നു നിശ്ചയം," ഒരു സിഗററു കൊളുത്തിക്കൊണ്ടു് അയാൾ ഉറക്കെപ്പറഞ്ഞു.

മനുഷ്യരുടെ ഗുണങ്ങളെപ്പററി ശരിയായ വിധികല്പിക്കാൻ, അവയെ എന്തു മാനദണ്ഡംകൊണ്ടാണ് അളക്കേണ്ടതു്? ശെമ്മോശ്ശുൻ തൻെറ ശത്രുവായ വൈദികവിദ്യാലയ ഇൻസ്പെക്ടറെക്കുറിച്ചോത്തു. അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചു, സന്മാഗ്ഗത്തിൽ ജീവിച്ചു, ദ്വന്ദ്വയുദ്ധത്തിനൊന്നും പോയില്ല. പക്ഷേ, അദ്ദേഹം ശെമ്മോശ്ശുനെ മണ്ണുകടിക്കുന്ന റൊട്ടി തീററിപ്പോന്നു; ഒരിക്കൽ ശെമ്മോശ്ശുൻെറ ചെവി പിടിച്ചുപറിച്ചു കളയുകയും ചെയ്തു. ഗവമ്മെൻറുവക ഗോതമ്പുമാവു മോഷ്ടിക്കുന്ന അസത്യവാനും ക്രൂരനുമായ ഇൻസ്പെക്ടറെ ബഹുമാനിക്കാനും, അദ്ദേഹത്തിൻെറ ആരോഗ്യത്തിനും മോക്ഷത്തിനുമായി സ്കൂളിൽ പ്രാത്ഥിക്കാനുംമാത്രം മനുഷ്യജീവിതം അത്ര ലളജ്ജപ്രകൃതിയായി രൂപപ്പെട്ടത്തിയിട്ടുള്ളതാണെങ്കിൽ, വോൺകൊറനെയും ലേവ്സ്കിയെയുംപോലുള്ള ആളുകളെ വിശ്വാസക്കുറവിൻെറ ഒററക്കാരണം പറഞ്ഞു് അകററിനിത്തുന്നതു ന്യായമാണോ? ശെമ്മോശ്ശുൻ ഈ പ്രശ്നത്തെ അന്തരാളുക്കിനോക്കുകയായിരുന്നു. അപ്പോൾ പെട്ടെന്നു തലേന്നാളത്തെ സമോയ്ലങ്കോയുടെ മുഖത്തെ അസംബന്ധഭാവം അയാൾക്കോമ്മവന്നു. അതു് അയാളുടെ ആശയങ്ങളുടെ ചരടു

മുറിച്ചു. അടുത്തനാൾ എല്ലാവരും കൂടുമ്പോൾ എന്തു തമാശയായിരിക്കും! താൻ ഒരു കുററിക്കാട്ടിൽ ഒളിച്ചിരുന്നു നോക്കാൻ പോകുന്നതും, അടുത്തദിവസം പ്രാതൽസമയത്ത് ബോൺകൊറാൻ വീമ്പിളക്കാനാരംഭിക്കുമ്പോൾ താൻ, ഈ ശെമ്മാശ്ശൻ, പൊട്ടിച്ചിരിക്കുന്നതും, ചിരിച്ചുകൊണ്ടു ചിരിച്ചു കൊണ്ട് ദ്വന്ദ്വയുദ്ധത്തിന്റെ സകലവിശദാംശങ്ങളും അങ്ങോട്ടു പറയാൻ തുടങ്ങുന്നതും ഒക്കെ അയാൾ ഭാവനയിൽ കണ്ടു.

''ഇതൊക്കെ നിങ്ങളെങ്ങനെയറിഞ്ഞു?'' ജന്തുശാസ്ത്രജ്ഞൻ ചോദിക്കും.

''ശരി. അതാണ്! ഞാൻ വീട്ടിലിരുന്നതേയുള്ളൂ, പക്ഷെ, സകല വിശേഷവും എനിക്കറിയാം.''

ദ്വന്ദ്വയുദ്ധത്തെക്കുറിച്ച് ഒരു ഹാസ്യവിവരണമെഴുതാൻ രസമായിരിക്കും. അയാളുടെ ശ്വശുരൻ അതു വായിച്ചു ചിരിക്കും. ഒരു കഥ, പറഞ്ഞുകേൾക്കുന്നതായാലും, എഴുതിക്കാണുന്നതായാലും, അയാളുടെ ശ്വശുരന് തീററിക്കുടിസാധനങ്ങളേക്കാൾ പ്രധാനമാണ്.

മഞ്ഞനദിയുടെ തടം അയാളുടെ കൺമുമ്പിൽ അനാവൃതമായി. പ്രവാഹത്തിൻെറ വീതിയും വേഗവും മഴമൂലം വർദ്ധിച്ചിരുന്നു. പഴയ മർമ്മരം ഒരലർച്ചയായി രൂപംമാറിക്കഴിഞ്ഞു. പ്രകാശമാകാൻ തുടങ്ങുകയാണ്. നരച്ചതും മലിനദർശനവുമായ പ്രഭാതം, പാംസുമേഘങ്ങളെ കവച്ചുവയ്ക്കാൻ ആയുന്ന കാർമേഘങ്ങൾ, മൂടൽമഞ്ഞണിഞ്ഞ മലകൾ, നനഞ്ഞ മരങ്ങൾ എല്ലാം വിരൂപവും വിലക്ഷണവുമായി ശെമ്മാശ്ശനു തോന്നി. അയാൾ കാട്ടുചോലയിലിറങ്ങി മുഖംകഴുകി പ്രഭാതപ്രാർത്ഥന ചൊല്ലി. ചായയ്ക്കും, ചെറിയ റൊട്ടി മൊരിച്ചതിനും, പുളിപ്പിച്ച പാലാടയ്ക്കും അയാൾ കൊതിച്ചു. ശ്വശുരഗൃഹത്തിൽ എന്നും രാവിലെയുണ്ടാകാറുള്ള വിഭവമാണതു്. തന്റെ ഭാര്യയെയും, അവൾ പിയാനോയിൽ വായിക്കാറുണ്ടായിരുന്ന 'ഓർമ്മയ്ക്കുമപ്പുറംപോയ ദിനങ്ങ'ളും അയാൾക്കോർമ്മവന്നു. അവൾ എങ്ങനെയായിരുന്നു? ഭാര്യയും താനും പരിചയമാകലും, വിവാഹനിശ്ചയവും വിവാഹവും എല്ലാം ഒററ ആഴ്ചയിലാണു കഴിഞ്ഞതു്. അവളുടെകൂടെ ഒരുമാസം തികച്ചു ജീവിക്കുന്നതിനുമുമ്പ് ഇങ്ങോട്ടുപോരാൻ കല്പനയായി. അങ്ങനെ

അവൾ ഏതു തരക്കാരിയാണെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിരുന്നില്ല. എല്ലാമായാലും, അയാൾക്കു വിരഹവേദന അനുഭവപ്പെട്ടു.

"അരുമയായ ഒരെഴുത്ത് അവൾക്കെഴുതണം..." അയാൾ വിചാരിച്ചു.

വനവസതിയുടെ മോന്തായത്തുള്ള കൊടി മഴകൊണ്ടു നനഞ്ഞുകുതിർന്നു ഞാന്നുകിടന്നു. നനഞ്ഞ മേച്ചിലോടുകൂടിയ വനവസതിതന്നെ മുമ്പത്തേക്കാൾ ഇരുണ്ടതും താഴ്ന്നതുമായി കാണപ്പെട്ടു. വാതില്ക്കൽ ഒരു ഭാരവണ്ടി നില്ക്കുന്നു; കെർബലേയും രണ്ടു മലയന്മാരും, കാൽച്ചട്ട ധരിച്ച ഒരു താത്തരിപ്പെൺകൊടിയും—കെർബലേയുടെ ഭാര്യയോ മകളോ ആണെന്നു തീർച്ച—കൂടി, അററത്തുനിന്നു ചാക്കുചാക്കായി എന്തോ ചുമന്നുകൊണ്ടുവന്നു വണ്ടിയിൽ ചോളക്കച്ചിലിന്മീതേ ഇട്ടുകൊണ്ടിരുന്നു.

വണ്ടിയുടെ സമീപം ഒരുജോടി കഴുതകൾ തലയും തൂക്കിയിട്ടു നില്ക്കുന്നുണ്ടായിരുന്നു. ചാക്കുകളെല്ലാം കേററിക്കഴിഞ്ഞപ്പോൾ മലയന്മാരും താത്തരിയുവതിയും കൂടി അവ കച്ചിലിട്ടു മൂടാൻ തുടങ്ങി, കെർബലേ ധിറുതിയിൽ കഴുതകളെ വണ്ടിക്കൈയിൽ പൂട്ടാനും.

'കട്ടുകടത്തുകയായിരിക്കും,' ശെമ്മാശ്ശൻ വിചാരിച്ചു.

വീണുകിടക്കുന്ന മരവും ഉണങ്ങിയ പൈൻമുളകളും കണ്ടു, കുപ്പയിട്ടു കരിഞ്ഞ പാടു കണ്ടു. പിക്ക്നിക്കും അന്നത്തെ സംഭവങ്ങളും എല്ലാം അയാൾ ഓർമ്മിച്ചു. ആ അഗ്നികുണ്ഡം, മലയന്മാരുടെ പാട്ട്, മെത്രാൻസ്ഥാനത്തെയും പള്ളിഘോഷയാത്രയെയുംകുറിച്ചുള്ള തൻെറ സ്വപ്നങ്ങൾ...മഴകൊണ്ടു കരിയാറിൻെറ കറുപ്പും വിസ്താരവും വദ്ധിച്ചിട്ടുണ്ട്. ഇതിനിടെ മലിനമായ ജലവിതാനം ഉയന്നു മുട്ടിത്തുടങ്ങിയ ഇട്ടങ്ങിയ പാലം സൂക്ഷിച്ചുകേറി, കുററിക്കാടിനിടയിലൂടെ കളപ്പുരയിലേക്കു കയറിച്ചെന്നു.

'ഒരു ഗംഭീര തല!' വയ്ക്കോലിൻെറ പുറത്തു നിവന്നു കിടക്കവേ, വോൺകൊറനെ ഓത്തുകൊണ്ട് അയാൾ ചിന്തിച്ചു, 'ഒരു നല്ല തല!—ദൈവം അയാൾക്ക് ആരോഗ്യം കൈവളത്തട്ടെ; അയാളിൽ ക്രൂരതയുമുണ്ടെന്നു മാത്രമേയുള്ളു...'

അയാൾ ലേവ്സ്കിയെ വെറുത്തതും, ലേവ്സ്കി അയാളെ വെറുത്തതും എന്തുകൊണ്ടു്? അവർ ദ്വന്ദ്വയുദ്ധത്തിനു പുറപ്പെട്ടതിന്റെ കാരണമെന്തു്? കുട്ടിക്കാലം മുതൽ ശെമ്മാശൻ അറിഞ്ഞിട്ടുള്ളതുപോലെ അവരും ദാരിദ്ര്യം അറിഞ്ഞിരുന്നുവെങ്കിൽ; അജ്ഞരും കഠിനഹൃദയരും ദൃഢമുഷ്ടികളും വൃത്തികെട്ടവരും നിർമ്മര്യാദരുമായ ഒരുവിഭാഗം ജനങ്ങൾ, ഒരു കരിഞ്ഞ റൊട്ടിത്തരി എറിഞ്ഞുകൊടുക്കാത്തവർ, തിണ്ണയിൽ തുപ്പുന്നവർ, പ്രാതൽ കഴിക്കുന്നിടത്തും പ്രാർത്ഥിക്കുന്നിടത്തുമിരുന്നു് ഏമ്പക്കമിടുന്നവർ, അവരുടെ ഇടയിലാണു വളർന്നിരുന്നതെങ്കിൽ; കുട്ടിക്കാലം മുതലേ സുഖകരമായ പരിതസ്ഥിതികളിൽ, തിരഞ്ഞെടുക്കപ്പെട്ട സുഹൃദ്‌വലയത്തിന്റെ സഹവാസവാത്സല്യം അനുഭവിക്കാൻ ഇടയാകാതിരുന്നെങ്കിൽ—എങ്കിൽ അവർ എങ്ങനെ പരസ്പരം ചാടിവീഴുമായിരുന്നു; എല്ലാ വരുംവരായ്കകളെയും വിസ്മരിച്ചു സ്വന്തം ശക്തിയായ വാദങ്ങൾക്കു വിലകെട്ടുവാൻ സന്നദ്ധരാകുമായിരുന്നു. എന്തേ, ലോകത്തിൽ ബാഹ്യമായിപ്പോലും അന്തസ്സുള്ളവർ എത്ര തുച്ഛം! ലേവ്സ്കി ചപലനും, പതിതനും, ദുർഭഗനുമാണെന്നതു വാസ്തവംതന്നെ. എങ്കിലും അയാൾ മോഷ്ടിച്ചിരുന്നില്ല, ഭാര്യയെ 'എടീ നിനക്കു വയറുകീറോളം തിന്നാം, പക്ഷേ, നിനക്കു ജോലി ചെയ്യേണ്ട,' എന്നു പുലഭ്യം പറയുകയോ ചാട്ടകൊണ്ടടിക്കുകയോ ചെയ്യുകയില്ല, വേലക്കാർക്കു ചീഞ്ഞ ഇറച്ചി കൊടുക്കുകയില്ല—ഇതൊക്കെത്തന്നെ തീർച്ചയായും അയാളോടു താല്പര്യം കാണിക്കാൻ മതിയായ കാരണങ്ങളല്ലേ? തന്നെയുമല്ല, സ്വന്തം വ്രണത്തിൽനിന്നു രോഗികളെന്നപോലെ, തന്റെ വീഴ്ചകളിൽനിന്നു് ഏററവും കൂടുതൽ ദുരിതം അനുഭവിക്കുന്നതു് അയാളാണു്. വിരസതയുടെയും, ഏതോ തെററിദ്ധാരണകളുടെയും വഴിയേപോയി അധഃപതനം, സർവ്വനാശം, പാതത്യം എന്നിങ്ങനെ ദുർഗ്രാഹ്യമായ സംഗതികൾ പരസ്പരം അന്യനിൽ കണ്ടുപിടിക്കാൻ ശ്രമിക്കുന്ന നേരത്തു്, അവർ അല്പംകൂടി കീഴോട്ടിറങ്ങിച്ചെന്നു് അജ്ഞാനവും അത്യാശയും പുലഭ്യവും അഴുക്കും ശാപങ്ങളും സ്ത്രീകളുടെ നിലവിളികളും തെരുവുനീളെ അലയ്ക്കുന്നിടങ്ങളിലേയ്ക്കു് അവരുടെ ദ്വേഷവും അമർഷവും തിരിച്ചുവിടുന്നതു് ഇതിലും നന്നാകുമായിരുന്നില്ലേ...

വണ്ടിയുടെ ശബ്ദം ശെമ്മാശ്ശന്റെ ചിന്തകളുടെ ധാരമുറിച്ചു. അയാൾ വാതില്ലലൂടെ പുറത്തേക്ക നോക്കി. ഒരു വണ്ടിയും അതിൽ മൂന്ന് ആളുകളെയും കണ്ടു. ലേവ്സ്കിയും ഷെഷ്കോവ്സ്കിയും തപാൽ സൂപ്രണ്ടുമാണ്.

''നിറുത്തു!'' ഷെഷ്കോവ്സ്കി ആജ്ഞാപിച്ചു.

മൂന്നുപേരും വണ്ടിയിൽനിന്നിറങ്ങി. തമ്മിൽത്തമ്മിൽ നോക്കി.

''അവർ ഇതുവരെ എത്തീട്ടില്ല,'' ചെളികുഞ്ഞുകൊണ്ടു ഷെഷ്കോവ്സ്കി പറഞ്ഞു. ''എങ്ങനെ? കളി തുടങ്ങുന്നതിനുമുമ്പ് നമുക്ക പററിയ ഒരിടം കണ്ടുവെക്കാം. ഇവിടെ നിന്നുതിരിയാൻ ഇടയില്ല.''

അവർ നദീതീരംവഴി പിന്നെയും നടന്നു്, താമസംവിനാ അപ്രത്യക്ഷരായി. താർത്തരിക്കാരനായ വണ്ടിക്കാരൻ വണ്ടിയിൽ തല തോളിൽ വച്ചിരുന്നു് ഉറക്കമായി. പത്തുനിമിഷത്തോളം കാത്തിരുന്നശേഷം ശെമ്മാശ്ശൻ കളപ്പുരയിൽ നിന്നിറങ്ങി. ശ്രദ്ധയാകർഷിക്കാതിരിക്കാൻവേണ്ടി ആ കറുത്ത തൊപ്പി ഊരി കൈയിൽ വച്ചു. അയാൾ പൊന്തക്കാടുകളുടെ ഇടയിൽക്കൂടി, നദീതീരത്തുള്ള ചോളപ്പാടങ്ങളിലൂടെ, ഇടയ്ക്കിടെ കുനിച്ചിരുന്നു് നാലുപാടും കണ്ണോടിച്ചുകൊണ്ടു് മാറിയും മറിഞ്ഞും നടപ്പാരംഭിച്ചു. പുല്ലും ചോളവും നനഞ്ഞിരുന്നു. വൃക്ഷങ്ങളിൽനിന്നും പൊന്തകളിൽനിന്നും മുഴുത്ത വെള്ളത്തുള്ളികൾ അയാളുടെ ശിരസ്സിൽ വന്നുവീണു.

''ലജ്ജാവഹം!'' നനഞ്ഞു ചെളിയായ ളോഹ വാരിപ്പിടിച്ചുകൊണ്ടു് അയാൾ പിറുപിറുത്തു. ''ഇതു നേരത്തെ അറിഞ്ഞെങ്കിൽ വരണ്ടായിരുന്നു.''

താമസിയാതെ അയാൾ ശബ്ദങ്ങൾ കേട്ടു, അവരെ കാണുകയും ചെയ്തു. കാടു തെളിഞ്ഞിട്ടുള്ള ഒരു ചെറിയ സ്ഥലത്തു് ലേവ്സ്കി കൈകൾ ഉടുപ്പിന്റെ കൈക്കുള്ളിലേക്ക വലിച്ചു്, കുനിഞ്ഞുകൂടി മുന്നാക്കംപിന്നാക്കം നടക്കുകയാണ്. അയാളുടെ സഹായികൾ ആറ്റുകടവിൽ നിന്നു് സിഗററു തെറുക്കുന്നു.

'വിചിത്രം,' ലേവ്സ്കിയുടെ നട തിരിച്ചറിയാൻ

വിഷമിച്ച ശെമ്മാച്ചൻ വിചാരിച്ചു, 'അയാളെക്കണ്ടിട്ട് ഒരു കിഴവൻെറ മട്ട്."

"എന്തൊരു മര്യാദകേടാണ് അവരീക്കാണിക്കുന്നത്," തപാൽ സൂപ്രണ്ട് വാച്ചുനോക്കിക്കൊണ്ടു പറഞ്ഞു: "വൈകിവരുന്നതായിരിക്കും വിദ്വാന്മാരുടെ സമ്പ്രദായം; പക്ഷേ, എൻെറ അഭിപ്രായത്തിൽ അതു പന്നിത്തരമാണ്."

ഷെഷ്കോവ്സ്കി, കറുത്ത താടിയുള്ള ആ തടിയൻ ചെവിയോർത്തിട്ടു പറഞ്ഞു:

"അവർ വരുന്നുണ്ട്!"

## 19

"എൻെറ ജീവിതത്തിലാദ്യമാണ് ഈ കാഴ്ച! എത്ര മനോഹരം! കാട്ടിലെ ആ വെളിവിടം ചൂണ്ടി, ഇരുകൈയും കിഴോട്ടുനീട്ടിക്കൊണ്ടു് വോൺകൊറൻ പറഞ്ഞു; "നോക്കു! ആ മരതക പ്രകാശം!"

കിഴക്ക്, മലകൾക്കപ്പുറത്ത് പച്ചനിറത്തിൽ രണ്ടു പ്രകാശധാര ഉയർന്നുനിന്നു; അതു് യഥാർത്ഥത്തിൽ സുന്ദരവുമായിരുന്നു. സൂര്യൻ ഉദിക്കുകയാണ്.

"ഗുഡ്മോർണിങ്," ജന്തുശാസ്ത്രജ്ഞൻ തലകുനിച്ചുകൊണ്ട് ലേവ്സ്കിയുടെ സഹായികളെ സമീപിച്ചു. "ഞാൻ താമസിച്ചില്ല, ഉവ്വോ?"

പുറകേ അയാളുടെ സഹായികളും വന്നു. ബൊയ്ക്കോയും ഗവറോവ്സ്കിയും. ഒരേ പൊക്കത്തിൽ, വളരെ പ്രായംകുറഞ്ഞ രണ്ടു് ഉദ്യോഗസ്ഥന്മാർ, വെള്ളവസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. കൂടെ, മെലിഞ്ഞു്, സഹവസിക്കാൻ കൊള്ളാത്തവനായ ഡോക്ടർ ഉസ്തിമോവിച്ചും. അയാളുടെ കൈയിൽ ഒരു സഞ്ചി; മറേറതിൽ പതിവുപോലെ മുതുകത്തുചേർത്തുപിടിച്ചിരിക്കുന്ന വടിയും. സഞ്ചി നിലത്തുവച്ചിട്ട്, ആരെയും അഭിവാദ്യംചെയ്യാതെ, മറേറക്കൈയും പുറകിൽക്കെട്ടി അയാൾ കാട്ടിൻനടുവിൽ മേലുകീഴ് നടപ്പുതുടങ്ങി.

താമസംവിനാ മരിച്ചേക്കാനിടയുള്ളവനും, അക്കാരണ

ത്താൽ എല്ലാവരുടെയും ശ്രദ്ധയ്ക്കു വിഷയവുമായ ഒരു മനുഷ്യ ന് അനുഭവമാകുന്ന ക്ഷീണവും പകപ്പും ലേവ്സ്കിക്കുണ്ടാ യി. കഴിയുന്നത്ര വേഗം കൊല്ലപ്പെട്ടുകയോ, വീട്ടിലേയ്ക്കു കൊ ണ്ടുപോകപ്പെട്ടുകയോ ഏതെങ്കിലുമൊന്നുണ്ടാകാൻ അയാൾ ആഗ്രഹിച്ചു. അപ്പോൾ ജീവിതത്തിലാദ്യമായി അയാൾ സൂ ര്യോദയം കണ്ടു. ആ പുതുപുലരി, ഹരിതാഭമായ പ്രകാശകി രണങ്ങൾ, മഞ്ഞുതുള്ളികൾ, നനഞ്ഞ ചെരിപ്പുകളിട്ട മനു ഷ്യർ—ഇവയൊന്നും തൻെറ ജീവിതവുമായി ഒരു ബന്ധവു മില്ലെന്നു്, വെറും ഉപരിപ്ലവമായ ശല്യങ്ങൾ മാത്രമാണെന്നു് അയാൾക്കു തോന്നി. താൻ ആ ചിന്തകളും കുററബോധവും ഭേ സി മുങ്ങിപ്പൊങ്ങിയ ആ രാത്രിയുമായി, ഇതിനൊന്നും ഒരു ബ ന്ധവുമില്ല. അയാൾ വേണമെങ്കിൽ ദ്വന്ദ്വയുദ്ധത്തിനു കാ ത്തുനില്ക്കാതെ, സന്തോഷപൂർവ്വം സ്ഥലംവിടാൻ തയ്യാറാകുമാ യിരുന്നു അപ്പോൾ.

വോൺകൊറൻെറ ക്ഷോഭം പ്രസ്പഷ്ടമായിരുന്നു, മററെ ന്തിനെക്കാളുമേറെ ഹരിതാഭമായ വെളിച്ചത്തിൽ താൻ ആ കൃഷ്ടനായിരിക്കുന്നതായുള്ള നാട്യത്തിൽ അതൊളിക്കാൻ അ യാൾ പരിശ്രമിച്ചു. സഹായികൾ കുഴക്കത്തോടെ മുഖത്തോ ട്ടുമുഖം നോക്കി. തങ്ങൾ ഇവിടെ വന്നതു് എന്തിനു്, എന്തു ചെയ്യാൻ എന്നറിയാതെ കുഴഞ്ഞുനില്ക്കുകയാണെന്നു തോന്നും.

"മാന്യരെ, നമുക്ക് ഇവിടവും കടന്നു് പോകേണ്ടയാവ ശ്യമില്ലെന്നു തോന്നുന്നു," ഷെഷ്കോവ്സ്കി പറഞ്ഞു: "ഇവിടം മതിയാകും."

"അതേ, സംശയമില്ല," വോൺകൊറനും യോജിച്ചു.

പിന്നെ ആരും ഒന്നും മിണ്ടിയില്ല. മുമ്പോട്ടും പുറകോട്ടും ഉലാത്തിക്കൊണ്ടിരുന്ന ഉസ്റ്റിമോവിച്ച് പെട്ടെന്നു് ലേവ് സ്കിയുടെ നേർക്കു വെട്ടിത്തിരിഞ്ഞു്, മൂക്ക് അയാളുടെ മുഖം വരെ കൊണ്ടുചെന്നു്, താഴ്ന്ന ശബ്ദത്തിൽ ഇങ്ങനെ പ റഞ്ഞു:

"എൻെറ വ്യവസ്ഥകൾ അവർ ഇതുവരെ നിങ്ങളോടു പറഞ്ഞിട്ടില്ലെന്നു വരാം. ഇരുകക്ഷികളും പതിനഞ്ചുറൂബിൾ വീതം എനിക്കു തരണം. ഒരു കക്ഷി മരിക്കാനിടയാകുന്നപ ക്ഷം, മുഴുവനും ജീവിച്ചിരിക്കുന്നയാൾ തരേണ്ടതാണു്."

ലേവ്സ്കി ആ മനുഷ്യനെ നേരത്തെ പരിചയമായിരുന്നു. പക്ഷേ, ഇപ്പോൾ ആദ്യമായി ആ പ്രഭമങ്ങിയ കണ്ണുകളും, മയമില്ലാത്ത മീശയും, ക്ഷയിച്ച കഴുത്തും ശരിയായി കണ്ടു. അയാൾ ഡോക്ടറല്ല, പണംപിട്ടങ്ങിയാണ്. അയാളുടെ ശ്വാസത്തിന് മാട്ടിറച്ചിയുടെ അസുഖകരമായ ഗന്ധമുണ്ട്.

'ലോകത്തിൽ എന്തെല്ലാം തരം മനുഷ്യരുണ്ട്!' എന്നു മനസ്സാ സ്മരിച്ചിട്ട് ലേവ്സ്കി മറുപടി പറഞ്ഞു: "വളരെ നല്ലതു്."

ഡോക്ടർ തലകുലുക്കി, വീണ്ടും മേലുകീഴ് നടപ്പുതുടങ്ങി. അയാൾക്കു് ആ പണം ഒട്ടും ആവശ്യമുണ്ടായിട്ടല്ല, വെറുപ്പുകൊണ്ടു് അതു ചോദിക്കയായിരുന്നു എന്നു സ്പഷ്ടം. ആരംഭിക്കാൻ അഥവാ നേരത്തെ ആരംഭിച്ചതു് അവസാനിപ്പിക്കാൻ സമയമായെന്നു് എല്ലാവർക്കും തോന്നി. പക്ഷേ, ആരംഭിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനു പകരം അവർ അവിടവിടെനിന്നു, അങ്ങുമിങ്ങുംനടന്നു, പുകവലിച്ചു ജീവിതത്തിലാദ്യമായി ഒരു ദ്വന്ദ്വയുദ്ധത്തിൽ സന്നിഹിതരാകുന്ന ആ ചെറുപ്പക്കാരായ ഉദ്യോഗസ്ഥന്മാർക്ക് സാമാന്യ പൗരന്മാരുടേതായ, അവരുടെ അഭിപ്രായത്തിൽ അനാവശ്യമായ ഈ ദ്വന്ദ്വയുദ്ധത്തിൽ വിശ്വാസം വന്നിരുന്നില്ല. അവർ നിരൂപണദൃഷ്ടിയോടെ സ്വന്തം കോട്ടുകൾ പരിശോധിച്ചു, കുപ്പായക്കൈയിൽ തട്ടി. ഷെഷ്കോവ്സ്കി അവരെ സമീപിച്ചു് മെല്ലെ പറഞ്ഞു: "മനുഷ്യരെ ഈ ദ്വന്ദ്വയുദ്ധം നടക്കാതിരിക്കാനായി നമ്മുടെ സകല കഴിവും പ്രയോഗിക്കണം, അവരെ തമ്മിൽ രമ്യതയിൽ കൊണ്ടുവരണം."

അയാൾ ചോരപോലെ ചുകന്നുകൊണ്ടു് ഇത്രയുംകൂടി പറഞ്ഞു:

"കിറിലിൻ ഇന്നലെ രാത്രി എന്റെ മുറിയിൽ കേറിവന്നിരിക്കുന്നു, ലേവ്സ്കി അയാളേയും നദ്യേഷ്ദായേയുംകൂടി കണ്ടുപിടിച്ചു എന്നുംമറ്റും കുറെ ആവലാതികളുമായിട്ട്."

"ഉവ്വ്", അതും ഞങ്ങളറിഞ്ഞു," ബൊയ്ക്കോ പറഞ്ഞു.

"ശരി. കണ്ടോ, അപ്പോൾ...ലേവ്സ്കിയുടെ കൈയാണെങ്കിൽ വിറയ്ക്കുകയാണു്, അങ്ങനെ എന്തെല്ലാം... അയാൾക്കിപ്പോൾ ഒരു കൈത്തോക്കുപിടിക്കാൻ കഴിയുന്നതുതന്നെ

കഷ്ടി. അയാളോട്ട യുദ്ധത്തിനു നില്ക്കുന്നതു്, കുടിച്ചുമറിഞ്ഞ ഒരുത്തനോട്ട് അഥവാ സന്നിപാതജ്വരം പിടിച്ചവനോട്ട് യുദ്ധത്തിനുനില്ക്കുന്നതുപോലെ മനുഷ്യത്വമില്ലായ്മയാണു്. ഒരൊത്തുതീർപ്പുണ്ടാക്കാൻ സാധിക്കുന്നില്ലെങ്കിൽ ഈ ദ്വന്ദ്വയുദ്ധം നമുക്കു നീട്ടിവയ്ക്കണം, മാന്യരേ. അല്ലെങ്കിൽ അതുപോലെ മറെറന്തെങ്കിലും... അതൊരു മനംമട്ടപ്പിക്കുന്ന ഏർപ്പാടാണു്. അതു കണ്ടുസഹിക്കാൻ വയ്യ."

"വോൺകൊറനോട്ട സംസാരിക്കു."

"ദ്വന്ദ്വയുദ്ധത്തിന്റെ ചട്ടങ്ങൾ എനിക്കറിയില്ല; പോയിത്തുലയട്ടെ, എനിക്കതറിയുകയും വേണ്ട. അയാൾ വിചാരിച്ചേക്കും ലേവ്സ്കി എന്നെ പുറകിൽനിന്നു് ഉന്തിത്തള്ളി അയാളുടെയടുത്തേക്കു വിട്ടതാണെന്നു്. അയാൾ ഇഷ്ടംപോലെ വിചാരിച്ചോട്ടെ—ഞാൻ അയാളോട്ട സംസാരിക്കാം."

ഷെഷ്കോവ്സ്കി മടിച്ചുമടിച്ചു്, അയാളുടെ കാലുകൾ ഉറങ്ങാൻപോയതുപോലെ, ചെറിയൊരു തളർന്നോട്ടക്കൂടിനടന്നു് വോൺകൊറനെ സമീപിച്ചു. തൊണ്ട തെളിച്ചുകൊണ്ടുള്ള ആ ഗതിയിൽ ആകെക്കൂടെ ആലസ്യത്തിന്റെ ഒരു ചിത്രമായിരുന്നു അയാളുടെ രൂപം.

"എനിക്കു് ഒരു സംഗതി സംസാരിക്കാനുണ്ട സർ," ജന്തുശാസ്ത്രജ്ഞന്റെ ഉടുപ്പിലുള്ള പൂക്കൾ സൂക്ഷിച്ചു പരിശോധിച്ചുകൊണ്ടു് അയാൾ തുടങ്ങി, "സ്വകാര്യമാണു്. ദ്വന്ദ്വയുദ്ധത്തിന്റെ ചട്ടങ്ങളൊന്നും എനിക്കറിവില്ല, പോയിത്തുലയട്ടെ, എനിക്കറിയുകയും വേണ്ട. ഞാൻ ഈ സംഗതി വീക്ഷിക്കുന്നതു് ഒരു സഹായിയുടെയോ മറേറാ കണ്ണുകൊണ്ടല്ല. ഒരു മനുഷ്യന്റെ കണ്ണുകൊണ്ടാണു്. അത്രതന്നെ സംഗതികൾ."

"തന്നെ. എന്നിട്ട്?"

"സഹായികൾ ഒത്തുതീർപ്പുനിർദ്ദേശം കൊണ്ടുവരുമ്പോൾ സാധാരണയായി അതു ചെവിക്കൊള്ളാറില്ല. ഒരു ചടങ്ങായിട്ടാണു കരുതാറു്. ആചാരോപചാരങ്ങളും മറ്റുംമററുമായിട്ട്. പക്ഷേ, നിങ്ങൾ ഇവാൻ ലേവ്സ്കിയെ ശരിക്കൊന്നു നോക്കണമെന്നാണു ഞാനപേക്ഷിക്കുന്നതു്. അയാൾ ഇന്നു സ്വസ്ഥാവസ്ഥയിലല്ല എന്നുതന്നെ പറയാം—അയാളുടെ മാനസികാവസ്ഥ ശരിയല്ല. ഒരു ദയനീയരൂപം. ഒരു നിർഭാഗ്യം

കൂടി അയാൾക്കു വന്നുകൂടി. അന്യകാര്യവിചാരം എനിക്കു വയ്യ..."

ഷെഷ്കോവ്സ്കി ചോരപോലെ ചുകന്നു, ചുററും നോക്കി.

"പക്ഷേ, ദ്വന്ദ്വയുദ്ധത്തെക്കുറിച്ചു പറയുമ്പോൾ, ഒരു സംഗതി നിങ്ങളോടു പറയേണ്ടതു് അത്യാവശ്യമെന്നു ഞാൻ കരുതുന്നു. മുറിദോവിൻെറ വീട്ടിൽ അയാളുടെ ഭാര്യയും, കൂടെ..."

"എത്ര അരോചകം!" ജന്തുശാസ്ത്രജ്ഞൻ പിറുപിറുത്തു. അയാൾ വിളറി, ക്ഷുഭിതനായി, കാക്കിച്ചുതുപ്പി, "ത്ഫൂ!"

അയാളുടെ അധരം വിറച്ചു. തുടർന്നു കേൾക്കാനിഷ്ടപ്പെടാതെ അയാൾ ഷെഷ്കോവ്സ്കിയുടെ അടുത്തു നിന്നു പോയി. യാദൃച്ഛികമായി കണ്ണുള്ളതെന്തോ ഭക്ഷിച്ചുപോയതുപോലെ വീണ്ടും കാക്കിച്ചു തുപ്പി. അന്നു കാലത്തേ ആദ്യമായി വെറുപ്പോടുകൂടി ലേവ്സ്കിയെ നോക്കി. അയാളുടെ മനക്ഷോഭവും അസ്വൈരതയും വിട്ടകന്നു. അയാൾ തലപൊക്കി ഉച്ചത്തിൽ പറഞ്ഞു:

"മാന്യന്മാരേ, നിങ്ങൾ എന്തു കാത്തുനില്ക്കുകയാണു് എന്നറിഞ്ഞാൽക്കൊള്ളാം. നമ്മൾ ആരംഭിക്കാത്തതെന്താണു്?"

ഷെഷ്കോവ്സ്കി ഉദ്യോഗസ്ഥന്മാരുടെനേക്കു് ഇടംകണ്ണിട്ടു ചുമൽകുലുച്ചി.

"മാന്യന്മാരേ," അയാൾ പ്രത്യേകിച്ചു് ഒരുത്തരോടുമല്ലാതെ ഉച്ചത്തിൽ പറഞ്ഞു, "മാന്യന്മാരേ, നിങ്ങൾതമ്മിൽ യോജിച്ചുതീരണമെന്നു് ഞങ്ങൾ അഭിപ്രായപ്പെടുന്നു."

"വേഗം ഈ ചടങ്ങുകളൊക്കെയൊന്നു കഴിക്കുക," വോൺകൊറൻ പറഞ്ഞു, "ഒത്തുതീർപ്പിൻെറകാര്യം മുമ്പേ പറഞ്ഞല്ലോ. അടുത്ത ചടങ്ങു് എന്താണു്? വേഗമാവട്ടെ, മാന്യന്മാരെ, സമയം നമ്മളെ കാത്തുനില്ക്കില്ല."

"പക്ഷേ, ഞങ്ങൾ എന്തായാലും അതുതന്നെ വേണമെന്നാണു പറയുന്നതു്," മറെറാരാളുടെ കാര്യത്തിൽ ഇടപെടാൻ നിർബന്ധിതനാകുന്ന ഒരാളെപ്പോലെ ഷെഷ്കോവ്സ്കി ഒരു കുററവാളിയുടെ സ്വരത്തിൽ പറഞ്ഞു. അയാൾ വിവർണ്ണനായി, നെഞ്ചത്തു കൈവച്ചുകൊണ്ടു തുടർന്നു: "മാന്യന്മാരേ,

ആ ചെറിയ നീരസത്തെ ഒരു ദ്വന്ദ്വയുദ്ധത്തോടു ബന്ധപ്പെടുത്താൻ ഒരു ന്യായവും ഞങ്ങൾ കാണുന്നില്ല. ദ്വന്ദ്വയുദ്ധങ്ങൾക്കും, മനുഷ്യസഹജമായ ദൗർബല്യത്താൽ ചിലപ്പോഴൊക്കെ നമ്മൾതങ്ങളിലുണ്ടാകുന്ന നീരസത്തിനും തമ്മിൽ അങ്ങനെയൊരു ബന്ധമൊന്നുമില്ല. നിങ്ങൾ ബിരുദധാരികളാണു്, സംസ്കാരമുള്ളവരാണു്. ദ്വന്ദ്വയുദ്ധം ഒരു കാലഹരണപ്പെട്ട, വെറും അന്ധമായ ചടങ്ങുംമറ്റുമൊക്കെയാണെന്നു് നിങ്ങൾക്കും അറിയാമായിരിക്കും. ഞങ്ങൾ അതിനെ അങ്ങനെയാണു വീക്ഷിക്കുന്നതു്. അല്ലെങ്കിൽ, ഞങ്ങൾ വരികയില്ലായിരുന്നു. അല്ലെങ്കിൽ, ഞങ്ങളെക്കൂടി നിർത്തിക്കൊണ്ടു രണ്ടുപേർ തമ്മിൽത്തമ്മിൽ വെടിവെയ്ക്കാനും മററുമൊക്കെ അനുവദിക്കാൻ സാധിക്കുന്നതെങ്ങനെ?'' ഷെഷ്കൊവ്സ്കി മുഖത്തുനിന്നു വിയർപ്പു വടിച്ചുകളഞ്ഞിട്ടു തുടർന്നു: ''മാന്യരെ, നിങ്ങളുടെ തെററിദ്ധാരണകൾ നീക്കുക, കൈ കുലുക്കുക, നമുക്കു വീട്ടിൽപോയി സമാധാനത്തിന്നു് ഒരു പാനോപചാരം നടത്താം. മാന്യന്മാരേ, സത്യം!''

വോൺകൊറൻ ഒന്നും പറഞ്ഞില്ല. ലേവ്സ്കി, ആളുകൾ തൻെറനേരെ നോക്കുകയാണെന്നുകണ്ടു പറഞ്ഞു:

''എനിക്കു വോൺകൊറനോടു് ഒരു പഴിയുമില്ല. ഞാനാണു കുററക്കാരനെന്നു് അദ്ദേഹം വിചാരിക്കുന്നുവെങ്കിൽ, ഞാൻ ക്ഷമാപണംചെയ്യാൻ തയ്യാറാണു്.''

വോൺകൊറനു നീരസമുണ്ടായി.

''മാന്യന്മാരെ,'' അയാൾ പറഞ്ഞു, ''ലേവ്സ്കി ഒരു മഹാമനസ്കനും, ധീരനുമായി വീട്ടിലേക്കു മടങ്ങണമെന്നാണു നിങ്ങളുടെ ആശയെന്നു സ്പഷ്ടമായി. പക്ഷേ, നിങ്ങൾക്കും അദ്ദേഹത്തിനും അങ്ങനെയൊരു സംതൃപ്തിക്കു് അവസരം തരാൻ നിർവ്വാഹമില്ല. വെറുതെ സമാധാനത്തിനൊരു പാനോപചാരവും പ്രാതലും കഴിക്കാനും, ദ്വന്ദ്വയുദ്ധം കാലഹരണപ്പെട്ട ഒരു ചടങ്ങാണെന്നു വിവരിച്ചു കേൾക്കാനും വേണ്ടി, വെളുപ്പിനെ എഴുമണിക്കു്, പട്ടണത്തിൽനിന്നു് എട്ടുനാഴികദൂരം കുതിരവണ്ടിയിൽക്കേറി പോകേണ്ടയാവശ്യമില്ലായിരുന്നല്ലോ. ദ്വന്ദ്വയുദ്ധം ദ്വന്ദ്വയുദ്ധമാണു്. അതിനെ വാസ്തവ

ത്തിലേറെ കൃത്രിമവും ബുദ്ധിശൂന്യവും ആക്കിയിട്ട കാര്യമി ല്ല. എനിക്ക യുദ്ധം വേണം.''

പിന്നെ ശബ്ദമുണ്ടായില്ല. ബൊയ്ക്കോ ഒരു പെട്ടിയിൽ നിന്നു് ഒരു ജോടി കൈത്തോക്ക പുറത്തെടുത്തു. ഒരെണ്ണം വോൺകൊറന കൊടുത്തു, ഒന്നു് ലേവ്സ്കിക്കും. അതി നെത്തുടൎന്ന ജന്തുശാസ്ത്രജ്ഞനും സഹായികൾക്കും അല്പനേര ത്തെ വിനോദത്തിന വകനൽകിയ ഒരു വൈഷമ്യം ഉത്ഭവി ച്ചു. സ്ഥലത്തു വന്നിട്ടുള്ളവരിൽ ആരുംതന്നെ ജീവിതകാല ത്തിനിടയ്ക്കു് ഒരു ദ്വന്ദ്വയുദ്ധം കണ്ടിട്ടുള്ളവരല്ല. അവർ നി ല്ക്കേണ്ട വിധമോ, സഹായികൾതമ്മിൽ പറയുകയോ പ്രവ ൎത്തിക്കുകയോ ചെയ്യേണ്ടതെന്തെന്നോ കൃത്യമായി ആൎക്കും നി ശ്ചയമില്ലാത്തുപോലെ കാണപ്പെട്ടു. പക്ഷേ, പെട്ടെന്നു ബൊ യ്ക്കോയ്ക്കു് ഓൎമ്മയുണ്ടായി. അയാൾ ഒരു പുഞ്ചിരിയോടുകൂടി ഒരു വിശദീകരണത്തിന മുതിൎന്നു.

''മാന്യരെ, ലെർമന്തോവിൻെറ 'ത്രേയ്യിലെ കഥ'യിൽ ഉള്ള വിവരണം ഓൎമ്മയുള്ളതാരുണ്ടു്?'' വോൺകൊറൻ ചി രിച്ചുകൊണ്ടു ചോദിച്ചു. ''ടർജനീവിൻെറ നോവലിൽ ബെ സാറോവും ആരോടോ ഒരു ദ്വന്ദ്വയുദ്ധം നടത്തുന്നുണ്ടു്...''

''ഓൎക്കേണ്ട ആവശ്യമൊന്നുമില്ല. ഉസ്തിമോവിച്ച് അ ക്ഷമയോടുകൂടി പറഞ്ഞു; ''ദൂരം അളക്കണം, അതുതന്നെ വേ ണ്ടതു്.''

എങ്ങനെയാണു് അളക്കേണ്ടതെന്നു കാണിക്കാനെന്നോ ണം അയാൾ മൂന്നടി മുന്നോട്ടുവച്ചു. ബൊയ്ക്കോ ദൂരം അള ന്നു. അയാളുടെ കൂട്ടുകാരൻ ആ സ്ഥലം അടയാളപ്പെടുത്തി. പ്ര തിദ്വന്ദ്വികൾ തങ്ങളുടെ സ്ഥാനത്തുചെന്നു നിന്നു.

'മുള്ളൻപന്നികൾ,' പൊന്തക്കാട്ടിലിരുന്നു ശെമ്മാശ്ശൻ വിചാരിച്ചു.

ഷെഷ്കോവ്സ്കി എന്തോ പറഞ്ഞു. ബൊയ്ക്കോ പിന്നെയും എന്തോ വിശദീകരണം കൊടുത്തു. പക്ഷേ, ലേ വ്സ്കി ഒന്നും കേട്ടില്ല—അല്ലെങ്കിൽ കേട്ടു; മനസ്സിലായില്ല. സമയം വന്നപ്പോൾ അയാൾ തോക്കിൻെറ കാഞ്ചി ശരിയാ ക്കിവച്ചു, ആ കഠിനവും ഭാരിച്ചതും ആയ ആയുധത്തിൻെറ കുഴൽ മേല്പോട്ടാക്കി ഉയൎത്തി. പുറങ്കോട്ടിൻെറ കുടുക്കഴിക്കാൻ

വിട്ടുപോയതുകൊണ്ടു്, അതു തോളിലും കക്ഷത്തിലും വല്ലാതെ ഇറുകിപ്പിടിക്കുന്നതുപോലെ തോന്നി. അയാളുടെ കൈ ഉയരുന്നതിൻെറ പ്രയാസം കണ്ടാൽ ഉട്ടപ്പിൻെറ കൈ തകരംകൊണ്ടു വെട്ടിയതാണെന്നു തോന്നിപ്പോകും. ആ രോമജടിലമായ പുരികത്തിൻെറയും ചുരുണ്ട മുടിയുടെയുംനേക്കു കഴിഞ്ഞതിൻെറ തലേരാത്രി തൻെറ ഉള്ളിൽ ഉണ്ടായ വെറുപ്പു് അയാൾ ഓത്തു. ഇന്നലെ രൂക്ഷമായ വെറുപ്പും കോപവും ഉണ്ടായ നിമിഷത്തിൽപ്പോലും ഒരാളിനെ വെടിവയ്ക്കാൻ തനിക്കു സാധിക്കുമായിരുന്നില്ല എന്നയാൾക്കു തോന്നി. യദൃച്ഛയാ, വല്ലപ്രകാരത്തിലും വെടിയുണ്ട വോൺകൊറൻെറമേൽ കൊണ്ടാലോ എന്നു പേടിച്ചു് അയാൾ തോക്കു പിന്നെയും പിന്നെയും ഉയത്തി. പക്ഷേ, പ്രകടമായ ഈ മഹാമനസ്കത അനുചിതവും, എന്നാൽ മഹാമനസ്കതമാത്രവും ആണെന്നു് അയാൾ ഓത്തു. പക്ഷേ, മറെറാരുവിധത്തിൽ പ്രവത്തിക്കേണ്ടതെങ്ങനെയെന്നു മനസ്സിലായില്ല. മറെറാന്നും ചെയ്യാൻ കഴിഞ്ഞതുമില്ല. തൻെറ എതിരാളി ആകാശത്തിലേക്കു നിറ ഒഴിക്കുമെന്നു ബോദ്ധ്യം വന്നിട്ടാണെന്നു തോന്നും വോൺകൊറൻെറ വിളറിയ മുഖത്തു പരിഹാസച്ചിരി പരന്നു. അതുകണ്ടപ്പോൾ, ലേവ്സ്കി വിചാരിച്ചു, ദൈവത്തിനു സ്തുതി, എല്ലാം ഉടനെ കഴിയും, താൻ ആ കാഞ്ചി ഉറപ്പിച്ചൊന്നമത്തുകയേ വേണ്ടു...അയാളുടെ തോളത്തു ശക്തിയായ ഒരു തട്ടു് ഏററു, അയാളുടെ വെടിയുണ്ടയുടെ ശബ്ദവും, അതിനു മറുപടിയായി മലകളിൽനിന്നുള്ള പ്രതിധ്വനിയും കേട്ടു. പിങ്ങ്–ടിങ്ങ്!

വോൺകൊറൻ തോക്കിൻെറ കാഞ്ചി വലിച്ചുവിട്ടു. പഴയപടി കൈ പുറകിൽ കെട്ടി ആരെയും ശ്രദ്ധിക്കാതെ ഉലാത്തിക്കൊണ്ടിരുന്ന ഉസ്റ്റിമോവിച്ചിനെ ഒന്നു നോക്കി.

''ഡോക്ടർ,'' ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു. ''മണിനാക്കുപോലെ അങ്ങോട്ടുമിങ്ങോട്ടും ഓടാതിരിക്കാൻ സന്മനസ്സു കാണിച്ചാൽ കൊള്ളാം. നിങ്ങളെൻെറ തല ചുററിക്കുന്നു.''

ഡോക്ടർ അനങ്ങാതെനിന്നു. വോൺകൊറൻ, ലേവ്സ്കിയുടെനേക്കു് ഉന്നംകുറിച്ചു.

''എല്ലാം കഴിഞ്ഞു!'' ലേവ്സ്കി വിചാരിച്ചു.

തോക്കിൻെറ കുഴൽ അയാളുടെ മുഖത്തിനുനേരേ ചൂണ്ടി നിന്നു. വോൺകൊറൻെറ നില്പിലും ഭാവത്തിലും ആകെ പ്രകടമാകുന്ന അവജ്ഞ; പട്ടാപ്പകൽ, അന്തസ്സുള്ള പൗരന്മാരുടെ സാന്നിദ്ധ്യത്തിൽവച്ച് അന്തസ്സുള്ള ഒരു മനുഷ്യൻ നടത്താൻ പോകുന്ന ആ അറുംകൊല, ആ നിശ്ചലത, ലേവ്സ്കിയെ ഓടാതെ പിടിച്ചുനിർത്തിയിരിക്കുന്ന ആ അജ്ഞാതശക്തി—എല്ലാം എത്ര ദുരൂഹം, എത്ര ദുർഗ്രഹം, ഭീകരം!

വോൺകൊറൻ ഉന്നം കുറിച്ചുകൊണ്ടു നിന്ന സമയം ഒരു രാത്രിയേക്കാൾ ദീർഘമായി ലേവ്സ്കിക്കു തോന്നി. അയാൾ അപേക്ഷാഭാവത്തിൽ സഹായികളെ നോക്കി. അവർ വിളറിവെളുത്ത് അനക്കമററു നില്ക്കുകയാണ്.

'വേഗം പൊട്ടിച്ചേക്കു,' ലേവ്സ്കി മനസാ പറഞ്ഞു. തൻെറ വിളറിവെളുത്ത, വിറയ്ക്കുന്ന, ദയനീയമായ മുഖം വോൺകൊറൻെറ വെറുപ്പിനെ വർദ്ധിപ്പിക്കുകയേയുള്ളുവെന്ന് അയാൾക്കു തോന്നി.

'ഞാൻ നേരേ അയാളെ കൊല്ലും,' കാഞ്ചിയിൽ കൈവച്ചു തോക്ക് അയാളുടെ നെററിയിലേക്കു ചൂണ്ടിക്കൊണ്ടു വോൺകൊറൻ വിചാരിച്ചു, 'അതേ, തീർച്ച, ഞാൻ അയാളെ കൊല്ലും...'

''അയാൾ കൊല്ലും!'' എവിടെയോ വളരെ അടുത്തായി നിരാശാഭരിതമായ ഒരു നിലവിളി കേൾക്കായി.

ഞൊടിയിടകൊണ്ട് ഒരു വെടി മുഴങ്ങി. ലേവ്സ്കി നിന്നിടത്തു നില്ക്കുന്നതല്ലാതെ വീഴുന്നില്ലെന്നുകണ്ട് അവരെല്ലാം നിലവിളി പുറപ്പെട്ട ദിക്കിലേക്കുനോക്കി, ശെമ്മാശനെ കണ്ടു. മുഖം വിളറി, നനഞ്ഞമുടി നെററിത്തടത്തിൽപ്പററി, കവിളുകൾ നനഞ്ഞു ചെളിപുരണ്ട ശെമ്മാശ്ശൻ, ചോളപ്പാടത്തിനക്കരെ, ഒട്ടു വിചിത്രമായ ഒരു ചിരിയോടുകൂടി, നനഞ്ഞ തൊപ്പി വീശിക്കൊണ്ടു നില്ക്കുന്നു. ഷെഷ്ക്കോവ്സ്കി ആനന്ദം കൊണ്ടു പൊട്ടിച്ചിരിച്ചു, കണ്ണുനീരണിഞ്ഞു, അവിടെനിന്നു നടന്നുകളഞ്ഞു....

അല്പനേരത്തിനുശേഷം വോൺകൊററനും ശെമ്മാശ്ലുനും ആ ചെറിയ പാലത്തിനടുത്തുവച്ചു തമ്മിൽ സന്ധിച്ചു. ശെമ്മാശ്ലുൻ വികാരതരളിതനായി കാണപ്പെട്ടു. അയാൾ കിതച്ചു, ആളുകളുടെ മുഖത്തു നോക്കിയില്ല. തന്റെ ഭീതിയെയും നനഞ്ഞ വസ്ത്രങ്ങളെയും രണ്ടിനെയും പററി അദ്ദേഹം ലജ്ജിച്ചു.

"ഞാൻ വിചാരിച്ചു, നിങ്ങളയാളെ കൊല്ലാൻപോകയാണെന്നു്..." അയാൾ പിറുപിറുത്തു: "മനുഷ്യപ്രകൃതത്തിനു് എത്ര വിരുദ്ധമാണു് അതു്! എത്ര വലിയ പ്രകൃതിവിരോധം!"

"പക്ഷേ, നിങ്ങളിവിടെ വന്നതെങ്ങനെ?" ജന്തുശാസ്ത്രജ്ഞൻ ചോദിച്ചു.

"ചോദിക്കല്ലേ," ശെമ്മാശ്ലുൻ കൈവീശിക്കൊണ്ടു് അപേക്ഷിച്ചു. "ആ ദുർദ്ദേവത 'ഹേ, പോ,' എന്നു പറഞ്ഞു് എന്നെ പ്രേരിപ്പിച്ചു. അങ്ങനെ ഞാൻ വന്നു, ആ ചോളത്തിനിടയിലിരുന്നു പേടിച്ചു് എന്റെ ജീവനങ്ങു പോയി. പക്ഷേ, ഇനി ദൈവത്തിനു നന്ദി,...എനിക്കു നിങ്ങളോടെന്തൊരു സന്തോഷമെന്നോ." ശെമ്മാശ്ലുൻ പിറുപിറുത്തു. "നമ്മുടെ ചില റാമിമൂപ്പർക്കു സന്തോഷമാകും...തമാശതന്നെ. ഒരപേക്ഷമാത്രം. ഞാനിവിടെ വന്നിരുന്ന കാര്യം ഒരു കുഞ്ഞിനോടും പറയരുതു്. പറഞ്ഞാൽ ഞാനും മേലധികാരികളുമായി അസുഖത്തിനിടയായേക്കും. അവർ പറയും, 'ശെമ്മാശ്ലുനും ഒരു സഹായിയായിരുന്നു.' "

"മാന്യരെ," വോൺകൊററൻ പറഞ്ഞു, "ശെമ്മാശ്ലുനെ ഇവിടെ കണ്ടതായി ആരും പറയരുതെന്നു് അദ്ദേഹം അപേക്ഷിക്കുന്നു. അദ്ദേഹത്തിനു് ഉപദ്രവമുണ്ടായേക്കും."

"മനുഷ്യപ്രകൃതത്തിനു് എത്ര വിരുദ്ധമാണതു്!" ശെമ്മാശ്ലുൻ നെടുവീർപ്പിട്ടു. "പറയുന്നതു ക്ഷമിക്കണം, നിങ്ങളുടെ മുഖത്തെ ഭയങ്കരത കണ്ടു ഞാൻ വിചാരിച്ചു നിങ്ങളയാളെ കൊല്ലാൻ പോകുകയാണെന്നു്."

"ആ തെമ്മാടിയുടെ കഥയവസാനിപ്പിക്കാൻ എനിക്കു കൊതി വളരെയുണ്ടായിരുന്നു," വോൺകൊററൻ പറഞ്ഞു, "പക്ഷേ, നിങ്ങൾ അടുത്തിരുന്നു വിളിച്ചുകൂവിയപ്പോൾ എന്റെ

ലക്ഷ്യം പിഴച്ചുപോയി. ഈ ഏർപ്പാടത്രയും തഴക്കം കുറഞ്ഞ വർക്ക് എതിർപ്പുണ്ടാക്കും. അതെന്നെ തളർത്തിക്കളഞ്ഞു, അച്ഛാ. എനിക്കു വല്ലാത്ത തളർച്ച തോന്നുന്നു. വരൂ..."

"വേണ്ട. ഞാൻ നടന്നുപോകട്ടെ. എനിക്ക് ഇതൊക്കെ ഉണക്കണം. ഞാനാകപ്പാടെ നനഞ്ഞു കുതിർന്നിരിക്കയാണ്."

"ശരി. നിങ്ങളുടെയിഷ്ടം," ജന്തുശാസ്ത്രജ്ഞൻ മനസ്സിടിവോടെ ക്ഷീണസ്വരത്തിൽ പറഞ്ഞു. അയാൾ വണ്ടിയിൽക്കേറിയിരുന്നു കണ്ണുപൂട്ടി. "നിങ്ങളുടെയിഷ്ടം..."

അവർ വണ്ടികളെ ചുററിപ്പററുകയും, അകത്തു സ്ഥാനം പിടിക്കുകയും ചെയ്യുമ്പോൾ കെർബലേ റോഡിൽ നില്ക്കുന്നുണ്ടായിരുന്നു. അയാൾ പല്ലുകൾ വെളിക്കിട്ട്, കൈയ് വയററു സ്ഥാപിച്ചുകൊണ്ടു താണുവണങ്ങി. പ്രകൃതിസൗന്ദര്യം കണ്ടിരുന്നു പ്രാതൽ കഴിക്കാനാണ് ഈ മാന്യന്മാരുടെ പുറപ്പാടെന്ന് അയാൾ വിചാരിച്ചു. അവർ വണ്ടിയിലേക്കു കയറുന്നതിൻെറ കാരണം അയാൾക്കു മനസ്സിലായില്ല. ആ സംഘം തികഞ്ഞ നിശ്ശബ്ദതയിൽ സ്ഥലംവിട്ടപ്പോൾ ശെമ്മാശ്ശൻമാത്രം വനവസതിക്കടുത്ത് അവശേഷിച്ചു.

"പുരസ്സുകത്തു പോകാം, കാപ്പികുടിക്കാം," അയാൾ കെർബലേയോടു പറഞ്ഞു: "എനിക്കു വല്ലതും തിന്നണം."

കെർബലേ ഭംഗിയായി റഷ്യൻ സംസാരിച്ചിരുന്നു. മുറി റഷ്യനിൽ പറയുന്നതാണ് ആ താത്താരിക്കു തൻെറ ആശയം മനസ്സിലാക്കാൻ എളുപ്പമെന്ന് ശെമ്മാശ്ശൻ കരുതി. "മുട്ട പൊരിക്കു, വെണ്ണ തരൂ..."

"വരൂ, അച്ഛാ," വണക്കത്തോടുകൂടി കെർബലേ പറഞ്ഞു, "എല്ലാം തരുന്നുണ്ട്... അപ്പവുമുണ്ട് വീഞ്ഞുമുണ്ട്. ഇഷ്ടമുള്ളതു കഴിക്കാം."

"ദൈവം താത്താർഭാഷയിൽ എങ്ങനെയാണ്?" വനവസതിയിലേക്കു കടക്കുമ്പോൾ ശെമ്മാശ്ശൻ ആരാഞ്ഞു.

"എൻെറ ദൈവവും അവിടത്തെ ദൈവവും ഒന്നുതന്നെ." ചോദ്യം മനസ്സിലാകാതെ കെർബലേ മറുപടി പറഞ്ഞു. "എല്ലാ മനുഷ്യർക്കും ദൈവം ഒന്നുതന്നെ. വ്യത്യാസം മനുഷ്യർ തമ്മിലേയുള്ളു. ചിലർ റഷ്യക്കാർ, ചിലർ തുർക്കി

കൾ, ചിലർ ഇംഗ്ലീഷുകാർ—മനുഷ്യർ ബഹുവിധമുണ്ട്; പക്ഷേ, ദൈവം ഒന്നാണ്.''

''വളരെ നല്ലതു്. എല്ലാ മനുഷ്യരും ആരാധിക്കുന്നതു് ഒരേ ദൈവത്തെത്തന്നെയെങ്കിൽ പിന്നെ, നിങ്ങൾ മുഹമ്മദീയർ ക്രിസ്ത്യനികളെ നിങ്ങളുടെ ശാശ്വതശത്രുപക്ഷമായി കണക്കാക്കുന്നതിന്റെ കാരണമെന്താണ്?''

''അവിടന്നു കോപിക്കുന്നതെന്തിന്?'' രണ്ടുകൈയും വയററത്തു വച്ചുകൊണ്ടു കെർബലേ ചോദിച്ചു. ''അവിടന്നു് ഒരു വൈദികൻ, ഞാൻ ഒരു മുസൽമാൻ. അവിടന്നു പറയുന്നു, എനിക്കു് ആഹാരം വേണം, ഞാൻ തരുന്നു...എന്റെ ദൈവവും നിങ്ങളുടെ ദൈവവും തമ്മിൽ വിവേചിക്കുന്നതു് പണക്കാരുടെ ഇടയിൽ മാത്രം. പണമില്ലാത്തവനു് എല്ലാം ഒന്നുതന്നെ. പിന്നെ, എല്ലാം തയ്യാറായിരിക്കുകയാണ്.''

വനവസതിയിൽ ഇങ്ങനെ വേദാന്തസംഭാഷണം നടന്നുകൊണ്ടിരിക്കുന്ന സമയത്തു്, ലേവ്സ്കി വീട്ടിലേക്കുള്ള വഴിയിൽ വണ്ടിയിലിരുന്നു ചിന്തിക്കുകയായിരുന്നു. വെളുപ്പിനു്, പാതകളും പാറക്കെട്ടുകളും നനഞ്ഞും ഇരുണ്ടും കിടക്കുമ്പോൾ, അനിശ്ചിതമായ ഭാവി ആഴംകാണാത്ത, ഭയാനകമായ ഒരു കൊല്ലിപോലെ തോന്നിയ സമയത്തു് ഇങ്ങോട്ടുള്ള യാത്ര എത്ര ഭീകരമായിരുന്നു. ഇപ്പോഴാകട്ടെ പുൽക്കൊടികളിലും പാറക്കെട്ടുകളിലും തുങ്ങിനില്ക്കുന്ന ജലകണങ്ങൾ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുകയാണ്. ഉല്ലാസഗർഭമായ ഭാവി പിൻതള്ളപ്പെട്ടുകഴിഞ്ഞു. അയാൾ ഷെഷ്കോവ്സ്കിയുടെ അപ്രസന്നമായ, കണ്ണുനീർ പററിയ മുഖത്തേക്കു നോക്കി. അവരുടെ മുമ്പിലായി പൊയ്ക്കൊണ്ടിരിക്കുന്ന, വോൺകൊറനും, അയാളുടെ സഹായികളും ഡോക്ടരും കേറിയിരിക്കുന്ന വണ്ടികളിലേക്കു നോക്കി. അവരെല്ലാവരുംകൂടി മററുള്ളവർക്കു ശല്യകാരിയും പൊറുപ്പിക്കാൻ വയ്യാത്തവനുമായിരുന്ന ഒരാളെ ഇപ്പോൾ കുഴിച്ചുമൂടിയിട്ടു വരുന്ന വഴിയാണെന്നു് അയാൾക്കു തോന്നി.

''എല്ലാം കഴിഞ്ഞു,'' വളരെ സൂക്ഷിച്ചു കഴുത്തിൽ വിരലോടിച്ചുകൊണ്ടു് അയാൾ ചിന്തിച്ചു.

അയാളുടെ കഴുത്തിന്റെ വലതുവശത്തു ചെറുവിരലിന്റെ

മുഴപ്പിൽ ഒരു ചെറിയ വീക്കമുണ്ടായിരുന്നു. കഴുത്തിൽ, പഴുപ്പിച്ച ഇരുമ്പുകമ്പിവച്ചു വലിച്ചതുമായ നീററൽ തോന്നി. വെടിയുണ്ട അവിടെ വ്രണപ്പെട്ടുത്തിയിരുന്നു.

അതിനുശേഷം, വീട്ടിലെത്തിയ അയാൾക്കു മഞ്ഞുമൂടിയതും വിസ്മൃതിപൂർണ്ണവുമായ, ദീർഘമധുരമായ ഒരസാധാരണ ദിവസം ആരംഭിക്കുകയായി. ജയിലിൽനിന്നോ ആശുപത്രിയിൽനിന്നോ വിട്ടുവരുന്ന ഒരാളെപ്പോലെ അയാൾ ചിരപരിചിതമായ വസ്തുക്കളുടെ നേരേ തുറിച്ചുനോക്കി. ആ മേശകൾ, ജനാലകൾ, കസേരകൾ, വെളിച്ചം, കടൽ എല്ലാം അയാളുടെ ഉള്ളിൽ, അനേകവർഷങ്ങളായി, താനറിഞ്ഞിട്ടില്ലാത്ത തീക്ഷ്ണവും ബാലസഹജവുമായ ഒരാനന്ദത്തെ ഇളക്കിവിട്ടുന്നതോർത്ത് അയാൾ അത്ഭുതപ്പെട്ടു. വിളർത്തു മലിനമായ അംഗങ്ങളോടുകൂടി നദ്യേഷ്ദ്യാ നിന്നിരുന്നു. അയാളുടെ സ്നിഗ്ദ്ധസ്വരവും, പതിവില്ലാത്ത പെരുമാററവും അവൾക്കു പിടികിട്ടിയില്ല. അവൾ ധിറുതിയിൽ, തനിക്കു സംഭവിച്ചതു മുഴുവനും അയാളോടു തുറന്നു പറഞ്ഞു... അവൾക്കു തോന്നി, അധികപക്ഷം അയാൾ കേൾക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നുണ്ടാവില്ല. എല്ലാം അറിഞ്ഞിരുന്നെങ്കിൽ അയാൾ അവളെ ശപിക്കും, കൊല്ലും; പക്ഷേ, അവൾ പറയുന്നതു് അയാൾ ശ്രദ്ധിച്ചു കേട്ടു. അവളുടെ മുഖത്തും തലമുടിയിലും തലോടി. അവളുടെ കണ്ണുകളിലേക്കു് ഉററുനോക്കിക്കൊണ്ടു പറഞ്ഞു:

"എനിക്കു് നീയല്ലാതാരുമില്ല."

പിന്നെ അവർ തോട്ടത്തിൽ പോയി വളരെനേരം ഇരുന്നു. അന്യോന്യം പററിച്ചേർന്നു്, ഒരക്ഷരം ഉരിയാടാതെ അങ്ങനെ. അഥവാ സന്തോഷസമ്പൂർണ്ണമായ ഭാവിജീവിതത്തെപ്പററി ഹ്രസ്വമായ, അപൂർണ്ണമായ വാചകങ്ങളിൽ ഉച്ചത്തിൽ സ്വപ്നം കണ്ടുകൊണ്ടു്. അപ്പോൾ അയാൾക്കു തോന്നി താൻ ജീവിതത്തിലൊരിക്കലും ഇത്ര ദീർഘമായി സംസാരിച്ചിട്ടില്ല, ഇത്ര വാചാലതയോടുകൂടിയും.

കാലം മൂന്നുമാസത്തിലേറെ കഴിഞ്ഞു.

വോൺകൊറൻ പിരിഞ്ഞുപോകാൻ നിശ്ചയിച്ചിരുന്ന ദിവസവും സമാഗതമായി. അതിരാവിലെ മുതൽ ശക്തിയായ മഴ കോരിച്ചൊരിയുന്നുണ്ടായിരുന്നു. ഒരു വടക്കൻ കാററുണ്ട്. കടലിൽ നിരക്കെ ഉരുണ്ടുയരുന്ന തിരകൾ. അത്തരം കാലാവസ്ഥയിൽ കപ്പൽ തുറമുഖത്തടുക്കുന്നതു് അസാധ്യപ്രായമാണെന്നു് കേട്ടു. സമയവിവരപ്പട്ടികയനുസരിച്ചു് കപ്പൽ കാലത്തു പത്തുമണിക്കു വന്നുചേരേണ്ടതായിരുന്നു. പക്ഷേ, ഉച്ചയായപ്പോഴും, പിന്നെ ഉച്ചഭക്ഷണത്തിനു ശേഷവും രണ്ടു തവണ കടപ്പുറത്തുചെന്നു നോക്കിയിട്ടും, വോൺകൊറൻെറ കുഴൽക്കണ്ണാടിയിൽ നരച്ച നിറമുള്ള തിരകളും, ചക്രവാളത്തെ ആവരണംചെയ്യുന്ന മഴയുമല്ലാതെ വേറൊന്നും കാണുകയുണ്ടായില്ല.

ദിനാവസാനത്തോടുകൂടി മഴ നിന്നു. കാററിൻെറ ശക്തിയും പ്രത്യക്ഷത്തിൽ കുറഞ്ഞു. അന്നത്തെ ദിവസം സ്ഥലംവിടാനാവുകില്ലെന്നു നിശ്ചയിച്ചു് വോൺകൊറൻ, സമോയ്ലങ്കോയുമായി ചതുരംഗം വയ്ക്കാൻ ഇരുന്നതാണു്. പക്ഷേ. ഇരുട്ടിയതിനുശേഷം പരിചാരകൻവന്നു്, കടലിൽ വിളക്കുകൾ കാണുന്നതായും, അറിയിപ്പുവെടി കേട്ടതായും അറിയിച്ചു.

വോൺകൊറൻ വൈകിച്ചില്ല. തൂക്കുസഞ്ചിയെടുത്തു തോളത്തിട്ടു, സമോയ്ലങ്കോയേയും ശെമ്മാശ്ശനേയും ആലിംഗനംചെയ്തു. ഒരാവശ്യമുണ്ടായിട്ടല്ലെങ്കിലും മുറികളിലെല്ലാം ഒന്നുകൂടി കേറിയിറങ്ങി, പരിചാരകനോടും പാചകനോടും വിടപറഞ്ഞു. അയാൾ അവിടെനിന്നിറങ്ങിയതു് ഡോക്ടരുടെ വീട്ടിലോ സ്വന്തം താമസസ്ഥലത്തോ, എവിടയോ, എന്തോ വച്ചിട്ടു് എടുക്കാതെ പോന്നതുപോലുള്ള ഒരു തോന്നലോടുകൂടിയാണു്. തെരുവിൽ അയാൾ സമോയ്ലങ്കോയുടെ അരികുചേർന്നു നടന്നു. ശെമ്മാശ്ശൻ ഒരു പെട്ടിയുമായി അനുഗമിച്ചു. എല്ലാവരുടെയും പിന്നിലായി രണ്ടു കാൻവസ്സ് സഞ്ചികളും തൂക്കി പരിചാരകനും നടന്നു. സമോയ്ലങ്കോവും പരിചാരകനും മാത്രമേ കടലിലെ മങ്ങിയ വിളക്കുകൾ തിരി

ച്ചറിയാൻ കഴിഞ്ഞിരുന്നുള്ളു. മററവർ ഇരുളിലേക്കു തുറിച്ചു നോക്കിയതല്ലാതെ ഒന്നും കണ്ടില്ല. കടൽത്തീരത്തുനിന്നു വളരെ അകലത്തിലാണ് കപ്പൽ നങ്കൂരമടിച്ചിരുന്നതു്.

"വേഗം നടക്കു, വേഗം നടക്കു," വോൺകൊറൻ തിരക്കുകൂട്ടി, "അതു പുറപ്പെട്ടുകഴിഞ്ഞാലോ എന്നാണു പേടി."

ദ്വന്ദ്വയുദ്ധം കഴിഞ്ഞതിനോടടുപ്പിച്ച് ലേവ്സ്കി മാറിത്താമസമാക്കിയ, മൂന്നു ജനാലകളുള്ള ആ കൊച്ചു വീട്ട് കടന്നുപോയപ്പോൾ വോൺകൊറന് അകത്തേക്ക് ഒന്നെത്തിനോക്കാനുള്ള ആഗ്രഹം അടക്കാൻ കഴിഞ്ഞില്ല. ലേവ്സ്കി അങ്ങോട്ടു തിരിഞ്ഞു് മേശപ്പുറത്തു കുനിഞ്ഞിരുന്ന് എഴുതുകയാണ്.

"അയാളെക്കണ്ടു് ഞാൻ അത്ഭുതപ്പെടുന്നു," ജന്തുശാസ്ത്രജ്ഞൻ പതുക്കെ പറഞ്ഞു. "അയാൻ തന്നെത്താൻ കടിഞ്ഞാണിട്ടു സംഗതിയോക്കുകയാണ്."

"അതേ, അത്ഭുതം തോന്നും," സമോയ്ലങ്കോ പറഞ്ഞു. "വെളുത്താലിരുളുന്നതുവരെ അയാൾ അങ്ങനെ ഇരിക്കും, എപ്പോഴും ജോലിയാണ്. കടംവീട്ടാനുള്ള പണിയാണ്. അയാൾ ജീവിക്കുന്നതോ. തെണ്ടികളെക്കാൾ മോശം, സഹോദരാ."

തുടൎന്ന് അരനിമിഷം നിശ്ശബ്ദമായി കഴിഞ്ഞു. ജന്തുശാസ്ത്രജ്ഞനും ഡോക്ടരും ശെമ്മാശ്ശനും ജനാലയ്ക്കൽ അയാളെ നോക്കിക്കൊണ്ടു നിന്നു.

"അങ്ങനെ അയാൾ ഇവിടെനിന്നു രക്ഷപ്പെട്ടില്ല, പാവം," സമോയ്ലങ്കോ പറഞ്ഞു, "അയാൾ എത്ര കഠിനമായി ശ്രമിച്ചുനോക്കുന്നോ?"

"ഉവ്വ്, അയാൾ തന്നെത്താൻ ഒരു കടിഞ്ഞാണിട്ടിട്ടുണ്ട്," വോൺകൊറൻ ആവൎത്തിച്ചു. "അയാളുടെ വിവാഹം, അയാൾ നിത്യാഹാരത്തിനുവേണ്ടി പകൽ മുഴുവൻ അദ്ധ്വാനിക്കുന്ന രീതി, അയാളുടെ വാക്കിലും നോക്കിലും വന്നുചേൎന്നിട്ടുള്ള പുതിയ ഭാവം—അതിനെന്തുപറയണമെന്നു് എനിക്കറിവില്ല––എല്ലാം അസാധാരണംതന്നെ."

ജന്തുശാസ്ത്രജ്ഞൻ സമോയ്ലങ്കോയുടെ ഉടുപ്പിന്റെ കൈയിൽപിടിച്ചുകൊണ്ടു് വികാരഭരിതമായ സ്വരത്തിൽ പറഞ്ഞു:

"ഇവിടന്നു പോകുമ്പോൾ, എനിക്കവരോടു തികഞ്ഞ ആദരവായിരുന്നെന്നും, ഞാനവക്കു സകല ഭാവുകങ്ങളുമാശംസിച്ചുവെന്നും അയാളോടും ഭാര്യയോടും നിങ്ങൾ പറയണം... സാധിക്കുമെങ്കിൽ എന്നെപ്പററി ഒരു ദോഷവും വിചാരിക്കരുതെന്നു് ഞാൻ അപേക്ഷിച്ചതായും പറയുക. അയാൾക്കു് എന്നെ അറിയാം. ഈ മാററം എനിക്കു മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നെങ്കിൽ, ഞാനയാളുടെ ഏററവും നല്ല സുഹൃത്തായിത്തീരുമായിരുന്നു എന്നു് അയാൾക്കറിയാം."

"കേറിച്ചെന്നു് അയാളോടു വിട പറയൂ."

"വയ്യ, അതെനിക്കു വയ്യ."

"എന്തേ, ദൈവത്തിനേ അറിയൂ. നിങ്ങൾ അയാളെ ഇനിയൊരിക്കലും കണ്ടില്ലെന്നു വരാം."

ജന്തുശാസ്ത്രജ്ഞൻ ഓർത്തുനിന്നിട്ടു പറഞ്ഞു:

"അതു വാസ്തവമാണു്."

സമോയ്‌ലങ്കോ ജനാലയിൽ പതുക്കെ മുട്ടി. ലേവ്സ്കി ഞെട്ടി തിരിഞ്ഞുനോക്കി.

"ഇവാൻ, ഇതാ വോൺകോറൻ നിങ്ങളോടു വിടപറയണമെന്നു്," സമോയ്‌ലങ്കോ പറഞ്ഞു. "അദ്ദേഹം പോകുന്ന വഴിയാണു്."

ലേവ്സ്കി മേശയുടെ മുമ്പിൽ നിന്നെഴുന്നേറ്റു് വാതിൽ തുറക്കാനായി ഇടനാഴിയിലേക്കു ചെന്നു. സമോയ്‌ലങ്കോയും ജന്തുശാസ്ത്രജ്ഞനും ശെമ്മാശ്ശനും അകത്തുകേറി.

"നില്ക്കാൻ ഒരു നിമിഷമേയുള്ളൂ," ഇടനാഴിയിൽനിന്നു് റബ്ബർ ചെരിപ്പുകൾ ഊരിക്കൊണ്ടു ജന്തുശാസ്ത്രജ്ഞൻ പറഞ്ഞു. അയാൾ, അങ്ങനെ വികാരങ്ങൾക്കു വഴിപ്പെട്ടു്, ക്ഷണിക്കാതെ കേറിവരാൻ ഇടയാകാതിരുന്നെങ്കിൽ എന്നാശിക്കുകയായിരുന്നു. 'ഇതു് ഞാൻ അയാളുടെയടുത്തേക്കു കെട്ടിക്കേറുന്നതുപോലെയാണല്ലോ,' അയാൾ വിചാരിച്ചു, 'അതു ജളത്വവുമാണു്.'

"ശല്യപ്പെടുത്തുന്നതു ക്ഷമിക്കണം," ലേവസ്കിയുമായി മുറിയിലേക്കു കടക്കുമ്പോൾ അയാൾ പറഞ്ഞു, "ഞാൻ നേരേ പോവുകയാണു്. നിങ്ങളെ കണ്ടാൽകൊള്ളാമെന്നൊരു

തോന്നലുണ്ടായി. ഇനിയും നമ്മൾതമ്മിൽ കാണുമോ എന്നു ദൈവത്തിനല്ലാതെ അറിയാവൂ.''

''നിങ്ങളെ കണ്ടതിൽ വളരെ സന്തോഷം,...ദയവായി അകത്തേക്കു വരൂ,'' ലേവ്സ്കി പറഞ്ഞു. അയാൾ വല്ലായ്മയോടുകൂടി അതിഥികൾക്കായി കസേരകൾ നീക്കിയിട്ടുകൊടുത്തു. കണ്ടാൽ അവരുടെ വഴി തടയാൻ ആഗ്രഹിച്ചിട്ടാണെന്നാണുതോന്നുക. എന്നിട്ടയാൾ കൈ തിരുമ്മിക്കൊണ്ടു് മുറിയുടെ നടുവിലായി നിലയുറപ്പിച്ചു.

'ഈ കേൾവിക്കാരെ വഴിയിൽനിർത്തിയിട്ടു പോരുകയായിരുന്നു ഭേദം,' എന്നു മനസാ വിചാരിച്ചിട്ടു്, വോൺകൊറൻ ഉറപ്പിച്ചു പറഞ്ഞു: ''ഇവാൻ, നിങ്ങൾ എന്നെപ്പററി ഒരു ദോഷവിചാരം മനസ്സിൽ വയ്ക്കരുതു്. കഴിഞ്ഞതു മറക്കുക, തീർച്ചയായും, അസാധ്യംതന്നെ—അതു് അത്യന്തം വേദനാകരമാണു്. മാപ്പപേക്ഷിക്കാനോ, ഞാനല്ല കുററക്കാരൻ എന്നു പ്രഖ്യാപിക്കാനോ അല്ല ഞാനിങ്ങോട്ടു വന്നതും. ഞാൻ ആത്മാർത്ഥതയോടുകൂടിയാണു് പ്രവർത്തിച്ചതു്. അതിൽപ്പിന്നെ ആ വിശ്വാസത്തിനു മാററം വന്നിട്ടുമില്ല. നിങ്ങളുടെകാര്യത്തിൽ എനിക്കു തെററുപററിപ്പോയി എന്നു ഞാൻ കാണുന്നതിൽ വളരെ സന്തോഷമുണ്ടു്. പക്ഷേ, നിരപ്പായ വഴിയിൽപ്പോലും തെററി കാൽ വയ്ക്കാൻ എളുപ്പമുണ്ടല്ലോ. വാസ്തവത്തിൽ അതാണു്, സാമാന്യമായി, മനുഷ്യൻെറ വിധി. പ്രധാനസംഗതിയിൽ തെററുപററുന്നില്ലെങ്കിൽ അപ്പോൾ വിശദാംശങ്ങളിൽ തെററും. യഥാർത്ഥസത്യം ആരും അറിയുന്നില്ല.''

''ഇല്ല. സത്യം ആരും അറിയുന്നില്ല,'' ലേവ്സ്കി പറഞ്ഞു.

''അപ്പോൾ, നമസ്കാരം...ദൈവം നിങ്ങൾക്കു സകല ഭാവുകങ്ങളും അനുകൂലമാക്കട്ടെ.''

വോൺകൊറൻ ലേവ്സ്കിക്കു കൈകൊടുത്തു. ലേവ്സ്കി ആ കൈ സ്വീകരിച്ചു വണങ്ങി.

''എന്നോടു ദ്വേഷമുണ്ടാകരുതു്,'' വോൺകൊറൻ പറഞ്ഞു, ''നിങ്ങളുടെ ഭാര്യയെ എൻെറ അഭിവാദനം അറിയിക്കുക. അവരെക്കണ്ടു വിടപറയാൻ സാധിക്കാത്തതിൽ എനിക്കു ഖേദമുണ്ടെന്നും പറഞ്ഞേക്കു.''

"അവൾ അകത്തുതന്നെയുണ്ടല്ലോ."

ലേവ്സ്കി അടുത്ത മുറിയുടെ വാതിൽക്കൽ ചെന്നുനിന്നു പറഞ്ഞു:

"നദ്യാ, വോൺകൊറന് നിന്നോടു യാത്രപറഞ്ഞാൽ കൊള്ളാമെന്നു്."

നദ്യേഷ്യാ പുറത്തുവന്നു. അവൾ വാതിലിനടുത്തുവന്നു നിന്നു്, ലജ്ജാപൂർവ്വം അതിഥിയുടെനേക്കു നോക്കി. അവളുടെ മുഖത്തു കുറ്റബോധവും ദുഃഖഭാവവും നടമാടിയിരുന്നു. ശിക്ഷ സ്വീകരിക്കുവാൻ കൈനീട്ടുന്ന വിദ്യാർത്ഥിനികണക്കു് അവൾ കൈ നീട്ടി.

"ഞാൻ പോകുന്നവഴിയാണു്, നദ്യേഷ്യാ," വോൺകൊറൻ പറഞ്ഞു, "നിങ്ങളോടു വിടചോദിക്കാൻ വന്നതാണു്."

അവൾ നിശ്ചയമില്ലാതെ കൈ നീട്ടി; ലേവ്സ്കി തല വണങ്ങി.

'എന്നാലും, ഇവർ എത്ര ദയനീയരൂപികൾ!' വോൺകൊറൻ വിചാരിച്ചു, 'അവർ നയിക്കുന്ന ജീവിതം സുഗമമാകുന്നില്ല.' "ഞാൻ മോസ്കോവിലും പീറ്റേഴ്സ്ബർഗ്ഗിലും പോകുന്നുണ്ടു്. എനിക്കു് എന്തെങ്കിലും അയച്ചുതരാൻ സാധിക്കുമോ?" അയാൾ ചോദിച്ചു.

"ഓ!" എന്നുപറഞ്ഞിട്ടു് നദ്യേഷ്യാ സോല്ക്കണ്ഠം ഭർത്താവിനെ നോക്കി, "ഒന്നുമുണ്ടെന്നു തോന്നുന്നില്ല."

"ഇല്ല,ഒന്നുമില്ല..."കൈ തിരുമ്മിക്കൊണ്ടു ലേവ്സ്കി പറഞ്ഞു, "ഞങ്ങളുടെ ആശംസകൾ."

സ്നിഗ്ദ്ധവും, സന്തോഷകരവും, പ്രധാനപ്പെട്ടതുമായ പലതും പറയുവാനുണ്ടെന്നു നിശ്ചയിച്ചുകൊണ്ടാണു് അയാൾ അങ്ങോട്ടു കേറിയതെങ്കിലും, എന്തു പറയാമെന്നോ, എന്തു പറയണമെന്നോ വോൺകൊറന്നു രൂപമുണ്ടായില്ല. അയാൾ നിശ്ശബ്ദനായി ലേവ്സ്കിയുടേയും ഭാര്യയുടേയും കൈകൾ പിടിച്ചുകുലുക്കി. വിഷാദത്തോടുകൂടി അവിടെനിന്നിറങ്ങി.

"എന്തൊരാളുകൾ!"അവരുടെ പിന്നിൽ നടന്നുകൊണ്ടിരുന്ന ശെമ്മാശ്ശൻ താഴ്ന്നശബ്ദത്തിൽ പറഞ്ഞു, "എൻെറ ദൈവമേ, എന്തൊരാളുകൾ! സത്യം, ദൈവത്തിൻെറ വലതുകൈയാണു് ഈ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചതു്. കർത്താ

വേ! കർത്താവേ! ഒരുത്തൻ ആയിരക്കണക്കിനാളുകളെ കീഴടക്കുന്നു, മറെറാരുത്തൻ പതിനായിരക്കണക്കിനും, വോൺകൊറൻ," അയാൾ ആനന്ദപരവശനായി പറഞ്ഞു, "ഇന്നു മനുഷ്യന്റെ പരമശത്രുവിനെ നിങ്ങൾ കീഴടക്കി— അഭിമാനത്തെ!"

"മിണ്ടാതെ, അച്ചാ. നല്ല ജേതാക്കൾതന്നെ നമ്മൾ! ജേതാക്കളെക്കണ്ടാൽ ഖഗരാജനെപ്പോലിരിക്കണം. എന്നാൽ അയാളോ അരണ്ട, തകന്ന്, ദയനീയരൂപം. ഒരു ചീനപ്രതിമ കണക്കു് അയാൾ കുനിയുന്നു. ഞാനോ, ഞാൻ, ഞാൻ ദുഃഖിക്കുകയാണു്..." അവരുടെ പിന്നിലായി കാലൊച്ച കേട്ടു. അയാളെ യാത്രയയയ്ക്കാനായി ലേവ്സ്കി ധിറുതിപിടിച്ചു വരികയാണു്. പരിചാരകൻ ജട്ടിപ്ലാററ്ഫോറത്തിൽ രണ്ടു സഞ്ചികളുംതൂക്കി നില്ക്കുന്നുണ്ടായിരുന്നു. അല്പം അകലത്തായി നാലു വഞ്ചിക്കാരും.

"എന്നാലും കാററുണ്ടല്ലോ...ബർർ," സമോയ്ലങ്കോ പറഞ്ഞു,"ഇപ്പോൾ കടലിൽ നല്ലൊരുരത്ത കോളുണ്ടാവണം, നിങ്ങൾ സമയത്തല്ലല്ലോ പുറപ്പെടുന്നതു്."

"എനിക്കു കടൽച്ചൊരുക്കു പേടിയില്ല."

"അതല്ല സംഗതി...ഈ തെമ്മാടികൾ നിങ്ങളെ കുഴപ്പത്തിലാക്കാതിരുന്നാൽ മതിയായിരുന്നു. ഗവമ്മെന്റേജന്റിന്റെ മച്ചുപായിൽ കേറി പോകേണ്ടതായിരുന്നു. ഏജൻറിൻെറ മച്ചുപായെവിടെടോ?" അദ്ദേഹം വഞ്ചിക്കാരോടു വിളിച്ചു ചോദിച്ചു.

"അതു പോയി, തിരുമേനി."

"ചുങ്കക്കാരുടെ ബോട്ടോ?"

"അതും പോയി."

"നിങ്ങൾ വന്നറിയിക്കാഞ്ഞതെന്താണു്?" സമോയ്ലങ്കോ തട്ടിക്കേറി, "ഹമ്ക്കുകളേ!"

"എല്ലാം ഒന്നുപോലെതന്നെ. നിങ്ങൾ വിഷമിക്കാതെ..." വോൺകൊറൻ പറഞ്ഞു, "ആട്ടെ, വരട്ടെ! നിങ്ങൾക്കു ദൈവസഹായമുണ്ടാകട്ടെ!"

സമോയ്ലങ്കോ വോൺകൊറനെ ആലിംഗനംചെയ്തു. മൂന്നുതവണ അയാളുടെ ദേഹത്തിനുമേൽ കുരിശടയാളമിട്ടു.

"ഞങ്ങളെ മറന്നുകളയരുതേ,...എഴുത്തയസ്സുണം...അടു ത്ത വസന്തകാലത്തു ഞങ്ങൾ നിങ്ങളെ നോക്കിയിരിക്കുമേ."

"നമസ്കാരം, അച്ചാ," ശെമ്മാശ്ശന്റെ കൈപിടിച്ചു കുലുക്കികൊണ്ടു് വോൺകൊറൻ പറഞ്ഞു, "നിങ്ങളുടെ കൂട്ടിനും, രസിപ്പിക്കുന്ന സംഭാഷണത്തിനും നന്ദി. പര്യവേക്ഷണസഞ്ചാരത്തിന്റെകാര്യം ആലോചിക്കുക."

"ഓ, കർത്താവേ, പൊയ്ക്കളയാം. ലോകത്തിന്റെയററംവരെത്തന്നെ പൊയ്ക്കളയാം," ശെമ്മാശ്ശൻ പൊട്ടിച്ചിരിച്ചു, "ഒരെതിരുമില്ല."

വോൺകൊറൻ ഇരുട്ടിൽ ലേവ്സ്കിയെ തിരിച്ചറിഞ്ഞു. ഒന്നും മിണ്ടാതെ കൈനീട്ടി. ഇതിനിടെ വഞ്ചിക്കാർ താഴെയെത്തി വഞ്ചി പിടിച്ചുകൊണ്ടുനിന്നിരുന്നു. തിരത്തല്ലികൾമൂലം തിരകളിൽനിന്നു രക്ഷപ്പെട്ടാണു കിടക്കുന്നതെങ്കിലും വഞ്ചി തീരത്തെ കുററികളിൽ വന്നു തട്ടിക്കൊണ്ടിരുന്നു. വോൺകൊറൻ കോണിയിറങ്ങി വഞ്ചിയിലേക്കു ചാടിവീണു്, അമരത്തു സ്ഥലംപിടിച്ചു.

"എഴുത്തയസ്സുണേ!" സമോയ്ലങ്കോ പുറകേ വിളിച്ചു പറഞ്ഞു, "ശരീരം സൂക്ഷിക്കണം."

"യഥാർത്ഥ സത്യം ആരും അറിയുന്നില്ല," കോട്ടിന്റെ കഴുത്തുപടി പൊക്കിവച്ചു്, കൈ ഉടുപ്പിനകത്തേക്കു വലിച്ചുകൊണ്ടു ലേവ്സ്കി ചിന്തിച്ചു.

വഞ്ചി ഊർജ്ജസ്വലതയോടുകൂടി തുറമുഖംവിട്ടു് തുറന്നകടലിൽ പ്രവേശിച്ചു. അതു തിരകളുടെ ഇടയിൽപ്പെട്ടു് അപ്രത്യക്ഷമായി. എന്നാൽ, ഉടൻതന്നെ അത്യഗാധമായ ഒരു കുഴിയിൽനിന്നു് ഉന്നതമായ ഒരു തിരയുടെ ശൃംഗത്തിലേക്കു് അതു തെന്നിപ്പാഞ്ഞതോടെ, അതിലുള്ള ആളുകളെ മാത്രമല്ല നയ്മ്പുകൾകൂടി അവക്കു വേർതിരിച്ചു കാണാൻകഴിഞ്ഞു. വഞ്ചി മൂന്നടി മുന്നോട്ടുപോകുമ്പോഴൊക്കെ രണ്ടടി പിന്നോക്കം തള്ളപ്പെട്ടുകൊണ്ടിരുന്നു.

"എഴുത്തയസ്സുണേ!" സമോയ്ലങ്കോ വിളിച്ചു് ഓർമ്മിപ്പിച്ചു, "ഈ നശിച്ച കാലാവസ്ഥയിലായല്ലോ നിങ്ങളുടെ ഇറക്കം!"

'അതേ, യഥാർത്ഥമായ സത്യം ആരും അറിയുന്നില്ല,' ഇരുണ്ട് അസ്വസ്ഥമായിക്കിടക്കുന്ന കടലിലേക്ക് അലസമായ ദൃഷ്ടികൾ പായിച്ചുകൊണ്ടു ലേവ്സ്കി ചിന്തിച്ചു.

'അതു വഞ്ചിയെ പുറകോട്ടെറിയുകയാണ്,' അയാൾ ആലോചിച്ചു. 'രണ്ടടി മുന്നോട്ട്, ഒരടി പുറകോട്ട്, അങ്ങനെയാണ് അതിന്റെ ഗതി. പക്ഷേ, വഞ്ചിക്കാർ ദൃഢചിത്തരാണ്. അവർ അവിശ്രമം നയ്മ്പെറിയുന്നു. ഉരുണ്ടുയരുന്ന തിരകളെ അവർ പേടിക്കുന്നില്ല. വഞ്ചി മുന്നോട്ടു, മുന്നോട്ടു കുതിക്കുന്നു. ഇതാ, അവർ കൺമറഞ്ഞിരിക്കുന്നു. അരനാഴികക്കുള്ളിൽ അവർ കപ്പൽവിളക്കുകൾ കാണും. ഒരു നാഴികക്കുള്ളിൽ കപ്പൽക്കോണിയുടെ ചുവട്ടിലെത്തിച്ചേരും. അങ്ങനെയാണു ജീവിതത്തിലും...സത്യാന്വേഷണപരനായി മനുഷ്യൻ രണ്ടടി മുന്നോട്ടുവയ്ക്കും, ഒരടി പിന്നോട്ടും. ദുരിതങ്ങളും തെറ്റുകളും ക്ഷീണവും അവനെ പിന്നോട്ടെട്ടത്തെറിയുമ്പോൾ സത്യത്തിനുവേണ്ടിയുള്ള ദാഹവും, സുദൃഢമായ ഇച്ഛാശക്തിയും മുന്നോട്ടു മുന്നോട്ടു പായിക്കുന്നു. ആക്കറിയാം? പക്ഷേ, ഒടുവിൽ അവർ യഥാർത്ഥസത്യത്തിൽ എത്തിച്ചേരുന്നെന്നുവരാം.'

"ന—മ—സ്കാ—രം!" സമോയ്ലങ്കോ വിളിച്ചു.

"അവരെ തീരെ കാണാനില്ല,ശബ്ദവും കേൾക്കുന്നില്ല." ശെമ്മാശ്ശൻ പറഞ്ഞു, "അദ്ദേഹത്തിൻെറ മാർഗ്ഗം മംഗളമാകട്ടെ!"

ഒരു മഴയുടെ ആരംഭമായി.

A Good Psychological Novel

★

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MF5 Acc. No. 84816

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MF5 84816
CHE-D

ചെക്കോവ് ആന്റൺ

ദ്വന്ദ്വയുദ്ധം